# നമ്പ്യാരുടെ ഫലിതങ്ങൾ

Digitized By Kerala Sahitya Akademi

# മുഖവുരം.

കേരളക്ഷേത്രത്തിലെ ഒരു കെടാവിളക്കാണല്ലൊ കലക്കത്തു കുഞ്ചൻനമ്പ്യാർ. പഴയ സാഹിത്യത്തിലെ അഴകൊഴുകുന്ന കൃതികളിൽ അഴകു കൂടിയതാകുന്നു അദ്ദേഹത്തിന്റെ കവിതകൾ. രസിപ്പിച്ചുംകൊണ്ടു തത്ത്വോപദേശംചെയ്ക എന്ന കവിധർമ്മത്തിൽ നമ്പ്യാരാണു മുമ്പിട്ടു നില്ക്കുന്നതു്. സാഹിത്യത്തിന്നു സമുദായത്തോടുള്ള അഭേദ്യമായ ബന്ധത്തെ അറിഞ്ഞാദരിച്ചിട്ടുള്ള കവികളിൽ അഗ്രിമസ്ഥാനം നമ്പ്യാരുടെ കഴിഞ്ഞേ മറ്റാരാൾക്കും കൊടുക്കാവൂ. കേരളീയജനസമുദായത്തിന്റെ തന്മയചിത്രമാണു നമ്പ്യാരുടെ കൃതികൾ. പണ്ടു മലയാളത്തിൽ കുടിയേറിപ്പാർക്കുവാൻ വരുന്നവരെ മുൻകൂട്ടമ വെപ്പിച്ചു് മലയാളിവേഷം കെട്ടിച്ചു മലയാളികളാക്കി സ്വീകരിക്കുക പതിവായിരുന്നുവെന്നു് കേട്ടിട്ടുണ്ടു്. അതുപോലെ നമ്പ്യാർ തന്റെ കവിതകളിലെ കഥാപാത്രങ്ങളെയെല്ലാം താൻ ജീവിച്ചിരുന്ന കാലത്തെ മലനാട്ടുകാരാക്കിച്ചമച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വൈകുണ്ഠവും സ്വർഗ്ഗവും ഭൂമിയുമെല്ലാം കേരളംതന്നെ. അദ്ദേഹത്തിന്റെ രാജാവു്—ശ്രീരാമനോ ശ്രീകൃഷ്ണനോ നൈഷധനോ യുധിഷ്ഠിരനോ ആരായാലും വേണ്ടില്ല—അക്കാലത്തു ജീവിച്ചിരുന്ന ഒരു മലയാളത്തിലെ രാജാവു്; അദ്ദേഹത്തിന്റെ മന്ത്രി അന്നത്തെ ഒരു ദളവ അല്ലെങ്കിൽ ദിവാൻജി; അദ്ദേഹത്തിന്റെ രാജപത്നി അന്നത്തെ ഒരു നേത്യാരമ്മ അഥ

Digitized By Kerala Sahitya Akademi

വാ അമ്മച്ചി; അദ്ദേഹത്തിന്റെ ഭടന്മാർ അന്നത്തെ നായന്മാർ; അദ്ദേഹത്തിന്റെ ബ്രാഹ്മണർ അന്നത്തെ നമ്പൂതിരിമാർ; എന്തിനേറെ? നമ്പ്യാർ തന്റെ കഥാപാത്രങ്ങളെയെല്ലാം ഒരു പ്രത്യേകതരം കരുവിൽ വാർത്തു തനിമലയാളികളാക്കിയിട്ടാണ് വർണ്ണിച്ചിട്ടുള്ളത്. ഇതുപോലെ തന്നെ അദ്ദേഹം അക്കാലത്തു മലയാളത്തിൽ ഉപയോഗിച്ചിരുന്ന ഫലിതമയങ്ങളായ പഴഞ്ചൊല്ലുകൾ, പരിഹാസവചനങ്ങൾ, അലങ്കാരപ്രയോഗങ്ങൾ മുതലായവ തന്റെ കൃതികളിൽ സുലഭമായി വാരിവിതറിയിട്ടുമുണ്ട്. ഇതേ കാരണത്താൽ, നമ്പ്യാരുടെ കവിത പഴയ മലയാളത്തിന്റെ തനിരൂപത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയത്രേ. ഇതാണ് അദ്ദേഹത്തിന്റെ കവിതയ്ക്കുള്ള വിശേഷം. ഇതുതന്നെയാണ് നമ്പ്യാരെ മററു കവികളുടെ കൂട്ടത്തിൽനിന്നു വേർതിരിക്കുന്ന അസാധാരണധമ്മവും.

ആ മഹാകവിയുടെ കൃതികളിൽനിന്നു രത്നഭൂതങ്ങളായ ഭാഗങ്ങൾ തിരഞ്ഞെടുത്തു ഗണംതിരിച്ച് ഒരു പുസ്തകമായി പ്രസിദ്ധപ്പെടുത്തുവാൻ ഭാഷാപരിഷ്കരണക്കമ്മിററി തീരുമാനിച്ചതിന്റെ ഫലമാണ് ഈ 'നമ്പ്യാരുടെ രത്നങ്ങൾ'. തുള്ളപ്പാട്ടുകളുടെ ഉപജ്ഞാതാവായ നമ്പ്യാരുടെ തുള്ളിച്ചാടി മറിഞ്ഞുവരുന്ന കവിതാകല്ലോലിനിയിൽ മുങ്ങിത്തപ്പി രത്നങ്ങൾ പെറുക്കിയെടുക്കുക എന്നതു് ഏററവും ദുസ്സാധമായ ഒരു കാര്യമാണ്. ഈ വിഷയത്തിൽ ഞങ്ങൾ ചെയ്തിട്ടുള്ള പ്രയത്നം എത്രത്തോളം സഫലമായിട്ടുണ്ടെന്നു പറയേണ്ട ഭാരം വായനക്കാർക്കുള്ളതാണെങ്കിലും ആ പ്രയത്നത്തിന്റെ സ്വരൂപം ഇവിടെ പറയുന്നതു് അസ്ഥാനത്തിലാകയില്ലെന്നു വിശ്വസിക്കുന്നു.

Digitized By Kerala Sahitya Akademi

നമ്പ്യാരുടെ കവിതാമഹാനദിയുടെ കൈവഴികളെന്നു വിദ്വജ്ജനസമ്മതികൊണ്ടും പരിശോധനയാലുള്ള സ്വാനുഭവംകൊണ്ടും തെളിഞ്ഞിട്ടുള്ളവയിൽനിന്നു മാത്രമേ ഈ രത്നസംഗ്രഹണത്തിന്നു് ഒരുങ്ങിയിട്ടുള്ളൂ. അദ്ദേഹത്തിന്റെ പേരിൽ തെററായി പതിഞ്ഞുപോയതെന്നു വിശ്വസിച്ചുവരുന്ന ശിവപുരാണവും, സന്താനഗോപാലം കാലകേയവധം മുതലായ തുള്ളക്കഥകളും ഈ സങ്കലനത്തിൽ പരിഗണിച്ചിട്ടില്ല. തുള്ളക്കഥകളുടെ കാര്യത്തിൽ പ്രാമാണികനെന്നു സർവ്വസമ്മതനും കലാവിഷയത്തിൽ വിദഗ്ദ്ധനുമായ നാടുവാഴുന്ന കൊച്ചി മഹാരാജാവു തിരുമനസ്സിലെ അഭിപ്രായമാണു് ഈ രത്നസംഗ്രഹത്തിൽ പ്രമാണമായി സ്വീകരിച്ചിട്ടുള്ളതു്. നമ്പ്യാരുടെ കൃതികൾക്കുള്ള വ്യാവർത്തകധർമ്മങ്ങൾക്കു വിരുദ്ധവും രസചർവ്വണയിൽ നമ്പ്യാരുടെ സ്വാദു തോന്നാത്തതുമായ കൈവഴികളിൽ ഞങ്ങൾ ഇറങ്ങിയിട്ടില്ല.

ഇതിൽ സംഗ്രഹിച്ചിട്ടുള്ള രത്നങ്ങൾ യഥാർത്ഥരത്നങ്ങളോ അതോ കൃത്രിമമണികളോ എന്നു തീരുമാനിക്കേണ്ടതു രത്നവ്യാപാരികളുടെ ചുമതലയാണു്. എന്നാൽ, അവയുടെ ഇനവും തരവും തിരിച്ചുകാണിക്കേണ്ട ഭാരം സംഗ്രാഹകന്മാർക്കും ഉണ്ടെന്നു കരുതുന്നു. സുപ്രസിദ്ധമായ "സുഭാഷിതരത്നഭണ്ഡാഗാര"മാണു് ഈ രത്നസംഗ്രഹണത്തിൽ മാതൃകയായി സങ്കല്പിച്ചിട്ടുള്ളതു്. "സൂക്തികൾ" എന്ന ഗണത്തിൽ വൈവിദ്ധ്യമെന്ന ജാതിധർമ്മത്തിന്നാണു പ്രാധാന്യം ഉദ്ദേശിച്ചിട്ടുള്ളതു്. പാരമാർത്ഥികങ്ങളായ സനാതനതത്വങ്ങളടങ്ങിയവ "തത്വോക്തി

കൾ", ജീവിതയാത്രയിൽ സ്മരണീയമായ ഒരു സാരോപദേശമുള്ളവ "സാരോക്തികൾ", പ്രകരണാപേക്ഷയില്ലാത്തവയും നിത്യോപയോഗയോഗ്യവുമായിട്ടുള്ളവ "ലോകോക്തികൾ", പ്രകരണാപേക്ഷങ്ങളും ഹാസ്യപ്രധാനങ്ങളുമായവ "ഹാസ്യോക്തികൾ", നീതിമാർഗ്ഗത്തെ സോദാഹരണം വിവരിക്കുന്നവ "നീത്യുക്തികൾ" എന്നിങ്ങനെയാണ് ഉക്തികളിൽ വിഭാജകധർമ്മം സങ്കല്പിച്ചിട്ടുള്ളത്. "വർണ്ണന"യെ സാമാന്യവർണ്ണന, വസ്തുവർണ്ണന, ഭാവവർണ്ണന, പ്രകൃതിവർണ്ണന എന്നിങ്ങനെ സ്വരൂപവും സ്വഭാവവും നോക്കി വിഭജിച്ചിരിക്കുന്നു. ഒരു ചിത്രകാരന്റെ തൂലികകൊണ്ടു കുറിക്കാവുന്നവയൊ ചലനചിത്രത്തിൽ പകർത്താവുന്നവയോ ആയിട്ടുള്ളവയാണു "ചിത്രണം." അർത്ഥം വിശദമായും രസാവഹമായും കാണിക്കത്തക്കവിധമുള്ള പദ്യപരിഭാഷയാണു "പരാവർത്തന"ത്തിൽ പെടുത്തിയിട്ടുള്ളത്. "ആഖ്യാനം" സ്പഷ്ടം. "വിപ്രകീർണ്ണം" അവശിഷ്ടം.

നമ്പ്യാരുടെ കൃതികൾ കുലങ്കഷം വായിച്ചിട്ടുള്ളവർക്ക് ഈ സംഗ്രഹംകൊണ്ടു പ്രത്യേകിച്ചൊരു പ്രയോജനം ഇല്ലെന്നു വന്നേക്കാം. എന്നാൽ ഇപ്രകാരമുള്ള സാഹിത്യരത്നങ്ങളെ സഞ്ചയിച്ച് ഒരിടത്തു ഗണംതിരിച്ചുകാണിച്ചുകൊടുക്കുന്നതു ഗ്രന്ഥകാരന്മാർക്കു സന്ദർഭോചിതങ്ങളായ ഉദാഹരണങ്ങൾ തേടുവാൻ സൌകര്യപ്രദമായിത്തീരുന്നതാണ്.

Digitized By Kerala Sahitya Akademi

ഇതിനെത്തുടൎന്നു് എഴുത്തച്ഛൻ മുതലായ മററു മഹാകവികളുടേയും ഗ്രന്ഥങ്ങളിൽനിന്നുള്ള തിരവുകൾ യഥാക്രമം പ്രകാശിപ്പിക്കണമെന്നു കമ്മിററി ഉദ്ദേശിക്കുന്നുണ്ടു്.

എന്നു്

ഭാഷാപരിഷ്കരണ
കമ്മിററി ആപ്പീസ്സ്
തൃശ്ശിവപേരൂർ.
൧_൨_'൦൫.

കമ്മിററിക്കുവേണ്ടി
പണ്ഡിതർ
കെ. വാസുദേവൻമൂസ്സത്.

Digitized By Kerala Sahitya Akademi

# വിഷയവിവരം.


| | |
|---|---|
| സ്തുതികൾ | ൧-൧൯ ഭാഗം. |
| മംഗളം | ൧ |
| മഹാവിഷ്ണു | ൨ |
| ദശാവതാരം | ൩ |
| വിരാൾപുരുഷൻ | ൪ |
| ലോകപാലന്മാർ | ൫ |
| ഉണ്ണിക്കഴുത്തരുത്ത പുരുഷൻ | ൬ |
| കാർവർണ്ണൻ | ,, |
| ഗണപതി | ൯ |
| ഗണേശൻ | ൧൦ |
| സരസ്വതി | ൧൧ |
| സൂര്യൻ | ,, |
| പത്മനാഭസ്വാമി | ൧൨ |
| അക്ഷരമാല | ൧൫ |
| തത്വോക്തികൾ | ൧൭—൨൬ |
| പ്രപഞ്ചതത്വം | ൧൭ |
| മായാഭ്രമം | ,, |
| അർത്ഥമനർത്ഥം | ൨൦ |
| ധർമ്മരാജാവിന്റെ ധർമ്മോപദേശം | ,, |
| ജ്ഞാനവൈചിത്ര്യം | ൨൨ |
| വിധിവിഹിതം | ൨൮ |


Digitized By Kerala Sahitya Akademi

| | |
|---|---|
| നാലും നാലുതന്നെ | ൨൪-ാം ഭാഗം. |
| അന്ധദീപന്യായം | ,, |
| മാററംകൊണ്ടു മാറില്ല | ൨൫ |
| യോഗയോഗ്യത | ,, |
| ധൎമ്മതത്വം | ൨൬ |
| സുന്ദരീഗാത്രം | ,, |
| സാരോക്തികൾ | ൨൭—൫൩. |
| ലൌകോക്തികൾ | ൫൬—൬൭ |
| ഹാസ്യോക്തികൾ | ൬൯—൯൦ |
| നീത്യുക്തികൾ | ൯൧—൧൨൭. |
| ഹംസവാക്യം | ൯൧ |
| പരോപകാരം | ൯൨ |
| അനുകമ്പ | ൯൫ |
| സജ്ജനസംസൎഗ്ഗം | ,, |
| കാലഭേദം | ൯൬ |
| രാജസേവ | ,, |
| അൎത്ഥപോഷണം | ൯൭ |
| രാജാവും മന്ത്രിയും | ൯൯ |
| ദുൎജ്ജനനിന്ദ | ൧൦൦ |
| ഖലസേവ | ൧൦൧ |
| സാമമഹിമ | ൧൦൨ |
| ഗുണദോഷവൈലക്ഷണ്യം | ,, |
| മിത്രപ്രശംസ | ൧൦൩ |
| കൂടാതെ കഴികയില്ല | ൧൦൪ |
| അൎത്ഥപ്രശംസ | ൧൦൫ |


Digitized By Kerala Sahitya Akademi

| | |
|---|---|
| യാചനദൂഷണം | ൧൦൫-ാം ഭാഗം |
| നാടുവിട്ടുപോകുന്ന നൃപൻ | ,, |
| മന്ത്രഗോപനം | ൧൦൬ |
| മന്ത്രാംഗങ്ങൾ | ൧൦൭ |
| മന്ത്രച്ഛിദ്രം | ,, |
| നൃപന്മാർ മൂന്നുവിധം | ൧൦൮ |
| വാക്പാരുഷ്യം | ,, |
| സ്വാർത്ഥപാരവശ്യം | ,, |
| അല്പനല്പം മതി | ൧൦൯ |
| എന്താ ഭേദം? | ,, |
| ഉയർച്ചയും വീഴ്ചയും | ,, |
| പരേംഗിതജ്ഞാനം | ൧൧൦ |
| മർത്ത്യന്മാർ മൂന്നുവിധം | ,, |
| അടുക്കുന്തോറുമടുക്കാറാകും | ൧൧൧ |
| ചേരേണ്ടപടി ചേർക്കണം | ,, |
| ഭൃത്യധർമ്മം | ൧൧൨ |
| ആർ ആർ? | ,, |
| ദുഷ്ടസമ്പർക്കം | ൧൧൩ |
| ദുഷ്ടചേഷ്ടിതം | ,, |
| ആത്മരക്ഷ | ,, |
| പുരുഷാധമന്മാർ | ൧൧൪ |
| സുപ്രസൂ • | ,, |
| ഏഴു ശല്യങ്ങൾ | ,, |
| കാലംപോലെ കർമ്മഫലം | ൧൧൫ |
| പൌരുഷം | ,, |


Digitized By Kerala Sahitya Akademi

| | |
|---|---|
| ബുദ്ധി | ൧൧൬-ാം ഭാഗം |
| അർത്ഥമനർത്ഥം | ൧൧൭ |
| രാജശക്തി | ,, |
| അസാദ്ധ്യം | ,, |
| വിദുരവാക്യം | ൧൧൯ |
| അഹംഭാവം | ൧൨൧ |
| കനകവും കാമിനിയും | ൧൨൨ |
| ദോഷപരിഹാരം | ,, |
| സന്ധിലാഘവം | ൧൨൩ |
| വേശ്യാദൂഷണം | ൧൨൪ |
| പണവും ഗുണവും | ൧൨൫ |
| ബഹുഭാര്യത്വം | ൧൨൬ |
| യുധിഷ്ഠിരശക്തി | ൧൨൭ |
| ല ണ്ണ ന ൧. സാമാന്യം | ൧൨൮—൧൩൬ |
| മഹൽപ്രഭാവം | ൧൨൮ |
| വൈകുണ്ഠം | ൧൩൦ |
| രണ്ടു കുട്ടികൾ | ൧൩൧ |
| കാളിയമർദ്ദനം | ൧൩൨ |
| വിശ്വരൂപം | ൧൩൩ |
| ഭഗവാന്റെ എഴുന്നള്ളത്ത് | ൧൩൬ |
| നായാട്ടുവിളി | ൧൩൮ |
| കപടതാപസൻ | ,, |
| കലിയുഗശക്തി | ൧൪൦ |
| നളമഹാരാജാവ് | ൧൪൩ |
| ദമയന്തി | ൧൪൪ |


Digitized By Kerala Sahitya Akademi

| | |
|---|---|
| യൌവനാരംഭം | ൧൪൫-ാം ഭാഗം |
| അരയന്നം കണ്ടകാഴ്ച | ൧൪൬ |
| നളന്റെ സ്വയംവരയാത്ര | ൧൪൮ |
| ദുര്യോധനന്റെ ഘോഷയാത്ര | ൧൫൦ |
| ആറുവരുടെ ഓട്ടം | ൧൫൧ |
| ഒരു വെള്ളപ്പൊക്കം | ൧൫൩ |
| ഒരു എതിരേൽപ്പ് | ൧൫൪ |
| അപ്സരസ്ത്രീകളുടെ ആട്ടം | ൧൫൫ |
| ൨. വസ്തു | ൧൫൬—൧൬൮ |
| പണ്ടത്തെ രാജധാനി | ൧൫൬ |
| അന്തഃപുരം | ൧൫൭ |
| സാർത്ഥവാഹന്മാർ | ൧൫൮ |
| കാട്ടുതീ | ൧൬൦ |
| രഥവേഗം | ൧൬൨ |
| ഒരു വടവൃക്ഷം | ൧൬൩ |
| ഗന്ധമാദനപർവ്വതം | ൧൬൪ |
| നായാട്ടുനായ്ക്കൾ | ൧൬൫ |
| മയന്റെ മായാസഭ | ൧൬൬ |
| ൩. ഭാവം | ൧൬൮—൧൮൦ |
| ഗോപിമാരുടെ ഓട്ടം | ൧൬൮ |
| വിരഹതാപം | ൧൭൦ |
| അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ | ൧൭൧ |
| സ്വയംവരസംഭ്രമം | ൧൭൨ |
| പാഞ്ചാലീയം | ൧൭൩ |
| ഒരു ധർമ്മസങ്കടം | ൧൭൪ |


Digitized By Kerala Sahitya Akademi

ചാപല്യഹീനമായ ദമ്പതിസമാഗമം ഫന്റെ ഭാഗം
വീരപരാക്രമം ഫവ്വെ
അഹംഭാവം ഫൈൻ
ഭീമനും ഹനുമാനും ,,
അജ്ജുനന്റെ തപസ്സ് ഫച്ചo
നളപരാക്രമം ഫവ്യഫ
ദമയന്തിയുടെ ശപഥം ഫവ്യവ
സ്വയംവരക്ഷോഭം ഫവ്യന്ന
രാജാക്കന്മാരുടെ ഗോഷ്ഠികൾ ഫവ്യർ
ഭീമന്റെ പരിഭവം ഫവ്യന്ന
മററമ്മയുടെ ധിക്കാരം ഫൃവ്യ
൪. പ്ര കൃ തി ഫൻഫ—ഫൻർ
സൂര്യാസ്തമയം ഫൻഫ
സൂര്യോദയം ഫൻവ
കാക്കയും മൂങ്ങയും ,,
വസന്താരംഭം ,,
നളമുക്തനായ ഹംസം ഫൻന്ന
൫. വി വ ര ണം ഫൻ൫—ഫൻവ്യ
കലി ഫൻ൫
ഏഴു വ്യസനങ്ങൾ ,,
ഇന്ദ്രസമ്പത്ത് ഫൻന്ത
വീരസ്വർഗ്ഗം ,,
കാലഗുണം ഫൻൈ
൬. ചി ത്ര ണം ഫൻൻ—വഫന്ന
മായാകുമാരൻ ഫൻൻ


Digitized By Kerala Sahitya Akademi

| | |
|---|---|
| ഉണ്ണികൃഷ്ണൻ | ൧൯൯-ാം ഭാഗം |
| വേണുഗോപാലൻ | ,, |
| ബാലദർശനം | ൨൦൦ |
| കേശാദിപാദം | ൨൦൧ |
| കാട്ടാളരാജാവ് | ൨൦൨ |
| കദളീവനം | ൨൦൩ |
| ഭീമനെ ഭ്രമിപ്പിച്ച കാഴ്ച | ,, |
| കുരങ്ങച്ചൻ | ൨൦൪ |
| സാക്ഷാൽ ഹനുമാൻ | ൨൦൫ |
| സൌഗന്ധികപ്പൊയ്ക | ൨൦൬ |
| കിരാതമൂർത്തിയും കിരാതിയും | ൨൦൭ |
| ഒരു സിംഹം | ൨൦൮ |
| ഗുരുവും ശിഷ്യനും | ൨൦൯ |
| ബ്രഹ്മാവിന്റെ പരിഭ്രമം | ,, |
| ഛായയില്ലാത്ത ദമ്പതിമാർ | ൨൧൦ |
| ഉർവ്വശിയുടെ കേശാദിപാദം | ൨൧൨ |
| നാരദാഗമനം | ൨൧൫ |
| **സന്ദേശം** | ൨൧൭—൨൨൯ |
| ഹംസസന്ദേശം | ൨൧൭, ൨൨൬ |
| നളന്റെ ദൂത് | ൨൧൮ |
| നളന്റെ സമാധാനം | ൨൧൯ |
| സഞ്ജയദൂത് | ൨൨൧ |
| യുധിഷ്ഠിരോക്തി | ൨൨൩ |
| ഭഗവദുക്തി | ൨൨൭ |
| പാഞ്ചാലിയുടെ നസ്യം | ൨൨൯ |


Digitized By Kerala Sahitya Akademi

| | |
|---|---|
| ഭഗവൽദ്ദൂത് | ൧൩൧-ാം ഭാഗം |
| ഭൈമീസന്ദേശം | ൧൩൯ |
| ഒരു തൃക്കൈവിളയാട്ടം | ൧൩൮ |
| പ ര ാ വ ർ ത്ത നം | ൧൪൦—൧൪൭ |
| ആ ഖ്യാ നം | ൧൪൯—൧൫൪ |
| പൂച്ചയും എലിയും | ൧൪൯ |
| ഏഷണിയുടെ ഫലം | ൧൫൧ |
| വി പ്ര കീർണ്ണം | ൧൫൫—൧൯൦ |
| ലോകാപവാദം | ൧൫൫ |
| ദാരിദ്ര്യം | ൧൫൬ |
| ഗോപികളുടെ ആവലാതി | ൧൫൭ |
| അന്തണദൂഷണം | ൧൫൮ |
| ഇന്ദ്രപ്രലോഭനം | ൧൬൦ |
| ധർമ്മസങ്കടം | ൧൬൧ |
| പടനായകന്റെ കല്പന | ,, |
| യമന്റെ ഭീഷിണി | ൧൬൧ |
| ഭൃത്യദൂഷണം | ൧൬൪ |
| ഉദരനിമിത്തം ബഹുകൃതവേഷം | ൧൬൫ |
| പടനായരുടെ പരുങ്ങൽ | ൧൬൭ |
| വൃദ്ധാപവാദം | ൧൬൯ |
| അന്തണരുടെ പക്ഷപാതം | ൧൭൧ |
| ധൃതരാഷ്ട്രരുടെ ഉപദേശം | ൧൭൪ |
| ഒരു വീരവാദം | ൧൭൬ |
| ദുര്യോധനന്റെ ദുർബ്ബോധന | ൧൭൮ |


Digitized By Kerala Sahitya Akademi

# സങ്കേതസൂചി.

| | | | | |
|---|---|---|---|---|
| ൧. | ശ്രീ. മ. പ്ര. | = | ശ്രീകൃഷ്ണചരിതം | മണിപ്രവാളം. |
| ൨. | നള. കിളി. | = | നളചരിതം | കിളിപ്പാട്ട്. |
| ൩. | പ. ത. | = | പഞ്ചതന്ത്രം | ,, |
| ൪. | ചാ. സൂ. | = | ചാണക്യസൂത്രം. | ,, |
| ൫. | പ. വൃ. | = | പതിനാലുവൃത്തം. | |
| ൬. | നള. തുള്ളൽ | = | നളചരിതം | ഓട്ടൻതുള്ളൽ. |
| ൭. | സ്യമന്തകം | = | സ്യമന്തകം | ,, |
| ൮. | ഘോ. യാ. | = | ഘോഷയാത്ര | ,, |
| ൯. | പ്ര. മാ. | = | പ്രദോഷമാഹാത്മ്യം | ,, |
| ൧൦. | കിരാതം | = | കിരാതം | ,, |
| ൧൧. | സീ. സ്വ. | = | സീതാസ്വയംവരം | ,, |
| ൧൨. | രാവണോത്ഭവം | = | രാവണോത്ഭവം | ,, |
| ൧൩. | രാ. ച. | = | രാമാനുചരിതം | ,, |
| ൧൪. | പാ. ച. | = | പാത്രചരിതം | ,, |
| ൧൫. | ശീ. ച. | = | ശീലാവതീചരിതം | ,, |
| ൧൬. | സ. സ്വ. | = | സത്യാസ്വയംവരം | ,, |
| ൧൭. | ഹി. വ. | = | ഹിഡിംബവധം | ,, |
| ൧൮. | രു. സ്വ. | = | രുഗ്മിണീസ്വയംവരം | ,, |
| ൧൯. | അ. മോ. | - | അഹല്യാമോക്ഷം | ,, |
| ൨൦. | കി. വ. | = | കിമ്മീരവധം | ,, |
| ൨൧. | കൃ. വി. | = | കൃഷ്ണാർജ്ജുനവിജയം | ,, |
| ൨൨. | സു. സ്വ. | = | സുന്ദരീസ്വയംവരം | ,, |

Digitized By Kerala Sahitya Akademi

| | | | |
|---|---|---|---|
| ൨൩. | ഐ. വ. | = | ഐരാവണവധം ഓട്ടൻതുള്ളൽ. |
| ൨൪. | കാ. വീ. വി. | = | കാൎത്തവീൎയ്യാൎജ്ജുനവിജയം ,, |
| ൨൫. | ക. സൌ. | = | കല്യാണസൌഗന്ധികം ശീതങ്കൻതുള്ളൽ. |
| ൨൬. | ബാല്യുത്ഭവം | = | ബാല്യുത്ഭവം ,, |
| ൨൭. | ധ്രു. ച. | = | ധ്രുവചരിതം ,, |
| ൨൮. | ഹ. സ്വ. | = | ഹരിണീസ്വയംവരം ,, |
| ൨൯. | ഹനുമദുത്ഭവം | = | ഹനുമദുത്ഭവം ,, |
| ൩൦. | ശ്രീ. ലീ. | = | ശ്രീകൃഷ്ണലീല ,, |
| ൩൧. | ഗ. മോ. | = | ഗജേന്ദ്രമോക്ഷം പറയൻതുള്ളൽ |
| ൩൨. | ത്രി. ദ. | = | ത്രിപുരദഹനം ,, |
| ൩൩. | സ. പ്ര. | = | സഭാപ്രവേശം ,, |

Digitized By Kerala Sahitya Akademi

# നമ്പ്യാരുടെ രത്നങ്ങൾ.

---

## സ്തുതികൾ.

---

മംഗളം

മിന്നും പൊന്നിൻകിരീടം, തരിവള, കടകം,
കാഞ്ചി,പൂഞ്ചേല,മാലാ
ധന്യശ്രീവത്സസൽക്കൌസ്തുഭമിടകലരും
ചാരുദോരന്തരാളം,
ശംഖം,ചക്രം,ഗദാ,പങ്കജമിതിവിലസും
നാലു തൃക്കൈകളോടേ
സങ്കീർണ്ണശ്യാമവർണ്ണം ഹരിവപുരമലം
പൂരയേന്മംഗളം വഃ.

ശ്രീ. മ. പ്ര.

---

Digitized By Kerala Sahitya Akademi

## മഹാവിഷ്ണു.

നളിനനയന ഹേ ഹരേ നമസ്തേ
നരകരിപോ കരുണാംബുധേ നമസ്തേ
ജയജയ ജഗതീപതേ നമസ്തേ
ജലധരചാരുതരാകൃതേ നമസ്തേ.

ജഗദുദയവിനാശകാരണം നീ,
ജനപരിപാലനശീലനായതും നീ,
അജനമലനനന്തനായതും നീ,
സുജനവിചിത്രചരിത്രനായതും നീ.

സഗുണനഗുണനേകനായതും നീ,
സകലചരാചരജീവനായതും നീ,
സകളനപി ച നിഷ്കളൻ ഹരേ നീ,
സകലപതേ കമലാപതേ നമസ്തേ.

പ്രകൃതിപുരുഷനാം ഭവാനനന്തൻ
പ്രകടയതി പ്രഥമം പ്രപഞ്ചമെല്ലാം;
പ്രകൃതിജനനി മായയായ ദേവീ
വിപുലതരം ഭ്രമമീദൃശം വിധത്തേ.

ഒരുവനതിധനൻ, പരൻ ദരിദ്രൻ,
പരനതികശ്മലനന്യനത്യുദാരൻ;
ഇതി പലവിധഭാവഹേതുഭൂതൻ
ദിതിജവിനാശനനാദികേശവൻ നീ.

Digitized By Kerala Sahitya Akademi

നരകമഥന നാഥ ദീനബന്ധോ
ഖിരവൊടു പാലയ വിശ്വനായകാ നീ
ധരണിയുടെ ഭരം നിരാകരിപ്പാൻ
കരുണ ഭവിച്ചരുളേണമന്തരംഗേ.

---

വിളക്കുപോലെ വിവിധപ്രപഞ്ചേ
വിളങ്ങുമാനന്ദമയസ്വരൂപിൻ!
ഇളക്കമില്ലാത്ത മഹാരുചേ നീ-
യിളയ്ക്കൊലാ രക്ഷണമിക്ഷണം മേ.

വിശ്വങ്ങളെല്ലാമുളവാക്കി മുന്നം
വിശ്വാസപൂർവ്വം പരിരക്ഷചെയ്തും
നിശ്ശേഷമന്പോടഥ സംഹരിച്ചും
നിശ്ശോകമോദം വിളയാടുവോൻ നീ.

---

ഭവാൻ ഭവക്ലേശവിനാശകാരീ,
ഭവാൻ ഭുജംഗാധിപതല്പശായീ,
ഭവാനശേഷാഗമഗമ്യരൂപൻ;
ഭവാൻ പ്രസാദിച്ചരുളേണമേ മേ.

ശ്രീ. മ. പ്ര.

---

സകലജനഹൃദയചര സരസിരുഹലോചന!
സങ്കടം തീർക്ക നീ ശൌരേ നമോസ്തു തേ.
അജനമരനമിതഗുണനഗുണനമലൻ പര-
നാനന്ദരൂപൻ നിരീഹൻ നിരാമയൻ

Digitized By Kerala Sahitya Akademi

നിഖിലജനജനനകരനരികുലവിനാശനൻ
നിഷ്കളൻ നിത്യൻ നിരഞ്ജനൻ നിർമ്മലൻ
മനുജപതിദനുജപതിഭുജഗപതിസേവിതൻ
മാധവൻ മായാസഹായൻ മഹാബലൻ
ഉരഗപതിശയനനജനരഗരിപുവാഹന-
നുർവ്വീരമാകാന്തനുത്സാഹവർദ്ധനൻ
സജലജലധരനികരസദൃശതനുഭാസുരൻ
സാന്ദ്രമന്ദസ്മിതസ്നിഗ്ദ്ധമുഗ്ദ്ധാനനൻ
കനകമണിമകുടചലവലയകുലഭൂഷണൻ
കൌസ്തുഭശ്രീവത്സവന്യമാലാഞ്ചിതൻ
കരകമലകലിതദരകമലനരിഭൂഷിതൻ
കാരുണ്യപീയൂഷവാരിധി ശ്രീധരൻ
പദകമലനതനിഖിലസുരനരസുഖപ്രദൻ
പാലാഴിയിൽ പള്ളികൊള്ളുന്ന ദൈവതം,
അടിയനുടെ വിവശതകളകലുവതിനഞ്ജസാ
അംബുജാക്ഷൻ തുണക്കേണം ജനാർദ്ദനൻ.

നള. കിളി.

---

## ദശാവതാരം.

മീനായതും, കൂർമ്മമതായതും നീ,
പിന്നം വരാഹാകൃതി പൂണ്ടതും നീ,
മഹാനൃസിംഹോത്തമനായതും നീ,
മഹാമതേ വാമനനായതും നീ.

Digitized By Kerala Sahitya Akademi

ക്ഷമാതലേ ഭാൎഗ്ഗവനായതും നീ,
രമാപതേ രാഘവനായതും നീ,
ഇഹാപി നീലാംബരനായതും നീ,
മഹാനുഭാവപ്രകൃതേ നമസ്തേ.

ധരിച്ചു ഞാൻ സമ്പ്രതി കൃഷ്ണനായി-
ജ്ജനിച്ചു കംസാദികഹിംസ ചെയ്വാൻ;
ഭവാൻ ഭവധ്വംസനജാഗരൂകൻ
നവാംബുദശ്യാമതനോ നമസ്തേ.

ശ്രീ. മ. പ്ര.

---

## വിരാൾപുരുഷൻ.

ഹരേ കൃഷ്ണ ഗോവിന്ദ ഗോപാല ശൌരേ!
രമേശാച്യുതാനന്ത കാരുണ്യസിന്ധോ!
നിരാധാരമായുള്ള ലോകത്തിനെല്ലാം
വരം നൽകുവോനേ നമസ്തേ നമസ്തേ.
വിരാൾപൂരുഷൻ നീ വിരിഞ്ചാദിസേവ്യൻ;
ശിരസ്സായതോ താവകം സത്യലോകം,
തിരുപ്പാദപത്മങ്ങൾ പാതാളലോകം,
ധരിത്രീ നിതംബം നമസ്തേ നമസ്തേ.
ശശാങ്കാൎക്കബിംബങ്ങൾ നേത്രങ്ങളല്ലോ,
വിശാലഞ്ച തേ മാൎവ്വിടം ദേവലോകം,
വിശേഷാൽ താരങ്ങൾ ഹാരങ്ങളല്ലോ,
ദിശോ ബാഹവസ്തേ നമസ്തേ നമസ്തേ.

Digitized By Kerala Sahitya Akademi

മഹാശൈലജാലങ്ങളസ്ഥിപ്രകാണ്ഡം,
മഹാവൃക്ഷവൃന്ദങ്ങൾ രോമങ്ങളല്ലോ,
മഹാവിഷ്ണവേ തേ മഹാത്ഭുതഹേതോ!
മഹാമായയെല്ലാം നമസ്തേ നമസ്തേ.
നമസ്തേ മുരാരേ നമസ്തേ ദയാലോ!
നമസ്തേ ജഗന്നാഥ ഗോവിന്ദ വിഷ്ണോ!
നമസ്തേ രമാനാഥ ഗോപാല ശൌരേ!
നമസ്തേ നമസ്തേ നമസ്തേ നമസ്തേ.

ප. വ്യ.

---

## ലോകപാലന്മാർ.

വലമഥന വരദ ജയ ജയജയ ശചീപതേ.
വഹ്നേ നമോസ്തു തേ വൈവസ്വത ഭജേ.
ജയ നിരൃതിതനയ ജയ ജയജയ സരിൽപതേ!
വായോ നമോസ്തു തേ വിത്തനാഥ ഭജേ.
പരമശിവ പുരമഥന ജയജയ ജഗൽപതേ!
പത്മയോനേ വിഭോ പാഹി മാം പാഹി മാം.
മധുമഥന മുരമഥന ജയജയ രമാപതേ!
മായേ മഹാലക്ഷ്മി കാത്തുകൊൾകെന്നെ നീ.

നള. കിളി.

---

Digitized By Kerala Sahitya Akademi

## ഉ ണ്ണി ക്ക ഴു ത്ത റു ത്ത പു രു ഷ ൻ.

അംഭോജനാളത്തിലൂന്നീയതിൻപൊരു-
ളമ്പതുപത്തുരണ്ടിൽപെരുക്കീട്ടു-
പഞ്ചാക്ഷരം തടി ശാഖാലതാപുഷ്പ-
സഞ്ചയന്തന്നിൽ മറഞ്ഞു നില്ക്കുന്ന
സന്താനവേദപ്പൊരുളുകൾ വച്ചിട്ടു
താമരസാക്ഷന്റെ മെത്തേടെ താഴത്തു
താങ്ങിക്കിടക്കുന്നവനെച്ചുമക്കുന്ന
വമ്പന്റെകൊമ്പന്റെകൊമ്പൊന്നൊടിച്ചോന്റെ
ചേട്ടനെപ്പേടിച്ചു നാട്ടീന്നു പോയോന്റെ
ചാട്ടിന്റെ കൂട്ടിന്റെ കോട്ടംതിമല്പ്പുവ-
നുണ്ണിക്കഴുത്തറുത്തൊരു പുരുഷനെ-
നുള്ളം തെളിഞ്ഞൊട്ടു വന്നു തുണസ്ക്കണം.

ക. സൌ.

---

## കാ ർ വ ർണ്ണ ൻ.

കായാമ്പൂമലർക്കുള്ളിലായാസംവളർക്കുന്ന-
കായാ കാർമുകിൽവർണ്ണ മായാമാനുഷ കൃഷ്ണ!
പായാ മാമനിശമ്പാൽപ്പായസപ്രിയ ഗോപ!
ജായാപുത്രമിത്രങ്ങളായ സാഗരം നോക്കി
പായാതെ മനക്കാമ്പേ പോയാലും മുദാ ഗംഗാ-
തോയേന കുളിച്ചാലും മായകൾ കുറച്ചാലും;

Digitized By Kerala Sahitya Akademi

കായാദികളിൽ സ്നേഹിച്ചായാസം വരുത്താതെ
തോയജനായനന്റെ കായത്തെ സ്മരിച്ചാലും;
ആമെങ്കിൽ മുകുന്ദന്റെ നാമങ്ങൾ ജപിച്ചാലും;
നാമെന്നുള്ളൊരു ഭാവം മാമകം യോഗ്യമല്ലേ.
കാമിനീമണിമാരേ കാമിച്ചു വലയാതെ
സ്വാമിതൻ പദാംഭോജം സാമോദം ഭജിച്ചാലും.

ക. സൌ.

---

## ഗണപതി.

പുരരിപുവാകിയ ഭഗവാൻതന്റെ
തിരുമടിതന്നിൽവസിക്കും പാൎവ്വതി
തിരുമുടിജടയിൽ സുരവാഹിനിയുടെ
തിരുമുഖവും കുളുർകൊങ്കദ്വയവും
പരിചൊടു കണ്ടു സഹിക്കരുതാഞ്ഞു
പുരഹരനോടഥ ചോദ്യംചെയ്തു:—
"തിരുമുടിജടയുടെ നടുവിൽ വിളങ്ങി-
പ്പരിചൊടു കാണുന്നെന്തൊരു വസ്തു?"
ഹരനരുൾചെയ്തിതു:"നമ്മുടെ ജടയിൽ
പെരുകിന വെള്ളം വേർപെടുകില്ല;"
"കുരള കഥിക്കരുതെന്നൊടു നാഥ!
സരസം മുഖമിഹ കാണാകുന്നു;"
"മുഖമല്ലതഹോ ജലമതിലുളവാം
വികചസരോജമിതെന്നുവരേണം;"
"വികചസരോജേ കുറുനിരനികരം

Digitized By Kerala Sahitya Akademi

പരിചൊടു കാണ്മാനെന്തവകാശം?"
"കുറുനിരയല്ലതു മധുപാനത്തിനു
വരിവണ്ടുകൾ വന്നിങ്ങനക്കൂടുന്നു;"
"പൂരികക്കൊടിമുനയുഗളമിദാനീം
പരിചൊടു കാണ്മാനെന്തവകാശം?"
"പൂരികക്കൊടിയല്ല വിരളമിളകും
ചെറുതിരയത്രേ, അചലതനൂജേ!"
"സരസമതാകിന ലോചനയുഗളം
പരിചൊടു കാണ്മാനെന്തവകാശം?"
"ഗിരിവരതനയേ ലോചനമല്ലതു
കരിമീനിണ കളിയാടുകയത്രേ;"
"കരികുംഭാകൃതി കുളുർമുലയുഗളം
പരിചൊടു കാണ്മാനെന്തവകാശം?"
"കുളുർമുലയല്ലതു കോകദമ്പതം
നളിനസമീപേ വിളയാടുന്നു;"
"കളിവചനം വാ കാൎയ്യമിദം വാ
കരളിലെനിക്കു വിവാദമിദാനീം;"
ഇങ്ങനെ കപടഗിരാ ഗിരിവരസുത-
തന്നുടെ മാനസവഞ്ചനചെയ്യും
ഗംഗാധരനാം കിള്ളികുറിശ്ശിയ-
മന്ന മഹേശൻ കാത്തരുളേണം.

ന. ച.

---

ശ്രീഗണേശ നമസ്കാരം, ശ്രീഗുരുവേ നമസ്കാരം,
ശ്രീമഹേശ നമസ്കാരം, ശ്രീമുകുന്ദ നമസ്കാരം,

Digitized By Kerala Sahitya Akademi

ശ്രീമഹാഭാരതി വന്ദേ, ശ്രീമഹാലക്ഷ്മി തേ വന്ദേ,
ശ്രീഗിരീന്ദ്രാത്മജേ വന്ദേ, ശ്രീമഹാഭൈരവി വന്ദേ;
അമ്പലപ്പുഴമേവുമംബുജനേത്രകൃഷ്ണ നമോസ്തുതേ,
അമലഗുണഗണനിലയജയജയ കമലനാഥ നമോസ്തുതേ,
അമ്പനായകകിരീടിതന്നുടെ സാരഥേ മധുസൂദന!
വരദമുരഹരനരകവിമഥന നരസുരേഡ്യ നമോസ്തുതേ,
കെഴിയിൽകുടികൊള്ളുമീശ പുരഹരിഹരാത്മജ
പാഹിമാം,
സകലസുരനരദനുജഭുജഗനിഷേവിതായ നമോസ്തുതേ,
ശുകപുരേ മരുവുന്ന ശങ്കര ശൂലമൃഗധര പാഹിമാം;
സുകവിതാഗുണഭംഗുരന്മാൻ മമ സുകൃതവരമരുളേണമേ.
സുകൃതനിധിഗുരുധരണിസുരകുലമകുടമണി മമ മാനസേ
സുചിരതരമുരുകരുണയോടു വിലസണമേ പരദൈവമേ!

ഗ. മോ.

---

## ഗണേശൻ.

വാരണമദഹരനന്ദനനാകിയ
വാരണവദനൻ നിഖിലജനാശുഭ-
വാരണനിപുണൻ സമദാസുരരിപു-
വാരണസേവിതചരണസരോജൻ
കാരണഭൂതൻ വിമലസരോജദ-
ളാരുണനയനൻ ചാരണനമിതൻ
പ്രണതജനാഭയദാനവിധാനൻ
പ്രണതപരായണനാകിയ ദേവൻ

Digitized By Kerala Sahitya Akademi

ഗുണഗണനിലയൻ നിത്യവുമെന്നെ-
ഗ്ഗണപതിഭഗവാൻ കാത്തരുളേണം.

## സ ര സ ്വ തി.

വേണീവിജിതകളേണീനതജന-
വേണീചട്ടലയതാകിയഭഗവതി!
വാണീദേവി മനോഹരയാകിയ
വാണിജനിപ്പാനെന്നുടെ നാവിൽ
വാണീടേണം സന്തതവും കല-
വാണീമണിയാം ദേവി നമസ്തേ;
വീണാപാണേ നിൻപദകമലേ
വീണോരടിയനു വരമരുളേണം;
ഏണീശാബവിലോചനയാളേ!
വീണാലാപിനി നിൻകൃപയാലേ
വാണീഭംഗിതരംഗിണിതന്നുടെ
വേണീമധുരതയാൽ മധുപോലും
കേണീടേണമതിന്നായടിയൻ
ക്ഷോണീതലമതിൽ വീണതിവേലം.
പാണികൾകൂപ്പി വണങ്ങീടുന്നേൻ.

## സൂ ര്യ ൻ.

അംബരചാരിൻ അംബുജധാരിൻ!
ഉരുതരദുരിതമഹാമയഹാരിൻ!
മണ്ഡനധാരിൻ ഖണ്ഡിതവൈരിൻ!
ദിനമനു നിഖിലചരാചരഹാരിൻ!

Digitized By Kerala Sahitya Akademi

കാമവിദ്വാരിൻ കോമളധാരിൻ!
ജയജയ ദിനകര വാതാഹാരിൻ!

സൃഷ്ടിക്കുന്നു ഭവാനിഹ ലോകം,
പുഷ്ടതയാ പരിപാലിക്കുന്നു,
ദുഷ്ടരെയൊക്കെയൊടുക്കീടുന്നു,
വിഷ്ടപമൊക്കെ ഹനിച്ചീടുന്നു;
ജനനംചെയ്യുമവനംചെയ്യു-
മഖിലചരാചരഹനനംചെയ്യു-
മനവരതം ദിനനാഥ കൃപാലോ!
നനു കലയാമി ഭവാനിഹ നൂനം;
ശങ്കരനായതു നിന്തിരുവടിതാൻ
ശങ്കയെനിക്കിഹ തോന്നുന്നില്ല,
പങ്കജനാഭൻ നിന്തിരുവടിതാൻ,
പങ്കജഭവനും നിന്തിരുവടിതാൻ,
വൃന്ദാരകപതിയാദിയതാംസുര-
വൃന്ദമശേഷം നിന്തിരുവടിതാൻ;
നിൻകഴലിന്നിഹ കൂപ്പീടുന്നേൻ
നിൻകൃപയെങ്കലുദിച്ചീടേണം.

സ്യമന്തകം.

---

പത്മനാഭസ്വാമി.

തിരുവനന്തപുരേ വിളങ്ങിന
പത്മനാഭ നമോസ്തു തേ.

Digitized By Kerala Sahitya Akademi

തരുണജലധരനികരതുലിതക-
ളേബരായ നമോസ്തു തേ,
അരുണപങ്കജകോമളായത-
ലോചനായ നമോസ്തു തേ,
ചരണസരസിജയുഗളനിപതിത-
നിഖിലദേവ നമോസ്തു തേ,
ഉന്നതോരുകിരീടകുണ്ഡല-
മണ്ഡനായ നമോസ്തു തേ,
ഉരഗവരമയശയന ജയജയ
നളിനനാഭ നമോസ്തു തേ,
ഇന്ദിരാമണിമന്ദിരാമല-
സുന്ദരാംഗ നമോസ്തു തേ,
ഇരവുപകലഹമജിത ത്വാം തനു
ചിന്തയാമി നമോസ്തു തേ.

പ്രാകൃതം

പഢമണാഹ ണമോണമോ തുഹ
പങ്കഅക്ഖ ണമോണമോ.
ജഢക്കമാള തമാളണീളസ-
ളീള വീള ണമോണമോ.
മസിണച്ചസിണസിഹണ്ഡമണ്ഡണ
അഞ്ജണാഹ ണമോണമോ.
ഘുസിഅകഞ്ചണവസണ ചഞ്ചള-
ണയണ തുജ്ഝ ണമോണമോ.

Digitized By Kerala Sahitya Akademi

ലളിദകളഅളകളിഅഘണമണി-
വളയണിഅള ണമോണമോ.

തുളിഅമളഅകതണഅ പണിഹിദ-
കണഅഭ്രസ ണമോണമോ.

അളിഅമാണസ സസിസമാണണ
ഗളിഅദോസ ണമോണമോ.

മിളിഅസുമഭളബഹുളസുന്ദള-
ജുവണവൃന്ദ ണമോണമോ.

പുളിസഗുണഗണണിളയ ജിദമഹി-
വളയ കഹ്ണ ണമോണമോ.

റിളയവിളഹിഅ കളയമയിദയ-
മളുണചളണ ണമോണമോ.

പുളഅചഞ്ചളതളുണികളപളി-
ളംഭളോള ണമോണമോ.

ണിളയണിപഢനവിളയമവഹള
മഹ മഹേസ ണമോണമോ.

കുന്ദസുന്ദളമന്ദഹാസ മു-
കുന്ദ സോളി ണമോണമോ.

ചന്ദവദന പുളന്ദളാദിസു-
ളച്ചിഅംഘി ണമോണമോ

ണന്ദണന്ദണ ചന്ദണാമള-
സീദസീള ണമോണമോ.

വന്ദണിജ്ജ കളിന്ദജാജള-
കേളിളോള ണമോണമോ.

Digitized By Kerala Sahitya Akademi

(ഛായ)

പത്മനാഭ നമോനമോ തവ
പങ്കജാക്ഷ നമോനമോ,
യദുകുമാര തമാലനീലശ-
രീർവീര നമോനമഃ;
മസൃണാഘുസൃണശിഖണ്ഡമണ്ഡന
അഞ്ജനാഭ നമോനമോ,
ഘൃഷ്ടകാഞ്ചനവസന ചഞ്ചല-
നയന തുഭ്യം നമോനമഃ;
ലളിതകരതലകലിതഘനമണി-
വലയനികര നമോനമോ,
തുലിതമരതകതനോ പ്രണിഹിത-
കനകഭൂഷ നമോനമഃ;
അളീകമാനുഷ ശശിസമാനന
ഗളിതദോഷ നമോനമോ,
മിളിതസുമശരബഹുലസുന്ദര-
യുവതിവൃന്ദ നമോനമഃ;
പുരുഷഗുണഗണനിലയ ജിതമഹീ-
വലയ കൃഷ്ണ നമോനമോ,
വിലയവിരഹിത കലയമയിദയാ-
മരുണചരണ നമോനമഃ;
പുളകചഞ്ചലതരുണികരപരി-
രംഭലോല നമോനമോ,

Digitized By Kerala Sahitya Akademi

നിരയനിപതനവിലയമപഹര
മമ മഹേശ നമോനമഃ;
കുന്ദസുന്ദരമന്ദഹാസ മു-
കുന്ദ ശൌരേ നമോനമോ,
ചന്ദ്രവദന പുരന്ദരാദിസു-
രാച്ചിതാംഘ്രേ നമോനമഃ;
നന്ദനന്ദന ചന്ദനാമല-
ശീതശീല നമോനമോ,
വന്ദനീയ കളിന്ദജാജല-
കേളിലോല നമോനമഃ.

ഘോ. യാ.

---

## അക്ഷരമാല.

കമലലോചന ജയഹരേ
ഖലവിനാശന ജയഹരേ
ഗരുഡവാഹന ജയഹരേ
ഘനമനോഹര ജയഹരേ
§ ങഞണലിപിമയ ജയഹരേ
ചലിതകുണ്ഡല ജയഹരേ
ഛലിതരിപുകുല ജയഹരേ
ജലദവിഗ്രഹ ജയഹരേ
ഝടിതിപാലയ ജയഹരേ

---

§ ങ=സവ്വദേവതാവാചകം; ഞ=മൂന്നു ശക്തികളുടെ വാചകം; ണ=ത്രിമൂത്തിവാചകം.

Digitized By Kerala Sahitya Akademi

$ ഞജണമുഖമയ ജയഹരേ
¶ ടലനവിരഹിത ജയഹരേ
‡ ഠനത ഖഗരഥ ജയഹരേ
† ഡമരഭൂരഗ ജയഹരേ
§ ഢമരഗാചല ജയഹരേ
|| ണളിനസമമുഖ ജയഹരേ
തരുണഗുണഗണ ജയഹരേ
* ഥതതിവിമഥന ജയഹരേ
ദനുജസുതഹര ജയഹരേ
ധരണിപാലക ജയഹരേ
നമിതരിപുകുല ജയഹരേ
പരമപൂരുഷ ജയഹരേ
ഫലിതസുചരിത ജയഹരേ
ബഹളരുചിഭര ജയഹരേ
ഭജനപരിചിത ജയഹരേ
മരണഭയഹര ജയഹരേ

---

$ ഞജണമുഖമയൻ=ശക്തിമുഖസ്വരൂപൻ.
¶ ടലനവിരഹിതൻ=വൈവശ്യമില്ലാത്തവൻ.
‡ ഠനതൻ=ഠനാൽ (ശിവനാൽ) നതൻ.
† ഡമരഭൂരഗൻ=ശത്രുഭയത്തിൽനിന്നകന്നവൻ.
§ ഢമരഗൻ=ഹംസഗാമി.
|| ണളിനം=നളിനം.
* ഥതതിവിമഥനൻ=ഥതതിയെ (പൎവ്വതസമൂഹത്തെ) മഥനംചെയ്തവൻ.

2 x

## സ്തുതികൾ

യജനപരിചിത ജയഹരേ
രജനിചരഹര ജയഹരേ
ലലിതഹരസുത ജയഹരേ
വരദ മുരഹര ജയഹരേ
ശരണമയി ഭവ ജയഹരേ
ഷഡ്ഋതുപാലക ജയഹരേ
സകലമലഹര ജയഹരേ
ഹവനഫലകര ജയഹരേ
|| ഊഢഹകടിതട ജയഹരേ
ക്ഷപിതരിപുഭട ജയഹരേ

ത്രി. ദ.

---

|| ഊഢഹം (മനോജ്ഞം) ആയ കടിപ്രദേശത്തോടു കൂടിയവൻ.

Digitized By Kerala Sahitya Akademi

# തത്ത്വോക്തികൾ.

## പ്രപഞ്ചതത്ത്വം.

അംഭസ്സിലാകാശതലം കണക്കേ
സംഭാവനംചെയ്കിലിദം പ്രപഞ്ചം
സംബാധമുണ്ടാക്കിന മായതന്നിൽ
ബിംബിച്ചുകാണുന്നു ഭവൽകടാക്ഷാൽ.

ജ്ഞാനം മനസ്സിൽ ജനിയായ്ക മൂലം
ഞാനെന്നഹംഭാവമഹോ ജനാനാം;
നൂനം വിഭോ നിൻചരിതം ഗ്രഹിച്ചാ-
ലാനന്ദമല്ലാതൊരു ഭാവമുണ്ടോ?

കാമാദിഷട്കം ബഹുദുഃഖമൂലം
പ്രാമാദികംപോലിഹ സത്യബോധം.

## മായാഭ്രമം.

ജനനം, മരണം, വിപത്തു, സമ്പ-
ത്തഭിമാനം, പരിഭൂതി, ഭൂതിലാഭം,
അതിദുർഘടമായ മായകൊണ്ടു-
ള്ളതിവിഭ്രാന്തി വരുത്തുമീശ്വരൻ നീ.

ഫലമൊന്നു കുഴിച്ചു മണ്ണിലിട്ടാൽ
പല കൊമ്പും തകരങ്ങളും വിളങ്ങും;
ചില പൊട്ടിമറിഞ്ഞു വീഴുമപ്പോൾ
ചില വർദ്ധിച്ചു ഫലങ്ങളും പൊഴിക്കും.

Digitized By Kerala Sahitya Akademi

അതുനേരമൊരഗ്നി വന്നു പററി
സ്ഥിതമായുള്ളതു വെന്തു ഭസ്മമാകും;
അതുപോലെ സമസ്തജന്തുവൎഗ്ഗ-
സ്ഥിതിയും നാശവുമീശ നിൻപ്രഭാവാൽ.

**അ ൎത്ഥ മ ന ൎത്ഥ ം.**

അനൎത്ഥമൂലം ധനമെന്നു കല്പി-
ച്ചെനിക്കതിങ്കൽ കൊതിയില്ല ബാലേ!

ധനിക്കു ശത്രുക്കളസംഖ്യമുണ്ടാം,
മനക്കുരുന്നിൽ ഭയമേററമുണ്ടാം,
തനിക്കലംഭാവവുമില്ല പിന്നെ-
ക്കനക്കവേ കൈതവമേററമുണ്ടാം.

കഷ്ടിച്ചു കൃത്യം കഴിയുന്നവനും,
അഷ്ടിക്കു മുട്ടാതെ വസിപ്പവനും,
കെട്ടിദ്ധനം നേടിയിരിപ്പവനും,
പെട്ടന്നു തുല്യം ഖലു നിത്യദുഃഖം.

ശ്രീ. മ. പ്ര.

---

**ധ ൎമ്മ രാ ജാ വി ന്റെ ധ ൎമ്മോ പ ദേ ശം.**

അന്തകൻതാനും പറഞ്ഞുതുടങ്ങിനാൻ:—
എന്തെടോ നൈഷധ ധൎമ്മം ത്യജിക്കയോ?
ധൎമ്മം ത്യജിക്കുന്ന മാനവന്മാരുടെ
നിൎമ്മൂലനാശം വരുത്തുവൻ ഞാനെടോ!

Digitized By Kerala Sahitya Akademi

ധൎമ്മത്തെ മുന്നിലാക്കീട്ടു നടക്കുന്ന
ധാൎമ്മികന്മാൎക്കു ഞാനെത്രയും കാമദൻ;
ധൎമ്മാനുകൂലമാം കൎമ്മങ്ങൾ ചെയ്യുന്ന
കൎമ്മിക്കു ശൎമ്മം കരസ്ഥമെന്നോൎക്ക നീ.
ദുൎമ്മാൎഗ്ഗമോരോന്നു ചെയ്യുന്ന പാപിക്കു
മൎമ്മോപഘാതത്തിനീശ്വരൻ ഞാനെടോ!
നേരുള്ള മാനുഷന്മാരുടെ മുമ്പിൽ ഞാൻ
ക്രൂരനല്ലേതും ധരിച്ചുകൊൾക ഭവാൻ;
ഘോരൻ കൃതാന്തനെന്നോൎത്തുപോകേണ്ടെടോ!
സാരധൎമ്മിഷ്ഠൎക്കലെത്രയും കോമളൻ.
പാപങ്ങൾചെയ്യും നരൻെറ വിജൃംഭിച്ച
പാപങ്ങൾതന്നേ ഭയത്തിനു കാരണം;
ദുഷ്കൎമ്മമൊക്കവേ കൂടിശ്ശരീരിണാം
മുഷ്കരമായിബ്ഭയപ്പെടുത്തും സദാ;
സങ്കടം വന്നടുക്കുമ്പോൾ കൃതാന്തൻെറ
കിങ്കരന്മാരെന്ന ബുദ്ധിമാത്രം ഫലം.
തന്നുടെ ദുഷ്ടത തൻെറ ഭയത്തിനും,
തന്നുടെ ശിഷ്ടത തൻെറ സുഖത്തിനും;
താൻചെയ്ത കൎമ്മങ്ങൾ തന്നോടു വേർപെടാ
ചാഞ്ചല്യമില്ലെന്നു ബോധിക്ക നൈഷധ.
നല്ലതു ചെയ്യുന്ന ദേഹിക്കു സന്തതം
നല്ല സമ്പത്തേ ഭവിപ്പൂ നരോത്തമ!
ഭോഷ്ക പറകയും, വഞ്ചന ചെയ്കയും,
മൌഷ്ട്യമോരോന്നു കാട്ടിനടക്കയും,
സജ്ജനത്തെക്കൊണ്ടു ചേണ്ടകൊട്ടിക്കയും,

Digitized By Kerala Sahitya Akademi

ദുൎജ്ജനത്തെച്ചെന്നു സേവിച്ചിരിക്കയും,
വേണ്ടാത്ത വാക്കുകളോരോന്നുരയ്ക്കയും,
വേണ്ടുന്ന കൃത്യങ്ങളൊക്കെ ത്യജിക്കയും,
സാധുക്കളോടു പിടിച്ചുപറിക്കയും,
മാധുൎയ്യമില്ലാത്ത ഭാവം നടിക്കയും,
സത്സഭതന്നിലകൃത്യങ്ങൾ ചെയ്കയും,
മത്സരം ചെയ്കയും, ഭൎത്സനം ചെയ്കയും;
ഇത്തരം ദോഷങ്ങൾ ചെയ്യും നരന്മാൎക്കു
സത്വരം ദോഷം ഭവിക്കും മഹാമതേ!

## ജ്ഞാനവൈചിത്ര്യം.

എല്ലാജ്ജനങ്ങളുമെല്ലാമറിഞ്ഞീടു-
കില്ലെന്നറിക നീ കില്ലല്ല ബാഹുക!
തെററന്നൊരുത്തനെന്നൊരേടത്തു വൈഭവം,
മററവന്റെ വിധം മറെറാന്നിലായ്വരും;
ജ്ഞാനചാതുൎയ്യമുണ്ടെല്ലാജ്ജനത്തിനും
നാനാപ്രകാരേണ നാനാവിധങ്ങളിൽ.
ബുദ്ധികൂടാതെ മനുഷ്യരില്ലോൎക്കിൽ,
ശുദ്ധമാൎഗ്ഗങ്ങളിൽ ചെല്ലും ചിലൎക്കു,
ദുഷ്ടമാൎഗ്ഗങ്ങളിൽ ചെല്ലും ചിലൎക്കെന്നു-
മിഷ്ടദൈവാജ്ഞാനുകൂലം ഫലം സഖേ!

നള. കിളി.

Digitized By Kerala Sahitya Akademi

## വിധിവിഹിതം.

വിധിവിഹിതമേവനും ലംഘിച്ചുകൂടുമോ?
ഇവനിതു ഭവിക്കേണമിന്ന കാലം വേണ-
മവശത ഭവിക്കേണമർത്ഥനാശം വേണം;
ഇതി വിധി വിധിച്ചതി പ്രാണികൾക്കൊക്കവേ
ഹിതമഹിതമെങ്കിലും ലംഘ്യമല്ലേതുമേ.

...

അനവരതമംബരേ നിന്നു ദൂരസ്ഥമാ-
മവനിയിലെ വൃത്താന്തമൊക്കെ ഗ്രഹിപ്പവൻ
പടുതരവിദഗ്ദ്ധനാം ഗൃദ്ധ്രനും പാശത്തി-
ലടിപെടുമൊരിക്കലെന്നോർത്തുകൊൾക ഭവാൻ.
വലിയ കൊലയാനയും ഘോരസർപ്പങ്ങളും
ബലികളവരെങ്കിലും മാനുഷന്മാരുടെ
വചനമതു കേൾക്കയും, തല്ലുകൾ കൊൾകയും,
അവരുടെ നിയോഗേന നിന്നു കൂത്താടിയും
ശിവശിവ തരംകെടുന്നില്ലയോ പിന്നെയെ-
ന്നതിലൊരു ശതാംശമുൽകർഷമില്ലാത്ത നാം?
സകലഭുവനങ്ങളിൽ പ്രൌഢതേജോഭര-
പ്രകടതരമൂർത്തിയാം സൂര്യനും ചന്ദ്രനും
ഒരു ദശയിലങ്ങഹോ രാഹുവക്ത്രാന്തരേ
വിരവൊടു പതിച്ചുഴന്നീടുന്നതില്ലയോ?
സലിലനിധിവാരിതന്നുള്ളിലുള്ളിൽ ചെന്നു
സുലളിതസുഖം പൂണ്ടു സന്തതം മേവുന്ന
വലിയ ജലജന്തുവൃന്ദങ്ങളും വന്നിങ്ങു
വലകളിലകപ്പെട്ടു ചാകുന്നതില്ലയോ?

Digitized By Kerala Sahitya Akademi

സകലദിശി മേവുന്ന സൎവ്വജന്തുക്കളും
സപദി വിഷയാനലേ ചെന്നുചാടി ദ്രുതം
സതതമപി വേവുന്നു ഭസ്മീഭവിക്കും ദൃഢം,
സുഖമസുഖമെന്നു തോന്നുന്നതും നിഷ്ഫലം.

## നാലും നാലുതന്നെ

ധൎമ്മമേതെന്നു ചോദിച്ചാലൊരു നരൻ,
നിൎമ്മലം കാരുണ്യമെന്നതിനുത്തരം.
സൌഖ്യമേതെന്നു ചോദിച്ചതിനുത്തരം
മുഖ്യം മഹാവ്യാധി കൂടാതെ വൎത്തനം.
സാദ്ധ്യമേതെന്നു ചോദിച്ചതിനുത്തരം
സാധുസംസൎഗ്ഗേണ വൈരാഗ്യസംഭവം.
ബോദ്ധ്യമേതെന്നു ചോദിച്ചതിനുത്തരം
ബുദ്ധ്യാ പരാൽപരവിജ്ഞാനമുത്തമം.

## അന്ധദീപന്യായം.

ശാസ്ത്രം ഗ്രഹിച്ചതുകൊണ്ടു മതിയല്ല,
ശാസ്ത്രോക്തമാചരിക്കാതേ ഫലം വരാ.
എത്രയും നല്ല കഷായമെന്നാകിലും
മാത്രം കുടിക്കാതെ രോഗം ശമിക്കുമോ?
ഗ്രന്ഥം കരത്തിലുണ്ടായാൽ മതിയല്ല,
ചന്തത്തിലൎത്ഥം ഗ്രഹിച്ചേ ഫലം വരൂ.
അന്ധനായുള്ളവൻ ദീപം കരത്തിങ്ക-
ലേന്തി നടന്നാൽ വഴിയറിഞ്ഞീടുമോ?

Digitized By Kerala Sahitya Akademi

## മാററംകൊണ്ടു മാറില്ല.

തെല്ലും മനോദോഷമില്ലാത്ത പൂരുഷൻ
ചെല്ലുന്നദിക്കിൽ സുഖിച്ചിരിക്കാസ്സുരും.
അന്നങ്ങളാകാശഗംഗാതടേ നല്ലു
പൊന്നുംസരോജാകരത്തെ ത്യജിച്ചിങ്ങു
മന്നിടംതന്നിലെപ്പങ്കജപ്പൊയ്കയിൽ
തന്നേ സുഖിച്ചു വസിക്കുന്നതില്ലയോ?

•••

ഉത്സാഹവും, നല്ല വിദ്യയും, ബോധവും,
സൽസംഗമങ്ങളും, സൽകർമ്മധർമ്മവും;
ഇങ്ങനെയുള്ള ഗുണങ്ങൾ തികഞ്ഞവ-
ർക്കെങ്ങുമേ ചെന്നാലുമല്ലലില്ലേതുമേ.
തന്നുടേ ദിക്കെന്നു മന്യദിക്കെന്നുമി-
ധന്യരാം നിങ്ങൾക്കു ഭേദമില്ലാ ദൃഢം.

## യോഗയോഗ്യത.

സത്തുകൾക്കാപത്തു വന്നാൽ നികത്തുവാൻ
സത്തുക്കൾതന്നേ സമർത്ഥരാകും ദൃഢം.
ആനക്കുഴിയിൽനിന്നാനയെക്കേററുവാ-
നാനയല്ലാതെ മററാരുമാളാകുമോ?
കുണ്ടുള്ള കായലും തോടുമന്വേഷിച്ചു-
കൊണ്ടു നടക്കുന്നു മത്സ്യാദി ജന്തുക്കൾ,
വേണ്ടും മധുവുള്ള പുഷ്പങ്ങളിൽച്ചെന്നു
വണ്ടും മധുരസമുണ്ടു മേവീടുന്നു,

Digitized By Kerala Sahitya Akademi

രാജഹംസങ്ങളും രാജീവവൃന്ദത്തി-
ലാജീവനാന്തം വസിക്കുന്നു മന്ദര!

## ധ ൎ മ്മ ത ത്വ ം.

ധൎമ്മത്തെ ദ്വേഷിച്ചെങ്കിൽ ധൎമ്മവും ദ്വേഷിച്ചീടും;
ധൎമ്മത്തെ രക്ഷിച്ചെങ്കിൽ ധൎമ്മവും രക്ഷിച്ചീടും;
ധൎമ്മത്തെ വഴിപോലെ സേവിക്കുന്നവർകളെ
ധൎമ്മമെന്നുള്ള ദൈവം പാലനംചെയ്യും ദൃഢം.
മററുള്ള ബന്ധുക്കളിദ്ദേഹമുള്ളന്നേയുള്ളൂ,
മുററുമിധൎമ്മബന്ധു ചത്താലും കൂടെപ്പോരും.
പ്രാണിഹിംസനത്തോളമധൎമ്മം മററൊന്നില്ല,
പ്രാണരക്ഷണത്തോളം ധൎമ്മവും മററൊന്നില്ല.

പ. ത.

---

## സു ന്ദ രീ ഗാ ത്രം.

കളമൊഴിയെന്നും, കാമിനിയെന്നും,
കളഭമനോഹരഗാമിനിയെന്നും,
സുവദനയെന്നും, സുന്ദരിയെന്നും,
കുവലയവിപുലവിലോചനയെന്നും,
വരതനുവെന്നും, വല്ലഭയെന്നും,
വരകരികുംഭപയോധരയെന്നും,
മതിമുഖിയെന്നും, മാനിനിയെന്നും,
മധുരാമൃതസദൃശാധരിയെന്നും,

Digitized By Kerala Sahitya Akademi

വസ്തു വിചാരമതില്ലാപ്പരിഷക-
ളിസ്ഥിതിചെയ്തു വസിച്ചീടുന്നു.
മൂത്രം മലവും ചലവുമതിന്നൊരു
പാത്രം പരമിഹ സുന്ദരിമാരുടെ
ഗാത്രം ശിവശിവ ചിന്തിച്ചാലതു
മാത്രമെനിക്കൊരു കൌതുകമില്ല.

പ്ര. മാ.

---

Digitized By Kerala Sahitya Akademi

# സാരോക്തികൾ.

മലകളിളകിലും മഹാജനാനാം
മനമിളകാ ചപലോക്തി കേൾക്കിലും കേൾ.

മരണദിവസവും ശിരസ്സിലാക്കി-
ദ്ധരണിതലം പ്രവിശന്തി മാനുഷന്മാർ.

ജനിക്കുമന്നന്നുടനേ മരിക്കും
മുനിക്കുമുള്ളൊന്നു ശരീരനാശം.

ഒരിക്കലുണ്ടേവനുമാത്മനാശം,
ജരയ്ക്കുമുമ്പേ മരണം മനോജ്ഞം.

ജലത്തിലെപ്പോളകളെന്നപോലേ
ചലം മനുഷ്യക്കു ശരീരബന്ധം;
കുലം ബലം പുത്രകളത്രജാലം
ഫലംവരാ മൃത്യുവരും ദശായാം.

ദുർമ്മോഹമീശാ്രജനേഷു ഫലിക്കുമോതാൻ?

മുമ്പിൽ ഗമിച്ചീടിന ഗോവുതന്റെ
പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം;
ഒരുത്തനുണ്ടാക്കിയ ദുഷ്പ്രവാദം
പരത്തുവാനാളുകളുണ്ടസംഖ്യം.

ശ്രീ. മ. പ്ര.

Digitized By Kerala Sahitya Akademi

സാമദാനങ്ങളും ഭേദദണ്ഡങ്ങളും
കാമന്നോടേതും ഫലംചെയ്കയില്ലെടോ!

അൎത്ഥിക്കു ചിത്തപ്രസാദം വരുത്തുവാ-
നൎത്ഥമാൎജ്ജിക്കുന്നു സജ്ജനം സൎവ്വദാ.

ദേഹിയെന്നുള്ള രണ്ടക്ഷരം ചൊല്ലാതെ
ദേഹനാശം വരുന്നാകിൽ സുഖം നൃണാം.

അൎത്ഥിയെക്കാണുന്നനേരം മടിയാതെ
അൎത്ഥം കൊടുത്തയയ്ക്കേണം സമൃദ്ധിമാൻ.

ഒന്നിങ്കലാഗ്രഹം വന്നു പലർകൂടി-
വന്നാലവിടെക്കലഹവും നിശ്ചയം.

മേൽപ്പെട്ട മേൽപ്പെട്ടിരിക്കേണമുത്സാഹ-
മെപ്പൊഴുമൃഷ്യക്കു നീക്കം വരുത്തൊലാ.

ധൎമ്മമാൎജ്ജിക്കയും ശൎമ്മം ഭുജിക്കയും
നിൎമ്മായമായുള്ള സൌഖ്യം ശരീരിണാം.

മുള്ളുള്ള വൃക്ഷങ്ങളൊട്ടകത്തിന്നിഷ്ട-
മുള്ളത്തിലാഗ്രഹം മാനിന്നിളംപുല്ല്.

രണ്ടുപേരും തമ്മിലന്യോന്യവാങ്ങരിതം-
കൊണ്ടു ഭാഷിച്ചുഘോഷിച്ചിരിക്കുംവിധൌ

Digitized By Kerala Sahitya Akademi

മദ്ധ്യസ്ഥനായിട്ടൊരുത്തൻ പറഞ്ഞാല-
സാദ്ധ്യമെന്നേ വരൂ ബോധിക്കയില്ലെടോ!

സന്ദേഹമില്ലാത്തദിക്കിൽത്തടസ്ഥത്വ-
മെന്നുള്ളതേതും ഫലംചെയ്കയില്ലെടോ!

മെച്ചമേറും മണിസ്വൎണ്ണവൎണ്ണങ്ങളിൽ
പിച്ചളക്കോപ്പുകൊണ്ടൊപ്പം വരുത്തുമോ?

വൎണ്ണമില്ലാത്തോരിരുമ്പും രസംകൊണ്ടു
വൎണ്ണോത്തരസ്വൎണ്ണമാകുന്നു നിൎണ്ണയം.

സൎവ്വാശയങ്ങളിൽ സന്നിധാനംചെയ്തു
സൎവ്വഭാവങ്ങളെബ്ബോധിച്ചിരിക്കുന്ന
ഗീൎവ്വാണപുംഗവന്മാൎക്കു രാഗദ്വേഷ-
ദുർവൃത്തമൊന്നും ഭവിക്കമാറില്ലെടോ!

ശുക്തിയിൽ വിളയുന്ന മുത്തുരത്നവും പിന്നേ
ശുദ്ധമാം സുവൎണ്ണത്തോടെത്തിയേ ശോഭിച്ചീടൂ.

ഓൎക്ക നീ പരസ്പരം ചേൎച്ചയുള്ളതുതന്നേ
ചേൎക്കമാറുള്ളൂ കാമദേവനും വിധാതാവും.

ദുൎജ്ജനസ്വഭാവങ്ങളങ്ങനേ കാട്ടീടുകിൽ
ലജ്ജയും ലാഘവത്വവും മാനഭംഗവും ഫലം.

Digitized By Kerala Sahitya Akademi

ദാസഭാവത്തെക്കാട്ടിൽ നല്ലതു മൃതിതന്നേ
ഹാസഭാജനമായാലെന്തെടോ സുഖം പിന്നെ?

ഉന്നതിക്കായിക്കൊണ്ടു പ്രയത്നം ചെയ്തീടേണം,
വന്നതു വന്നു, പിന്നെദ്ദൈവവും തുണച്ചീടും.

അദ്ധ്വം താനദ്ധ്വം ദൈവമെന്നൊരു ചൊല്ലുണ്ടല്ലോ,
വൃദ്ധന്മാരുടെ വാക്യം വ്യർത്ഥമാകയില്ലേതും.

മന്ദരായിരിക്കുന്ന മാനവന്മാരെപ്പാരം
നിന്ദിക്കും മഹാജനം, വന്ദിക്കുമല്ലെന്നാകിൽ.

ബുദ്ധികൌശലംകൊണ്ടു സാധിക്കാം സമസ്തവും,
യുദ്ധസാഹസാ രണ്ടും വന്നുപോം ധരിക്ക നീ.

കൈതവം കൂടാതെകണ്ടൊന്നുമേ സാധിച്ചീടാ,
നീതിമാർഗ്ഗങ്ങളെല്ലാം കൈതവപ്രധാനങ്ങൾ.

വീര്യമുണ്ടായിട്ടല്ലോ സൂര്യനെ ഭയപ്പെട്ടു
കൂരിരുട്ടുകൾപോയിപ്പാതാളേ വസിക്കുന്നു;
ചാരുസുന്ദരനായ ചന്ദ്രനെക്കാണുന്നേരം
ചാരത്തു മരത്തണൽപിടിച്ചു നിൽക്കുന്നല്ലീ?

തന്നുടെയവകാശം ലഭിപ്പാനാളല്ലാത്ത
മന്നവന്മാരും പുല്ലും ഭേദമില്ലറിഞ്ഞാലും.

Digitized By Kerala Sahitya Akademi

വഹ്നിയെശ്ശമിപ്പിപ്പാൻ വാരിധാരയല്ലാതെ
പിന്നെ മറ്റൊന്നും മതിയാകയില്ലല്ലോ ദേവി!

തന്വംഗീജനങ്ങൾക്കു തന്റെ ഭർത്താവല്ലോ
ധന്യമാം പരദൈവമന്യമാശ്രയമില്ല.

പ്രാണസംശയം വന്നു ഭവിക്കുന്നേരത്തിങ്കൽ
പ്രാണിഹിംസയുംചെയ്താൽ ദോഷമില്ലെന്നുകേൾപ്പൂ:

ചന്ദ്രനെപ്പിരിഞ്ഞുണ്ടോ ചന്ദ്രിക ഗമിക്കുന്നു,
ചന്ദ്രചൂഡനെപ്പിരിഞ്ഞീടുമോ കാത്യായനി,
ഛായയും ദിനേശനെപ്പിരിഞ്ഞു പോയീടുമോ,
മായയും മഹാവിഷ്ണുദേവനെത്ത്യജിക്കുമോ?

ധന്യരാം കുഡുംബികൾക്കാത്മദാരങ്ങളല്ലാ-
തന്യമൌഷധമുണ്ടോ സന്താപം തണുപ്പിപ്പാൻ?

ഈശ്വരപ്രകല്പിതം ലംഘനംചെയ്യാമെന്നു
വിശ്വവാസികളാരും ചെററുമേ മോഹിക്കേണ്ട.

ഇന്നവർക്കപ്പെട്ടമിന്നവർക്കില്ലെന്നതും
മന്നിലങ്ങൊരുവനും നിശ്ചയമതുമില്ല.

വല്ലഭനപേക്ഷിച്ചു വല്ലാതെ നടക്കുമ്പോൾ
വല്ല ദിക്കിലുമൊരു രക്ഷിതാവുണ്ടായ്വരും.

Digitized By Kerala Sahitya Akademi

അല്ലലും പതുക്കവേ തീരുമെന്നതേ വരൂ,
വല്ല ദുഃഖവും കാലംചെല്ലുമ്പോൾ കുറഞ്ഞുപോം.

ഈശ്വരൻ വരുത്തുന്നതൊക്കയും സഹിച്ചുകൊ-
ണ്ടീശ്വരാർപ്പണംചെയ്തു പാർക്കയേ ഗതിയുള്ളൂ.

പൂർവ്വമാം ജന്മങ്ങളിൽ ചെയ്തുള്ള പാപംകൊണ്ടു
ദുർവ്വിധം ഭവിക്കുന്നു സർവ്വജന്തുക്കൾക്കിഹ.

ധാതൃകല്പിതത്തിന്റെ ലംഘനം ചെയ്തീടുവാ-
നേതുമേ നിനയ്ക്കേണ്ടാ പണ്ഡിതൻ താനെന്നാലും.

ശോകമെന്നതു വരുംനേരത്തു കൂട്ടത്തോടെ.

തുല്യദുഃഖന്മാരുടെ വാർത്തകൾ കേൾക്കുംനേരം
തെല്ലുമേ ധൈര്യമുണ്ടാം ദുഃഖികൾക്കെന്നു സിദ്ധം.

തന്വംഗിമാരുടെ മാനസം പ്രായേണ
മിന്നൽപ്പിണരിനു തുല്യം ചലാചലം.

മൂടിക്കിടക്കുന്ന തീക്കനൽക്കട്ടയെ-
ച്ചൂടുകൊണ്ടല്ലോ ധരിക്കുന്നതംബികേ!

സൂര്യനു ജീമൂതരോധമുണ്ടാകിലും
വീര്യത്തിനന്തരമില്ലെന്നറിക നീ.

ദീപത്തെ വസ്ത്രങ്ങൾകൊണ്ടു മറയ്ക്കിലും
ലോപം വരുന്നീല ശോഭയ്ക്കു ശോഭനേ!



Digitized By Kerala Sahitya Akademi

കാലത്തിനും വരും കാലദോഷം വിഭോ!
ശീലവാന്മാരെച്ചതിപ്പാൻ തുടങ്ങിയാൽ.

നള. കിളി.

ചാരത്തിരിക്കുന്നവൎക്കറിയാത്തതു
ദൂരത്തിരിക്കുന്നവൎക്കറിയാവതോ?

വ്യാജത്താലെന്നാകിലുമാശ്രയിച്ചവർകളെ
രാജാക്കന്മാൎക്കു പരിപാലിച്ചേ മതിയാവൂ.

ചിത്രമെത്രയും പാൎത്താൽ പൂൎവ്വവൈരത്തിനുള്ള
ശക്തിയെന്നുള്ളതാൎക്കും പോകയുമില്ല നൂനം.

ആപത്തു വന്നു തലയിൽ കരേറിയാ-
ലാവതെന്തെന്നു വിചാരിക്കയും വേണം.

ബന്ധുനിമിത്തം വരുന്ന വിപത്തുകൾ
സന്തതമൊക്കെസ്സഹിക്കേണ്ടതേ വരൂ.

സൎവ്വാഭരണമലങ്കരിച്ചാൽ നൃപ-
നുൎവ്വീപതിയാകയില്ലെന്നു നിൎണ്ണയം.

ശ്രേജ്ഞരെക്കൂടാരന്തരം കൂടാതെ നിത്യവും
പ്രാജ്ഞനായുള്ള രാജാവു രാജാവല്ലോ.

Digitized By Kerala Sahitya Akademi

തനിക്കുതാൻപോന്ന നരവരന്മാക്കു
നിനച്ച കായ്യങ്ങൾ തനിച്ചു സാധിപ്പൂ.

ദൈവത്താലുപഹതനായവന്നൊരിക്കലും
കൈവന്നീടുമോ ശുഭം ഹാഹന്ത നിരൂപിച്ചാൽ.?

മാനുഷക്കുള്ള ഗുണദോഷങ്ങളെപ്പൊനാളും
കാണുന്നിതോരോകാലമോരോരോതരമല്ലൊ.

മിത്രമെന്നീ വൎണ്ണം രണ്ടക്ഷരം ചമച്ചതി-
ന്നെന്തു മാഹാത്മ്യമെന്നു ചൊല്ലാമോ വിരിഞ്ചനും?

ആപത്തു വരുന്നേരമീശ്വരൻ തുണയുണ്ടാം
താപത്തെക്കടപ്പാനെന്നുള്ളതു കേട്ടിട്ടില്ലേ?

ചാ. സു.

—

തങ്ങൾക്കു ഫലമില്ലാതുള്ളതു പ്രവൃത്തിച്ചാൽ
ഭംഗമേ വരുമെന്നു സൎവ്വരും ബോധിക്കേണം.

മറ്റൊരുത്തന്റെ ശക്തികൊണ്ടല്ലൊ മനുഷ്യന്മാർ
ഉററക്കാരാകുന്നതും മൂഢന്മാരാകുന്നതും;
എന്തിനു മററുള്ളോക്കു കുററമുണ്ടാക്കീടുന്നു
ചിന്തിച്ചാൽ തന്റെ ഗുണദോഷവും താനുണ്ടാക്കം.

തന്നുടെ ഗുണത്തിനും തന്നുടെ ദോഷത്തിനും
തന്നുടെ ജീവാത്മാവെന്നുള്ളതുതന്നെ മൂലം.

Digitized By Kerala Sahitya Akademi

സ്വൈരമാംവണ്ണം മണ്ടിനടക്കും നരന്മാക്
ദൂരമായൊരുദിക്കുമില്ലെന്നു ബോധിക്കേണം.

ധന്യരാം വിദ്വാന്മാക് തന്നുടെ ദേശമെന്നു-
മന്യന്റെ ദേശമെന്നും ഭേദമില്ലൊരേടത്തും.

എത്രയും പ്രിയം പറഞ്ഞീടുന്ന പുമാന്മാക്
ശത്രുവില്ലെന്നു കേട്ടിട്ടില്ലയോ മഹാത്മാവേ!

ഉത്തരം തന്നിൽനിന്നത്തരമുണ്ടാകുന്നു,
വിത്തിൽനിന്നല്ലാ പിന്നെ വിത്തുകളുണ്ടാകുന്നു.

ദേശവും കാലങ്ങളും ചിന്തിയാതൊരു കാൎയ്യം
ലേശവും തുടങ്ങരുതാന്നബാധമുള്ളവൻ.

ആശയ പരിപാകമില്ലാത പുമാനോടു
സ്വാശയാഭിപ്രായത്തെച്ചൊല്ലരുതൊരുനാളും.

നിഷ്കപന്മാരെക്കാൎയ്യം കേൾപ്പിച്ചാൽ സമീഹിതം
നിഷ്ഫലമായിത്തീരുമെന്നതുതന്നെയല്ല
ചിന്തിയാതുള്ളോരനൎത്ഥങ്ങളുമകപ്പെട്ടും.

പുല്ലുകൾകൊണ്ടുമുപകാരമുണ്ടാകും തന്റെ (ള്ളാം.
പല്ലുതേപ്പാനും കൊള്ളാം പശ്ശക്കളെത്തീററാൻകൊ-

കാൽ, കരം, കണ്ണും, മൂക്കുമൊന്നുള്ളൊരു ജന്തുക്കളൊ-
ലേകനെങ്കിലും കാൎയ്യമില്ലാതെ ഭവിക്കുമോ?

Digitized By Kerala Sahitya Akademi

സാരനാം പുരുഷനെപ്പാരമിട്ടിടിച്ചാലും
സാരശക്തിയെത്ത്യജിച്ചീടുമാറില്ല നൂനം.

തീയെരിയുന്ന കൊള്ളി കീഴാക്കിപ്പിടിച്ചാലും
തീയുടെ ജ്വാല മേല്പ്പോട്ടല്ലാതെ ജ്വലിക്കുമോ?

തങ്ങൾക്കു മററുള്ളോരിൽ ഭേദമുണ്ടെന്നുള്ളതും
സംഗതിവരുംദിക്കിൽ കാണിക്കും സമർത്ഥന്മാർ.

വിത്തുകളെല്ലാം കൂട്ടിക്കലൎന്നു വിതച്ചാലും
ഉത്തമൻ കിളുക്കുമ്പോൾ തൻമഹത്വത്തെക്കാട്ടും.

സേവകന്മാരിൽ നിന്ദാശീലനാം നരേന്ദ്രനെ-,
സ്സേവിപ്പാനാരുമില്ലാതായ്വരും ക്രമത്താലേ.

ആർകളിൽ ജലം പൊങ്ങിസ്സേതുഭഞ്ജനം ചെയ്യും,
ആറുകണ്ണന്മാർകൾപുക്കാൽ മന്ത്രവും ഭേദിച്ചീടും.

ഏഷണിപ്രയോഗിച്ചാൽ സ്നേഹവും നശിച്ചീടും,
ഭീഷണിവാക്കുകൊണ്ടു ഭീരുക്കൾ ഭയപ്പെടും.

.........................ചണ്ഡനാം സമീരണൻ
മന്ദമെന്നിയേ വിശ്വമിളക്കുമെന്നാകിലും
എത്രയുമസാരമായുള്ളോരു തൃണങ്ങളെ-
ദ്ധാത്രിയിൽനിന്നു പറിച്ചീടുമോ മഹാമതേ!

യാതൊരേടത്തുനിന്നു സങ്കടം സാധുക്കൾക്കു
ജാതമായവരോടു കൈതവം പ്രയോഗിക്കാം.

Digitized By Kerala Sahitya Akademi

യുദ്ധംചെയ്യില്ലെങ്കിലും മൃത്യു നിശ്ചയമിപ്പോൾ
യുദ്ധത്തിൽ രണ്ടും വരും സംശയസ്ഥാനം യുദ്ധം;
അങ്ങനെ വരും ദിക്കിൽ തങ്ങടെ ശക്തിക്കൊക്കും
സംഗരം ചെയ്യാമെന്നു സാധുക്കൾചൊല്ലിക്കേൾപ്പൂ.

ബുദ്ധിമാൻ വിചാരിച്ചാൽ വല്ലകാര്യമെന്നാലും
സിദ്ധിപ്പാൻ തടവില്ലെന്നൂററക്കാർ പറയുന്നു.

അന്നത്തിൽ വിഷംകണ്ടാലാകവേ ത്യജിക്കേണം,
പിന്നെത്താനതിലൊട്ടുമാഗ്രഹിക്കയും വേണ്ട.

പല്ലുകളിളകിയാലപ്പോഴേ പറിക്കേണം,
തെല്ലുപേക്ഷിച്ചാൽ ശേഷമുള്ളതുമിളകിപ്പോം.

സജ്ജനാചാരങ്ങളെത്ത്യജിച്ചു സദാകാലം
ദുർജ്ജനാചാരങ്ങളെ സ്വീകരിക്കുന്ന പുമാൻ
സ്വസ്ഥാനഭ്രംശം വരുത്തുന്നരത്രു ശത്രുക്കടെ (ടും.
സംസ്ഥാനംതന്നിൽ ചേന്നു സ്വാമിയെദ്രോഹിച്ചീ-

കേൾക്കുമ്പോൾ ശ്രോത്രപ്രിയമല്ലെന്നുവരികിലു-
മോക്കുമ്പോൾ മേലിൽ ഗുണമായുള്ള വാക്കുകളെ
ചൊല്ലുന്ന ജനമുള്ള യാതൊരു നൃപാലന്റെ
നല്ലോരു സമ്പത്തുകളപ്പുരേ വദ്ധിച്ചീടും.

തങ്ങടെ യജമാനന്നാപത്തു വരാതെക-
ണ്ടങ്ങനേ രക്ഷിക്കേണമെന്നുള്ള കൂററുകാരൻ
ഇങ്ങോട്ടു ചോദിച്ചീലെന്നാകിലും ശുഭാശുഭ-
മങ്ങോട്ടു പറഞ്ഞറിയിക്കേണം കൂടക്കൂടെ.

Digitized By Kerala Sahitya Akademi

മൂൎഖന്മാരുടെ കൂട്ടംതന്നിൽച്ചെന്നകപ്പെട്ടാൽ
സൌഖ്യമിങ്ങെന്നുള്ളതുമാൎക്കാനും ഭവിക്കുമോ?

ഏതിതു കാലമെന്നുമാരിങ്ങു ബന്ധുവെന്നും
ഏതൊരുദേശമെന്നുമെപ്പോഴും ചിന്തിക്കണം.
തന്നുടെ വരവെത്ര, തന്നുടെ ചെലവെത്ര,
തന്നുടെ ശക്തിയെത്ര, താന്തന്നെയാരെന്നതും.

നീചജാതിക്കേ ധനം വൎദ്ധിച്ചു, മഴപെയ്താൽ
നീചദിക്കിലേ നില്പൂ വെള്ളമെന്നതു ദൃഢം.

മൎത്ത്യന്മാരസത്യത്തിൽനിന്നുടൻ ഭയപ്പെട്ടാൽ
സത്യത്തിൽനിന്നും ഭീതന്മാരെന്നു വരുമല്ലോ.

നല്ല വസ്തുക്കളെല്ലാം നല്ലവരോടു ചേൎന്നേ
നല്ലവൎണ്ണമാൎന്നു, വല്ലാതാമല്ലെന്നാകിൽ.

നാടുവാഴിയാം നൃപൻ ഹീനജാതിയെന്നാലും
കൂടുന്ന പരിജനം നന്നെങ്കിൽ താനും നന്നാം.

ഇങ്ങോട്ടു ദ്രോഹിക്കുന്നോൻ തൻഗുരുവെന്നാകിലും
ധൎമ്മദം തുടങ്ങിയാൽ ദൂരവെയുപേക്ഷിച്ചു
സന്മാൎഗ്ഗസ്ഥിതന്മാരെസ്സേവിക്കാമാപത്തിങ്കൽ.

തങ്ങളിൽ കടിപിടികൂട്ടുവാൻ പലരുണ്ടാം,
തങ്ങളിൽ പറഞ്ഞുചേൎക്കുന്നവർ പാരം തുച്ഛം.

അൎത്ഥഭിന്നമായുള്ള സാധനം ഭേദ്യംചെയ്വാൻ
ബുദ്ധിമാന്മാൎക്കു തെല്ലും വൈഷമ്യമില്ലയല്ലോ.

Digitized By Kerala Sahitya Akademi

ദുർഘടം വരുന്നേരമുൾക്കാമ്പിലുപദേശം
തക്കത്തിൽ തോന്നുന്നവക്കെങ്ങുമേ തടവില്ല.

ഭിന്നിക്കും ജനങ്ങളെച്ചേൎക്കുന്ന പുരുഷനും
സന്നിക്കു ചികിത്സിച്ചു ശമിപ്പിപ്പവൻതാനും
തന്നുടെ സാമൎത്ഥ്യത്തെക്കാട്ടേണമെങ്കിൽ തമ്മിൽ
ഭിന്നരും സന്നിക്കാരുമുണ്ടെന്നേ ഫലം വരൂ.

നീചമാൎഗ്ഗത്തിൽ ചെന്നുചാടുന്ന പ്രഭുക്കളും
നീരാഴമുള്ള കൂപേ പതിക്കും പശുക്കളും
മേൽപ്പട്ടു കരേറുവാനെത്രയും പരാധീനം,
കീഴ്പ്പട്ടു പതിപ്പതിന്നെത്രയുമെളുപ്പമാം.

നൽക്കുളങ്ങളിൽ ജലം നിൎമ്മലമെന്നാകിലും
നക്രമുണ്ടെന്നു കേട്ടാലാരാനുമിറങ്ങുമോ?

സജ്ജനങ്ങടെ മദ്ധ്യേ സൎവ്വരും വസിക്കേണം
ദുൎജ്ജനങ്ങളോടുള്ള സംസൎഗ്ഗം ത്യജിക്കേണം.

നല്ലോരു കട്ടപ്പമുള്ളായുധം കല്ലിൽവെച്ചു
തല്ലിയാൽ ചതയുമോ, പൊട്ടുകേയുള്ളൂ ദൃഢം.

ഏവനുമുപായത്തെച്ചിന്തിക്കുന്നേരംതന്നേ
കേവലമപായത്തെച്ചിന്തിച്ചേ ഗുണം വരൂ.

വാരിരാശിയിലോളമാററിലെയൊഴുക്കുള്ളൂ,
നാരീവിശ്വാസത്തോളം ബന്ധുസ്നേഹവുമുള്ളൂ,
സൂചകശ്രുതിയോളം മന്ത്രഗോപനമുള്ളൂ,
നീചനന്ദനനോളം നിൎമ്മലകുലമുള്ളൂ.

Digitized By Kerala Sahitya Akademi

ശുദ്ധബുദ്ധികൾ പിന്നെദ്ദോഷങ്ങൾ ഗുണങ്ങളും
ബുദ്ധിയിലാക്കിക്കൊണ്ടു സഞ്ചരിച്ചീടും സദാ;
മാരുതൻ മഹീതലേ ദുർഗ്ഗന്ധം സുഗന്ധവും
ചാരു തൻവശത്താക്കിക്കൊണ്ടല്ലോ ചരിക്കുന്നു.

തങ്ങളാൽ വർദ്ധിപ്പിക്കപ്പെട്ടോരു ജനങ്ങളെ-
ത്തങ്ങളേ ക്ഷയിപ്പിപ്പാനൊട്ടുമേ യോഗ്യം പോരാ.

താൻതന്നെ വിഷവൃക്ഷമെങ്കിലും നട്ടുണ്ടാക്കി-
ത്താൻതന്നെ പിന്നെച്ഛേദിക്കുന്നതെത്രയും കഷ്ടം.

ആചാരഭ്രംശംവന്ന ഗുരുവെത്യജിച്ചീടാം,
നീചന്മാരോടുചേരും നാരിയെയുപേക്ഷിക്കാം,
ധർമ്മത്തെധ്വംസിക്കുന്ന പുത്രനെക്കളഞ്ഞീടാം,
ദുർമ്മാർഗ്ഗംതുടങ്ങുന്ന മന്ത്രിയെവെടിഞ്ഞീടാം.

തങ്ങളിലേകൻ കയർത്തുവെന്നാകിലും
തങ്ങളിലേതും ഫലിക്കയില്ലാ ദ്വന്ദ്വം.

ചൂട്ടെരിച്ചങ്ങു സമീപത്തു കാട്ടിയാൽ
ചൂടുപിടിക്കുമോ സാഗരവാരിയിൽ?

ചാപല്യമുള്ളവൻ ബന്ധുവായാൽ ജന്മ-
സാഫല്യമില്ലാ വിനാശവും നിർണ്ണയം

ശക്യമല്ലാതുള്ള കാര്യം പ്രയത്നേന
ശക്യമാക്കീടുവാൻ മോഹം വൃഥാഫലം;

Digitized By Kerala Sahitya Akademi

വെള്ളമില്ലാദ്രിക്കിൽ വള്ളം നടക്കുമോ,
വെള്ളത്തിലോട്ടുമോ ചാട്ടും രഥങ്ങളും?

എന്തെന്നുമേതെന്നുമാരെന്നുമില്ലാത്ത
ജന്തുക്കൾ ബന്ധുക്കളായാൽ ശരീരികൾ-
ക്കൊന്നുള്ളു സൌഖ്യം മഹാമൂഢതാരൂപ-
സിന്ധുതോയത്തിൽ കിടക്കയെന്യേ സഖേ!

ലോഹവും ലോഹവും തങ്ങളിൽ ചേരുവാൻ
മോഹമുണ്ടെങ്കിൽ ദ്രവിപ്പിച്ചു ചേർക്കണം.

മൺകുടം വെക്കം പിളർക്കാമിദംപുനഃ
സംഘടിപ്പിപ്പാൻ മഹാപ്രയത്നംസഖേ!
പൊൻകുടം പൊട്ടിക്ക വൈഷമ്യമായതു
സംഘടിപ്പിപ്പാൻ പരാധീനമില്ലെടോ!

അന്നന്നു കൃത്യം കഴിക്കുന്നതല്ലാതെ
പിന്നേക്കു നാളേക്കു മററനാളേക്കെന്നും
അങ്ങനേ സംഭരിക്കുന്ന മർത്ത്യന്നു മേൽ
എങ്ങനേ കർമ്മമെന്നാരാനറിഞ്ഞിതോ?

കണ്ട ഭോഷ്കൊക്കവേ ജല്പിക്കയേക്കാട്ടിൽ
മിണ്ടാതൊരേടത്തിരിക്കതന്നേ ഗുണം.

ചെമ്മേ ദരിദ്രനായുത്ഭവിക്കേക്കാട്ടിൽ
അമ്മേടെ ഗർഭം സ്രവിക്കതന്നേ ശുഭം.

Digitized By Kerala Sahitya Akademi

ലബ്ധമായുള്ളതിൽ തൃപ്തിയില്ലാതുള്ള
ലുബ്ധനൊരിക്കലും സൌഖ്യമില്ലാ സഖേ!

അല്പമെന്നാലും ലഭിച്ചതിൻ സന്തോഷ-
മുൽപന്നമാകുന്ന മാനുഷൻ മാനുഷൻ.

തോൽകൊണ്ടു പാദേ ചെരിപ്പുള്ളവനു ഭൂ-
ലോകങ്ങൾ ചർമ്മസംഭൃതങ്ങളല്ലയോ?

ദൂരവേ വന്നങ്ങുദിച്ചീടുന്ന ദിവാകരൻ
പാരിലെത്തിമിരങ്ങളൊക്കവേ നീക്കീടുന്നു;
അല്പമാം പ്രദീപത്തെക്കാട്ടിയാലടുക്കലു-
ള്ളന്ധകാരവും നിഴൽപിടിച്ചുനില്ക്കയുള്ളു.

ക്ഷുദ്രനാം പുരുഷനെ വിശ്വസിച്ചവക്കൊട്ടും
ഭദ്രമാസ്ഥിരികയില്ലെന്നതു ബോധിക്കേണം.

വാപികൾ തടാകങ്ങൾ കൂപങ്ങൾ വൃക്ഷങ്ങളും
പ്രാപിക്കുന്നവക്കെല്ലാമാവാസസ്ഥലം തുല്യം.

മാതാവെപ്പോലെ പരസ്ത്രീകളെക്കണ്ടീടേണം
മാടോടുപോലെ പരദ്രവ്യത്തെക്കല്പിക്കേണം.

തന്നെപ്പോൽമററുള്ളോരെക്കൂടവേകാണുന്നവൻ
ധന്യപൂരുഷനെന്നു ചൊല്ലുന്നു മഹത്തുക്കൾ.

ഒന്നുരണ്ടാളല്ലിപ്പോൾ വന്നുകാണുന്നോരെല്ലാം
ഒന്നുപോലുരചെയ്താൽ വിശ്വസിക്കയേയുള്ളു.

Digitized By Kerala Sahitya Akademi

മാന്യരായിരിപ്പവൎക്കെല്ലാൎക്കുമൊരുപോലെ
ദീനരിൽ കൃപ വേണമെന്നതു ധരിച്ചാലും.

കാലദേശാവസ്ഥകളറിഞ്ഞു പ്രവൃത്തിച്ചാൽ
ചാലവേ സമീഹിതം സാധിക്കും സമസ്തവും.

നല്ലതാമൊരുശരം മോചിച്ചാലൊരുത്തനെ-
ക്കൊല്ലുമെന്നതും വരുമില്ലെന്നും വരുന്നാനും;
ബുദ്ധിബാണത്തെ വിട്ടാലായതു ശത്രുകുലം
ശുദ്ധശൂന്യമാക്കീടുമെന്നതു ബോധിക്കേണം.

ബുദ്ധിക്കു വിഭൂഷണം നല്ലതു ശാസ്ത്രജ്ഞാനം
സിദ്ധിക്കുംശൌൎയ്യാടോപംധൈൎയ്യമുണ്ടെന്നുവന്നാൽ

മൎക്കടപ്പെണ്ണിന്റെ വേളിക്കു പാടുവാൻ
കഴുതകളിലഴകുടയ പരിഷ പലതുണ്ടുപോൽ.

മററുമൊരുത്തൻ പ്രവൃത്തിച്ചതിനെന്തു
മൂലമെന്നുള്ള വിചാരവുംകൂടാതെ
മററവൻകൂടെ പ്രവൎത്തിക്കിലങ്ങനെ
കുററംഭവിക്കുമെന്നോൎത്തുകൊണ്ടീടുവിൻ.

തങ്ങടേ സ്ഥാനങ്ങൾ വിട്ടുപോകുന്നവ-
ൎക്കെങ്ങുമേചെന്നാൽ സുഖംവരത്തില്ലെടോ!
ദന്തം നഖം കേശമിത്യാദി നല്ലോരു
ചന്തമുണ്ടംഗേഷു ചേൎന്നിരിക്കുംവിധൌ
പെട്ടെന്നു ഗാത്രത്തിൽനിന്നു വിട്ടാലതു
തൊട്ടാൽകുളിക്കേണമെന്നു വന്നീലയോ?

Digitized By Kerala Sahitya Akademi

വമ്പനാം കൊലയാനക്കൊമ്പന്റെ പിറകിലും
മുമ്പിലുമിടം വലം രണ്ടു ഭാഗത്തിങ്കലും
ചെന്നുനില്ക്കരുതൊരുനേരവും, തന്റെപാട്ടിൽ
വന്നുവെന്നുള്ള ബുദ്ധി തോന്നിയാൽ നാശംവരും.

ജാത്യാ വിരുദ്ധരായുള്ളവർ തങ്ങളിൽ
ചേർന്നാലുമായവർ ചേരുകില്ലാ ദൃഢം.

അങ്ങോട്ടുപകൃതി ചെയ്തതില്ലെങ്കിലു-
മിങ്ങോട്ടുപദ്രവിച്ചീടുന്നു ദുർജ്ജനം;
വ്യാഘ്രത്തെയാരാനുപദ്രവിച്ചോ ചെന്നു
ശീഘ്രം കടിച്ചുകൊല്ലുന്നു പശുക്കളെ?

ശത്രുശേഷവുമൃണശേഷവുമഗ്നിശേഷം
ഗാത്രജം രോഗശേഷമെന്നിവ നാലും സമം
അല്പമെന്നുപേക്ഷിച്ചുപോയിതെന്നാകിൽ പിന്നെ
സ്വല്പകാലംകൊണ്ടതു വർദ്ധിച്ചു ബലപ്പെടും.

പ. ത.

---

ഏറത്തുടങ്ങിയാലൊന്നും ഫലം വരാ.

ക. സൌ.

---

നല്ലജനങ്ങടെ സഭയിൽ ചെന്നാൽ
വല്ലതുമവിടെശ്ശോഭിതമാകും.

Digitized By Kerala Sahitya Akademi

ആണുങ്ങൾക്കു പിറന്നവനെങ്കിൽ
പ്രാണത്തെക്കാൾ നാണം വലുതു.

കിരാതം.

---

നീയാരെന്നും ഞാനാരെന്നും
താനറിയാത്തവനെത്ര കുബുദ്ധി!
തന്നെത്താനറിയുന്നതിനേക്കാൾ
പിന്നെ വിശേഷിച്ചൊരു ഗുണമില്ല.

പരിഹാസാദികൾ പറയുന്നവരും
അരികിലിരുന്നതു കേൾക്കുന്നവരും
ദുരിതാനുഭവം സമമായ്‌വരുമെ-
ന്നുരചെയ്യുന്നു മുനിതിലകന്മാർ.

നള. തുള്ളൽ.

---

പ്രാണവിനാശമടുത്തവനിന്നതു
വേണം കാരണമെന്നില്ലതും.

മുലകുടിയെന്നതിൽമുമ്പേ കുഞ്ഞിനു
കുലസംബന്ധമതില്ലതു ന്യായം.

ഗുണവും വന്നു മുഴുത്തെന്നാകിൽ
തൃണവും പുരുഷനുമില്ലൊരുഭേദം.

Digitized By Kerala Sahitya Akademi

അന്യന്റെരാജ്യം കിട്ടാനാഗ്രഹിക്കുന്നവനു
തന്റെ രാജ്യംകൂടെത്തനിക്കു ലഭിക്കാതാം.

മാനിനിമാരിൽ മയങ്ങിയ പുരുഷനു
ഹാനികൾ പലവക വന്നുഭവിക്കും.

പ്ര. മാ.

---

ചിത്തത്തിൽ കോതിയുണ്ടാമെന്നാൽ
ഇത്രയതെന്നൊരു നിയമം വേണം.

കാലമടുത്താലെവിടെയിരുന്നെ-
ന്നാലും വരുവതു വന്നേ പോവൂ.

വന്ദിക്കേണ്ടു ജനങ്ങളെയെല്ലാം
നിന്ദിക്കുന്നതു കഷ്ടംതന്നേ.

സുകൃതികളെക്കൊണ്ടരുതരുതേതും
സുകൃതവിനിന്ദകളെന്നറിയേണം.

പാപികളോടു ഹിതത്തെച്ചെയ്താ-
ലാപത്തായിത്തന്നേ തീരും.

പാമ്പിനു പാലു കൊടുത്തെന്നാകിൽ
കമ്പിരിയേറി വരാതേയുള്ളൂ.

പരമാൎത്ഥത്തെ വിചാരിക്കാതേ
പരിഹാസത്തെ നടത്തീടരുതു്.

Digitized By Kerala Sahitya Akademi

മുന്നം ചെയ്യോരു സുകൃതംകൊണ്ടേ
നന്നായിട്ടൊരു വരനുണ്ടാവൂ.

മാററാരിൽ കനിവേററമതുള്ളൊരു
കൂററാരെക്കാൾ മാററർ നല്ലൂ.

ഇതു കൊള്ളാമെന്നൊരുവനു പക്ഷം,
അതു കൊള്ളാമെന്നപരനുപക്ഷം;
ഇതു രണ്ടും ചിതമല്ലെന്നും ചില
മതമുണ്ടായ്വരുമങ്ങനെയല്ലോ.

പണമെന്നുള്ളതിന്നാടിടപെട്ടാൽ
പ്രണയംകൊണ്ടൊരു ഫലമില്ലേതും.

ഗുണവാന്മാരൊരബദ്ധം ചെയ്താൽ
തുണചെയ്തവനുമബദ്ധക്കാരൻ.

പണമുള്ളവനെപ്പാട്ടിൽവരുത്താൻ
പണിചെയ്യുന്നതു പാൎത്ഥിവധൎമ്മം.

തന്നെക്കാൾ ബലവിക്രമമുള്ളൊരു
ധന്യന്മാരൊടു ചെന്നിഹ നേൎത്താൽ
ഒന്നും തരമാവതികില്ലതുകൊ-
ണ്ടെന്നും തീരാ ദുഷ്കീൎത്തികളും.

ഫ്രലാ. യാ.

Digitized By Kerala Sahitya Akademi

കണികാണ്മാനൊരു പണമില്ലാത്തവ-
നണിവാരനാൎത്താലെന്തൊരു കാൎയ്യം?

ഉണ്മാൻവകയില്ലാത്തൊരു തൊമ്മൻ
സമ്മാനിപ്പാനാളായ്പരുമൊ?

പിള്ളേള വിററും പണമുണ്ടാക്കി-
പ്പള്ള പൊറുപ്പിപ്പാൻ മുതിരുന്നൊരു
തള്ളയിരിക്കും നാട്ടു നശിക്കും.

കുഞ്ഞു തനിക്കില്ലാഞ്ഞാൽ മററു കി-
ഴിഞ്ഞൊരു ജാതിയിലുള്ളൊരു ശിശുവെ
കുഴിയതിൽവച്ചുമെടുക്കാമല്ലോ.

ആന വലിക്കാതുള്ള മരത്തടി
പൂന വലിക്കാനാളായ്പരുമൊ?

ചെവിക്കുപുത്തരിയായിട്ടരശ്ശും ദുഷ്കീൎത്തികേട്ട-
ങ്ങിരിക്കുന്നതിനെക്കാൾ കാട്ടിൽ മരിക്കുന്നതെത്രനല്ലൂ.

നാട്ടിലിരുന്നു പൊറുക്കണമെന്നാൽ
നരവരകല്പന കേട്ടേ തീരൂ.

സീ. സ-.

---

കല്പിപ്പാനൊരു പ്രഭുവില്ലാഞ്ഞാൽ
കല്പനകൊണ്ടൊരു ഫലമില്ലേതും.



Digitized By Kerala Sahitya Akademi

നാണംകെട്ടു വസിപ്പതിനേക്കാൾ
പ്രാണൻ കളക യശസ്സിനു നല്ലൂ.

സോഹംഭാവം മനസി നിനച്ചാൽ
ദേഹമതെന്നതു പുല്ലാടൊക്കും.

തന്നിൽ മികച്ചവരോടു പിണങ്ങരു-
തെന്നു മഹാജനമുരചെയ്യുന്നു.

രാവണോത്ഭവം.

---

ദുർജ്ജനങ്ങൾക്കുപകാരം ദൂഷണത്തിന്നൊരു മാർഗ്ഗം.

പാമ്പിനുപാൽകൊടുത്തോനെപ്പാഞ്ഞുവന്നു കടിച്ചീടും
ചേമ്പിനുനെയ്യൊഴിച്ചാകിൽ ചൊറിഞ്ഞുകൂട്ടുവാൻമേലാ

ഇഷ്ടമാടിക്കനിഞ്ഞു ചോറിട്ടു കൈക്കു കടിക്കുന്ന
പട്ടികൾക്കു കൊടുക്കുന്ന യഷ്ടികൾക്കു നമസ്കാരം.

കൂട്ടിലാക്കിപ്പലനാളും പട്ടിണിയായ് ക്കിടക്കുന്ന
കാട്ടുപുള്ളിക്കടുവായെപ്പാട്ടിലാക്കാനിരകൊണ്ടു
നീട്ടിയോരു കൈക്കുകേറിക്കടിക്കുമെങ്ങനേയുള്ളു
കൂട്ടമൊന്നുമൊരുനാളും വിശ്വസിപ്പാൻ പാത്രമല്ല.

രക്ഷിപ്പാനധികാരിയായുള്ള യജമാനൻ
ഭക്ഷിപ്പാൻ പുറപ്പെട്ടാലക്കാലം പ്രജകൾക്കു
ഉണ്മാനുമുടുപ്പാനും തേപ്പാനും വകയില്ലാ-
ഞ്ഞെങ്ങാനും പുറപ്പെട്ടു പോയ്ക്കൊൾകെന്നതേയുള്ളൂ.

Digitized By Kerala Sahitya Akademi

സജ്ജനങ്ങളിരിക്കുന്ന ദിക്കിലേ സഞ്ചരിക്കാവൂ,
ദുർജ്ജനങ്ങളോടു ചേൎന്നാൽ ദൂഷണം സംഭവിച്ചീടും.

കാട്ടുമൂൎഖപ്പാമ്പിനെക്കൈകൊണ്ടു മെല്ലെത്തലോടിത്തൻ-
പാട്ടിലാക്കാമെന്ന മോഹം മാനുഷന്മാൎക്കുള വാമോ?

സ. പ്ര.

---

ഈശ്വരകല്പിതമെന്നതു പാൎത്താൽ
വിശ്വജനത്തിനൊഴിക്കാവൊന്നോ?

കൎമ്മത്താലെ വരുന്നതുമെല്ലാം
ധൎമ്മമിതെന്നു നിനച്ചീടേണം.

ജനനമിതെന്നും മരണമിതെന്നും
മനുജന്മാൎക്കു വിധിച്ചതിതെല്ലാം.

സ്യമന്തകം.

---

അന്തരമില്ല ജനിച്ചപ്പോഴേ
അന്തവുമുണ്ടു ധരിച്ചീടേണം.

രാ. ച.

---

മണമുള്ളൊരു കുസുമങ്ങൾ തിരഞ്ഞി-
ട്ടണയുന്നില്ലേ വണ്ടുകളെല്ലാം?

Digitized By Kerala Sahitya Akademi

ഊണെന്നുള്ളതുപേക്ഷിച്ചാലി-
പ്രാണനെയെങ്ങനെ രക്ഷിക്കുന്നൂ?

താടിക്കാക്കു വനത്തിൽ ചേരും
മോടിക്കാക്കതു ചേരുകയില്ല.

ലക്ഷണമുള്ള ജനത്തിനു തതൈചനി-
രീക്ഷണമെന്നതിനെന്തൊരു ദണ്ഡം?

പാ. ച.

---

മക്കളെന്നാലൊക്ക മക്കളല്ലതുത്തമ;
തക്കത്തിൽ വന്നു തന്നച്ഛന്റെയിച്ഛപോലെ
തക്കവണ്ണം വേല ചെയ്യുന്നവൻ സുതൻ.

ബാല്യോത്ഭവം.

---

രക്ഷചെയ്യേണ്ടവൻതന്നേ ഭക്ഷണത്തിന്നൊരുമ്പെട്ടാൽ
കുക്ഷിമാത്രം പൊറുപ്പിപ്പാൻ ഭിക്ഷകൊണ്ടുമെളുതല്ല.

ചണ്ഡാളൻ പറഞ്ഞാലും നല്ലതെങ്കിൽ ഗ്രഹിക്കേണം

ഒട്ടേറഗ്ഗുണമുള്ള പട്ടേരി പറഞ്ഞാലും
പട്ടാങ്ങല്ലാത്തീലെന്നാൽ നിരൂപിച്ചേ നടക്കാവൂ.

ത്രി.. ദ.

---

Digitized By Kerala Sahitya Akademi

കളമൊഴിമാരുടെ കളവറിയാതെ
വളരെ ദ്രവ്യമവൎക്കു കൊടുക്കും
ജളനെക്കാൾ ഗുണമോക്ഷങ്ങളിൽ
വിളവിനു വിത്തു വിതയ്ക്കും ഭോഷൻ.

വേശ്യാജനസംപൎക്കമുള്ളവർ
ശാശ്വതദുഷ്കൃതഭാജനമല്ലോ.

ഭൎത്താവെന്തു പറഞ്ഞെന്നാലതു
ഭാൎയ്യാജനമുടനേ കേൾക്കേണം.

ഗുണദോഷങ്ങൾ വിചാരിക്കേണ്ടാ
ഗുരുജനമൊന്നു നിയോഗിക്കുമ്പോൾ.

മരണമടുത്തു കിടക്കും കിഴവനു
തരുണന്മാരെപ്പോലെ ബാല-
ത്തരുണികളോടു രമിപ്പാൻ മോഹം.

അന്തേവാസികൾ ഗുരുവരനേയും
കാന്താജനമഥ ഭൎത്താവിനെയും
ശാന്തിവരുത്താൻ ശാസിക്കുന്നതു
ശാസ്ത്രവിരുദ്ധം വേദവിരുദ്ധം.

നീചന്മാരുടെ സംഗത്തേക്കാൾ
നിന്ദിതമായിട്ടില്ലൊരു വസ്തു.

ശുദ്ധമിതെന്നുമശുദ്ധമിതെന്നും,
കൃത്യമിതെന്നുമകൃത്യമിതെന്നും,
സത്യമിതെന്നുമസത്യമിതെന്നും,

Digitized By Kerala Sahitya Akademi

യുക്തമിതെന്നുമയുക്തമിതെന്നും,
നിത്യമിതെന്നുമനിത്യമിതെന്നും,
ബദ്ധമിതെന്നുമബദ്ധമിതെന്നും
ഒരുവക നിനവില്ലാത്തൊരു വേശ്യകൾ
മരുവും ദിക്കുകളൊക്കെയശുദ്ധം.

കുലടാസംഗമമൊരുകുറി ചെയ്താൽ
പലജന്മങ്ങളിലുള്ളൊരു സുചരിത-
ഫലസമ്പത്തു നശിക്കുമശേഷം.

ശീ. ച.

---

ആചാരത്തിനു താഴ്ച വരുമ്പോൾ
നീചപ്പരിഷകൾ തലയിൽ കേറും.

പിടിയാത്തവനുടെ വികൃതികൾ കണ്ടാൽ
മടിയാതവനുടെ തലമുടി ചുററി-
പ്പിടിയാത്തവനതിഭോഷൻ, വടികൊ-
ണ്ടടിയാത്തവനതിനെക്കാൾ ഭോഷൻ.

തന്നെത്താനറിയാത്ത ജള്ളന്മാർ
തന്നുടെ ഘനമതു താനേ കളയും.

സ. സ.

---

രണ്ടു കളത്രത്തെയുണ്ടാക്കിവയ്ക്കുന്ന
തണ്ടുതപ്പിക്കു സുഖമില്ലൊരിക്കലും;

Digitized By Kerala Sahitya Akademi

ഒട്ടുപേർക്കും മനക്കാമ്പിലഭ്യോഷമെന്ന-
ക്കണ്ടു കൂടാതെയാമില്ലൊരു സംശയം.

കൊററിനില്ലെങ്കിലും കൂറുള്ളവരോടു
ചിററം തുടങ്ങിയാൽ വാറില്ല പെണ്ണിന്.

പെററ പിള്ളയ്ക്കൊരു സങ്കടം കൂടാതെ
പോററുമിന്നേററം ദരിദ്രയെന്നാകിലും.

ജ്യോതിഷക്കാരനും മന്ത്രവാദിക്കുമ-
ച്ചാപല്യമേറുന്ന വൈദ്യനും വേശ്യയ്ക്കും
ഏതും മടിക്കാതെ വേണ്ടതു നൽകുവാൻ
ഭൂതലവാസികൾക്കില്ലൊരു സംശയം.

കാണുന്നതൊന്നും പരമാർത്ഥമല്ലെന്നു
കാണിനേരം ബോധമില്ലാ മനുഷ്യർക്ക്.

ധ്രു. പ

---

ഒട്ടും കൃപയില്ലാത്ത ജനങ്ങടെ
കൊട്ടുംകൊണ്ടു കിടക്കേക്കൊയിൽ
കെട്ടും ചുമടുമെടുത്തു നടന്നാൽ
കിട്ടും മുതൽകൊണ്ടഷ്ടികഴിക്കാം.

ജ്യേഷ്ഠനിരിക്കെസ്സഹജനൊരുത്തിയെ
വേട്ടാലവളെക്കൊള്ളരുതല്ലോ.

ഹി. വ.

---

Digitized By Kerala Sahitya Akademi

പെണ്ണുങ്ങളോടു വിചാരിച്ച കാൎയ്യങ്ങൾ
നിൎണ്ണയിച്ചീടും പ്രഭുക്കളെക്കാൾ പച്ച-
മണ്ണുകൊണ്ടുള്ള കുടത്തിന്നറപ്പേറു-
മെന്നു ചൊല്ലുന്നു മഹത്തുക്കമേറുന്നവർ.

ഹ. സു.

---

ഒരുവിദ്യ പ്രയോഗിച്ചാലതിന്റെ സാരമെന്തെന്നു
ധരിക്കാത്ത ജനം വന്നു വസിക്കുന്ന ദിക്കിൽനിന്നു
സരസം വിദ്യ കാട്ടുന്ന പുരുഷന്റെ ത്രയും ഭോഷൻ
കുരുടന്റെ മുമ്പിൽനിന്നു കൂത്തുകാട്ടുന്നതുപോലെ.

പരമാൎത്ഥമറിയുന്ന പരിഷകളിരിക്കുന്ന
പരിഷത്തിൽ പ്രയോഗിച്ചേ കവിതയ്ക്കു ഫലമുള്ളു.

വിളവില്ലാത്ത കണ്ടത്തിൽ വിത്തു വാരിവിതയ്ക്കുന്ന
ജളന്മാൎക്കു കെട്ടുകാൎയ്യമെന്നിയേ മറ്റൊന്നുമില്ല.

ധനമേറും പ്രഭുക്കന്മാരുടെ സേവമുഴുത്താലും
തനിക്കു ദ്രവ്യമുണ്ടാവാൻ കൎമ്മമുണ്ടെങ്കിലേ കിട്ടു.

തനിക്കുതാൻ പോന്നവൎക്കും ഭവിക്കും ജാതകദോഷം,
ധനമുള്ള ജനത്തിന്റെ സേവകൊണ്ടുഫലമില്ലാ
ജനനരാശിയിലുള്ള ഫലമൊന്നേ തനിക്കുള്ളു.

ധനവാനായ്വരുവാനും ദരിദ്രനായ്വരുവാനും
ജനനമാം പൂൎവ്വകൎമ്മത്തിൻ പരിണാമമതുതന്നെ.

ഹനുമദുത്ഭവം.

---

Digitized By Kerala Sahitya Akademi

# ലോകോക്തികൾ.

അമിത്രവൃന്ദം മുതിരുന്ന കാലം
രമിക്കുമോ കുത്രചിദന്തരംഗം?

ദാരിദ്ര്യമെന്നുള്ളതറിഞ്ഞവൎക്ക്
പാരിൽ പരക്ലേശവിവേകമുള്ളു.

സമ്പൽക്ഷയേ സങ്കടമെന്നതോൎത്താൽ
സമ്പൂൎണ്ണനും നിൎദ്ധനനും സമാനം.

വല്ലാത്ത ബാലപ്രഭവത്തിനേക്കാ-
ളില്ലാത്ത ബാലപ്രഭവം സുഖംപോൽ.

ചേതങ്ങളോരോന്നു വരുന്ന നേരം
ഖേദങ്ങളുണ്ടാമതു കുറ്റമല്ല.

തനിക്കുതാൻപോന്ന മഹാത്മകൾക്കും
ധനത്തിലുള്ളാഗ്രഹമല്പമല്ല.

അതിക്രമം മേലിനി വേലിതന്നേ
വിതച്ച പ[illegible]ഞ്ചു വിനാശമൂലം.

വിപത്തൊഴിക്കേണ്ട ജനങ്ങൾതന്നേ
വിപത്തിനും കാരണമായിതല്ലോ.

തനിക്കുതാൻപോന്നവരൊന്നുചെയ്താ-
ലതിന്നു ദോഷം പറയാവതുണ്ടോ?

Digitized By Kerala Sahitya Akademi

കണ്ടാലിരക്കുന്ന ജനങ്ങളുണ്ടോ
കക്കാൻ മടിക്കുന്നു തരംവരുമ്പോൾ?

ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ളകാലം?
കാരസ്കരത്തിൻകുരു പാലിലിട്ടാൽ
കാലാന്തരേ കയ്പു ശമിപ്പതുണ്ടോ?

ഉച്ചയ്ക്കു ചത്തിക്കവരുന്ന ദിക്കിൽ
വെച്ചേക്കണമോ ധനധാന്യമെല്ലാം?

ശ്രീ. ച. മ

---

ജന്തുധർമ്മമിഉ സർവ്വമനിത്യം
ബന്ധുഭാവമിദമൊന്നിഹ സാരം.

ചാർച്ചയുള്ളവരിലുള്ളൊരുകാലം
ചേർച്ച വേണമതുതാൻ പുരുഷാർത്ഥം.

ദുഷ്ടരോടനുസരിച്ചുപറഞ്ഞാ-
ലൊട്ടുമില്ല ഫലമെന്നറിയേണം.

ഏററ കണ്ടകമൊഴിക്കണമെന്നാൽ
മററു കണ്ടകമതേ മതിയാവൂ.

പ. വൃ

---

ആദരാലെങ്കിലും കോരിവിളമ്പിയാൽ
സ്വാദില്ലയെന്നു വരുമിനി നിർണ്ണയം.

Digitized By Kerala Sahitya Akademi

പഞ്ചസാരപ്പൊടിയേററം ചെലുത്തിയാൽ
നെഞ്ചകത്തങ്ങു രുചിയും കുറഞ്ഞുപോം.

ചൊല്ലുന്നകേൾക്കമിപ്പാമ്പെന്നുറച്ചിട്ടു
പല്ലുതൊട്ടെണ്ണുവാനിച്ഛ തുടങ്ങൊലാ.

നെല്ലും പണങ്ങളുമുണ്ടെന്നുറച്ചിട്ടു
കല്ലിലും പുല്ലിലും തൂകിത്തുടങ്ങൊലാ.

വാമാക്ഷിവാക്യം പ്രമാണിക്കകാരണം
രാമാദികൾക്കമബദ്ധം പിണഞ്ഞുപോൽ.

ചാട്ടംപിഴച്ച കുരങ്ങിനെപ്പോലവൻ
കൂട്ടംപിരിഞ്ഞങ്ങു പോയെന്നറിഞ്ഞീല.

മെയ്യോടു നേരിട്ടടുക്കുന്ന വൻപുലി
കയ്യോങ്ങിയാലങ്ങു മാറുമോ വേടരേ!

തള്ളയ്ക്കുമങ്ങിവൻ പിള്ളയ്ക്കുമങ്ങിവൻ
പള്ളയ്ക്കുരിക്കഞ്ഞിപോലുമില്ലാതയായ്.

ആകാത്തനാളിൽ പിറന്ന നാം കാശിക്കു
പോകാത്തതല്ലയോ കഷ്ടമെൻ വേടരേ!

കൊററിനില്ലാത്തവൻ കോപ്പു മോഹിക്കുമോ,
വററിനില്ലാത്തവൻ പാൽകുടിച്ചീടുമോ?

വീട്ടിലുണ്ടെങ്കിൽ വിരുന്നുചോറും കിട്ടു-
മൂട്ടിലും കിട്ടാ ദരിദ്രനെന്നോൎക്കണം.

Digitized By Kerala Sahitya Akademi

ചേട്ടകൾക്കൊട്ടും വെട്ടപ്പില്ലവരുടെ
കൂട്ടത്തിലൊന്നില്ല നന്നെന്നുചൊല്ലുവാൻ.

വേട്ടാളർടെ ശീലമായവർക്കും വരും
വേട്ടാളരെപ്പോലെ തൻ നിറമാക്കുവാൻ.

അച്ഛിക്കു ദാസ്യപ്രവൃത്തിചെയ്യുന്നവൻ
കൊച്ചിക്കുപോയങ്ങു തൊപ്പിയിട്ടീടണം.

പച്ചമാംസംതിന്നു തന്നവളർന്നവൻ
മെച്ചമേറും പുളിശ്ശേരി കൊതിക്കുമോ?

നാലുപേർ കേട്ടാൽ നിരക്കാത്ത വസ്തുവീ
വാലുള്ള വാനരന്മാർക്കും ചിതംവരാ.

ചേട്ടത്തിയാമൊട്ടനുജത്തിയാമൊട്ട
ചേട്ടകൾതൻെറ കളത്രമെന്തിങ്ങനെ.

മൂത്തുക്കന്മാർ പലവട്ടമധിക്ഷേപങ്ങൾചെയ്താലും
ഖധിപ്പാനും ചിതംപോരാ, വധിച്ചാലും ചിതംപോരാ.

കണ്ടാലറിവാൻ സമർത്ഥനല്ലാത്തവൻ
കൊണ്ടാലറിയുമതിനില്ല സംശയം.

കൂനൻ മദിച്ചെന്നാൽ ഗോപുരം കുത്തുമോ?

വേണ്ടാസനം നീ തുടങ്ങുകകാരണം
വേണ്ടിവന്നു ചില ദുർഭാഷണങ്ങളും

Digitized By Kerala Sahitya Akademi

മൎക്കടനെന്നു നീ ധിക്കരിക്കേണ്ടെടോ,
മൎക്കടന്മാരിലും മുഷ്കരന്മാരുണ്ട്.

ചാട്ടത്തിൽനിന്നു പിഴച്ചുപോയോ നിന്റെ
കൂട്ടത്തിൽ മററാരുമില്ലാത്തതന്നെടോ!

പക്ഷീന്ദ്രനുണ്ടു ഗരുഡനെന്നോൎത്തിട്ടു
മക്ഷികക്കൂട്ടം മദിക്കുകണക്കിനെ.

അൎക്കനെക്കണ്ടൊരു മിന്നാമിനുങ്ങുപോ-
ലക്കണക്കായ്വരും നിന്റെ പരാക്രമം!

ക. സൌ.

---

മുല്ലപ്പൂമ്പൊടിയേററു കിടക്കും
കല്ലിനുമുണ്ടാമൊരു സൌരഭ്യം.

കല്പിച്ചെങ്കിലെറാനെന്നല്ലാ-
തിപ്പരിഷയ്ക്കൊന്നറിയാടാമോ?

വല്ലാമക്കളിലില്ലാ മക്കളി-
തെല്ലാവൎക്കും സമ്മതമല്ലോ.

ഉപ്പും വേണ്ടാ, മുളകും വേണ്ടാ,
വെപ്പാനുള്ളവരാരും വേണ്ടാ;
നിരുപിക്കുമ്പോൾ ചോറും കറിയും
പരിചൊടു പാത്രം തന്നിൽ കാണാം

Digitized By Kerala Sahitya Akademi

അറുതിപെടുത്താൻ കൂടില്ലെങ്കിൽ
പൊറുതികെടുത്താൻ ഞാൻ മതിയാകും.

തൃക്കൺമുനകൾകൊണ്ടു വക്കാണിക്കുന്നനേരം
മുക്കണ്ണൻതമ്പുരാന്റെ മുഷ്ക്കൊന്നുതാനെപോകും.

ഇക്കണ്ടപുരുഷന്മാർ നെക്കുംഭംപോലെതന്നെ
മഷ്ക്കണ്ണിമാരെല്ലാരും തിരുട്ടതന്നെപ്പോലെ.

ഇത്തരമുള്ളൊരു ഗർവ്വശമിപ്പാൻ
ഇത്തിരിപാകം വരുന്ന തീരു.

എലിയെപ്പോലെയിരിക്കുന്നവനൊരു
പുലിയെപ്പോലെ വരുന്നതു കാണാം.

കിരാതം.

---

കൊന്നാൽപ്പാപം തിന്നാൽപോമട-
നെന്നൊരു വലുതാം മൂഢതയുണ്ടേ.

അർത്ഥം വളരെസ്സമ്പാദിച്ചത-
നർത്ഥത്തിനൊരു പെരുവഴിയായി;
അർത്ഥികളൊരുവനുമിങ്ങ വരാഞ്ഞാൽ
വ്യർത്ഥമിതെന്തിനു രക്ഷിക്കുന്നു?

യജമാനന്നു പിശുക്കുണ്ടായാൽ
പ്രജകൾ പൊറുപ്പാനെളുതല്ലേതും.

Digitized By Kerala Sahitya Akademi

സ്വജനങ്ങൾക്കു കൊടുത്തതുകൊണ്ടും
സുജനങ്ങൾക്കിഹ മതിയാവില്ല.

പുതുപുരുഷന്മാരോടു രമിപ്പാൻ
മതിമുഖിമാൎക്കിഹ കൌതുകമേറും.

തങ്ങടെ കാൎയ്യം നോക്കി നടക്കും
ചങ്ങാതികൾ പലരുണ്ടിഹ നാട്ടിൽ;
ഇങ്ങൊരുകൂട്ടം വന്നുരചെയ്യും,
അങ്ങുരചെയ്യും മറെറാരുകൂട്ടം.

ചോറുകൊടുത്തൊരു കൈക്കുകടിക്കു-
ന്നോരും പലവിധമേറിവരുന്നു;
തോണികടന്നാൽ തൊഴകൊണ്ടെന്നൊരു
നാണയമുണ്ടതുപോലെ സമസ്തം.

ഗുണമറിയാത്ത നിതംബിനിമാരും
തൃണവും സമമെന്നെന്നുടെ പക്ഷം.

കാതരമിഴിയെ ലഭിക്കണമെന്നാൽ
കൈതവമൊട്ടു തുടങ്ങേണ്ടിവരും

കൊതിയന്മാരെഭ്രൂതിന്നയച്ചാൽ
ചിതമായ്വരുമോ വിബുധന്മാരേ!

ഒരുനാഴികയുടെയിടയിൽ പലവാ-
ക്കുരചെയ്യുന്നതു ചിതമോ മൂഢ!

Digitized By Kerala Sahitya Akademi

കയ്യിൽക്കിട്ടിയ കനകമുപേക്ഷി-
ച്ചീയം കൊൾവാനിച്ഛിക്കുന്നു.

കുവലയമലരുടെ പരിമളസാരം
തവളകളറിവാൻ സംഗതി വരുമോ?

പെണ്ണിൻ ഭാവവിശേഷമശേഷം
കണ്ണില്ലാത്തവനനുഭവമാമോ?

നല്ലൊരു പാട്ടും കൊട്ടും കേട്ടാൽ
കല്ലിനു ഭാവവികാരമതുണ്ടോ?

ശ്ലോകം ചൊല്ലിപ്പൊരുൾപറയുമ്പോൾ
കാകനതിങ്കലൊരിടയുണ്ടാമോ?

മാടണിമുലമാർ മധുരതയറിവാൻ
മാടപ്രാവിനു സംഗതി വരുമോ?

അങ്ങാടികളിൽ തോലിപിണഞ്ഞാ-
ലമ്മയൊടപ്രിയമെന്നതുപോലെ.

നള. തുള്ളൽ.

---

കാട്ടുകോഴികൾക്കെന്തു സംക്രാന്തിയെന്നപോലെ
നാട്ടുപിള്ളേൎക്കു നമ്മുടെ നാണയം ഗ്രഹിക്കാമോ?

അംഗനമാരുടെ സംസാരത്തിനു
സംഗതി ചേരണമെന്നില്ലല്ലോ.

Digitized By Kerala Sahitya Akademi

അത്ര നടന്നമിരന്നും ഗതിയൊരു
വസ്ത്രംപോലുമുടുപ്പാനില്ല;
അത്ര ദരിദ്രതയുള്ളവനിന്നു ക-
ളത്രം വെച്ചുപുലത്താൻ മോഹം!

താനുണ്ണാത്തൊരു തേവർ-വരത്തെ-
ദ്ദാനംചെയ്യതിനാളായ്വരുമോ?

കൊമ്പൻകരിയുടെ ദിക്കുപിടിപ്പാ-
നവനൊരു കുറുനരി കൂടെച്ചെന്നു ക-
ലമ്പിയടുത്താലെളുതാമോ ശിവ
ശംഭിണ്ണന്മാരുടെ ദുർമ്മോഹം!

കേസരിവരനുടെ ഗിരികുഹരത്തിൽ
കേവലമൊരു മുതുവാനരമൂഢൻ
കേറിയിരിക്കാൻ മോഹിക്കുന്നതു
കേട്ടവരാരു ചിരിക്കാതുള്ളു?

തോടും പുഴയും മഴയും വന്നിട-
ക്കൂടുകകൊണ്ടിക്കടൽ നിറയുന്നു.

പ്ര. മാ:

---

ദ്രവ്യത്തിങ്കലെയാഗ്രഹമെന്നതു
ഭവ്യന്മാൎക്കമിളയ്ക്കരുതേതും.

പാട്ടിലണഞ്ഞ ധനത്തിലൊരല്പം
കാട്ടുകയില്ലീ യജമാനന്മാർ.



Digitized By Kerala Sahitya Akademi

പടയ്ക്കു നല്ലവനിടയ്ക്കുമാകാ
ഇടയ്ക്കു നല്ലവൻ പടയ്ക്കുമാകാ.

തട്ടും കൊട്ടും ചെണ്ടയ്ക്കത്രേ
കിട്ടും പണമതു മാരാന്മാൎക്കും;
വെട്ടും കുത്തും പരിചയ്ക്കത്രേ
കിട്ടും വിരുതു പണിക്കന്മാൎക്കും.

വേലികൾതന്നെ വിളവു മുടിച്ചാൽ
കാലികളെന്തു നടന്നീടുന്നു?

കപ്പലകത്തൊരു കള്ളനിരുന്നാ-
ലെപ്പൊഴുമില്ലൊരു സുഖമറിയേണം.

നാലുപണത്തിനു മുതലുണ്ടെന്നാൽ
നാട്ടിലിരിപ്പാനെളുതല്ലേതും.

ചിത്തംകൊണ്ടു വിചാരിക്കുമ്പോൾ
കൊത്തും കോളുമതൊത്തു ചമഞ്ഞു.

ശൈശവകാലത്തുണ്ടായീടിന
കൈതവമുണ്ടോ മാറീടുന്നു?
ആയിരവൎഷം കുഴലിലിരുന്നൊരു
നായുടെ വാലു വളഞ്ഞേ തീരൂ.

എടയന്മാരുടെ ജാതിക്കുണ്ടോ
എടയെന്നുള്ളതുമുണ്ടാകുന്നു?

രാവെന്നുണ്ടോ പകലെന്നുണ്ടോ
കാടെന്നുണ്ടോ വീടെന്നുണ്ടോ?

Digitized By Kerala Sahitya Akademi

യജമാനന്മാർ കട്ടുതുടങ്ങ്യാൽ
മററു ജനത്തിനു മടിയുണ്ടാമോ?

നിന്നോതിക്കൻ മുള്ളുന്നേരം
ഉണ്ണികൾ മരമേറീട്ടും മുള്ളും.

എമ്പ്രാനല്പം കട്ടുഭുജിച്ചാ-
ലമ്പലവാസികളൊക്കെക്കക്കും.

സ്യമന്തകം.

---

ലക്ഷം മാനുഷർ കൂടുംമ്പോളതിൽ
ലക്ഷണമുള്ളവരൊന്നോ രണ്ടോ.

മരണഭയം പുനരെന്തിനു വിപ്രാ!
നരനു വിനാശം നിശ്ചയമല്ലേ?

പത്തു പണത്തിനു മുതലില്ലാതേ
ചത്തുമറിഞ്ഞാലെന്തിനു കൊള്ളാം!

പട്ടിണിരാപ്പകൽ കിടക്കുന്നേരം
പട്ടികളെക്കാൾ പരവശഭാവം.

വിട്ടിൽ വരുന്നവർ കാട്ടിയ ദോഷം
വീട്ടിലെ നായക്കെന്നു വരാമോ?

കാണ്മാൻ വിധിയില്ലാത്ത ജനത്തിനു
മാമാങ്കത്തിനു പോയാലും ശരി.

Digitized By Kerala Sahitya Akademi

എലികളൊരായിരമുണ്ടെന്നാലൊരു
പുലിയൊടു കലഹിപ്പാനെളുതാമോ?

കുറുനരി ലക്ഷം വന്നാലിന്നൊരു
ചെറുകടുവായെ വധിപ്പാനെളുതോ?

ഉപ്പു ചുമന്നു നടക്കുമവന്നൊരു
കപ്പലു കടലിലിറക്കാൻ മോഹം.

കുണ്ടുകിണററിൽ തവളക്കുഞ്ഞിനു
കുന്നിൻമീതെ പറക്കാൻ മോഹം.

ചൊട്ടച്ചാൺവഴിവട്ടം മാത്രം
കഷ്ടിച്ചങ്ങു പറക്കും കോഴികൾ
ഗരുഡനു പിറകേ ചിറകും വീശി-
ഗ്ഗഗനേ ഗമനം വാഞ്ഛിക്കുന്നു!

കള്ളന്മാക്കു തനിക്കു പിറന്നൊരു
പിള്ളയെ വേണ്ടാതായാൽ പിന്നെ
തള്ളയിലൊരു കനിവുണ്ടാകുമോ?

ര. സ.

---

ഊണുകഴിപ്പാനടവിയിലൂടെ
നൂണു നടക്കും ക്രോഷ്ടാവും മതി.

രുണ്ടുണ്ടുകൾക്കു പിറന്നവനീവിധ-
മൂണുകളൊന്നുമൊരുണ്ണായീലാ.

Digitized By Kerala Sahitya Akademi

ഒന്നിനയച്ചാലതു സാധിക്കി-
ല്ലെന്നല്ലമളിയുമൊന്നു വരുത്തും.

നീറും ക്ഷുത്തു വളൎന്നീടുമ്പോൾ
ആരും ഭേദമതില്ലെന്നറിക.

ഒന്നിനയച്ചാലക്കഥ മാത്രം
വന്നുപറഞ്ഞീടുകിലതു പോരും.

ചോറൊരിടത്തിൽ കൂറൊരിടത്തിൽ
വേറുതിരിച്ചു ഗ്രഹിക്കാറായി.

ഉപ്പുപിടിച്ച പദാൎത്ഥത്തെക്കാ-
ളുപ്പിനു പുളികറയും പറയുമ്പോൾ.

കള്ളന്മാരുടെ വാൎത്തകളെല്ലാം
കള്ളന്മാൎക്കേ ബോധമതുള്ളൂ.

കണ്ടാലറിയാതുള്ള ശഠന്മാർ
കൊണ്ടാലറിയും കളിയല്ലേതും.

വല്ലാതുള്ള വിശപ്പു വരുമ്പോൾ
വല്ലതു വിറകും കൊററുകഴിക്കാം.

പണമുള്ളവനെപ്പാട്ടിൽ വരുത്തി-
ഗ്ഗുണദോഷങ്ങൾ പറഞ്ഞു പതുക്കെ
പണമെപ്പേരും കയ്ക്കലുമാക്കും
ക്ഷണമവനെത്തൻ വീട്ടിലുമാക്കും.

Digitized By Kerala Sahitya Akademi

പാലു കടിച്ചു തടിച്ച ജനത്തിന്നു
നാലുപദം വെക്കുമ്പോൾ വിയൎക്കും.

പെററമ്മെക്കിട്ടടി കൂട്ടുന്നവർ
മററുള്ളവരൊടു നേരാകുമോ?

നേരേനിന്നു പ്രയോഗിപ്പാനായ്
ഭീരുക്കൾക്കൊരു വൈഭവമില്ലാ.

പൊട്ടക്കുളമതു വിട്ടുതിരിച്ചാ-
ലട്ടക്കൊരു ഗതിയില്ലെന്നറിക.

യഷ്ടികളെബ്ഭയമില്ല, കുരക്കും
പട്ടി കടിക്കില്ലെന്നു പ്രസിദ്ധം.

ശ്ലോ. യാ.

---

കഞ്ഞികുടിപ്പാൻ വകയില്ലാഞ്ഞാൽ
കുഞ്ഞിനെ വിൽക്കും പാപികളുണ്ടോ?

എന്നെവേണെങ്കിലെന്റെ കുന്തംവിഴുങ്ങുന്നതാ-
നെന്നുള്ളസംസാരംപോൽ വന്നു കാൎയ്യങ്ങളെല്ലാം.

സീ. സ.

---

കൊന്നതിനെക്കാൾ കോതചിറക്കൽ
ചെന്നു വിളിക്കുന്നതു ബഹുദുഃഖം.

കടിയാപ്പട്ടി കുരക്കുമ്പോളൊരു
വടിയാൽ നിൽക്കുമതല്ലാതെന്തിഹ?

Digitized By Kerala Sahitya Akademi

കടുതായ്ശബ്ദിക്കും കുറുനരിയെ-
ക്കടുവായുണ്ടോ പേടിക്കുന്നു?

രാ. ച.

---

എന്നതുകൊണ്ടിഹ ബലവാന്മാരൊടു
നിന്നു പിണങ്ങുന്നവരു ചുരുക്കം.

ദുഷ്ടതയുള്ള ജനങ്ങടെ മുമ്പിൽ
ധൃഷ്ടതയൊരുവൻ കാട്ടുകയില്ല.

കണ്ടകമുള്ളൊരു വള്ളികൾ കണ്ടാൽ
മണ്ടും നല്ല സമൎത്ഥന്മാരും.

ഉള്ളിൽ കപടതയുള്ളവരെക്കൊ-
ണ്ടെല്ലാപ്പൊഴും ഫലമുണ്ടായ്വരുമോ?

ആന മദിച്ചു വരുന്നേരത്തൊരു
കുനന്തുറുമ്പു തടുപ്പാനെളുതോ?

രാവണോത്ഭവം

---

**ആന**വിററുപണമുണ്ടാക്കുന്നവനെത്തെളിയിപ്പാൻ
**ചേന**വിററുപൊറുക്കുന്ന ചങ്ങാതി മതിയാമോ?

സ. പ്ര.

---

ഉന്നതമതിയായുള്ള ജനങ്ങൾ-
ക്കിന്നതു ചെയ്യാമെന്നില്ലല്ലോ.

Digitized By Kerala Sahitya Akademi

കരമതിലകപ്പെട്ട കനകക്കട്ട
പരിചൊടു കളയുന്നതുചിതമല്ല.

അ. മോ.

---

വണങ്ങുന്ന ജനങ്ങളിലിണങ്ങും ദേവതമാരും
മണമുള്ള മലർതന്നിലണയും വണ്ടുകൾപോലെ.

പിണങ്ങുന്ന ജനങ്ങൾക്കു തുണചെയ്യാനാരുമില്ലാ
തണലില്ലാത്ത വൃക്ഷത്തെശ്ശരണിക്കുമോ പഥികന്മാർ?

നീററിലുള്ള മുതലകൾ ചീററിവന്നടുക്കുമ്പോൾ
മാററിയാകുംതവളക്കുഞ്ഞേററുപോവാനെളുതാമോ?

കൊററൊരുത്തൻ വഴിപോലേകഴിച്ചെന്നാലതുകൊണ്ടു
മറെറാരു മാനുഷൻതൻെറ വിശപ്പു തീരുമാറുണ്ടോ?

കാററുതട്ടിവിളക്കണ്ണു കെട്ടുപോയാലതിൽ പിന്നെ
ആററലോടേ വെളിച്ചെണ്ണ പകന്നാൽ കത്തുമാറുണ്ടോ?

കാണുന്നവസ്തുവെല്ലാം പരമാർത്ഥം ജഗത്തിങ്കൽ,
കാണാത്തവസ്തുവെല്ലാം ഭോഷ്കുതന്നേ പുരന്മാരേ!

കയ്യിൽപ്പുണ്ണിനു പിന്നെക്കണ്ണാടികൂടെവേണോ?

ത്രി. ദ.

---

എടുത്തെന്നാലതുംകുററം, എടുക്കാഞ്ഞാലതുംകുററം,
കൊടുത്തെന്നാലതുംകുററം, കൊടുക്കാഞ്ഞാലതും കുററം,

Digitized By Kerala Sahitya Akademi

**അടുത്തെന്നാലതുംകുററം, അടുക്കാഞ്ഞാലതുംകുററം**
**കുളിച്ചെങ്കിലതുംകുററം, കുളിക്കാഞ്ഞാലതുംകുററം,**
**പറഞ്ഞെങ്കിലതുംകുററം, പറയാഞ്ഞാലതുംകുററം,**
**എരിച്ചെങ്കിലതുംകുററം, എരിക്കാഞ്ഞാലതുംകുററം.**

അന്തകനാട്ടിന്നു യാത്രയടുത്തൊരു
തന്തക്കിഴവന്നു വേളികഴിപ്പാൻ
എന്തൊരു മോഹം, പെണ്ണുകൊടുപ്പാൻ
ബന്ധുജനങ്ങളുമൊക്ക മടിക്കും.

പത്തു പണത്തിന്നു മുതലുണ്ടെന്നാൽ
വൃദ്ധന്മാൎക്കും പെണ്ണു കിടയ്ക്കും.

വലിയവരിത്തിരി ലാളിക്കുമ്പോൾ
തലയിൽ കേറും തരുണികളല്ലേ.

കളവേറീടിന കാമിനിമാരെ-
ക്കളയുംപുരുഷൻ കട്ടിക്കാരൻ.

കളപറിയാഞ്ഞാൽ കണ്ടങ്ങളിലോ
വിളവില്ലാതാമെന്നറിയേണം.

പഞ്ഞികണക്കിനെ താടിവെളുത്താൽ
പരിഹാസത്തിന്നു കൊള്ളാം പുരുഷൻ.

അറുപതിലാരാൻ ചുരികപയററു തു-
ടങ്ങാറുണ്ടോ ശിവശിവ കഷ്ടം!

Digitized By Kerala Sahitya Akademi

വമ്പന്മാരൊരു പെരുവഴിയിട്ടാൽ
പിമ്പിൻ വരുന്നവരതിലിടക്കൂട്ടും.

കൊമ്പൻപോയതു മോഴക്കും വഴി,
കോലാഹലമിനി വേണ്ടതൂകാട്ടാം.

ആശാനക്ഷരമൊന്നു പിഴച്ചാൽ
അമ്പത്തൊന്നു പിഴക്കും ശിഷ്യൻ.

കളരിക്കാരനു ചോടു പിഴച്ചാൽ
കാണികളൊക്കെപ്പുഴുതിൽ ചാടും.

ഓതിക്കോന്നൊരു മന്ത്രമിളച്ചാൽ
ഒരു പന്തിക്കാരൊക്കയിളക്കും.

അമരക്കാരനു തല തെറ്റുമ്പോൾ
അണിയക്കാരുടെ തണ്ടുകൾ തെറ്റും.

കാൎയ്യക്കാരൻ കളവു തുടൎന്നാൽ
കരമേലുള്ളവർ കട്ടുമുടിക്കും.

കായത്തിന്നൊരു ദോഷം വന്നാൽ
പ്രായശ്ചിത്തംകൊണ്ടതു നീക്കാം.

തല്ലുംനൃപനിഹ കൊല്ലുംസചിവൻ,
കൊല്ലുംനൃപനിഹ തിന്നുംസചിവൻ.

കല്പിച്ചതിലൊരു പത്തുമടങ്ങു ക-
വിഞ്ഞു നടക്കും കാൎയ്യക്കാരും.

ശീ. ച.

Digitized By Kerala Sahitya Akademi

മെച്ചമിയന്നൊരു മണിമാണിക്യം
പിച്ചളവളമേൽ ചേപ്പ്തുമുണ്ടോ?

കാഞ്ചനമാല ധരിപ്പാനിന്നു മ-
രഞ്ചാടിക്കിഹ സംഗതി വരുമോ?

കല്പകലതയോടു കൂടി വസിപ്പാൻ
കാഞ്ഞിരമരമതു തരമായ്‌വരുമോ?

കാശിക്കപ്പുറമെങ്കിലുമിന്നൊരു
കാശിനു വകയുണ്ടെന്നാൽ മണ്ടും.

സ. സ.

---

രണ്ടായിരംപണം കിട്ടുമെന്നാകിലും
രണ്ടു വിവാഹമെളുതല്ല നിർണ്ണയം.

കട്ടിലു കണ്ടു പനിച്ചാൽ കണക്കല്ല
കിട്ടുമെന്നാകിലേ മോഹംതുടങ്ങാവൂ.

ധ്രു. ച.

---

മാനിനിമാരിൽ ഭ്രമിക്കുംപുരുഷനു
മാനക്ഷയം വന്നു കാണുന്നതില്ലയോ?

വീട്ടുകാർതങ്ങളിൽ കട്ടുതുടങ്ങിയാൽ
മേല്പട്ടുനാട്ടിൽ പൊറുക്കുന്നതെങ്ങനെ?

Digitized By Kerala Sahitya Akademi

കോലംകണക്കിനേ ശീലമെന്നിങ്ങനെ
മാലോകർ ചൊല്ലുന്നതെല്ലാം പൊളിയത്രേ.
ശ്രീ. ലീ.

---

ചതിപെട്ടാൽ പുനരെന്തരുതാഞ്ഞു
ഗതികെട്ടാൽ പുലി പുല്ലും തിന്നും.
ഹി. വ.

---

ആടും പുനരാനത്തല വന്നൊരുവിധമെന്നതുവരുമോ,
ചാടുന്നകുരങ്ങും സിംഹവുമൊരുപോലെന്നും വരുമോ?
കി. വ.

---

ദുഃഖം വന്നതു തീൎപ്പാനല്ലോ
സഖ്യതയുള്ളവരുതകീടേണ്ടു?
കൃ. വി.

---

കുററങ്ങൾ വന്നുപോമെന്നാലുമായതു
കൂറുള്ളവർ പൊറുത്തീടുകെന്നേ വരൂ.

കൎമ്മദോഷത്താൽ വരുന്ന രോഗങ്ങൾക്കു
ചെമ്മേ കഷായം കുടിച്ചാൽഫലിക്കുമോ?
ഹ. സ്വ.

---

Digitized By Kerala Sahitya Akademi

വെട്ടംവാളിനു നെയ്യിടുകെന്നൊരു
ചട്ടംതന്നെയവരുമുറച്ചു.

ആനത്തലവനെയണ്ണാവായുള്ളൊരു
കുനനുറുമ്പു വധിച്ചതുപോലെ.

നിലയുണ്ടോ നീരുണ്ടോയെന്നി-
ട്ടുലയുന്നെന്നുടെ ഹൃദയമശേഷം.

കൂട്ടം ദൈവം വേണ്ടുംവഴിയൊരു
കൂട്ടിനുമാത്രം നാം മതിയാകും.

സു. സ.

---

അപ്പുകളിൽ പ്ലവമെന്നതുപോലെ നി-
ലത്തു കരിങ്കല്ലൊഴുകാറായി.

ശക്തിപെരുത്തൊരു കേസരിവരനെ-
ഗ്ഗർദ്ദഭമേററു ഹനിക്കാറായി.

കുഴിയാനക്കുഴിയൻ മദമാർന്നൊരു
കൊലയാനയൊടമർ ചെയ്യാറായി.

വന്നുഭവിക്കാനുള്ള വിപത്തുകൾ
നമ്മൾക്കിന്നു തടുപ്പാനെളുതോ?

വാശ്ശുതമസ്തു നമുക്കെന്തിനാ-
ലീശ്വരകല്പന നീക്കാവല്ലിഹ.

Digitized By Kerala Sahitya Akademi

മദമൊടു മരുവും സിംഹത്തിനെയൊരു
മശകം ചെന്നു പിടിപ്പാനെളുതോ?

പിടിയാത്തവരുടെ വാക്കുകൾ കേട്ടാൽ
പിടിപാടായിക്കരുതീടാമോ?

വിടുവാ പറയുന്നവരൊടു നേരി-
ട്ടുരിയാടാതെയിരിപ്പതു നല്ലൂ.

ഐ. വ.

Digitized By Kerala Sahitya Akademi

# ഹാസ്യോക്തികൾ.

നന്നെടോ ഭീമ നയജ്ഞൻ ഭവാനെന്നു
ചൊന്ന വാക്കെല്ലാം കണക്കിന്നു കൂടുമോ?
ധർമ്മജൻ മുമ്പായ ധാർമ്മികന്മാർ നിങ്ങൾ
ധർമ്മമല്ലാതൊന്നും ചെയ്യുകയില്ലയോ?
പാഞ്ചാലിയെന്നൊരു പെണ്ണിനെക്കണ്ടിട്ടു
പഞ്ചബാണാർത്തി പിടിപെട്ടഹോ നിങ്ങൾ
അഞ്ചുപേരും ചെന്നു കൈക്കുപിടിച്ചുകൊ-
ണ്ടഞ്ചാതെ വേളികഴിച്ചെന്നു കേട്ടു ഞാൻ.
അഞ്ചെങ്കിലഞ്ചും കണക്കെന്നവൾക്കൊരു
ചാഞ്ചല്യവുമില്ല തെല്ലുപോലും നിങ്ങ-
ളഞ്ചു ജനത്തെയും കൺമുനത്തെല്ലിനാൽ
വഞ്ചിപ്പതിന്നവൾ പോരും വൃകോദര!
നാലഞ്ചു ഭർത്താവൊരുത്തിക്കു താനതു
നാലു ജാതിക്കും വിധിച്ചതല്ലോർക്കണം.
കള്ളത്തരം ചൂതുകൊണ്ടു ദുര്യോധനൻ
തള്ളിപ്പുറത്താക്കി നിങ്ങളെത്തൽക്ഷണം
ഉള്ളിൽ ഭയംപൂണ്ടു മണ്ടുന്ന നിങ്ങളെ-
ത്തുള്ളിപ്പതിന്നൊരു പെണ്ണും പുറപ്പെട്ടു;
കണ്ടവസ്തുക്കളിൽ കാംക്ഷപൂണ്ടായവൾ
കൊണ്ടുവാ കൊണ്ടുവായെന്നു കല്പിക്കയും,
ശണ്ഠകൂടീടുമെന്നോർത്തു ഭയപ്പെട്ടു
മണ്ടിത്തുടങ്ങും മടങ്ങാതെ നിങ്ങളും.

Digitized By Kerala Sahitya Akademi

കണ്ടനേരം തന്നെ നിന്റെ പരാക്രമ-
മുണ്ടായ് നമുക്കെന്നറിക വൃകോദര!

ദുശ്ശാസനൻ പണ്ടു ദുര്യോധനോക്തമാം
ദുശ്ശാസനംകൊണ്ടു മണ്ടിവന്നങ്ങനെ
അഞ്ചുപേർ നിങ്ങളും കണ്ടുനില്ക്കത്തന്നെ
പാഞ്ചാലിയെച്ചെന്നടിച്ചു തലമുടി
ചുററിപ്പിടിച്ചു വലിച്ചിഴച്ചങ്ങനെ
മുററും മഹാജനം നോക്കിനില്ക്കുംവിധൌ
മുററത്തു കൊണ്ടന്നു താഡിച്ചു താഡിച്ചു
തെററന്നുടുത്ത പുടവ വലിച്ചഴി-
ച്ചററമില്ലാതുള്ളപരാധവും ചെയ്തു;
കണ്ണുംമിഴിച്ചങ്ങു കണ്ടുനിന്നീടുന്ന
പൊണ്ണത്തടിയനാം നിന്റെ പരാക്രമം
കാശിക്കു പോരയോ കഥിക്ക വൃകോദര!

ക. സൌ

---

സുരപതി, പിതൃപതി, ജലപതി, വഹ്നിയു-
മൊരു നരതരുണിയിലാഗ്രഹമോടെ
തെരുതെരെയങ്ങു തിരിച്ചതു കാണ്മാൻ
വരുവിൻ വരുവിൻ സുരനാരികളേ!
വിണ്ണവർനാട്ടിൽ തരമായിട്ടൊരു
പെണ്ണില്ലാഞ്ഞവരങ്ങു ഗമിച്ചു.
തന്നുടെ നാട്ടിലെയംഗനമാരെ-
ച്ചങ്ങാതിക്കു തരംപോരാഞ്ഞി-

Digitized By Kerala Sahitya Akademi

ട്ടണ്ടൊരു ദിക്കിൽ ചെന്നൊരു പെണ്ണിനെ-
യിങ്ങു വരുത്താമെന്നൊരു മോഹം.
ഇന്ദ്രനു പിന്നെ വിചാരിക്കുമ്പോൾ
ഇന്നു തുടങ്ങിയ ശീലവുമല്ലാ;
സുന്ദരിയാകുമഹല്യയിലഭിരുചി
വന്നുഭവിച്ചൊരു ഗോഷ്ഠികൾകൊണ്ടുട-
നന്നു പിണഞ്ഞ ജളത്വമതോർത്താ-
ലിന്നിതിനൊട്ടും സംഗതിയില്ല;
മുററും സുരവരനിങ്ങനെയുള്ളു,
മററവരെന്തിനു കൂടെപ്പോയി?
കററാർകുഴലിയതൊന്നേയുള്ളു,
തെററെന്നവളിതിലാരെ വരിപ്പൂ?
... ... ...
യജമാനന്മാരെന്തിനു പോയീ,
നിജഭൃതന്മാരില്ലാഞ്ഞിട്ടോ?
മാനക്കേടു വരുത്തിക്കൊൾവാൻ
താനേ ചെന്നേ മതിയാവുള്ളൂ!

സുന്ദരനാകിയ നമ്മെക്കണ്ടാൽ
സുന്ദരി വന്നിഹ മടിയിൽ കേറും
എന്നിവ കണ്ട ജളത്വം പറവാ-
നെന്നു പഠിച്ചിട മനുജകിശോര!
നളനെന്നല്ല നിനക്കിനി നാമം
ജളനെന്നുള്ളതു ബോധിച്ചാലും.



Digitized By Kerala Sahitya Akademi

സുരവധുമാരുടെ നടുവിലിദാനീം
നരവധു ചേരുകയില്ല.
ഉജ്ജ്വലകാഞ്ചനവളയുടെ നടുവിൽ
പിച്ചളവളയതുപോലെ;
പൊന്നയഹംസികൾതന്നുടെയിടയിൽ
പൊന്മാൻപിടയതുപോലെ;
മറിമാൻപേടകൾതന്നുടെയിടയിൽ
കുറുനരിതൻപിടപോലെ;
അഴകിയ ഹരിണികളരികിൽ ചെല്ലും
കഴുതപ്പെണ്ണൊടിപോലെ.

മംഗലശീലേ! നീയും നളനും
തങ്ങളിലൊട്ടും ചേരുകയില്ല;
നല്ല മിനുത്ത കഷണ്ടിക്കാരൻ
മുല്ലപ്പൂമലർ ചൂടിയപോലെ;
കുന്നിക്കുരുവും പവിഴവുമിടചേ-
ർത്തുന്നതമുലകളിലണിയുമ്പോലെ;
കൊന്നപ്പൂവും മാററു പെരുത്തൊരു
പൊന്നും തമ്മിൽ ചേരുമ്പോലെ;
കാഞ്ചനമുടുകിൻ നടുവിലണിഞ്ഞൊരു
മഞ്ചാടിക്കുരു പന്നതുപോലെ.

നള. തുള്ളൽ

---

കയ്യൽ പണമില്ലാതെ വരുമ്പോൾ
കടവും വന്നഥ തലയിൽ കയറും;

Digitized By Kerala Sahitya Akademi

പൊക്കം പിന്നെ സ്ത്രീജനസംഗം,
പൊക്കണമൊന്നിഹ തോളിലുമേറും.

പ്രാ. മാ

---

ശ്രോത്രം രണ്ടും വെട്ടിവെച്ചാലൊരു
മാത്രംപോലും കേൾപ്പാൻ വഹിയാ.

വിക്കുകൾകൊണ്ടതു പറവാൻമേലാ
സൽക്കഥ വളരെയറിഞ്ഞൊരു ദേഹഃ;
കകകകകംസൻ കാകികാകികൃഷ്ണൻ
പൂപൂപൂപൂപൂതനയെന്നാം കഥയിൽ.

ഹരിയെന്നാദിയൊരക്ഷരമവനുടെ-
യരികേകൂടെപ്പോയിട്ടില്ല.

പരിചൊടു ശിശുപാലന്റെ മുഖത്തൊരു
കരിതേപ്പിപ്പാൻ ഞാൻ മതി രുഗ്മിണി!

കേശവനാണേ ശിശുപാലനെ ഞാൻ
മീശകരിച്ചു വിടുന്നുണ്ടടേന.

സംഘിക്കാരനു ചോർ കിട്ടാഞ്ഞാ-
ലിഞ്ചിക്കാരനവന്താനപ്പോൾ.

പൂണുക്കാരനു വാശ്ശൂടത്തും
ഊണുകഴിപ്പാൻ തടവില്ലത്രം.

Digitized By Kerala Sahitya Akademi

രണ്ടുകൈകളും വീശിക്കൊണ്ടു പടക്കു ചെല്ലും
തണ്ടുതപ്പിക്കു വെടികൊണ്ടു മരിക്കയല്ലാ-
തുണ്ടോ മറെറാരു കാൎയ്യം ചെണ്ടക്കാരെന്നുപേരും
കൊണ്ടു കാലന്റെ വീട്ടിൽ മുണ്ടുവിരിച്ചിരിക്കും.

രു. സ.

— ——

വമ്പന്മാരായ മീശക്കൊമ്പന്മാരെല്ലാമോരോ
വമ്പും പറഞ്ഞു വില്ലുമമ്പുമെടുത്തുംകൊണ്ടു
തമ്പുരാന്മാൎക്കു തിരുമുമ്പിലകമ്പടിക്ക-
ങ്ങിമ്പംകലൎന്നു ചെന്നു വമ്പിച്ച കാനനത്തിൽ;
ഗന്ധൎവ്വന്മാരെപ്പേടിച്ചന്ധന്മാരായ നിങ്ങ-
ളെന്തിപ്പോളോടിപ്പോരാൻ ബന്ധമെൻ ഭോഷന്മാരേ!
ചന്തംപെരിയ തൊങ്കൽക്കുന്തം കളഞ്ഞു വീണു
ദന്തങ്ങളും തകൎന്നിതെന്തൊരു സാഹസങ്ങൾ;
തോൽക്കുന്ന കൂട്ടം നിങ്ങൾ തോക്കുംകളഞ്ഞുപോന്ന-
താൎക്കുമെടുത്തതല്ലിതോൎക്കുമ്പോൾ ചിരിയാകും;
നേൎക്കും മാററാരോടു പോരേൽക്കുന്നനേരം പല
ചാക്കും മുറിവും പുനരാൎക്കും വരാത്തതല്ല;
ചാട്ടംപിഴച്ച കപിക്കൂട്ടംകണക്കെ നിങ്ങൾ
കൂട്ടംപിരിഞ്ഞുപാരം കോട്ടംപിണഞ്ഞമൂലം
ഓട്ടംതുടങ്ങിയതു വാട്ടംവരുവാൻ തന്നെ
കേട്ടാലുടനെതന്നെ നാട്ടാർ പരിഹസിക്കും;
കാട്ടിൽനിന്നോടിപ്പോന്നു വീട്ടിൽ പുക്കൊളിക്കേയ-
ക്കാട്ടിൽ മരിക്കനല്ലു കേട്ടീല നായന്മാരേ!

Digitized By Kerala Sahitya Akademi

ഗോഷ്ഠികൾ പതിന്നാലു നാട്ടിലും കേൾക്കമറ്റോ
കാട്ടിയ കർമ്മമേതും പാട്ടിലായതുമില്ല.

വിണ്ണവർനാട്ടിലിരിക്കും വേശ്യ-
പ്പെണ്ണുങ്ങടെ നടുമുററമടിപ്പാൻ
പൊന്നന്മാരിവർ കൊള്ളാമവരുടെ
പെണ്ണുങ്ങടെ വിടുപണിചെയ്യിക്കാം.
കാളിപ്പെണ്ണു കളിക്കുന്നേരം
താളിപതപ്പാനൊരുവൻ കൊള്ളാം;
നീലിപ്പെണ്ണിനു നിദ്രാസമയേ
കാലിണ ഞെക്കാനപരൻ കൊള്ളാം;
ഉർവ്വശിതൻെറ പടുക്ക മടപ്പാ-
നുർവ്വിയിലുള്ളവരിവർ ചിലർ കൊള്ളാം;
അരുവയർമൌലി തിലോത്തമതന്നുടെ
പുരമുറിതുപ്പാനൊരുവൻ കൊള്ളാം;
സ്വർഗ്ഗസ്ത്രീകടെ വൃഷലികൾവേല യെ-
ടുക്കേണ്ടുന്നതിനിവരെക്കൊള്ളാം;
പച്ചിലയുള്ളൊരു പദവിക്കാരുടെ-
യെച്ചിലെടുപ്പാനിവർ ചിലർ കൊള്ളാം;
ചന്ത്രക്കാരനു വെററ തെറുപ്പാൻ
ചന്തക്കാരരിലൊരുവൻ കൊള്ളാം;
കുട്ടിപ്പട്ടന്മാരുടെ ചുമടുകൾ
കെട്ടിപ്പേറാനൊരുവക കൊള്ളാം;
കല്പകവൃക്ഷം കാപ്പാനുള്ളൊരു
കല്പനകേൾപ്പാനൊരുവക കൊള്ളാം;

Digitized By Kerala Sahitya Akademi

ആമ്പടികൂട്ടുന്നവരുടെ വീട്ടിൽ
തുമ്പകിളപ്പാനും ചിലർ കൊള്ളാം;
ഗോക്കളെ മേപ്പാനും ചിലർ കൊള്ളാം,
ശപാക്കളെ നോക്കാനും ചിലർകൊള്ളാം;
കാക്ക വരുമ്പോൾ വക്കാണിപ്പാ-
നാക്കണമെങ്കിലതിനും കൊള്ളാം;
ഈവക വിടുപണി ചെയ്യിപ്പാനി-
ദ്ദേവകൾ ചൊല്ലാൽ ഗന്ധർവ്വന്മാർ
ഇവരെക്കെട്ടിക്കൊണ്ടു തിരിപ്പാ-
നവകാശമിതെന്നടിയനു തോന്നി;
മറെറാരു കാൎയ്യക്ലേശം ചെയ്യാൻ
ആറിലൊരുത്തനുമില്ലിഹ നൂനം,

ഘോ. യാ.

---

ലങ്കാധിപതേ നിന്റെ കാൽമേൽകിടക്കും നല്ല
ശൃംഖല കിലുങ്ങാതെ ചിങ്കകളിച്ചെന്നാകിൽ
പാക്കു വെററില നല്ല തുക്കുപുകയിലയും
പാക്കാതേ തരുന്നുണ്ടു ഭോഷ്കല്ല പംക്തികണ്ഠ!
പത്തു മുഖങ്ങൾകൊണ്ടു പത്തു പദങ്ങൾ പാടി
തിത്തിത്തൈയെന്നുചാടി നൃത്തംചെയ്ക രാവണ!
മത്തഗജങ്ങളുടെ മസ്തകം തകൎക്കുന്ന
ഹസ്തങ്ങളെണ്ണു നിന്റെ നക്തഞ്ചരാധിനാഥ!
ഏണമിഴിമാരുടെ പാണി പിടിച്ചിഴസ്സും
പാണികൾകൊണ്ടു നമ്മേ താണുതൊഴുതുകൊണ്ടു
കേണുകിടന്നിടാതെ വാണു നീയെങ്കിൽ നല്ല

Digitized By Kerala Sahitya Akademi

ചോറും കറിയും പുളിഞ്ചാറും കാച്ചിയ മോരും
ആറുന്നതിന്നുമുമ്പേ കൂറുള്ള ഞാൻ തരുന്നേൻ;
മണ്ഡോദരിയെന്നൊരു പെണ്ണു നിനക്കുണ്ടെന്നു
മന്നിടംതന്നിൽ ബഹു പെണ്ണുങ്ങൾ ചൊല്ലിക്കേട്ടു;
സന്ദേഹമൊന്നുണ്ടതു നിന്നോടു ചോദിക്കുന്നു
ഒന്നേ അവൾക്കു മുഖമുള്ളെന്നു കേട്ടു ഞങ്ങൾ,
ഒന്നല്ലാ മുഖം നിനക്കൊന്‍പതുമൊന്നുമുണ്ടല്ലോ,
എന്നാലെങ്ങനെയവൾ നിന്നോടു രമിക്കുന്നു?
പത്തുപുരുഷന്മാരോടൊത്തു വിനോദിക്കുന്ന
ധൂളിപ്പെണ്ണുങ്ങളുടെ കേളിയവൾക്കു വന്നു.
പോടീ മഹാരാജേന്ദ്രനോടീ വിശേഷംചെന്നു
ചോദിച്ചിട്ടെന്താവശ്യം?—ചോദിച്ചാലെന്തുചേതം?
ഓരോദിവസം മുഖമോരോന്നു ചുംബിച്ചുകൊ-
ണ്ടാരോമൽ ക്രീഡിക്കുന്നതാരോടു കേൾപ്പിക്കുന്നു?

കാ. വീ. വി.

---

കയ്യുണ്ണിത്തിന്നു ശീലവതിക്കെതി-
രിപ്പൊഴുതൊരു പെണ്ണുങ്ങളുമില്ല;
കയ്യുള്ളതു മധുരം, മധുരിച്ചതു
കയ്യെന്നും വരുമീയിവൾ വെച്ചാൽ.

അയ്യോ കിഴവച്ചാരേ തന്നുടെ
കയ്യോ, കാലോ, കണ്ണോ, മൂക്കോ,
മെയ്യോ, മുഖമോ നല്ലതു വേശ്യാ-
സംയോഗത്തിനു സാധനമിപ്പോൾ?

Digitized By Kerala Sahitya Akademi

കഴുവേറീടിന നാമിനിയെന്തിനു
പഴതേയവളെയുപേക്ഷിക്കുന്നു?
നമ്മെത്താളിലെടുപ്പാനിന്നൊരു
നന്മൊഴിയാളില്ലായതു ഖേദം.

ശീ. ച.

---

താനിതു കേട്ടോ വിസ്മയമിങ്ങനെ
ഞാനിതിൽമുന്നം കേട്ടിട്ടില്ല;
കാളകളെക്കെട്ടുന്നവനെന്യേ
കന്യകയെക്കെട്ടാനെളുതല്ല.
ഗോഷ്ഠികളിങ്ങനെ മറെറാരു നാട്ടിൽ
കേട്ടറിവില്ല നമുക്കിഹ വിപ്ര!
കന്യകതൻെറ സ്വയംവരമെന്നോ,
കാളകൾതൻെറ സ്വയംവരമെന്നോ
എന്തൊരു പേരിതിനുണ്ടാക്കേണ്ടു
എന്തൊരു മോഹമിതാരുടെ സൃഷ്ടി?
മിണ്ടരുതിവക വാസ്തുതമായതു
കണ്ടു രസിച്ചു നമുക്കു വസിക്കാം;
കണ്ടാൽപറവാൻ കുറവില്ലെന്നുടെ
കണ്ഠമിവക്കു വിലക്കിക്കൂടാ.
കണ്ടതു മുഴുവൻ പൂട്ടിക്കെട്ടി-
ക്കണ്ടോ വലിയൊരു നുകവുംവച്ചിഹ
കൊണ്ടുനടന്നു കലപ്പ വലിപ്പാൻ
കൊള്ളാം കാളകളതുകൂടാതെ
വേളികഴിപ്പാൻ വന്ന നൃപന്മാർ

Digitized By Kerala Sahitya Akademi

കാളയെ മൂടംബ കെട്ടണമെന്നൊരു
കേളി നടത്തിയ ദേഹം നല്ലപ-
താളിയതല്ലാതെന്തുരചെയ്യാം?

കന്യക പെറെറാരു ദേഹാതന്നുടെ
തമ്പിവിവാഹംചെയ്തൊരു സുന്ദരി
തന്നെപ്പൂണ്ടവനന്നു ജനിച്ചൊരു
തനയൻ നിങ്ങടെ താതൻ പാണ്ഡു;
ചേട്ടൻ കുരുടനവന്നു സുതന്മാർ
ചിലരുണ്ടായതുമിങ്ങനെ കൊള്ളാം;
അനുജൻ പിന്നെ വിവാഹംചെയ്തി-
ട്ടതിലുണ്ടായവരൈവർ ഭവാന്മാർ;
നിങ്ങടെ താതൻ നല്ലൊരു സുഭഗൻ
നിങ്ങടെ ജനനിയുമങ്ങനെതന്നെ;
വേളികഴിഞ്ഞപ്പിന്നവർ തങ്ങളിൽ
മേളിച്ചൊരു സുഖമുണ്ടായില്ല;
ഭർത്താവവളെത്തൊട്ടിട്ടില്ലവൾ
ഭർത്താവിനെയും തൊട്ടിട്ടില്ല;
മക്കളവൾക്കൊരു നാലഞ്ചുളവായ്
ആർക്കു പിറന്നെന്നാരറിയുന്നു?

അങ്ങനെയുള്ളവരഞ്ചു ജനങ്ങളു-
മിങ്ങനെ വന്നു വളർന്നൊരുശേഷം
വേളികഴിച്ചാരൈവരുമായൊരു
ധൂളിപ്പെണ്ണിനെ മടികൂടാതെ;
ചേട്ടനുമനുജന്മാർകളുമവളുടെ

Digitized By Kerala Sahitya Akademi

പാട്ടിലൊതുങ്ങി വസിക്കുന്നിപ്പോൾ;
ചേട്ടയ്ക്കും പുനരില്ലൊരു നാണം
ചേട്ടനുമനുജനുമെല്ലാമൊക്കും.
ഇങ്ങനെയുള്ളൊരു വിജയാ! നീയിഹ
ഞങ്ങടെ ദോഷം ഘോഷിക്കുന്നോ?
തന്റെ പെരിക്കാൽ മണ്ണിലൊളിച്ചപ-
രന്റെ പെരിക്കാൽ കണ്ടു ചിരിക്കും
ദുർജ്ജനപടുവാമജ്ഞന നിന്നുടെ
ഗർജ്ജനമിതു മതി പോരും നന്ന്

സ. സ.

---

കേട്ടില്ലയോ നിങ്ങളുത്താനപാദന്റെ
വീട്ടിലെ കോലാഹലങ്ങളിതൊന്നുമേ?
ചേട്ടത്തിയുമനുജത്തിയും തങ്ങളിൽ
ചട്ടികലങ്ങളും കൂടെപ്പകുത്തുപോൽ;
മുട്ടിച്ചുമഞ്ഞുപോലുത്താനപാദനി-
ച്ചേട്ടകൾക്കൊട്ടുമടക്കമില്ലായ്കയാൽ;
ഒട്ടുമിസ്ത്രീകളെ വിശ്വസിപ്പാൻമേല
ദുഷ്ടതയേറുമവക്കെന്നു നിശ്ചയം.

ധ്രു. ച.

# നീത്യുക്തികൾ.

## ഹംസവാക്യം.

ഹംസരാജന്മാരിലേകനാമെന്നെ നീ
ഹിംസിപ്പതിന്നോ തുടങ്ങുന്നു മന്നവ!
സാഹസം ചെയ്യൊല്ലാ സാധുബുദ്ധേ ഭവാൻ
മോഹവാരാന്നിധൌ മഗ്നനായീടൊല്ലാ.
ഹാഹന്ത നമ്മുടെ നിഗ്രഹംകൊണ്ടെന്തു
ലാഭം നിനക്കെടോ വീരസേനാത്മജ!
ശോഭനം മൽഗാത്രമിങ്ങനെ ഭൂതലേ
ലോഭനീയം മുദാ കണ്ടൊരു കാരണാൽ
എന്നെപ്പിടിച്ചു വധിപ്പാൻ തുടങ്ങുന്ന-
തന്യായമെന്നേ ഭവിപ്പൂ നിനക്കെടോ!
തന്നോടൊരപ്രിയം ചെയ്യാത്ത പക്ഷിയെ-
ക്കൊന്നീടുവാനെന്തു ബന്ധം മഹീപതേ!
പൊന്നിൻനിറം കണ്ടു മോഹിക്കയോ ഭവാ-
നെന്നെപ്പിടിച്ചമർത്തീടുവാൻ കാരണം?
അണ്ഡജത്തിന്റെ ശരീരേ വിളങ്ങുമി-
സ്സ്വർണ്ണത്തിലാഗ്രഹം നന്നുനന്നെത്രയും!
ഭണ്ഡാരലക്ഷങ്ങളുള്ളൊരു ഭൂപതി-
ക്കണ്ഡജസ്വർണ്ണത്തിലായോ ദുരാഗ്രഹം!
മിന്നുന്ന ശോഭകൊണ്ടങ്ങുമിങ്ങും ഞങ്ങൾ
മിന്നാമിനുങ്ങിയെപ്പോലെ പറക്കുന്നു;
നിന്നുടെ രാജ്യം പിടിച്ചമർത്തീടുവാ-

Digitized By Kerala Sahitya Akademi

നന്നങ്ങൾ പോരുമോ? വൈരംകളക നീ.
പ്രാണിപ്രമാരണം യോഗ്യമല്ലെന്നും
ശ്രോണീപതേ ഭവാൻ ബോധിച്ചതില്ലയോ?
ഇച്ഛയാ നായാട്ടു ചെയ്തുകൊൾക ഭവാൻ
തുച്ഛമാംസംതന്നിലാഗ്രഹം നിഷ്ഫലം.
ക്രൂരജന്തുക്കളെക്കൊല്ലുവാനല്ലയോ
വീരസേനാത്മജ! നായാട്ടു ചെയ്യുന്നു?
വീരനെന്നാകിലോ സിംഹാദിയെച്ചെന്നു
മാരണംചെയ്താലുമെന്നെ ത്യജിക്ക നീ.

## പരോപകാരം.

വിത്തങ്ങളാൎജ്ജിച്ചു വയ്ക്കുന്നതെന്തിനെ-
ന്നുൾത്താരിലുണ്ടോ നിനക്കിന്നു നൈഷധ!
അൎത്ഥിജനങ്ങൾക്കു സമ്പത്തു നൽകുവാ-
നൎത്ഥം വരുത്തുന്നു സാധുവായുള്ളവൻ;
അൎത്ഥവ്യയത്തിങ്കലാധിയുണ്ടായാല-
നൎത്ഥമെന്നേ വരൂ ബോധിച്ചുകൊൾക നീ;
അൎത്ഥികൾതന്നുടെ പാണിയാം പങ്കജേ
നിത്യം ഭഗവതി ലക്ഷ്മി വസിക്കണം;
പാൎത്ഥിവന്മാരുടെ ധൎമ്മംനിനയ്ക്കുമ്പൊ-
ളെത്രയും സാരമതൊന്നെ ധരിക്കെടോ!
ഐഹികം മോഹിച്ചു സൎവ്വവസ്തുക്കളും
ഗേഹാന്തരങ്ങളിൽ സംഭരിക്കുന്നവൻ
ദേഹാന്തരപ്രാപ്തികാലം വരുംവിധൌ
ഹാഹാ മഹാദേവ പാരം വിഷണ്ണനാം.

Digitized By Kerala Sahitya Akademi

ദാനങ്ങൾചെയ്യവൻ ജന്മാന്തരങ്ങളിൽ
താനേ വരും ദ്രവ്യമവ്യാജഭാവേന
നിത്യം ലഭിച്ചും സുഖിച്ചും രമിച്ചുമ-
ങ്ങത്യന്തമോദം വസിക്കുമെന്നോക്ക നീ.
ഒന്നു കൊടുത്താലിരട്ടിക്കുമിക്കാല-
മന്യജന്മങ്ങളിലങ്ങനെയല്ലെടോ!
ഇന്നൊരു ദേഹിക്കു മോദം കലന്നൊരു
പൊന്നു കൊടുത്തു മരിച്ചുവെന്നാകിലോ
ജന്മാന്തരത്തിൽ സഹസ്രാധികം വൃദ്ധി
ചെമ്മേ ഭവിക്കുമെന്നോക്ക മഹാമതേ!
സത്യമെന്നുള്ളതാവശ്യം ശരീരികൾ-
ക്കത്യുദാരം ഗുണം നേടുവാൻ കാരണം;
കീത്തിയുണ്ടാക്കുവാനായിട്ടു തന്നുടെ
മൂത്തിയെപ്പോലും ത്യജിക്കാം മഹീപതേ!
ജീമൂതവാഹനൻതന്റെ ചരിത്രങ്ങൾ
സോമവംശശ്രേഷ്ഠ! കേട്ടീലയോ ഭവാൻ?
ശംഖചൂഡനു വേണ്ടീട്ടു തൻമൂത്തിയെ-
ശ്ശങ്കകൂടാതെ ഗരുഡനു നല്കിനാൻ;
അണ്ഡജാധീശന്റെ തുണ്ഡാഞ്ചലംകൊണ്ടു
ഖണ്ഡനത്തിങ്കലെട്ടുണ്ഡം സഹിച്ചവൻ
ജീമൂതവാഹനൻ ജീവിച്ചനന്തരം
ക്ഷേമം ജഗത്തിന്നനേകം വരുത്തിനാൻ.
മൂത്തിപ്രദാനേന കീത്തി ലഭിച്ചോരു
മാത്താണ്ഡതുല്യൻ മഹാസത്വസത്തമൻ;
എന്നതുകൊണ്ടു പറഞ്ഞു ഞാൻ നൈഷധ!

Digitized By Kerala Sahitya Akademi

ചന്ദ്രപ്രകാശയശസ്സു നേടീടണം.
കർത്തവ്യമാകും പരോപകാരത്തിങ്ക-
ലാർത്തിവൈമുഖ്യാദി യോഗ്യമല്ലേതുമേ.

തന്നുടെ കാര്യത്തിങ്കൽ ദീക്ഷിച്ചുവസിക്കുന്ന
ദുർന്നയന്മാരെച്ചെന്നു സേവിക്കുന്നവൻ ഭോഷൻ;
അന്യനിൽ കൃപയില്ലാതുള്ളവൻ ജനിക്കയാൽ
മന്നിടംതന്നിൽ ക്ഷയമെന്നതു ഭവിക്കുന്നു;
പർവ്വതങ്ങളും മരക്കൂട്ടവും ലതകളും
ദുർവ്വഹങ്ങളല്ലേതും ഭൂമിക്കെന്നറിക നീ;
ദീനമാനുഷന്മാരിൽ കാരുണ്യമില്ലാതൊരു
മാനുഷാധമന്മാരെദ്ധരിപ്പാൻ പാരം ദണ്ഡം.
എന്തിനു ജനിക്കുന്നു ദുർമ്മുഖന്മാരായുള്ള
ജന്തുക്കൾ നിരക്കവേ ഭൂമിക്കു ഭാരത്തിനോ?
തന്നുടെ ജനനംകൊണ്ടന്യനാമൊരുത്തന്റെ
ഉന്നതി വരുന്നാകിൽ ധന്യനശ്ശരീരവാൻ;
തന്നുടെയുദരത്തെപ്പൂരിപ്പാനേകാവിദൻ
മന്നിലില്ലൊരുത്തനുമെന്നതു ഗുണമല്ല.
കർമ്മവാക്കായങ്ങളാലന്യനെപ്പാലിക്കേണം
ധർമ്മമൊന്നതുതന്നെ പോരുമെന്നറിഞ്ഞാലും;
നിർമ്മലൻ നിരഞ്ജനൻ വിശ്വനായകൻ വിഷ്ണു
ധർമ്മമുള്ളവർകളിൽ പ്രീതനായ്വരും ദൃഢം;
വേണ്ടതു പരോപകാരാഗ്രഹം ശരീരിണാം
വേണ്ടുമതുകൊണ്ടു സാധിക്കും വനസ്പതേ!

Digitized By Kerala Sahitya Akademi

## അനുകമ്പ.

നിത്യമല്ലെടോ സുഖം ദുഃഖവും ജന്തുക്കൾക്കു:
ഏകന്റെ ശോകം കണ്ടാലന്യനു മനക്കാമ്പിൽ
ലൌകികത്തിനായിട്ടും കുത്സിതം ഭവിക്കേണം;
ആക്കിതു വരുമെന്നുമാക്കിതു വരായെന്നും
ഓൎക്കിലിന്നറിവതിനാരുമേ പോരാ ലോകേ.
ഖിന്നനെക്കണ്ടനേരം ധന്യനു കൃപ വേണം,
ധന്യനെക്കണ്ടനേരം ഖിന്നനും കൃപവേണം;
ഖിന്നനു കൃപാമൂലമെന്തെന്നു പറഞ്ഞീടാം
ഇന്നിമേലിവൻതാനും ദുഃഖിയാമെന്നോൎക്കയാൽ.
ഉന്നതന്നധോഗതി നിശ്ചയം ധരിക്ക നീ,
ഉന്നതി പുനരധോഭൂതനും ഭവിച്ചീടും;
ഓടുന്ന രഥത്തിന്റെ വണ്ടിയെന്നതുപോലെ
കൂടുന്നു ശരീരിണാമുച്ചനീചതങ്ങളും;
അന്യനെപ്പരിഹസിച്ചീടരുതെന്നുള്ളതു
മന്നിലിഗ്ഗുണജ്ഞന്മാർ പറഞ്ഞുകേട്ടീടുന്നു.

## സജ്ജനസംസൎഗ്ഗം.

ദുഃഖമാമിരുട്ടിനെപ്പെട്ടെന്നു സംഹരിപ്പാ-
നൎക്കനൊഷ്ഠരുമല്ലോ സജ്ജനസംസൎഗ്ഗവും.
സജ്ജനസംസൎഗ്ഗംകൊണ്ടെന്തൊന്നു സാധിക്കാത്തൂ
ദുൎജ്ജനങ്ങൾക്കുപോലും ബുദ്ധിക്കു ശുദ്ധിയുണ്ടാം.
ചമ്പകത്തിന്റെപുഷ്പംചേൎപ്പിടംതന്നിൽചെന്നാൽ
ഇമ്പമേ പരിമളമതിനുമുണ്ടാമല്ലോ.

Digitized By Kerala Sahitya Akademi

## കാലഭേദം.

കാലഭേദംകൊണ്ടു മാത്രമെന്നാകിലും
മാലിന്യമാനന്ദമൂർത്തികൾക്കും വരും.
രാഹുകേതുക്കൾ വന്നാക്രമിച്ചീടുന്നു
മോഹനീയാംഗനാം ചന്ദ്രനെജ്ജാതുചിൽ,
പങ്കജത്തിന്നും തുഷാരമെന്നുള്ളോരു
സങ്കടം സംഭവിക്കുന്നു കദാചന.

## രാജസേവ.

സേവകന്മാരും പിന്നെ ശപ്പാവിനു സമംതന്നേ
ഭാവവുമവസ്ഥയും ലാഭവും സുഖഃഖങ്ങളും.
ഭൂപനെപ്പേടിക്കേണം, ഭൂപൻെറ സചിവനെ
ഭൂപനെക്കാട്ടിൽ പേടിക്കേണമെന്നറികനീ;.
രാജപൂരുഷന്മാരെപ്പേടിച്ചു വിറയ്ക്കേണം,
രാജശാസനം കേൾപ്പാനെപ്പോഴും നടക്കേണം,
രാജാവു ചിരിക്കുമ്പോൾ കൂടവേ ചിരിക്കേണം,
രാജാവു തിരിക്കുമ്പോൾ കൂടവേ തിരിക്കേണം,
രാജാവങ്ങിരിക്കുമ്പോൾ സേവകൻ നില്പേയുള്ളൂ.
രാജാവു കോപിക്കുമ്പോൾ സേവകൻവിറയ്ക്കേണം
രാജപിണ്ഡത്തെക്കാംക്ഷിച്ചേറ്റവും ദുഃഖിക്കുന്നു
രാജസേവകന്മാരാം യന്ത്രപ്പാവകളെല്ലാം.

നള. കിളി.

---

Digitized By Kerala Sahitya Akademi

തന്റെ ബന്ധുക്കളെസ്സന്തതം രക്ഷിപ്പാനും
തന്റെ ശത്രുക്കളെയൊക്കവേ ശിക്ഷിപ്പാനും
ഉന്നതിവരേണമെന്നാഗ്രഹിച്ചല്ലോ ലോകേ
മന്നവന്മാരെച്ചെന്നു മാനുഷർ സേവിക്കുന്നു;
തന്റെ ജഠരത്തെപ്പൂരിക്കേ വേണ്ടുവെങ്കി-
ലന്യവസ്തുക്കൾ പലതുണ്ടേല്ലാ എളുപ്പത്തിൽ;
യാതൊരു പുമാനിഹ ജീവിച്ചുവസിക്കുമ്പോ-
ളാതുരന്മാരാം ബഹുജന്തുക്കൾ ജീവിക്കുന്നു
അപ്പുമാനത്രേ ഭൂമൌ കേവലം ജീവിക്കുന്നു,
സൽപുമാനവൻതന്നേ സാധുതാനവൻതന്നെ;
തക്കത്തിൽ തന്റെ ഭുക്തി മാത്രമേ വേണ്ടുവെങ്കിൽ
പക്ഷത്തിൽച്ചേറും തിന്നുകോവിച്ചാൽപോരേക്ഷണമോ?

ഒക്കവേ നിരൂപിച്ചാൽ ഭൂപതിസേവകൊണ്ടു
തൽക്കലത്രാണംതന്നേ സാദ്ധ്യമെന്നറിഞ്ഞാലും.

ഏവനെന്നാലുംപിന്നെസ്സന്നിധൌ സദാകാലം
സേവിച്ചുനില്ക്കുന്നോരിൽ സ്വാമിക്കുകൃപയുണ്ടാം;
വംശശുദ്ധിയുമില്ല, ബുദ്ധിയുമില്ല, കണ്ടാൽ
വക്ത്രത്തു തെല്ലുമില്ല, വിദ്യയുമൊന്നുമില്ല
അക്കണക്കുള്ള പുമാനെങ്കിലും തിരുമുമ്പിൽ
തക്കവുംനോക്കി മൂക്കിൽ വിരലുംതള്ളിനിന്നാൽ
മന്നവന്മാർക്കു പാരം പക്ഷമാമ്മറ്റും ക്രമാൽ
അന്യസേവകന്മാരിലഗ്രഗണ്യനാമവൻ;
പാർത്ഥിവന്മാരും പരസ്ത്രീകളും ലതകളും



Digitized By Kerala Sahitya Akademi

പാശ്ചപാസേവിയെപ്പാരം പാട്ടിലാക്കീടും ദൃഢം;
ഇന്ദ്രനോടൊക്കും സ്വാമി ചന്ദ്രനോടൊക്കും ഭവാ-
നെന്നെല്ലാം സ്തുതിച്ചുകൊണ്ടെപ്പോഴും പിരിയാതെ
സന്നിധൌ പാക്കുന്നവൻ പാൎത്ഥിവന്നഭിമതൻ
പിന്നെയെന്തഹോ ബഹുദുർഭഗനെന്നാകിലും

ഇന്നതു പ്രയോഗിച്ചാൽ കോപിക്കും നരപതി,
ഇന്നതു പ്രയോഗിച്ചാൽ മന്നവൻ പ്രസാദിക്കും,
എന്നുള്ള വിശേഷങ്ങൾ കണ്ടുകൊണ്ടു പാൎത്തിക്കേ
നിന്നു സേവിച്ചീടേണമെപ്പോഴുമിളകാതെ;
എന്നിയെ നിരസിച്ചുവെങ്കിലും കൂട്ടാക്കാതെ
പിന്നെയും ചുററിക്കൂടിപ്പിന്നാലെ നടക്കേണം;
ഇങ്ങനെ പലദിനം ചെയ്യുമ്പോൾ പ്രഭുക്കളും
തന്നുടെ വശത്തായിത്തീരുമെന്നതേവേണ്ടു.

മൂൎച്ഛയുള്ളൊരു ഖഡ്ഗം ലേഹനംചെയ്തീടാമോ,
മൂൎഖപ്പാമ്പിന്റെ മുഖം ചുംബനംചെയ്തീടാമോ,
സിംഹത്തെച്ചെന്നു പരിരംഭണംചെയ്തീടാമോ;
സിദ്ധമാമിതെങ്കിലും സിദ്ധിയാ നൃപാൎച്ചനം.

## അൎത്ഥപോഷണം.

അങ്ങനെ വേണംതാനം—, അൎത്ഥമുണ്ടായാലതു-
തങ്ങളേ യത്നംചെയ്തു വൎദ്ധിതമാക്കീടേണം;
മുന്നമേ ലഭിക്കാതുള്ളൎത്ഥങ്ങൾ ലഭിക്കേണം,
പിന്നെയും ലഭിച്ചതു സാദരം രക്ഷിക്കേണം,

Digitized By Kerala Sahitya Akademi

രക്ഷിതധനം പിന്നെസ്സന്തതം വർദ്ധിപ്പിച്ച
തൽക്ഷണം സൽപാത്രങ്ങൾക്കർപ്പണം ചെയ്തീടേണം;
രക്ഷണം ചെയ്തീലെന്നാൽ തൽക്ഷണം നശിച്ചീടും
ലക്ഷണമതിന്നു കർപ്പൂരമെന്നറിഞ്ഞാലും.
കർപ്പൂരം മുളകുമിട്ടങ്ങനേ സൂക്ഷിക്കാഞ്ഞാ-
ലെപ്പോഴെന്നറിയാതെ നാസ്തിയാമെന്നവേണ്ടു.
പെട്ടിയിൽധനംപൂട്ടിക്കെട്ടിയങ്ങിരിക്കയും
പട്ടിണിയിട്ടുകൊണ്ടു താനങ്ങു കിടക്കയും
(യക്ഷികൾക്കല്ലാതതു തോന്നുമോ കഷ്ടംകഷ്ടം
ചെട്ടികൾക്കതു ചിതമല്ലേടാ ബാലന്മാരേ!)
അർത്ഥമുണ്ടായാലതുകൊണ്ടനുഭവിക്കാഞ്ഞാ-
ലർത്ഥമുള്ളോനുമിരപ്പാളിയുമൊരുപോലെ;
ബുദ്ധിമാനായുള്ളോരു ധനവാൻ ധനങ്ങളിൽ
പത്തിനൊന്നർത്ഥികൾക്കു ദാനവുംചെയ്തീടേണം.
സൽക്കാരവ്യയംതന്നെ രക്ഷണം ദ്രവ്യത്തിനെ-
ന്നുൾക്കാമ്പിലെല്ലാവർക്കും ബോധമുണ്ടായീടേണം,
വട്ടമുള്ളോരു കുളമെങ്കിലും ജലം വന്നു-
കെട്ടിനിൽക്കുമ്പോൾ തീരം പൊട്ടിപ്പോമെന്നാലപ്പോൾ
ഓകവെച്ചതിൽക്കൂടെ വാർന്നുവാങ്ങിരുന്നാകിൽ
പോകയില്ലതിലുള്ള വെള്ളമെന്നറിയേണം.

## രാജാവും മന്ത്രിയും.

ഉന്നതനായുള്ളോരു മന്നവൻകഴുത്തിലും
മന്ത്രിതൻ കഴുത്തിലും പാദങ്ങൾ രണ്ടും വെച്ച
നില്ക്കുന്ന രാജ്യശ്രീതാനായവളൊരുത്തനെ

Digitized By Kerala Sahitya Akademi

തക്കത്തിലുപേക്ഷിക്കും സ്ത്രീസ്വഭാവത്തിൻമൂലം.
രണ്ടുപേർ പുരുഷന്മാരുണ്ടായാൽ വേശ്യാസ്ത്രീയും
രണ്ടുപേരിലും തുല്യസ്നേഹയായ്വരികില്ല;
ലോകസമ്മതം മഹാചാൎയ്യമുണ്ടാകയാ-
ലേകനെപ്പരിത്യജിച്ചന്യനെ സ്വീകരിക്കും.
രാജലക്ഷ്മിയും തഥാ മന്ത്രിയെ ത്യജിച്ചു ത-
ദ്രാജനെപ്പരിഗ്രഹിച്ചീടിനാളെന്നു വരും,
ഭൂപനെ ത്യജിച്ചു തന്മന്ത്രിയെബ്ഭജിച്ചെന്നും
ഭൂയസാ വരുമേവം കാണുന്നു പലേടവും;

ലോകങ്ങൾ വിചാരിപ്പാനൊന്നുമേ പ്രമാണമായ്
ഏകനെത്തന്നേ നൃപമന്ത്രിയായുറപ്പിച്ചാൽ
ആയവന്നുള്ളിലഹങ്കാരവും വൎദ്ധിച്ചീടും
കാൎയ്യങ്ങൾക്കുപേക്ഷയുമുണ്ടാകും ക്രമത്താലേ.
തന്നുടെ താന്തോന്നിത്തം മുഴുത്തു പതുക്കവേ
തന്നെ വൎദ്ധിപ്പിച്ചൊരു സ്വാമിയെ ദ്വേഷിച്ചീടും.

ദു ൎജ്ജ ന നി ന്ദ.

ദുൎജ്ജനങ്ങൾക്കു ബഹുസൽക്കാരം ചെയ്താകിലും
സജ്ജനസ്വഭാവമുണ്ടാകയില്ലറിഞ്ഞാലും;
എണ്ണതേപ്പിച്ചുപിടിച്ചുഴിഞ്ഞുബന്ധിച്ചാലും
പൊന്നാം ശ്വാവിൻെറ വാൽ വളഞ്ഞേനിൽപൂദൃഢം
ദുഷ്ടരാം ഖലന്മാരെ സ്തുതിച്ചു നന്നാക്കുവാൻ
ഒട്ടുമേയെളുതല്ല നല്ലൊരു വിദ്വാന്മാൎക്കും;
എപ്പോഴുമമൃതുകൊണ്ടാകവേ നനച്ചാലും
സൽഫലം പുറപ്പെടുവിച്ചീടുമോ വിഷദ്രുമം?

Digitized By Kerala Sahitya Akademi

പഞ്ചസാരയും തേനും ചേൎത്തു കുഴച്ചിട്ടു
കിഞ്ചനകാലം പരിപാലിച്ചു കിളപ്പിച്ച്;
എപ്പോഴും ക്ഷീരംകൊണ്ടു നനച്ചു വളൎത്താലും
വേപ്പിന്റെ കയ്പു ശമിച്ചീടുമോ ചിന്തിച്ചാലും.

ഖലദൂഷണം

സജ്ജനങ്ങൾക്കു ഗുണമേറെയുണ്ടെന്നാകിലും
ദുൎജ്ജനങ്ങളിൽ ചേൎന്നാലൊക്കവേ നശിച്ചുപോം
അഞ്ജനാചലേ ശശിരശ്മികൾ തട്ടുന്നേര-
മഞ്ജസാ കറുത്തുപോമെന്നതു ബോധിക്കണം.
നഷ്ടമാമുപകാരം ദുഷ്ടരിൽ ചെയ്യുന്നാകിൽ
നഷ്ടമാം സുഭാഷിതം ദുഷ്പാത്രങ്ങളിൽ ചേൎന്നാൽ;
ഓട്ടുപാത്രത്തിൽ ദധി പകൎന്നു വെച്ചാലതു
കൂട്ടുവാൻനന്നോ മഹാകുറ്റമാക്കധീശ്വര!
എത്രയും മഹാവനേ ചെന്നു രോദിക്കുമ്പോലെ,
ചത്തൊരു ശവത്തിനെക്കാപ്പിടുവിക്കുംപോലെ,
സാരസം പറിച്ചങ്ങു പറമ്പിൽ നടുംപോലെ,
ഓരുള്ള നിലങ്ങളിൽ മാരിപെയ്യുന്നപോലെ,
ശ്വാവിന്റെ പുച്ഛംചെമ്മെ നേരാക്കുന്നതുപോലെ,
കേവലം ബധിരനെപ്പാട്ടുകേൾപ്പിക്കുമ്പോലെ,
കണ്ണുകാണാതുള്ളവൻ കണ്ണാടി നോക്കുമ്പോലെ,
കൈകുറുതായുള്ളവൻ കങ്കണം പോടുംപോലെ
ബുദ്ധിയുമൌദാൎയ്യവും വിദ്യയുമില്ലാതോരു
ലുബ്ധനെസ്സേവിക്കുന്ന ഭോഷന്റെ വിചേഷ്ടിതം.

Digitized By Kerala Sahitya Akademi

അന്തിക്ക വിടരുന്ന പിച്ചകപ്പൂവും പിന്നെ
ചന്തത്തിൽ കുരുമൊഴിമുല്ലയും കൈതപ്പൂവും
പങ്കജങ്ങളുമിത്ഥം സന്മധുപുഷ്പങ്ങളെ-
ശ്ശങ്കകൂടാതെ വെടിഞ്ഞീടിന ഭൃംഗങ്ങളും
മത്തവാരണത്തിന്റെ ഗണ്ഡത്തിൽ മദജലം
മെത്തെയുണ്ടെന്നു മോഹിച്ചൊക്കവേ കൂടെച്ചെന്നു
തത്ര മേവുമ്പോൾ കർണ്ണതാഡനം കൊണ്ടു
ചത്തുപോകല്ലാതൊരു ലാഭമില്ലവൎക്കെടോ!
എന്നതുപോലെ ഖലന്മാരുടെ മുമ്പിൽ ചെന്നാൽ
തന്നുടെ പ്രാണങ്ങൾക്കും ഹാനിയുണ്ടാകും ദൃഢം.

## സാമമഹിമ.

സാമവും ദാനം ഭേദം ദണ്ഡമെന്നിവനാലിൽ
സാമമെന്നതേ സമാരംഭിച്ചീടാവൂ സഖേ!
സാമത്തെ പ്രയോഗിച്ചാലൊക്കവേ സാധിച്ചീടും
കാമത്തിന്നനുകൂലം കാൎയ്യവും സാധിച്ചീടും;
ദാനഭേദാദി മൂന്നുമെങ്ങുമേ ചിതംവരാ
മാനസംഖ്യാനംചെയ്വാൻ മാത്രമേ കൊള്ളിക്കാവൂ;
സൂൎയ്യരശ്മികൾകൊണ്ടും പാവകപ്രഭകൊണ്ടും
സൂൎയ്യകാന്താദിമണിശ്രേണിതേജസ്സുകൊണ്ടും
വൈരമാമന്ധകാരം ശമിക്കയില്ല ദൃഢം,
സാരമാം സാമംകൊണ്ടേ ശമിപ്പൂ ദമനക!

## ഗുണദോഷവൈലക്ഷണ്യം.

ക്രൌൎയ്യവും മനക്കാമ്പിൽ കാരുണ്യമില്ലാത്തയും
വൈരവും വധങ്ങളും കൈതവപ്രയോഗവും

Digitized By Kerala Sahitya Akademi

ഭീഷണം മററുള്ളോരു മനുഷ്യർക്കുതന്നെ
ഭീഷണം ഭൂപാലന്മാർക്കെന്നിഹ കേട്ടീടുന്നു.
സത്യമുണ്ടെന്നും തോന്നും വ്യാജമുണ്ടെന്നും തോന്നും
കൃത്യമുണ്ടെന്നും തോന്നുമകൃത്യമെന്നും തോന്നും
ലോഭമുണ്ടെന്നും തോന്നും മൌഢ്യമുണ്ടെന്നും തോന്നും
ലാഭമുണ്ടെന്നും തോന്നും ചേതമുണ്ടെന്നും തോന്നും
മന്നവന്മാർക്കും വേശ്യാസ്ത്രീകൾക്കുമൊരുപോലെ
തന്നുടെ ഭാവം തനിക്കൊത്തതുപോലെ തോന്നും.

## മിത്രപ്രശംസ.

വിത്തമില്ലെങ്കിലും വിദ്യയില്ലെങ്കിലും
ചിത്തത്തിലന്യോന്യബന്ധുത്വമുള്ളോരു
സത്തുകൾക്കെന്തും സമസ്തകാര്യങ്ങളും
വസ്തുഭേദം ജാതിഭേദവുമില്ലെടോ!
ദൈവാനുകൂല്യന സഖ്യം തുടങ്ങിയാൽ
ജീവാവസാനാന്തമല്ലോ മഹാത്മനാം.

മാന്യസുഹൃല്ലാഭസമ്പത്തിനെയൊഴി-
ച്ചന്യസമ്പത്തു സമ്പത്തായ്വരുന്നിതോ?

ബന്ധുക്കളോടു വേർപെട്ടാൽ മനസ്സുമ-
ങ്ങന്ധമായീടും വിഷാദമാമംബുധൌ
മജ്ജനംചെയ്യും മമതാഭമേറീടുന്ന
സജ്ജനത്തിൻെറ സ്വഭാവമേവം സഖേ!

ബന്ധുവെന്നിങ്ങനെ രണ്ടക്ഷരം ജഗൽ-
ബന്ധുവാം സ്രഷ്ടാവു കല്പിച്ചതല്ലയോ?

Digitized By Kerala Sahitya Akademi

പുത്രൻ സഹോദരൻ മാതാപിതാക്കൾ ക-
ളത്രവും ഭൃത്യനമാപത്സമാഗമേ
മിത്രങ്ങളെപ്പോലുപകരിക്കില്ലതു
സത്യമെന്നോർക്ക പുരാണസാരങ്ങളിൽ.
മിത്രൻെറ പുത്രനാം സുഗ്രീവവാനരൻ
മിത്രഭാവേന വർത്തിക്കകൊണ്ടല്ലയോ
മിത്രവംശോത്ഭവൻ ശ്രീരാമഭദ്രനും
വൃത്രാരിവൈരിയാം രാത്രിഞ്ചരേന്ദ്രൻെറ
വക്ത്രങ്ങൾ പത്തും ശരംകൊണ്ടു ഖണ്ഡിച്ചു
ധാത്രീതലത്തിങ്കലിട്ടുരുട്ടിത്തദാ
പത്രികൾക്കാഹാരമാക്കിച്ചമച്ചു ജ-
ഗത്രയത്രാണവും ചെയ്തിതു രാഘവൻ.

## കൂടാതെ കഴികയില്ല

വൃഷ്ടിയില്ലാഞ്ഞാൽ നദികളും വററീടും,
ഇഷ്ടിയില്ലാഞ്ഞാൽ ദ്വിജന്മാരിളപ്പെടും,
തുഷ്ടിയില്ലാഞ്ഞാൽ മനുഷ്യൻ മഹാജളൻ,
കൃഷ്ടിയില്ലാഞ്ഞാൽ വിളവു കുറഞ്ഞുപോം,
യഷ്ടിയില്ലാഞ്ഞാൽ നടക്കുമോ വൃദ്ധരും,
സൃഷ്ടിയില്ലാഞ്ഞാൽ പ്രജകളുണ്ടാകുമോ?
പട്ടിയില്ലാഞ്ഞാൽ ഗൃഹത്തിന്നുറപ്പില്ല,
ചെട്ടിയില്ലാഞ്ഞാൽ മുഴക്കുമോ വാണിഭം,
കട്ടിയില്ലാഞ്ഞാൽ പശുക്കൾ കറക്കുമോ,
ചട്ടിയില്ലാഞ്ഞാൽ ദരിദ്രൻ പചിക്കുമോ?

Digitized By Kerala Sahitya Akademi

## അൎത്ഥപ്രശംസ.

അൎത്ഥമുണ്ടെങ്കിൽ സമസ്തജന്തുക്കൾ സ-
മൎത്ഥരായീടുമതില്ലാത്ത പൂരുഷൻ
വ്യൎത്ഥം ശരീരം വഹിക്കുന്നു സൎവ്വം നി-
രൎത്ഥമജ്ജീവന്റെ ജീവസാധാരണം.

ദ്രവ്യമുണ്ടെങ്കിലേ ബന്ധുക്കളുണ്ടാവൂ
ദ്രവ്യമില്ലാത്തവന്നാരുമില്ലാ ഗതി;
ഭവ്യനെന്നാകിലും ദിവ്യനെന്നാകിലും
ദ്രവ്യമില്ലാഞ്ഞാൽ തരംകെടും നിൎണ്ണയം.

## യാചനദൂഷണം.

പൊയ്യല്ലിരപ്പാളിയായാൽ മഹാകഷ്ടം,
അയ്യോ മരിച്ചെങ്കിലാപത്തൊഴിഞ്ഞിതു.
കയ്യും പരത്തിപ്പിടിച്ചങ്ങു യാചനം
ചെയ്യുന്ന ദീനതാഭാവമോൎത്താൽ ജ്വലിക്കുന്ന
തീയിൽ പതിച്ചു ശരീരം ദഹിപ്പിക്കു-
മീയൻകുലത്തിൽ പിറക്കതന്നേ ശുഭം.
ദേഹിയെന്നക്ഷരം ചൊല്ലും ജനത്തിന്റെ
ദേഹത്തിൽനിന്നു മാറും മഹാലക്ഷ്മിയും.

## നാടുവിട്ടുപോകുന്ന നൃപൻ.

തന്നുടെ രാജ്യംവെടിഞ്ഞന്യദിക്കിനു പോകും
മന്നവന്മാരും പിന്നെ ശ്വാക്കളുമൊരുപോലെ;

Digitized By Kerala Sahitya Akademi

നാട്ടിലങ്ങിരിക്കുമ്പോൾ നല്ലവൻതാനും മറു-
നാട്ടിലായ്വരുന്നേരമെല്ലാൎക്കും പരിഹാസം
കൈക്കലുള്ളതു വിററുതിന്നൊക്കെ വകയാക്കി
ദുശ്ലടസ്ഥലങ്ങളിൽ ദുഃഖിച്ചു തനിക്കൊരു
ചെക്കനുംകൂടിച്ചോൽക്കീഴില്ലാതായ്വരും ക്രമാൽ·
അക്കണക്കാകും നാടുവിട്ടുപോകുന്ന നൃപൻ.

തന്നുടേ പ്രജകളും രാജ്യവും നഗരവു-
മെന്നുള്ള പദാൎത്ഥങ്ങളൊന്നുമേ ചിന്തിക്കാതെ
മാററാനെക്കണ്ടപ്പോഴേ മണ്ടിയങ്ങൊളിച്ചഹോ
മറെറാരു ദിക്കിൽപ്പോകും മന്നവന്മാൎക്കു പിന്നെ
തങ്ങടെ നാട്ടിൽ വന്നു വസിപ്പാൻ താനുള്ളന്നും
സംഗതി വരികയില്ലെന്നതു ബോധിക്കേണം.

## മന്ത്രഗോപനം.

മന്ത്രഗോപനത്തോളമാവശ്യം മററില്ലെന്നു
മന്ത്രിപുംഗവന്മാരും സ്വാമിയും ബോധിക്കേണം;
കുംഭങ്ങൾ പിളൎക്കുമ്പോളായതിന്നകത്തുള്ളൊ-
രംഭസ്സു ചോൎന്നു ചോൎന്നു നാസ്തിയായ്വരുമല്ലോ;
കേവലം ചാൎച്ചക്കാരെഗ്ഗൂഢമായുള്ള മന്ത്രം
കേൾപ്പിച്ചുതുടങ്ങിയാൽ മന്ത്രഭംഗവും വരും;
ചേൎച്ചക്കാർ പലരുണ്ടാമായവൎകൾക്കും ചില
ചാൎച്ചക്കാരവരുടെ വേഴ്ചക്കാരൊരുകൂട്ടം
ചേൎച്ചക്കാരവൎക്കുള്ള ചാൎച്ചക്കാരവരുടെ
വേഴ്ചക്കാരെന്നുവേണ്ട കേട്ടുകേട്ടൊരുപോലെ

Digitized By Kerala Sahitya Akademi

ഗ്രന്ഥസംസാരം നാട്ടിലൊക്കവെ വെളിവായാൽ
കൂടലർകുലം ബലപ്പെട്ടുപോമതുമൂലം.

## മന്ത്രാംഗങ്ങൾ.

സന്ധി വിഗ്രഹം യാനമാസനം ദ്വൈധീഭാവ-
മാശ്രയം—നയങ്ങളിച്ചൊന്നതു നാലും രണ്ടും.
സാരമാം മന്ത്രത്തിന്നുമംഗങ്ങളഞ്ചാകുന്നു
കാൎയ്യമാരംഭിപ്പാനുള്ളുപായം പ്രഥമാംഗം;
വിത്തവും പുരുഷകാരങ്ങളും സമ്പ്രാപിപ്പാൻ
ഉത്തമം വിചാരമെന്നുള്ളതു രണ്ടാമംഗം,
ദേശകാലങ്ങൾ വിചാരിപ്പതു മൂന്നാമംഗം,
നാശത്തിൻ പ്രതിക്രിയാചിന്തനം നാലാമംഗം,
കാൎയ്യസാദ്ധ്യത്തെക്കുറിച്ചുദ്യോഗമഞ്ചാമംഗം
കാൎയ്യസാരജ്ഞന്മാർ പണ്ടിങ്ങനേ പറയുന്നു.

## മന്ത്രച്ഛിദ്രം.

ധീരന്മാരായുള്ളോരു മേദിനീപാലന്മാൎക്ക
ചാരന്മാർ കണ്ണാകുന്നു, ദൂതന്മാർ വദനവും,
മന്ത്രമെന്നതു ചട്ട, ബുദ്ധിതാനസ്ത്രങ്ങളും,
മന്ത്രികളകമ്പടികൂട്ടവാൻമാത്രം കൊള്ളാം.
ജൃംഭിച്ചു മേവും രിപുശ്രീയാകും ഭുജംഗിയെ
സ്തംഭിപ്പിപ്പതിന്നൊരു മന്ത്രമാകുന്നു മന്ത്രം.
അങ്ങനെയുള്ള മന്ത്രം ഛിദ്രിച്ചുപോയെന്നാകി-
ലെങ്ങുമേ നിലനില്പാൻ കെല്പുമില്ലാതാകുന്നു.

Digitized By Kerala Sahitya Akademi

## നൃപന്മാർമൂന്നുവിധം.

സ്വായത്തസിദ്ധി, സചിവായത്തസിദ്ധി, യുഭ-
യായത്തസിദ്ധിയെന്ന ത്രിവിധനൃപന്മാരിൽ
താനേതന്നെ കാൎയ്യമെല്ലാം ചെയ്യുന്നോനാദ്യൻ നൃപൻ,
മന്ത്രിയെത്തന്നെ കല്പിച്ചാക്കുന്നോൻ രണ്ടാം നൃപൻ,
താനുമസ്സചിവനും കൂടവെ വിചാരിച്ച്
സ്ഥാനങ്ങൾ നടത്തുന്ന മന്നവൻ മൂന്നാം നൃപൻ;
മന്നവന്തന്റെ പാട്ടിലേതൊരു കാൎയ്യത്തിനും
തന്നുടെ സചിവന്മാർ നിൽക്കുമെന്നാകിൽ ഗുണം.

## വാക്പാരുഷ്യം.

അമ്പുകൊണ്ടുള്ള വ്രണം കാലത്താൽ നികന്നീടും,
കൊമ്പുകൾ കണ്ടിച്ചാലും പാദപം കിളൎത്തീടും,
കാട്ടുതീ വെന്താൽ വനം പിന്നെയും തെഴുത്തീടും,
കേട്ടുകൂടാത്ത വാക്കാമായുധം പ്രയോഗിച്ചാൽ
കൎണ്ണങ്ങൾക്കകംപുക്കു പുണ്ണായാലതു പിന്നെ
പൂൎണ്ണമായ് ശമിക്കയില്ലൊട്ടുനാൾ ചെന്നാൽപോലും

## സ്വാൎത്ഥപാരവശ്യം.

തന്നുടെ കാൎയ്യം ലഭിക്കേണമെന്നിച്ഛിക്കുന്നോ-
ൎക്കിന്നതേ ചെയ്തീടാവൂ കാൎയ്യമെന്നുണ്ടാകുമോ?
ഭാരവും ചുമന്നുകൊണ്ടോടുന്നു ശരീരികൾ,
വാരിധി കടക്കുന്നു കപ്പലിലൂടെ ചിലർ,

Digitized By Kerala Sahitya Akademi

നീചരെച്ചെന്നു വന്ദിച്ചീടുന്നു മഹാജനം,
യാചനംചെയ്തു പൊറുത്തീടുന്നു ചില ജനം,
ഭോഷ്കുകൾ പറഞ്ഞു ജീവിക്കുന്നു പലജനം,
മൌഷ്ട്യംകൊണ്ടു ചിലർ വാസരം കഴിക്കുന്നു.

<u>അല്പനല്പം മതി.</u>

സ്വല്പബുദ്ധിയായുള്ള മാനുഷൻ മഹാദീനൻ
സ്വല്പലാഭത്തെക്കൊണ്ടു തൽക്ഷണം പ്രസാദിക്കും;
അല്പമാം ജലാധാരം പൂരിപ്പാൻ മഴത്തുള്ളി
സ്വല്പമുണ്ടായാൽ പോരുമായതു നിറഞ്ഞീടും;
മൂഷികൻതന്റെ കൊച്ചു കൈരണ്ടും ജലംകൊണ്ടു
തൃഷിതമാക്കീടുവാനെത്ര പാനീയം വേണം?

<u>എന്താ ഭേദം?</u>

കൃത്യവു മകൃത്യ വും ധർമ്മവുമധർമ്മവും
നിത്യവുമനിത്യവും സത്യവുമസത്യവും
ഇത്തരമുള്ളതിലൊന്നും ചെറുതുമേ ഗ്രഹിക്കാത
മർത്ത്യനും പശുക്കളുമേതുമേ ഭേദം നാസ്തി;
എപ്പൊഴുമാഹാരവുമപ്പൊഴേ നീഹാരവും
തൽപരമുറക്കവും മൈഥുനവ്യാപാരവും
ഇപ്പറഞ്ഞതു നാലുമൊക്കവേ പശുക്കൾക്കും
സ്വല്പബുദ്ധിയാം പുരുഷാധമന്മാർക്കും തുല്യം.

<u>ഉയർച്ചയും വീഴ്ചയും.</u>

ഉന്നതി വരുത്തുവാനെത്രയും പരാധീനം,
പിന്നെയങ്ങധോഗതിക്കെത്രയുമെളുപ്പമാം;

Digitized By Kerala Sahitya Akademi

എത്രയും കനത്തോരു കല്ലുകളുരുട്ടിക്കൊ-
ണ്ടദ്രിതൻ മുകൾപ്പാട്ടിലെത്തുവാൻ പാരം ദണ്ഡം;
ആയതു കീഴ്പോട്ടുക്ക ചാടിപ്പാനെളുപ്പമാം
ആയാസം ചെറ്റും വേണ്ടാ താഴത്തുവന്നേ നിൽപ്പൂ.

## പരേംഗിതജ്ഞാനം.

ചൊല്ലുന്ന വാക്ക കേട്ട ഗോക്കളും പ്രവൃത്തിക്കും
തല്ലു പേടിച്ചു മരം വലിക്കും ഗജങ്ങളും.
വല്ലതും കെട്ടിപ്പുറത്തേറ്റിയാൽ കഴുതയും
കല്ലിലും പേറിക്കൊണ്ടു മണ്ടുമെന്നതേ വേണ്ടു.
ചൊല്ലുകൂടാതെതന്നേ മൎത്ത്യന്റെ മനോഗതം
തെല്ലുമേ തെറ്റീടാതെ ബോധിക്കും മഹാജനം;
അന്യചിത്താഭിപ്രായം ഗ്രഹിപ്പാനല്ലോ മൎത്ത്യൻ
തന്നുടെയുള്ളിൽ ബുദ്ധിസാരത്തെ വഹിക്കുന്നു.

## മൎത്ത്യന്മാർ മൂന്നുവിധം.

ഉത്തമനധമനും മദ്ധ്യമനെന്നീവണ്ണം
മൎത്ത്യന്മാർ മൂന്നുവിധമുണ്ടെന്നു ബോധിക്കേണം.
എന്നതിലധമന്മാർ വിഘ്നത്തിൽ ഭയംകൊണ്ടു
ഒന്നുമേ തുടങ്ങാതെ സ്വസ്ഥരായിരുന്നീടും;
മദ്ധ്യമൻ പിന്നെക്കാൎയ്യം തുടങ്ങും, മുടങ്ങുമ്പോൾ
ബുദ്ധിയുംകെട്ടു പാരം മടങ്ങിയടങ്ങീടും;
ഉത്തമൻ മദ്ധ്യേമദ്ധ്യേ മുടക്കം വന്നെങ്കിലും
സിദ്ധമാവോളം കാൎയ്യം കൈവിടുകയുമില്ല.

Digitized By Kerala Sahitya Akademi

അടുക്കുന്തോറും മടുക്കാറാകും.

വൻകടൽക്കരെച്ചെന്നു നില്ക്കുമ്പോൾ ശിവശിവ!
സങ്കടമിതിലിറങ്ങീടുവാനെന്നു തോന്നും;
ഒട്ടുനാളിറങ്ങിയും മുങ്ങിയും തിരവന്നു
തട്ടിയിട്ടലഞ്ഞുമിങ്ങൊട്ടേടം ചെന്നും പോന്നും
പെട്ടെന്നു പരിചയിച്ചീടിനാലൊരു വഴി
കിട്ടുമങ്ങതിൽ നീന്തി ക്രീഡിച്ചു മേവീടുവാൻ.

ചേരേണ്ട പടിചേർക്കണം.

കങ്കണം കരങ്ങളിൽ, കുണ്ഡലം കർണ്ണങ്ങളിൽ,
കാഞ്ചികൾ കടിതടേ, ഹാരങ്ങൾ വക്ഷസ്ഥലേ,
ഇങ്ങനേ തങ്ങൾക്കുള്ള ഭൂഷണസ്ഥലങ്ങളിൽ
ഭംഗിയിൽ ചേർത്തെങ്കിലേ ഭൂഷണം ശോഭിച്ചീടു.
കണ്ഠത്തിലരഞ്ഞാണം, കങ്കണം കർണ്ണങ്ങളിൽ
കൊണ്ടുപോയ്ക്കെട്ടിത്തൂക്കിക്കൊണ്ടങ്ങു പുറപ്പെട്ടാൽ
കണ്ടവർ കരംകൊട്ടിക്കൊണ്ടുടൻ ചിരിച്ചീടും,
തണ്ടുതപ്പിയെന്നൊരു നാമവും ലഭിച്ചീടും.

മെച്ചമേ സുവർണ്ണത്തിൽ ചേർക്കേണ്ടും മഹാരത്നം
പിച്ചളപ്പാത്രക്കത്തിൽ ചേർക്കുന്ന പുരുഷനെ
സജ്ജനംതന്നെയല്ലാ ദുർജ്ജനങ്ങളുംക്കൂടെ-
ത്തർജ്ജിക്കും, തത്സമ്പർക്കം വർജ്ജിക്കുമെല്ലാവരും.

ശസ്ത്രവും കുതിരയും ശാസ്ത്രവും വീണാ വാണി
ക്ഷാത്രവും നരന്മാരും നാരിയുമിവയെട്ടും

Digitized By Kerala Sahitya Akademi

സജ്ജനത്തോടുചേൎന്നാലെത്രയും പ്രകാശിക്കും,
ദുൎജ്ജനത്തോടുചേൎന്നാലെത്രയുമിളപ്പെടും.

## ഭൃത്യധൎമ്മം.

ബുദ്ധിയും വിവേകവും വീൎയ്യവും പ്രഭുക്കളിൽ
ഭക്തിയുമുള്ള ഭൃത്യൻ സ്വാമിയെ നികത്തീടും.
ശക്തിയില്ലാതുള്ളോന്റെ ഭക്തി നിഷ്ഫലം ദൃഢം
ശക്തിയുണ്ടൊരുത്തന്നു ഭക്തിയില്ലാഞ്ഞാൽനന്നോ?
ശക്തിയും നല്ല സ്വാമിഭക്തിയും തികഞ്ഞൊരു
ഭൃത്യനുണ്ടെന്നാകിലേ വൎദ്ധിപ്പൂ മഹീപതി.
ശക്തിയുമില്ല സ്വാമിഭക്തിയുമില്ലാത്തോൎക്കു
ഭുക്തിനൽകീടും നൃപനെത്രയുമവിവേകി;
ആയവൻഭുജിക്കുന്നോരോദനമെല്ലാമൊരു
നായിനുകൊടുത്തെങ്കിലായതു പാഴായ്പോകാ.

## ആർ ആർ?

സങ്കടേ രക്ഷിക്കുന്ന മാനുഷനല്ലോ ബന്ധു,
സങ്കടം കൂടാതനുഷ്ഠിക്കുന്നതല്ലോ കൎമ്മം,
ഭൎത്തൃശുശ്രൂഷചെയ്യുമേവുന്നോളല്ലോ നാരി,
സത്തുക്കൾ ബഹുമാനിക്കുന്നവനല്ലോ വിദ്വാൻ;
ദുൎമ്മദം ജനിപ്പിച്ചീലെങ്കിലേ ശ്രീയായുള്ളൂ,
ദുൎമ്മോഹമില്ലാത്തവനെങ്കിലേ സുഖിയാവൂ,
എങ്ങുമേ തടവില്ലെന്നാകിലേ മന്ത്രം നല്ലൂ,
ഇന്ദ്രിയ വിഷയഭ്രാന്തില്ലെന്നേ പുമാൻ നല്ലൂ.

Digitized By Kerala Sahitya Akademi

## ദുഷ്ടസമ്പക്കം.

ചന്ദനദ്രുമങ്ങളിൽ സപ്പങ്ങൾ വന്നുകൂടും,
ചാരുവാം നീരാഴിയിൽ നക്രങ്ങൾ വന്നുകൂടും,
നല്ല വേശ്യാസ്ത്രീകളിൽ മൂഢന്മാർ ചെന്നുകൂടും,
നല്ല രാജാക്കന്മാരിൽ ദുമ്മന്ത്രി ചേൎന്നുകൂടും;
ഇങ്ങനേ ഗുണമുള്ള വസ്തുകൊണ്ടെന്നുവേ-
മെങ്ങുമേ വരത്തില്ലാ ദുഷ്ടസമ്പക്കംമൂലം.

## ദുഷ്ടചേഷ്ടിതം.

ധൂൎത്തനായുള്ള പുമാൻ പാന്ഥന്മാർ വരുന്നേരം
പാത്തിരിയാതങ്ങൊരു പടിക്കൽ ചെന്നുനിൽക്കും,
ചെന്നുടൻ കൈക്കുപിടിച്ചാശ്ലേഷംചെയ്തു കണ്ണിൽ
നിന്നങ്ങു ഹഷാശ്രുക്കൾ പൊഴിക്കും മഹാകള്ളൻ,
സാദരം കുശലപ്രശ്നങ്ങളും ചോദിക്കും താ-
നോദനമൊരു വറ്റൊന്നാകിലും കൊടുക്കാതെ
വല്ലതുമൊരു കള്ളംപറഞ്ഞു കബളിച്ചു
മെല്ലവേയുൽഘ്ടമാക്കിയയയ്ക്കും ദുമ്മാനുഷൻ.

## ആത്മരക്ഷ.

എത്രയും വിശക്കുമ്പോൾ പെററ മാതാവുതന്നെ
പുത്രനെക്കൊന്നു തൻെറ പ്രാണനെ രക്ഷിക്കുന്നു,
മുട്ടുമ്പോൾ സപ്പസ്ത്രീയും താൻ പ്രസവിച്ചുള്ളൊരു
മുട്ടകളൊട്ടും മടി കൂടാതെ ഭക്ഷിക്കുന്നു;
തന്നുടെ ജഠരത്തെ രക്ഷിപ്പാൻ ശരീരികൾ-
ക്കിന്നതേ ചെയ്യാവുവെന്നില്ലെടോ കാൎയ്യക്കാരേ!



Digitized By Kerala Sahitya Akademi

ഏകനെ ത്യജിച്ചിട്ടും കുലത്തെ രക്ഷിക്കണം,
ആകുലമെന്യേ കുലം ത്യജിക്കാം ഗ്രാമസ്യാത്ഥം,
ഗ്രാമത്തെ ത്യജിച്ചീടാം രാജ്യരക്ഷണം ചെയ്യാൻ,
ഭൂമിയെ ത്യജിച്ചീടാമാത്മരക്ഷണം ചെയ്യാൻ.

പുരുഷാധമന്മാർ.

ശാഠ്യത്തെ വിടാതെകണ്ടുള്ളോരു സൌഹാർദ്ദവും,
മൌഢ്യം വേർവിടാതെകണ്ടുള്ളോരു ധർമ്മങ്ങളും,
ലോകരെ ദ്വേഷിച്ചുകൊണ്ടുണ്ടാകും ധനങ്ങളും,
ലൌകികം കൂടാതുള്ള സാധുസൽകാരങ്ങളും,
നിത്യവും സുഖിച്ചിരുന്നുള്ള വിദ്യാഭ്യാസവും,
ചിത്തപാരുഷ്യത്തോടെ കാമിനീസംസർഗ്ഗവും
ഇച്ഛിക്കും പുരുഷന്മാരെത്രയുമധമന്മാർ
തുച്ഛബുദ്ധികളവരെന്നു ബോധിക്ക ഭവാൻ.

സുപ്രസൂ.

തന്നുടെ ബുദ്ധികൊണ്ടും തന്നുടെ ശക്തികൊണ്ടും
തന്നുടെ ദ്രവ്യംകൊണ്ടും തന്നുടെ ധർമ്മംകൊണ്ടും
ഗോത്രത്തെ രക്ഷിക്കുന്നതേതൊരു പുമാനവൻ
പുത്രനായ്വരും മാതാവല്ലയോ മാതാവെടോ!

ഏഴു ശല്യങ്ങൾ.

ചാരുത്വംവിനാ പകൽ കാണുന്ന ശശാങ്കനും,
താരുണ്യം പോയിവളന്നീടുന്ന കൃശാംഗിയും,
താമരപ്പൂവില്ലാത്ത പൊയ്കയും, കണ്ടാൽ നല്ല,

Digitized By Kerala Sahitya Akademi

കാമമെന്നതില്ലാതുള്ളോരു മൂഢനാം പുരുഷനും,
പാരിലെ ദ്രവ്യമെല്ലാം മോഹിക്കും നരേന്ദ്രനും,
ദാരിദ്ര്യം മുഴുത്തുള്ള സജ്ജനങ്ങളും, തഥാ
മന്നവന്മാരിൽ ചേർന്നുനിൽക്കുന്ന ദുർമ്മന്ത്രിയും
എന്നിവ നമുക്കേഴു ശല്യങ്ങൾ മനക്കാമ്പിൽ.

## കാലംപോലെ കർമ്മഫലം.

ആപത്തുവരുന്നേരമാകുലതാപവും വേണ്ടാ
സമ്പത്തു വരുന്നേരം സമ്പ്രഹർഷവും വേണ്ടാ
ക്രോധവും ദുർബ്ബോധവും ലോഭവും ദുർമ്മോഹവും
രോധവും വിവാദവുമീവിധങ്ങളും വേണ്ടാ
സർവ്വവും ക്ഷമിച്ചുകൊണ്ടിരുന്നു പതുക്കവേ
ദുർവ്വിധം നീക്കിക്കാലം സാധുവായ് വരുന്നേരം
സർവ്വകർമ്മങ്ങളെല്ലാം ഫലിക്കും ധീരന്മാർക്കു
സർവ്വസമ്പത്തും തന്റെ ഹസ്തത്തിൽ വരുമപ്പോൾ.

## പൌരുഷം.

തന്നുടെ ബലത്തിനും പൌരുഷത്തിനും താഴ്ച
വന്നുപോകാതെതന്നെ വല്ലതും സാധിക്കേണം;
ഭുക്തിമാത്രമെയല്ല മാനികൾക്കഭിപ്രായം
ശക്തി കാട്ടുന്നമെന്നേയവർക്കും തൃപ്തിയുള്ളൂ.

...

തനിച്ചു സിംഹങ്ങൾക്കു തന്നുടെ മുമ്പിൽ വരും
തടിച്ചു ക്രോഷ്ടാക്കളെ വധിപ്പാൻ മോഹമില്ല

Digitized By Kerala Sahitya Akademi

മദിച്ച കൊലയാനക്കൊമ്പനോടമർചെയ്തു
വധിച്ചു കടുംചോര കുടിച്ചേ തൃപ്തിയുള്ളൂ.

... ...

പട്ടിയങ്ങുരുളയുംകൊണ്ടു ചെല്ലുമ്പോളവൻ
കാട്ടുന്ന ഗോഷ്ടികണ്ടാലെത്രയും ചിരിയാകും;
വട്ടത്തിലോടും പിന്നെ വാലങ്ങു വിറപ്പിക്കും
മുട്ടുകൾ കുത്തിക്കുനിഞ്ഞൂഴിയിൽ പററിത്താഴും
പെട്ടെന്നു ദാതാവിൻെറ വക്ത്രവുമുദരവും
ഒട്ടൊട്ടു നോക്കിച്ചില ശബ്ദങ്ങൾ പുറപ്പെടീ-
ച്ചിങ്ങനെ വികൃതികൾ കാട്ടാതെ ഭക്ഷിപ്പാൻതൻ
ചങ്ങാതിക്കൊരുനാളും സംഗതി വരത്തില്ല.
കുംഭിരാജനു തിന്മാൻ വാസ്തുതും കൊടുത്തെന്നാൽ
സംഭ്രമംകൂടാതവൻ മേടിച്ചു ഭക്ഷിച്ചീടും
ഗംഭീരവിലോകനഭാവവും ഭയങ്കരം
വമ്പനാം പുരുഷൻെറ ഭാവമിങ്ങനെ വേണ്ടു.
തന്നുടെ വിദ്യകൊണ്ടും തന്നുടെ ശൌര്യംകൊണ്ടും
തന്നുദരത്തെപ്പൂരിക്കുന്നവൻ മഹാധന്യൻ;
ശ്വാവിനെപ്പോലേ കിഴിഞ്ഞാശ്രയിച്ചുണ്ണുന്നവൻ
കേവലം കൃമിപ്രായമെന്നാതേ ചൊൽവാനുള്ളൂ.

ப. ത.

---

## ബുദ്ധി.

ബുദ്ധിയുണ്ടെന്നാകിലേ വാക്കുകൾ ഫലിച്ചീടു,
ശക്തിയാകുന്നതെല്ലാം ബുദ്ധിയെന്നറിഞ്ഞാലും.
ബുദ്ധിതാനൊന്നുതന്നെ സർവ്വവും ജയിക്കുന്നു

Digitized By Kerala Sahitya Akademi

ബുദ്ധിയുള്ളവർകൾക്കു സാദ്ധ്യമല്ലാതെയൊന്നു-
മിത്രിലോകത്തിങ്കലില്ലെന്നു നിർണ്ണയമല്ലോ.

## അ ൎത്ഥ മ ന ൎത്ഥ ം.

അൎത്ഥകാരണംകൊണ്ടു പുത്രനെക്കൊല്ലും താതൻ
പുത്രനും നിജതാതൻതന്നെയും കൊല്ലുമല്ലോ.
ബന്ധുക്കൾ തമ്മിൽത്തന്നെ കൊന്നുപോമൎത്ഥാശയാ
അന്തണരെയും കൊന്നു വിത്തത്തെ ഹരിച്ചീടും.
കാന്തനെയുറങ്ങുമ്പോൾ നാരികൾ വധിച്ചീടും
കാന്തനും നിജകാന്താനിഗ്രഹം ചെയ്യുമല്ലോ.

## രാ ജ ശ ക്തി.

മത്തഗജങ്ങളുമശ്വഗണങ്ങളും
പത്തിവരന്മാരുമൊത്ത രഥങ്ങളും
ചിത്രമായുള്ളൊരു മന്ത്രവിലാസവു-
മൈത്ര്യമേറുന്ന ദൈവാനുകൂല്യവും
ഇത്തരമല്ലോ നരപാലകന്മാൎക്കു
നിത്യമാകുന്നോരു ശക്തി ധരിക്ക നീ.

## അ സാ ദ്ധ്യ ം.

ദ്വിരദവരരുധിരകണസകശോണാഭയാൽ
തെളിവിനൊടു സന്ധ്യയ്ക്കരുണമായ്നിന്നുന്ന
ശിശിരകരമഹിതകലയെന്നപോലേയൊരു
സിംഹവദനത്തിലുള്ളോരു ദംഷ്ട്രയെ

Digitized By Kerala Sahitya Akademi

പരിചൊടു പറിച്ചുകൊണ്ടിങ്ങുപോന്നീടുവാൻ
പാരതിലവൻ നിനയ്ക്കുന്നതാക്ക നീ.

ചാ. സൂ.

---

വിദുരവാക്യം.

പരധനമടക്കാനതികുതുകികൾക്കും,
പരനൃപതിമാരിൽ ഭയമിയലുവോൎക്കും,
പരതരുണിമാരിൽ പ്രണയമുള്ളവോൎക്കും,
കുറയുമിഹ നിദ്രാ പ്രണമത മുകുന്ദം.
പ്രണയിനിയെ വേൎപിരിഞ്ഞുഴലുമവൎക്കും,
പ്രണയകലഹം പൂണ്ടുഴലുമധമൎക്കും,
പണമധികമുള്ളോരബലമനുജൎക്കും,
കുറയുമിഹ നിദ്രാ പ്രണമത മുകുന്ദം.
വലിയൊരഭിമാനക്ഷയമുടയവൎക്കും
വലിയവനൊടുള്ളിൽ കലഹമുളവോൎക്കും,
പലപലവിമോഹം ഏറി കരുതുവോൎക്കും
കുറയുമിഹ നിദ്രാ പ്രണമത മുകുന്ദം.

പ്രഥമമിഹ സാമം, പുനരപിച ദാനം,
പ്രഥിതമഥ ഭേദം, പുനരപിച ദണ്ഡം,
ഇതി ചതുരുപായം സതതമറിയേണം
ക്ഷിതിപതികളായാൽ പ്രണമത മുകുന്ദം
വലിയ രിപു തന്നോടുചിതമിഹ സാമം,
ഫലമതിൽ വരാഞ്ഞാൽ പുനരപിച ദാനം;

Digitized By Kerala Sahitya Akademi

ഫലതി സമമെങ്കിൽ പരിചിനൊടു ഭേദം,
ഖലനൊടിഹ ദണ്ഡം പ്രണമത മുകുന്ദം.
വിധികളിഹ നാലും വിമതനൊടു ചെയ്യാം
വിധിയുടെ നിയോഗം കിമപി ഹിതമെങ്കിൽ
അധികബലമുള്ളോരവനിപതിമാരോ-
ടതരുതു വൈരം പ്രണമത മുകുന്ദം.

പലരൊടൊരുവന്താൻ കലഹമിഹ ചെയ്താൽ
പലതരമപായം ഫലമറിക രാജൻ!
ബലികളൊടു വൈരം കലരരുതു ധീമൻ!
കലഹരമിതെല്ലാം പ്രണമത മുകുന്ദം.
ഒരുവനിഹ താനേ സുഖമനുഭവിച്ചാൽ
ദുരിതമതിനുണ്ടാമരശർകുലമൌലേ!
ഒരുവനൊരുകാര്യം പറയരുതു താനേ
വരുമതിലനർത്ഥം പ്രണമത മുകുന്ദം.
ഒരുവനസഹായൻ പെരുവഴിനടന്നാ-
ലുരുതരമപായം വരുമവനശങ്കം;
പരിഷകളുറങ്ങുന്നളവിലൊരുവൻ താൻ
ഉണരരുതു രാജൻ പ്രണമത മുകുന്ദം.

ഒരുദിനമൊരിക്കലൊരുപിടി ഭുജിപ്പാ-
നൊരുവകയുമില്ലാത്തവരെ വെടിയൊല്ല.
പെരിയധനമുള്ളോരരശനെ വണങ്ങാ
കൃപണനനുകൂലം പ്രണമത മുകുന്ദം.
നൃപതിയുടെ മുന്നിൽ സ്തുതിവചനമോതും

Digitized By Kerala Sahitya Akademi

സപദി പലവട്ടം തൊഴുമിഹ ദരിദ്രൻ;
നൃപനവനിലല്പം കനിവു പുനരില്ലാ
ശിവശിവ നിനച്ചാൽ പ്രണമത മുകുന്ദം.
ഉദരമൊരുചാണുണ്ടതു ബത നിറപ്പാൻ
ഹൃദയപരിതാപം പെരുതിഹ നരാണാം;
അദയനവനീശൻ കിമപിച കൊടാഞ്ഞാ-
ലവനരശനല്ലാ പ്രണമത മുകുന്ദം.

മലകളിലെ വെള്ളം പലനദികളൂടേ
ജലനിധിയിലല്ലോ പരിപതതി രാജൻ!
ജലനിധിജലംകൊണ്ടൊരുവനുപകാരം
കിമപി പുനരുണ്ടോ പ്രണമത മുകുന്ദം.
കടലിലിടകൂടും സലിലമപി സർവ്വം
സപദി ബഡവാഗ്നൌ വിലയമിയലുന്നു
ഉടനതുകണക്കേ കൃപണനു കൊടുക്കാ-
ത്തരശനുടെ വിത്തം പ്രണമത മുകുന്ദം.
നിജമുദരമാത്രം പരിചൊടു നിറപ്പാ-
നജവുമിഹ പോരും പ്രഭുതയതുമല്ല
സുജനപരിരക്ഷാ നൃവരനു വിശേഷം
വിജയമതുമൂലം പ്രണമത മുകുന്ദം.
നൃപനുമകതാരിൽ കപടമരുതേതും
കൃപണരിലുദാരം കൃപയുമിയലേണം
ചപലതകൾ പോണം സപദി കുരുനാഥാ!
വിപദകലുമെന്നാൽ പ്രണമത മുകുന്ദം.

Digitized By Kerala Sahitya Akademi

പരതരുണിമാരിൽ കൊതിയുമരുതേതും,
പരധനദുരാശാം പരിഹരതു മാനീ,
പരഗുണമഹതോൽക്കാലരുതതിലസൂയാ,
പുരുഷഗുണമെല്ലാം പ്രണമത മുകുന്ദം.
പറയരുതസത്യം, കുറയരുതു ദാനം,
അറിയരുതു ദോഷം, മറയരുതു തോഷം,
അറിവു കുറയുന്നോൎക്കറിവു പറയേണം,
മറവുമരുതേതും പ്രണമത മുകുന്ദം.
മനസി പുനരല്പം സുഖമതു നിനച്ചി-
ട്ടനവധി ധനാനാം വ്യയമരുതു രാജൻ!
ജനകനുടെ വാക്കും ജനനിയുടെ വാക്കും
മനസി വഹനീയം പ്രണമത മുകുന്ദം.
ഗുരുചരണപത്മ പരിചരണഭാഗ്യം
പരിചൊടു നിരൂപിച്ചതിനു തുനിയേണം,
ഹരിചരണസേവാമനിശമിയലേണം
ദുരിതഹരമല്ലോ പ്രണമത മുകുന്ദം.

പ. വ്യ.

---

## അഹംഭാവം.

മൺകുടം മങ്ങലി ചട്ടികലങ്ങളും
മണ്ണുകൊണ്ടു കൊട്ടിയുണ്ടാക്കും കുശവൻതാൻ
പങ്കജസംഭവൻ ബ്രഹ്മാവുതാനെന്നു
സങ്കല്പമുള്ളോർ മുഴക്കുന്നു സാമ്രാജ്യം;
സൃഷ്ടിക്കു ചേൎന്നുള്ളതിന്നു വിരിഞ്ചനു
പുഷ്ടിക്കു ചേരും പ്രവൃത്തിയെന്നിങ്ങനെ

Digitized By Kerala Sahitya Akademi

നീത്യുക്തികൾ

അഷ്ടിക്കുവേണ്ടിക്കലംകൊട്ടി വിൽക്കുന്ന
ജ്യേഷ്ഠിക്കഹംഭാവമദ്യോ ശിവശിവ!

ക. സൌ.

---

## കനകവുംകാമിനിയും.

ധനമെന്നുള്ളതു മോഹിക്കുമ്പോൾ
വിനയമൊരുത്തനുമില്ലിഹ നൂനം;
തനയൻ ജനകനെ വഞ്ചന ചെയ്യും,
ജനകൻ തനയന്റെ വധവും കൂട്ടും,
അനുജൻ ജ്യേഷ്ഠനെ വെട്ടിക്കൊല്ലും
മനുജന്മാരുടെ മാൎഗ്ഗമിതെല്ലാം.
കനകംമൂലം കാമിനിമൂലം
കലഹം പലവിധമുലകിൽ സുലഭം.

## ദോഷപരിഹാരം.

പാരം വന്നു പഴുത്തൊരുടുകിനു
നീരുംകെട്ടിയുറച്ചു ചമഞ്ഞാൽ
ക്ഷാരംവെച്ചു പഴുപ്പിച്ചവിടെ
ദ്വാരംവെച്ചു മുഴുത്വം വന്നാൽ
വ്യാധിയെടുത്തുകളഞ്ഞതിനകമേ
ശോധന വന്നാലുടനേതന്നെ
വരളാനുള്ള കുഴമ്പുമതിന്മേൽ
പിരളുന്നേരം താനേ വരളും.

Digitized By Kerala Sahitya Akademi

ഒട്ടുകിടക്കെ വരട്ടും പ്രണമതു
പൊട്ടും പിന്നെയുമൊരുസമയത്തിൽ.

കിരാതം.

---

## സന്ധിലാഘവം.

സ്ത്രീപുരുഷന്മാൎക്കന്യോന്യം ഭുവി
രൂപഗുണങ്ങൾ തികഞ്ഞുവരുമ്പോൾ
സന്ധിപറഞ്ഞിഹ ചേൎച്ചവരുത്തും
ബന്ധുക്കൾക്കൊരു ഭാരവുമില്ല;
നീററിലിരിക്കും വള്ളങ്ങൾക്കൊരു
കാററു കണക്കെ പിടിച്ചെന്നാകിൽ
തണ്ടുവലിക്കുന്നാളുകളെല്ലാം
മിണ്ടാതവിടെയിരുന്നാൽ പോരും;
അമരക്കാരൻ തലതെററാതെ
കിമപി സഹായം ചെയ്താൽ കൊള്ളാം.

...

ചുട്ടുപഴുപ്പിച്ചുള്ളൊരു കനകം
കൂട്ടിവിളക്കാമെന്നുവരുമ്പോൾ
തട്ടാനരികിലിരുന്നു തമ്മിൽ
കൂട്ടുകമാത്രം ചെയ്താൽപോരും.

നള. തുള്ളൻ.

---

Digitized By Kerala Sahitya Akademi

## വേശ്യാദൂഷണം.

പണമുള്ളവനേ പെണ്ണിനു വേണ്ടു,
ഗുണമുള്ളവനിലൊരാദരവില്ല;
പണവുംകൊണ്ടിഹ ചെല്ലാത്തവനും
തുണവുമവൾക്കൊരു ഭേദവുമില്ല.
ധനവാനെങ്കിലകത്തു കരേററി-
പ്പനിനീർകൊണ്ടവൾ കാൽകഴുകിക്കും;
കനിവൊടു വെററത്തെരുത്തു കൊടുക്കും,
കനമൊടു മെത്ത കരേററിയിരുത്തും;
ധനമെപ്പേരും വാങ്ങീട്ടവനെ-
ക്കനമില്ലാത്തൊരു പഞ്ഞികണക്കെ
മനസാ വാചാ നോക്കുകയില്ലവൾ
മനമൊരു കല്ലുകണക്കു കഠോരം;
ചതിയായുള്ള പണങ്ങൾ പിടുങ്ങി-
പ്പതിയെന്നുള്ളൊരു കൃപകൂടാതെ
കൊതിയനെയങ്ങു പുറത്തു കിടത്തും,
കൊതുകിനു തിന്മാൻ വകയുണ്ടാക്കും;
എഴുപതു നൂറു വയസ്സായുള്ളൊരു
കിഴവനു കയ്യിൽ പണമുണ്ടെങ്കിൽ
അഴകിയ സുന്ദരനായിട്ടവളെ-
ത്തഴുകിപ്പോരാൻ തടവില്ലേതും;
ചെലവിടുവാൻ തടവില്ലാത്തവനുടെ
കുലമേതെന്നു വിചാരവുമില്ല;
ചലമിഴിമാരുടെ ശീലമതിങ്ങനെ
പലരും ചൊല്ലിക്കേട്ടറിയുന്നു.

Digitized By Kerala Sahitya Akademi

കുരുടനെങ്കിലും ജരഠനെങ്കിലും,
നരയനെങ്കിലും ജരയനെങ്കിലും,
കുടിയനെങ്കിലും കുടിലനെങ്കിലും,
മുടിയനെങ്കിലും തടിയനെങ്കിലും,
കള്ളനെങ്കിലും കാടനെങ്കിലും,
മുള്ളനെങ്കിലും മൂഢനെങ്കിലും,
കുട്ടിയെങ്കിലും കുഷ്ഠിയെങ്കിലും,
യഷ്ടിയെങ്കിലും വിഷ്ടിയെങ്കിലും,
വിരസനെങ്കിലും സരസനെങ്കിലും,
വികൃതിയെങ്കിലും വിരുതനെങ്കിലും,
വിമുഖനെങ്കിലും സുമുഖനെങ്കിലും,
വിമതനെങ്കിലും സുമതനെങ്കിലും,
ചാരനെങ്കിലും ചപലനെങ്കിലും,
ക്രൂരനെങ്കിലും കുപിതനെങ്കിലും,
രണ്ടുനാലുപണമുണ്ടവന്റെ കുറി-
മുണ്ടിലെന്നതവർ കണ്ടുപോകിലിഹ
മണ്ടിവന്നവനു വേണ്ടമാഗ്രഹമ-
റിഞ്ഞു ചെയ്യുതിനു സംശയമില്ല.

## പണവും ഗുണവും

അർത്ഥംമൂലം കലഹമിതെന്നൊര-
നർത്ഥം വന്നു ഭവിപ്പാനെളുതാം;
ഒരു തള്ളയ്ക്കു പിറന്നവരെങ്കിലു-
മൊരു കള്ളപ്പണമെന്നതു മൂലം

Digitized By Kerala Sahitya Akademi

വിരസത പൂണ്ടവർ ചേട്ടനമനുജനു-
മിരുവരുമെന്തൊരു കലശലു കൂട്ടം!

... ...

പണമെന്നുള്ളതു കയ്യിൽ വരുമ്പോൾ
ഗുണമെന്നുള്ളതു ദൂരത്താകും.
പണവും ഗുണവും കൂടിയിരിപ്പാൻ
പണിയെന്നുള്ളതു ബോധിക്കേണം.

പ്ര. മാ.

---

ബഹുഭാര്യത്വം.

മുററുമൊരുത്തിയെ ലാളിക്കുമ്പോൾ
മറേറപ്പെണ്ണിനു മുഞ്ഞി കറുക്കും;
തെററന്നവളെസ്സമ്മാനിച്ചാൽ
കുററം മററവളൊന്നുണ്ടാക്കും;
അററമതില്ലാതംഗനമാക്കിഹ
കൊററുകൊടുത്തും കോപ്പുകൾ തീൎത്തും
പേററിനു കടുകും മഞ്ഞളുമുള്ളിയു-
മേററം പലവക ചിലവുകളിട്ടും
വളരെ സ്ത്രീകളെ വെച്ചുപുലൎത്തും
ജളപുരുഷൻ മുതലുള്ളതശേഷം
കളവാനുള്ളൊരു സംഗതിയാകും
കളവാണികളിൽ കാംക്ഷ മുഴുത്താൽ.

രാ. ച.

---

Digitized By Kerala Sahitya Akademi

യുധിഷ്ഠിരോക്തി.

എന്തെങ്കിലുമുടനനുജന്മാരുടെ
സന്താപങ്ങളൊഴിക്കണമിപ്പോൾ;
അന്തരമില്ലതു ചെയ്യിലെന്നാൽ
എന്തിനു നമ്മുടെ ധർമ്മവിചാരം?
ദുര്യോധനനും ദുശ്ശാസനനും
ദൂഷണമനവധി ചെയ്തവരെങ്കിലും
"അയ്യോ ഞങ്ങൾ വലഞ്ഞേ"ന്നിങ്ങനെ
കയ്യും മെയ്യും വശമല്ലാഞ്ഞവർ
നമ്മെ വിളിച്ചു കരഞ്ഞതു കേട്ടിഹ
ചുമ്മയിരിപ്പതു ചിതമോ സഹജ!
ധർമ്മം നൃപതിക്കാശ്രിതരക്ഷണ-
കർമ്മമതല്ലോ സഹജന്മാരേ!
ദുർമ്മദമിപ്പോളരുതരുതരുതരു-
ദുരിതം വരുമിതിനനവധി മേലിൽ.

കുരുകുലമതിലിഹ ജാതന്മാരവ-
രൊരുനൂറും നാമൈവരുമല്ലോ;
ഒരുമ നമുക്കുമവർക്കും തങ്ങളിൽ
വരുവാൻ വിഷമമതെങ്കിലുമിപ്പോൾ
മാററാർ വന്നു വിരോധിക്കുമ്പോൾ
നൂററഞ്ചും പുനരൊന്നൊന്നേ വരൂ;

Digitized By Kerala Sahitya Akademi

ഊററക്കാൎക്കും വരുമൊരബദ്ധം,
കൂററാർ വേണമൊഴിപ്പതിനപ്പോൾ;
കൂററാരൊരുവരുമില്ലാതൊരു ദിശി
മാററാരെങ്കിലുമുപകൃതി ചെയ്യാം;
കാററിന്മകനേ മടിയാതവർകളെ
മാററിക്കൊണ്ടിഹ വരിക കുമാര!

ദ്രോ. യാ.

Digitized By Kerala Sahitya Akademi

# വൎണ്ണനം.

(സാമാന്യം)

## മഹൽപ്രഭാവം.

പരക്കവേ തിങ്ങിന കൂരിരുട്ടും
നിരക്കവേ കാട്ടമതീവ ഘോരം.
മുഴങ്ങുമംഭോധരമാരി തട്ടി-
പ്പുഴങ്ങി വീഴുന്ന മരങ്ങളോട്ടും,
അഴിഞ്ഞുസേതുക്കളിടിഞ്ഞു വെള്ളം
വഴിഞ്ഞു വീഴുന്ന നദങ്ങളോട്ടും,
അത്യന്തദുസ്സഞ്ചരമദ്ധ്വരാത്രൌ
തത്തൽപ്രദേശം സുഖമേ കടന്നാൻ.
സൎപ്പാധിരാജൻ ഫണചക്രവാളം
കെൽപ്പോടു പിമ്പേ കുടയായ്പ്പിടിച്ചാൻ.
ഓളങ്ങൾതള്ളിപ്പുളിനം പിളൎക്കും
കാളിന്ദിതന്നിൽ കവിയുന്ന വെള്ളം
ചീളെന്നു ശൌരിക്കു തദാ കണങ്കാ-
ലോളം കവിഞ്ഞീല ഹരിപ്രഭാവാൽ.

മയിലും കുയിലും മദംതുടൎന്നീ,
മുയലും മാനുകളും കളിച്ചുമേവീ,
മലയും നിലയും മരങ്ങൾ പുല്ലും
കലയും പന്നിയുമേററമുല്ലസിച്ചു.

9 x

Digitized By Kerala Sahitya Akademi

ഹരിയും കരിയും വെടിഞ്ഞു വൈരം,
നരിയും പന്നിയുമൊന്നുപോലെയായി,
ഉരഗം ബത കീരിയും നിരന്നു
നരകാരാതി വസേ വസിച്ചകാലം.

ചാടായിവന്നു ശകടാസുരന്താൻ
ചാടാനൊരുമ്പെട്ടു മുകുന്ദഗാത്രേ
വാടാതെ പാദേന ഹനിച്ചു ബാലൻ
ചാടായിരം ഖണ്ഡമതായി വീണു.

## വൈകുണ്ഠം.

നോക്കുംവിധൌ കണ്ടിതു ദൂരദൂരേ
ചൊൽക്കൊണ്ട വൈകുണ്ഠപദം മനോജ്ഞം.
കൂലാന്തഭാഗേ തിര വന്നടിക്കും
പാലാഴിതന്നിൽ പരിതോ വിളങ്ങും
ലീലാഗൃഹോദ്യാനസുവൎണ്ണസാല-
ശാലാളികേളീനിലയങ്ങൾ കണ്ടാർ;
നാനാമണീഭാസുരകേതുജാലേ
ചീനാംശുകശ്രേണി കളിച്ചുമേവും
പീനങ്ങളാമുന്നതസൌധശൃംഗ-
സ്ഥാനങ്ങളും തത്ര സുഖേന കണ്ടാർ;
അനന്തരത്നപ്രഭയാ വിമിശ്ര-
മനന്തനാഗസ്യ ഫണാസമൂഹം
അനന്തരം തത്ര മഹാസമൂഹ-
മനന്തരായം മരുവുന്ന കണ്ടാർ;

Digitized By Kerala Sahitya Akademi

രഥാംഗശംഖാബ്ജഗദാധരന്മാ-
രഥാംബുവാഹാസിതവിഗ്രഹന്മാർ
ചതുർഭുജന്മാരതിസുന്ദരന്മാ-
രതിസ്ഫുരൽകൌസ്തുഭഭൂഷണന്മാർ;
കിരീടഹാരാംഗദവന്യമാലാ-
വിലോലപീതാംബരഭാസുരന്മാർ
നിരക്കവേ മാധവപാർഷദന്മാ-
രിരിപ്പതും രത്നഗേഹേഷു കണ്ടാർ;
ക്രമേണ തുംഗോരുഭുജംഗതല്പ-
ക്ഷമാരമാലംകൃതപാർശ്വഭാഗം
അമേയമാനന്ദശരീരമാകും
പുമാനെയും സാദരമത്ര കണ്ടാർ.

## രണ്ടു കുട്ടികൾ.

പാണിദ്വയം ജാനുയുഗങ്ങൾ മെല്ലെ
ക്ഷോണീതലേ വെച്ചഥ സഞ്ചരിച്ചാർ,
കാണുന്നവർക്കേറ്റ മനോഭിരാമം
ചേർന്നൊന്നു മന്ദസ്മിതചാരുഭാവം!
പിടിച്ചു മെല്ലെന്നഥ പിച്ചനിന്നാർ,
പടുത്വമില്ലാഞ്ഞു മറിഞ്ഞുവീണാർ,
നടന്നു നാലഞ്ചടി മന്ദമന്ദം
കിടന്നുരുണ്ടാരവനീവിഭാഗേ.
ചിലമ്പുമക്കാഞ്ചനകാഞ്ചിയോടും
ചിലമ്പുതൻ മഞ്ജുളനാദമോടും
ചലൽപദാംഭോജനലാലസന്മാ-
രലങ്കരിച്ചാരഥ ഗോപവാടം.

Digitized By Kerala Sahitya Akademi

## കാളിയമർദ്ദനം.

ഗരളാഗ്നിബലാൽ കരിഞ്ഞ വൃക്ഷം
തരസാ പൂത്തുതഴച്ചു ദൃഷ്ടമായി.
യമുനാസലിലേ കുതിച്ചുചാടി
കമലാവല്ലഭനുല്ലസൽപ്രമോദം.
തിരമാലകളിൽ കളിച്ചു മന്ദം
വിളയാടീടിന കൃഷ്ണനെഫ്ഫണീന്ദ്രൻ
ഉരുകോപമണഞ്ഞു ചുററി മുററും
പരിദംശിച്ചിതു മർമ്മസന്ധിതോറും.

... ...

ഫണിബന്ധമഴിച്ചു വാസുദേവൻ
പണികൂടാതെ കരേറി തീരഭാഗേ
ഫണിതൻ ഫണചക്രമേറിനിന്ന-
ങ്ങണിനൃത്തങ്ങൾ തുടങ്ങി ഭംഗിയോടേ.
തളയും വളയും കിലുങ്ങുമാറ-
ങ്ങിളകീടും പദപാണിതാളമേളം
ലളിതം നടനം മനോഭിരാമം
കളസംഗീതകമംഗളം വിളങ്ങീ.
വിറകൊണ്ടിതു കൊണ്ടൽവേണിഭാഗേ
നിറകൊണ്ടീടിന കേകിപിഞ്ഛജാലം
നിറമേറിന പീതമാം ദുകൂലം
നിതരാമങ്ങിളകുന്നു നിർമ്മലാഭം.
അഴകേറിന ചാരുനാദമോട-
ക്കുഴലും പാണിതലേന വച്ചു പാടി
മധുരാധരസീമ്നി ചേർത്തുചേർത്ത-

Digitized By Kerala Sahitya Akademi

ത്രധികാനന്ദമമന്ദഗീതഘോഷം.
ഉടനംബരവാസിദേവവൃന്ദം
പടുഗാനസ്തുതിഘോഷഘോഷമോടെ
തുടി താളമിടക്കയും മുഴക്കി
സ്ഫുടഭക്തിപ്രവണം വണങ്ങിനിന്നു.
സരസാമിതരാഗയോഗമോടെ
സുരനാരീജനനൃത്തവും തുടങ്ങീ;
ഉരഗപ്രഭു കാളിയൻ മയങ്ങീ,
ഗുരുഭാരണ ഫണങ്ങളും വണങ്ങീ.

വിശ്വരൂപം.

മാതാവു നോക്കുന്ന ദശാന്തരാളേ
പാതാളഭൂലോകസുരേശലോകം,
ഭൂതങ്ങളും പ്രേതപിശാചകൂളീ-
വേതാളജാലങ്ങളുമത്ര കണ്ടാൾ.
കാടും മഹാശൈലകുലങ്ങളേഴും
നാടും നദീപാളി സമുദ്രമേഴും
ആടും ഫണിശ്രേണി മനുഷ്യജാലം
ചാടും മൃഗവ്രാതവുമത്ര കണ്ടാൾ.
പാലാഴിതന്നിൽ ഫണിരാജതല്പേ
ലീലാസുഖംപൂണ്ടഥ പള്ളികൊള്ളും
നീലാംബുദശ്യാമളവിഷ്ണുരൂപം
നാലാനനാദീനപി തത്ര കണ്ടാൾ.
രക്ഷോഗണം, പക്ഷിതരക്ഷുജാലം,
വൃക്ഷങ്ങളും, പക്ഷികൾ കുക്ഷിജാലം,

Digitized By Kerala Sahitya Akademi

നക്ഷത്രമക്ഷത്രവിപക്ഷപക്ഷ-
ലക്ഷങ്ങളും തൽക്ഷണമത്ര കണ്ടോൾ.

ശ്രീ. ച. മ.

---

അക്കായുധപ്രഭയൊടൊക്കുന്ന കാന്തിഭര-
മുൾക്കൊണ്ട രൂപമുപമിക്കാവതല്ല ശിവ!
ചിൽക്കാതലാമജിതനക്കാലമസ്സഭയിൽ
വെക്കംധരിച്ചരുളി വിശ്വംഭരായനമഃ.

ലോകാധിനാഥനുടെ ലോകാതിഭീതികര
മാകാരമുഗ്രതരമേകാന്തകാന്തിയൊടു-
മാകാശവീഥികളിലാകപ്പരന്നഖില-
ലോകം നിറഞ്ഞു ബത വിശ്വംഭരായനമഃ.

ചണ്ഡങ്ങളായ ജഗദണ്ഡങ്ങളായ ഭുജ-
ദണ്ഡങ്ങളങ്ങു ജഗദണ്ഡംകവിഞ്ഞു പല
വർണ്ണംകലർന്നിടെ സുവർണ്ണപ്രഭാവിഭവ-
പൂർണ്ണങ്ങളായി ബഹു വിശ്വംഭരായനമഃ.

ആറായിരം വദനമേറപ്രകാശമൊടു
വേറായി മേഘതതികീറീടുമാറവിടെ
കാറോടിടഞ്ഞ തിരുമാറായശൈലമതി-
ലാറായി ഹാരമപി വിശ്വംഭരായനമഃ.

ഈരേഴുലോകമിടപോരാഞ്ഞുതിങ്ങുമതി-
ഘോരാട്ടഹാസമൊടുനാരായണന്റെതനു-
നേരോവളർന്നളവിലോരോ വിചിത്രമനു-
സാരംഭവിച്ചു ഭുവി വിശ്വംഭരായനമഃ.

Digitized By Kerala Sahitya Akademi

തുംഗങ്ങളാം ഭഗവദംഗങ്ങൾ തോറുമുട-
നംഗാരചാരുരുചിതിങ്ങുന്ന ഭംഗിഭര-
മംഗീകരിച്ചപലമംഗല്യദേവതക-
ളംഗം ഭവിച്ച ബതവിശ്വംഭരായനമഃ.

രൂക്ഷാട്ടഹാസമൊടുമക്ഷിസ്ഫുലിംഗമൊടു-
മക്ഷീണമാമസുരരക്ഷാഭടപ്രകര-
യക്ഷപ്രധാനികളുമക്ഷുദ്രപക്ഷികൾ ത-
രക്ഷുക്കളും വളരെ വിശ്വംഭരായനമഃ.

അംഭോരുഹാനനനുമംഭോജസായകനു-
മംഭോധിനായകനുമംഭോദപംക്തികളും
ജംഭാരിതാനുമഥ കുംഭീന്ദ്രനും ബഹള-
ഗംഭീരഘോഷമൊടുവിശ്വംഭരായനമഃ.

ചാടുന്ന വാനരവുമാടുന്ന മൈലുമഥ
പാടുന്ന കോകിലവുമോടുന്ന കൃഷ്ണമൃഗം
കാടും മഹാമലകൾ തോടും കുളങ്ങൾ പല
നാടും നിറഞ്ഞളവിൽ വിശ്വംഭരായനമഃ.

വ്യാഘ്രങ്ങൾ സിംഹതതി ശീഘ്രം നിറഞ്ഞുബഹു-
ചിത്രാഭയുള്ള മൃഗചക്രങ്ങളംബുനിധി
നക്രങ്ങളും മകരചക്രങ്ങളും വികട-
വക്രങ്ങളാം ഫണികൾവിശ്വംഭരായനമഃ.

...

കൊട്ടിന്നു ചേരുമൊരുപാട്ടിന്നിണങ്ങിവരു-
മാട്ടം തുടങ്ങിയൊരുകൂട്ടം സുരാംഗനക-

ളൊട്ടല്ലഘോഷമുലാകെട്ടും നടുങ്ങി പല-
വട്ടം തദാ സപദി വിശ്വംഭരായനമഃ.

കല്ലും മരങ്ങൾ പലവില്ലും ശരങ്ങളിവ-
യെല്ലാമെടുത്തധികഹല്ലാഹലംകരുതി
വല്ലാതെനിന്നചിലർ പല്ലുംകടിച്ചവിടെ
വല്ലാതദേവതകൾ വിശ്വംഭരായനമഃ.
മാംസംകടിച്ച രുധിരൌഘംകുടിച്ചശവ-
മാംസംവഹിച്ച പലഭാവംനടിച്ച പല
ശബ്ദാസങ്ങളും വികൃതിഹാസങ്ങളും കരുതി
ഹാ ചെന്നടുത്തുബത വിശ്വംഭരായനമഃ.

പ. വൃ.

---

ഭഗവാന്റെ എഴുന്നള്ളത്ത്.

മദ്ദളമഥപടഹമിടക്കയുടുക്കകൾകാഹളതാളം
വന്ദിതജനസങ്കലഹുംകൃതിമാനിതജയഘോഷങ്ങൾ
ഉത്തമപുരുഷന്റെയെഴുന്നള്ളത്തൊരു ചിത്താനന്ദം
ഭക്തിവിവശവിശ്വജനത്തിനസമജനിശംഭോശരണം.
ചഞ്ചലകമലായതലോചനനഞ്ചിതമഞ്ജുളശീലൻ
പഞ്ചശരസമാനശരീരനദഞ്ചിതകാന്തിവിശാലൻ
കുഞ്ചിതഘനകുന്തളബന്ധനസഞ്ചിതകേകികലാപൻ
പുഞ്ചിരിമധുസഞ്ചിതവദനനശോഭതശംഭോശരണം.
അപ്പൊഴുതുടനംബരസീമനിദേവകൾ വന്നുനിറഞ്ഞു

Digitized By Kerala Sahitya Akademi

കല്പകതരുപുഷ്പദളങ്ങളരുന്തു ചൊരിഞ്ഞുതുടങ്ങീ
തല്പതിമിലദുന്ദുഭിവൃന്ദമടിച്ചു ജഗത്തുമുഴക്കീ
കല്പിതഹരികീൎത്തനമമ്പൊടു ചെയ്തിതു ശംഭോശരണം.
ഇന്ദ്രനമഥചന്ദ്രനമശനികളഗ്നിയുമാദിത്യന്മാർ
നന്ദനവനദേവതമാരരവിന്ദജനമരന്മാരും
ഇന്ദുശകലചൂഡനമങ്ങുപദേവകൾ സേവകവൃന്ദം
മന്ദമവിടെവന്നുഹരിസ്തുതിചെയ്തിതു ശംഭോശരണം.
പാട്ടുകൾ ചില കൂത്തുകൾ നാടകമാട്ടുകപാടവമോടേ
ചാടുവചനശാലികളോടിടകൂട്ടുക ത്രുഢാനന്ദം
പേടമൃഗവിലോചനമാരൊടുകൂടിന വൈണികവൃന്ദം
മോടികൾ പലകൂടിയടുത്തിതു പിരവൊടുശംഭോശരണം.
പാടിയുമഥപന്തുവരാടിവരാടിമുഖാരിധന്യാശി
തോടിയുമപിബലഹരിമലഹരിഭൈരവിനാട്ടസുരുട്ടി
ഗൌഡവുമുടനാഹരിമോഹനമിന്ദളമെന്നവരാഗം
പാടിയുമവരാടിയുമോടിയുമങ്ങനെശംഭോശരണം.
മാനമ്പരഥകേട്ടവർകേട്ടവരോടിയണന്നുതുടങ്ങീ
മാനിനികളുമഖിലശിശുക്കളുമൻപൊടുവൃദ്ധന്മാരും
ദാനവരിപുതന്നുടെഗമനമഹോത്സവഘോഷം കാണ്മാൻ
കാനനഭുവിവന്നുനിറഞ്ഞിതു പലവകശംഭോശരണം.
പീലികളിടചേൎന്നൊരുതിരുമുടിനീലഘനാളിസമാനം
മാലതിനവമല്ലികമാലകൾ താലവിശേഷകജാലം
ലോലനയനലീലകൾ ഗണ്ഡഗകുണ്ഡലമണ്ഡലശോഭാ-
ജാലവുമരുണാധരബിംബവുമഴകൊടുശംഭോശരണം.
അംബുജരിപുബിംബസമാനമുഖാംബുജമധികമനോജ്ഞം
കംബുസദൃശകണ്ഠമകുണ്ഠഭുജാന്തരകാന്തികലാപം

Digitized By Kerala Sahitya Akademi

ലംബിതതുളസീവനമാലകളതിരുചികൌസ്തുഭരത്നം
കമ്രതകലരുന്നകരങ്ങളുമൻപൊടുശംഭോശരണം.

കങ്കണകടകങ്ങളുമംഗദഭംഗിയുമോടക്കുഴലും
കുങ്കുമരസപങ്കിലമാകിനതിരുവുടലതിരമണീയം
സങ്കുലമണികാഞ്ചനകാഞ്ചിഗുണാഞ്ചിതപീതാംബരവും
പങ്കജനിഭപദയുഗശോഭയുമതിമൃദുശംഭോശരണം.

മുരഹരനുടെതിരുവുടലിങ്ങനെ തിങ്ങിനമംഗലനിലയം
പരിചൊടുനരസുരമുനിമണ്ഡലമൻപൊടുകണ്ടുവണങ്ങി
ചിരതരപരിപൂജിതമാകിന സുകൃതശതംകൊണ്ടുടനേ
വിരവൊടുസുജനത്തിനുദക്ഷിണസമജനിശംഭോശരണം.

കാളിയവിഷനാശനനാകിയ കാർമുകിൽവൎണ്ണന്തന്റെ
കാളജലദകോമളചാരുകളേബരകാന്തികളാലും
കേളിമധുരഹാസമതാകിനനിൎമ്മലചന്ദ്രികയാലും
മേളിതമൊരുശബളനിറംഭുവിവന്നിതു ശംഭോശരണം.

ഇളകിനവനമാലകൾപരിമളതരളിതമിളദളിപടലീ
ഗളതലഗളദവികലകളകളപുളകിതനരസുരജാലം
തെളിവൊടുവിളയാടിനതിരുമുഖമഖിലവിലോകനശീലം
നളിനനയനമഖിലജനങ്ങൾ നമിച്ചിതുശംഭോശരണം.

നാരദമുനിവീണയുമായഥകാരണപൂരുഷപാൎശ്വേ
ശാരദനവനീരദചാരുശരീരവിലാസത്തോടും
താരമധുരനാദംമുരഹരനാമങ്ങളെവായിച്ചും
സാരകഥകളുരചെയ്തുംനടകൊണ്ടിതു ശംഭോശരണം.

തുംബുരുമുനിസനകസനന്ദവസിഷ്ഠവരിഷ്ഠന്മാരും
ശംബരരിപുശങ്കരകിങ്കരസംഘവുമവിടെനിറഞ്ഞു

Digitized By Kerala Sahitya Akademi

**അംബുജദളലോചനനാകിനദേവനെവന്നുവണങ്ങീ**
**ഡംബരമൊട്ടുപലരസസംഭവമിതുന്നെ ശംഭോശരണം.**

**പ. വ്യ.**

---

## നായാട്ടുവിളി.

വാട്ടംവെടിഞ്ഞു നായാട്ടിന്നടുക്കുന്ന
കാട്ടാളർതമ്മിൽ വിളിച്ചു പറകയുഃ;
കാട്ടിടെച്ചാടിയത്തോട്ടുടെയോടിവാ,
കൂട്ടുവില്ലമ്പുകൾ നോക്കെടാ പന്നിയെ,
ഹാഹഹാ ഞാനെയ്തു പന്നിയെന്നും ചിലർ
പൂപുപൂ നീയല്ല ഞാനെയ്തതാണെന്നും
ഹാഹഹാ, ഛൂഹൂഹൂ എന്നുടൻ തങ്ങളിൽ
ഭീമമായൊരു കലശലെന്നേ വേണ്ടു.

**ക. ശൌ.**

---

## കപടതാപസൻ.

ഭള്ളുനിനച്ചിഹ കണ്ണുമടച്ചൊരു
കള്ളൻ നിന്നു തപംചെയ്യുന്നു
കൊള്ളാമിന്നിതു പെരുവഴിപോക്ക-
ർക്കുള്ള ധനങ്ങൾ പിടിച്ചു പറിപ്പാൻ!
പകൽകഴിവോളം കപ്പാനെങ്ങും
കഴിവില്ലാഞ്ഞു തപോധനവേഷം;

Digitized By Kerala Sahitya Akademi

അക്കൻ പോയിമറഞ്ഞൊരുസമയേ
തസ്കരണത്തിനു സമയം നോക്കും;
ദിക്കുകളൊക്കെ നടന്നു ദിനേനശനു-
ദിക്കുംമുഖേ പനു കള്ളിക്കും;
കണ്ണുമടച്ചു വിചാരിക്കുന്നതു
പൊന്നുള്ളേടം, പണമുള്ളേടം,
പെണ്ണുള്ളേടമിതല്ലാതില്ലൊരു
നിനവു നിനക്കിന്നെന്തൊരു കഷ്ടം!

കിരാതം.

## കലിയുഗശക്തി.

കലിയുഗശക്തി മുഴുത്തു ജനാനാം
തലയിൽക്കേറി മനസ്സും മുട്ടി.
പാപികൾ പകിടകൾ പൊരുവതിനായി-
ഗ്ഗോപികൾകൊണ്ടു വരച്ചുതുടങ്ങും;
കഷ്ടം സാളഗ്രാമസ്ഥാനേ
കുട്ടിച്ചാത്തനമന്തു തുടങ്ങും;
വിളവുകളൊന്നു കുറഞ്ഞുതുടങ്ങും
കളവുകളൊന്നു മുഴുത്തുതുടങ്ങും;
വിലയും പാരമിടിഞ്ഞു തുടങ്ങും
മലയും കാടുമുരത്തുതുടങ്ങും;
നിലയും വിട്ടുമനുഷ്യരശേഷം
വലയും കലിയുഗമേറെ മുഴുത്താൽ;
കളമൊഴിമാരുടെ തലയും മുലയും

Digitized By Kerala Sahitya Akademi

വളയും തളയും കളിയും ചിരിയും
വളയും പുരികക്കൊടിയും കണ്ടിഹ
വലയും വലയതിൽ മാനുഷരെല്ലാം;
യജമാനന്നൊരു ചെകതി പിണപ്പാൻ
പ്രജകൾക്കൊക്കെ മനസ്സുതുടങ്ങും;
യജനംചെയ്തു ജഗത്തുപുലത്തും
ദ്വിജവൃത്തികൾ ചെയ്തുതുടങ്ങും;
രാജസമീപേ ചെന്നൊരുകൂട്ടം
കൂഷണി പറവാനാളുകളേറും;
ഭോജനമാത്രം കിട്ടുന്നവനൊരു
രാജാവെന്നു നടിച്ചുതുടങ്ങും;
ഭൂഷണമുള്ളൊരു നൃപനെക്കണ്ടാൽ
ഭാഷിപ്പാനങ്ങാത്തുതുടങ്ങും;
ഭൂഷണമണിവാൻ വകയില്ലാഞ്ഞാൽ
മോഷണമൊരുവക ചെയ്തുതുടങ്ങും;
വല്ലഭമാരുടെ വീട്ടുപുലത്താൻ
ഇല്ലം പണയം വെച്ചുതുടങ്ങും;
നെല്ലും പണവും പൊന്നും പാത്രവു-
മില്ലെന്നാമിനി ദിവസം ദിവസം;
ചൊല്ലും പലവിധമപരാധം പലർ
കൊല്ലും പശുവിനെ മടികൂടാതെ.
തല്ലും നല്ലൊരു സാധുജനത്തെ,
തെല്ലും ഭയവും മാനുഷനില്ല.
പുല്ലിമ്പുഴുവും ഭൂമിയിലിന്നു
മെല്ലെന്നങ്ങു നടന്നുതുടങ്ങും;

Digitized By Kerala Sahitya Akademi

ചൊല്ലുന്നതിനൊക്കട്ടു നടപ്പാൻ
വല്ലഭമുള്ളവരില്ലെന്നാമേ;
മൂൎത്തുതുടങ്ങും കപടതയിനിമേ-
ലോൎത്തുതുടങ്ങും ശൂദ്രാദികളും;
ഓൎത്തുതുടങ്ങും വിപ്രന്മാരു
പേൎത്തുതുടങ്ങും മററുള്ളവരും;
ചേൎത്തുതുടങ്ങും വികടസരസ്വതി
കൂൎത്തുതുടങ്ങും മോഹാദികളും;
ചേൎത്തുതുടങ്ങും ദ്രവ്യത്തിൽക്കൊതി
പാൎത്തുതുടങ്ങും വരവും ചെലവും;
പാൎത്തുതുടങ്ങും നെല്ലുംപണവും
ആൎത്തുതുടങ്ങും പലരുംകൂടി-
പ്പാൎത്തുതുടങ്ങും കുത്തിക്കവരാൻ;
ചീൎത്തുതുടങ്ങും ദുഷ്ടുവികെട്ടി-
ത്തീൎത്തുതുടങ്ങും ദുഷ്ടജനങ്ങൾ.

വിശ്വജനത്തിനുമീശ്വരനെന്നൊരു
വിശ്വാസത്തിനു കുറവുതുടങ്ങും;
കുടിലന്മാരും ജടിലന്മാരും
കുരുടന്മാരും ജരഠന്മാരും
കുരയന്മാരും കുനയന്മാരും
പലവിധമുണ്ടായ്വരുമിനിമേലിൽ.

...

ഗതിയില്ലാത്ത ഞങ്ങളിലൊരു കൃപ
മതിമാന്മാൎക്കിനി വരികില്ലരച!

Digitized By Kerala Sahitya Akademi

അമ്പലമെന്നു മറന്നതിനുള്ളിൽ
തമ്പലമിട്ടമിനി മടികൂടാതെ;
ചെമ്പുപൊളിച്ചഥ വിററുതുടങ്ങും
അമ്പലമുടയവർ പുകയില തിന്മാൻ;
ലന്തപറങ്കിയുമിങ്കിരിയസ്സും
ബന്ധുവതാമിനിയരചന്മാൎക്കും;
ഗ്രന്ഥികളൊന്നു കുറഞ്ഞുതുടങ്ങും
ഗ്രന്ഥമെഴുത്തും നാസ്തിയതാമേ;
ശാസ്ത്രികളെന്നൊരു ഭാവത്തോടെ
ശാത്രമെടുക്കും പകൽകഴിവോളം,
രാത്രിയടുത്താലവരെപ്പിന്നെ
ക്ഷേത്രംതന്നിലൊരേടം കാണാ.

## നളമഹാരാജാവു്.

കരുണാമൃതരുചിവദനനുദാരൻ
തരുണാരുണഗണഗുരുകരസാരൻ
തരുണാംബുജദളനയനൻ സുരവര-
തരുണാസമധനവിതരണശീലൻ
കരുണാമലജലവരുണാവാസൻ
ഹരിണാന്തകബലഹരിണാവാസൻ
ഹരിണാങ്കാടകചരിണീശോഭിത-
ഭരണായാംഭുവി ഹരിണാ സദൃശൻ
ചരണാംബുജയുഗശരണാഗതജന-
ശരണായിതനവകരുണാധരണൻ

Digitized By Kerala Sahitya Akademi

ശരണംഭവഭയഹരണാദികരൻ
കരുണാകരഗുരുകരുണാശരണൻ
ധരണീപതികുലധരണീയരുടേ
ധരണിധരിച്ചൊരു ധരണീപാലൻ
ധരണീവിലസിതതരുണീമാനസ-
ഹരണീകൃതതനു ധരണീമദനൻ
അളകാപതിസമഘനതരവിഭവൻ
അളകാഞ്ചിതപൃടനിടിലകലാപൻ
നളകൂബരനെക്കാളതിസുഭഗൻ
നളനെന്നൊരു നൃപനളവാണ്ണു.

## ദമയന്തി.

സുമുഖിദമയന്തിയെന്നുണ്ടൊരു കന്യക
സുന്ദരികളിന്നവളെ വന്ദിക്കമാകവേ
നിറമുടയ തലമുടി ചുരുണ്ടുനീണ്ടങ്ങനേ
നീലമേഘങ്ങൾക്കു തോലിനൽകുന്നിതേ.
കറുനിരയുമൊരുകുറിയുമൊരുനിടിലഭംഗിയും
കൂത്താട്ടുമോമനച്ചില്ലിവില്ലാട്ടവും
കമലദളവിമലചലലോചനദ്വന്ദ്വവും
കാമാസ്ത്രതുല്യകടാക്ഷവിക്ഷേപവും
തിലകുസുമസമസുഷമനാസികാശോഭയും
തിങ്കളോടൊക്കും കപോലസ്ഥലങ്ങളും
മധുമധുരമൃദുലതരമധരസൌഭാഗ്യവും
മാലതീമൊട്ടിനോടൊത്ത ദന്തങ്ങളും

Digitized By Kerala Sahitya Akademi

വലയകുലകിലുകിലിതകരയുഗളകേളയും
വാഴ്ത്തിസ്തുതിപ്പാൻ നമുക്കെളുതല്ലെടോ!
കൊടിനടുവുമതിവികടകടിതടവിലാസവും
കോമളാഡംബരം കാഞ്ചീകലാപവും
കദളിയുടെ മൃദുതയൊടു കദനമിടകൂടുന്ന
കാലുരണ്ടും വിഭോ കണ്ടാൽ മനോഹരം.
ശശിയൊടെതിർപൊരുതുവിരുതേറുന്നവക്ത്രവും
ശംഖിനോടൊക്കുന്ന കണ്ഠപ്രദേശവും
മലകളൊടുപലപൊഴുതുകലഹരുചി തേടുന്ന
മാറത്തു തിങ്ങും കുചങ്ങടെ ഭംഗിയും
കിളികളുടെ കളിവചനമിളിയുമൊരുവാണിയും.
കീർത്തിപ്പതിന്നു ഞാൻ സപ്രേന്ദ്രനല്ലെടോ!

**യൌവനാരംഭം.**

പലവടിവും വന്നുചമഞ്ഞു,
തലമുടിയും വൻതികഞ്ഞു,
മുലയിണയും മാറുകവിഞ്ഞു,
മലർശരനും മെല്ലെയണഞ്ഞു,
ശിശുതകഴിഞ്ഞു, വശതകഴിഞ്ഞു,
മറവുമൊഴിഞ്ഞു, മനമതഴിഞ്ഞു.
കിളിമൊഴിതാനൊന്നുപകർന്നു,
കളിപുതുമഷ്ക്കാശ വളർന്നു,
കളിവചനപ്രൌഢി മുതിർന്നു,
നളനൃപതേ കാമമുയർന്നു,
മിഴികൾ വിടർന്നു, വഴിയലമർന്നു,
അഴകു കലർന്നു, കഴലിണചേർന്നു.



Digitized By Kerala Sahitya Akademi

ഫർന വണ്ണന

പ്രിയസഖിമാരോടുമിണങ്ങീ,
പ്രിയതമനെച്ചിന്തതുടങ്ങീ,
പ്രിയമധുരം വാക്കിലിണങ്ങീ,
പ്രിയമിദമെന്നോൎത്തു വണങ്ങീ,
കഥകൾ തുടങ്ങീ, കപടമടങ്ങീ,
കളികൾ തുടങ്ങീ, കമനി വിളങ്ങീ.
പലചരിതം കേട്ടു രസിച്ചും,
പലകൗതുകം വന്നുഭവിച്ചും,
പലപദവും കേട്ടു രസിച്ചും,
പലഗുണവും ചേൎന്നു വസിച്ചും,
മദനനടിച്ചു, മദമതിളച്ചു,
മനസി രസിച്ചു, അവിടെ മറച്ചു.

അരയന്നം കണ്ടകാഴ്ച

മറെറാരിടത്തൊരു ഘോഷം കണ്ടു
തെറെറന്നവിടെച്ചെന്നരയന്നം
മുററത്തുള്ളൊരു തെങ്ങിൻ മുകളിൽ
പററിച്ചെൎന്നിരുന്നുംപാൎത്തുവസിച്ചു.
നായർവിശന്നു വലഞ്ഞു വരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ല.
ആയതുകേട്ടു കലമ്പി[illegible]
ഞ്ഞായുധമുടനേ കാട്ടിലെറിഞ്ഞു;
ചുട്ടതിളച്ചും വെള്ളമശേഷം
കുട്ടികൾതന്നുടെ തലയിലൊഴിച്ചു,
കെട്ടിയപെണ്ണിനെ മടികൂടാതേ
കിട്ടിയവടികൊണ്ടൊന്നു പിടച്ചു,

Digitized By Kerala Sahitya Akademi

ഉരുളികഠം കിണ്ടികളൊക്കെയുടച്ചു,
ഉരലുവലിച്ചു കിണററിൽ മറിച്ചു,
ചിരവയെടുത്തഥ തീയിലെരിച്ചു,
അരകല്ലങ്ങു കുളത്തിലെറിഞ്ഞു;
അളുകൊണ്ടരിശം തീരാഞ്ഞവന-
പ്പുരയുടെ ചുററും മണ്ടിനടന്നു.
അരയന്നം പുനരതു കണ്ടുടനേ
ഹര ഹര ശിവനേ എന്നു പറഞ്ഞു.

നെടുതായുള്ള മണപ്പാടൻമു-
ണ്ടടികവിയോളം ഞാത്തിയുടുത്തൊരു
വടിയും കയ്യിലെടുത്തു വരുന്നൊരു
തടിയൻ പുറകെയൊരുത്തിയുമുണ്ട്.
ചെണ്ടക്കാരൊടു കല്പന പറകയു-
മുണ്ടൊരു ദിക്കിൽ കേഠംക്കാകുന്നു:
"മാരായന്മാരൊന്നറിയേണം
നാരായണനുടെ കൊടിയേററുന്നാഠം
നേരായുള്ളൊരു പാണിപിഴച്ചാൽ
തീരാതുള്ളൊരു കുററംവരുമേ.
ചണ്ടിപ്പരിഷകഠം പലരുംകൂടി-
ശ്ശൃങ്ഗതുടങ്ങി മുടങ്ങിപ്പോയാൽ
ചെണ്ടക്കാരേ നിങ്ങടെ കൈവിരൽ
കണ്ടിച്ചെറിവാൻ കല്പന വരുമേ.
തിമിലയെടുത്തു നടപ്പാൻ നമ്മുടെ
കൊമരിക്കിന്നിഹ ശരിയല്ലാരും;

Digitized By Kerala Sahitya Akademi

കുഴലുവിളിച്ചു ഫലിപ്പിക്കുന്നതു
കിഴവച്ചാരത്തു മതിയാക്കേണം;
നമ്പൻ വേണം കൊമ്പുവിളിപ്പാൻ
വമ്പനതിന്നൊരു മുമ്പൻതന്നെ;
കാളമെടുത്തു വിളിക്കണമെന്നാൽ
കേളനെവെച്ചിട്ടൊരുവനുമില്ല;
മേളംകൂട്ടുകിലതുവനല്പം
താളംതെററുമതുണ്ടൊരു ദോഷം.
ചേങ്ങലകൊണ്ടൊരുവട്ടം നില്പാൻ
ചങ്ങാതിക്കൊരു വാസനയില്ല.
സകലജനങ്ങടെ നടുവിൽ ചെന്നഥ
തകിലു തകൃത്തു തുടങ്ങുന്നേരം
അകലെപ്പോമവർ തങ്ങടെ ചെവിയിൽ
തുകിലുംതുററു വിറച്ചുതുടങ്ങും;
പുതുവാളെന്നൊരു വിദ്വാനുണ്ട്
പുതുതായുള്ള വിധങ്ങളെടുപ്പാൻ
പുതുവന്മാരുടെയാളായതിനാൽ
പുതുവാളെന്നൊരു പേരവനുളവായ്;
അതിയായിട്ടവനിവിടെ വരേണ്ടാ
മതിയായവനുടെ വിരുതുകളെല്ലാം.
കൊച്ചൻനിന്നിഹ ശംഖുവിളിച്ചാൽ
അതിനുംപിന്നെ വിരോധംവേണ്ട;
പാട്ടിനു ചേരുമിടയ്ക്കക്കാരെ–
കൂട്ടിക്കൊള്ളണമവരെ വേണ്ടു.
ഊട്ടിനുവന്നു കിടക്കുന്നവരുടെ

Digitized By Kerala Sahitya Akademi

കൂട്ടക്കാരെച്ചാൎത്തുകയില്ല.
മദ്ദളമെന്നതു മൂന്നോ നാലോ
തപ്പും വേണമതെട്ടോ പത്തോ
അപ്പുറമുള്ളതു തിരിയെ നടക്കാം.
തുടിയുംപറയുമുടുക്കും വേണം,
തടിയന്മാതിങ്കൽ മിടുക്കും വേണം,
ചെണ്ടക്കാരനടക്കം വേണം,
കൊട്ടിന്നു നല്ലോരടുക്കും വേണം.
ഇങ്ങനെപലവിധമുത്സവഘോഷം
ഭംഗിയോടവിടെക്കണ്ടരയന്നം
തിങ്ങിന കൗതുകമിയന്നു പറന്നു
അങ്ങുതിരിച്ചു പുനരതിവേഗം.

## നളന്റെ സ്വയംവരയാത്ര.

നളനൃപനതുപൊഴുതതികുതുകാൽ
വളതള മകുടമതണിഞ്ഞു തദാ
തെളിവൊടു വലിയൊരു കരിവരന്റെ
ഗളമതിലെഴുന്നള്ളിയിരുന്നരുളി.
കുടകൊടിതഴവെഞ്ചമരികൾ കെട്ടി
പടഹങ്ങൾ കിടുമുടിതുടിമുഖങ്ങൾ
ഇടിയൊടു പടപൊരുതടിമുഴക്കി
പൊടുപൊടെ വെടികളുമുടയിടയിൽ
പടജനപടലവുമിടവകയും
നടവിടചടചടരടിതങ്ങളും
തടമുലതടവിന തരുണികളും
മടുമലരുടയൊരു പരിമളവും

Digitized By Kerala Sahitya Akademi

നടകളിലിളകിന കരിഘടയും
പടകടെ കലശലും നിലവിളിയും
പടുതരവടിവുകളിവ പലതും
ഇടതിങ്ങിപ്പുറപ്പെട്ടു നടന്നംചെയ്തു.
ജയജയ നരവര നളനൃപതേ!
ജയജയ വിഹരണചതുരമതേ!
ജയജയ ഗുരുതരഗുണ നൃപതേ!
ജയജയ കരിവരസരസഗതേ!

നള. തുള്ളൽ.

---

## ദുൎയ്യോധനന്റെ ഘോഷയാത്ര.

കുരുപതിതനയനുമനുജന്മാരും
പെരുകിനപടകളുമിളകി മെല്ലെ
പെരുവഴി തിങ്ങിവിങ്ങിനടന്നീടുന്നു.
തുടിപറകിടുമുടി പടഹമ്മദ്ദളം
പൊട്ടുപൊടെ വെടികളുമുടമയോടേ
ഇടിപൊടിതകരുമൊരടവുടനേ
വടിവൊടുനടന്നിതു പടകളെല്ലാം.
കടലുടെവടിവൊരു കലശലഹോ
പടലുടനടവികളിടിഞ്ഞുടനേ
പൊടിയുടെ പടലവുമുലകിലെല്ലാം
പടുതരമുയരുന്നു പലവഴിയിൽ.
കടതഴകൊടികളുമിടകലരും
ഭടജനപടകടെ നടനവിധൌ

Digitized By Kerala Sahitya Akademi

തടമുലതടവിന തരുണികളും
മടുമലർ മലരവിൽ ചൊരിഞ്ഞീടുന്നു.
അനവധികുതിരകളതിനിടയിൽ
ഘനരുചി കരികളുമളവില്ലേതും.
ധനജനവിഭവങ്ങളിവണ്ണം കണ്ടാൽ
ധനപതി ഭയപ്പെട്ടങ്ങൊളിച്ചുമണ്ടും.

## ആറുവരുടെ ഓട്ടം.

ഊററക്കാരവർ ആററുവരെല്ലാ-
മേററം ചാടിയടുത്തുതുടങ്ങി
കാററുകൾ തട്ടിക്കരപററീടുമൊ-
രാററിലെവെള്ളത്തിരകൾക്കണക്കെ
കേററംപാരമതാരംഭേ പുന-
രേററംപേടിയുമുടനേ കൂടി
തോററു തിരിച്ചുതുടങ്ങി പതുക്കെ-
പ്പാററകൾപോലെ പടജ്ജനമെല്ലാം.

...

മലയുടെ ഗുഹയിൽ ചെന്നുകടന്നാർ
ചിലരന്നേരം പ്രാണഭയത്താൽ
വലിയൊരു പുലിവന്നടിയുംകൂട്ടി-
ത്തലയുംകൊണ്ടുതിരിച്ചാനപ്പോൾ;
കലയുംമാനും വരുമൊരുമാർഗ്ഗേ
വലയുംകെട്ടിക്കാട്ടാളന്മാർ
മലയിലൊളിച്ചിഹ പാൎക്കുന്നേരം
വലയിൽച്ചെന്നു വലഞ്ഞാനൊരുവൻ;

Digitized By Kerala Sahitya Akademi

വലയിൽപെട്ടതു കണ്ടൊരു വേടൻ
കലയെന്നോൎത്തൊരു ബാണമയച്ചാൻ
തലയിൽകൊണ്ടു തറച്ചതുകണ്ടാ
മലയൻ വന്നിഹ നോക്കുന്നേരം
കലയല്ലിവനൊരു വലിയൊരുതടിയൻ
മലയാളത്തിലെ മാനുഷനൊരുവൻ
വലയിന്നിങ്ങു വലിച്ചുപതുക്കെ-
ത്തലയിന്നമ്പു പറിച്ചാൻ വേടൻ;
പേടിത്തൊണ്ടൻ മററൊരുമാനുഷ-
നോടിപ്പോംവഴിയറിയാറാക്കി
കാട്ടുതകത്തൊരു വാരിക്കുഴിയിൽ
ചാടിയൊളിച്ചു കിടന്നാനപ്പോൾ;
ഉള്ളത്തിൽ ഭയമേറുകമൂലം
വെള്ളത്തിൽ ചിലർ ചാടിയൊളിച്ചു;
വള്ളിക്കെട്ടുകൾതോറും ചെന്നതി-
നുള്ളിൽപുക്കിതു പലജനമപ്പോൾ;
മണ്ണിൽപലപല കുഴിയുണ്ടാക്കി-
പ്പൊണ്ണന്മാർചിലരവിടെയൊളിച്ചു,
കണ്ണുമടച്ചു പുതച്ചുകിടന്നൊരു-
വണ്ണമുറക്കവുമങ്ങു തുടങ്ങീ;
കൊമ്പുകുഴൽക്കാർ ചെണ്ടക്കാരനു-
മമ്പു ഭയപ്പെട്ടോടിനടന്നാർ
കൊറവന്മാരുടെ കൊമ്പുമരത്തിൻ-
കൊമ്പുതട്ഞ്ഞിട്ടമ്പതു ഭിന്നം;
മദ്ദളമരയിലുറപ്പിച്ചീടിന

Digitized By Kerala Sahitya Akademi

വിദ്യാനോട്ടക പാരം ദണ്ഡം
മദ്ദളമൊരുദിശി കാട്ടിലെറിഞ്ഞി-
ട്ടദ്ദിക്കിന്നഥ ധാവതിചെയ്തു;
ഒരുഭാഗത്തെത്തോലുപിളന്നി-
ട്ടൊരുവൻ ചെണ്ടയ്ക്കുകമ്മ പുക്കാൻ,
പെരുവഴിതന്നിലുരുണ്ടുതിരിച്ചാൻ
പെരുതായീടിന ചെണ്ടക്കാരൻ.

ഘോ. യാ.

---

## ഒരു വെള്ളപ്പൊക്കം.

വെള്ളം വന്നു കടന്നുതുടങ്ങീ,
വെള്ളപ്പട്ട നനഞ്ഞുതുടങ്ങീ,
വെള്ളിവിളക്കുകൾ പൊന്നിൻതളികക-
ളുള്ളതശേഷവുമൊഴുകി പതുക്കെ;
മുങ്ങി സമസ്തം ശിവലിംഗാദികൾ
പൊങ്ങിയൊലിച്ചിതു പുഷ്പാദികളും;
കെട്ട വിളക്കുകളവിലും മലരും
കൊട്ടത്തേങ്ങാ കദളിപ്പഴവും
പെട്ടെന്നിട്ട നിറച്ചൊരു വെള്ളി-
ത്തട്ടുകൾ മുഴുകീ പെട്ടികളൊഴുകീ;
ആറു നിറഞ്ഞു ജലങ്ങൾ കവിഞ്ഞു
കാറും മഴയും കാണ്മാനില്ല;
ആററിലെവെള്ളം പൊങ്ങിവരുന്നൊരു
കാററുമതില്ലതിനെന്തൊരു ബന്ധം?

Digitized By Kerala Sahitya Akademi

ഏററം വന്നാലിത്ര വരാമോ?
ഊററമൊഴുക്കും നിലയില്ലാതായ്.
തള്ളിവരുന്നൊരു വെള്ളത്തിരയിൽ
തുള്ളിയലഞ്ഞു വലഞ്ഞു ദശാസ്യൻ
വെള്ളവുമൊട്ടു കുടിച്ചുതടിച്ചു,
പള്ളയുമമ്പൊടു വീൎത്തുതുടങ്ങീ;
ഇരുപതു കൈകൊണ്ടൊത്തുതുഴഞ്ഞു
കരപററാഞ്ഞു കരങ്ങൾ കുഴഞ്ഞു,
ഇരുപതുതണ്ടുകൾവെച്ചു മുറുക്കിയ
പെരിയൊരുവഞ്ചികണക്കെ രാവണ-
നൊരുവണ്ണം കര പററിക്കയറി.

കാ. വി. വി.

---

## ഒരു എതിരേൽപ്പ്.

ജനകമഹീപതിയെതിരേൽപ്പാനഥ
കനകത്തളികകൾ വെള്ളിത്തളികകൾ
മണിദീപങ്ങളുമവിലരിപൂക്കുല
മണമിയലും കുസുമങ്ങളുമങ്ങനെ
മംഗല്യങ്ങളെടുത്തുംകൊണ്ടട-
നംഗനമാരെ നിയോഗിച്ചവരുടെ
കരവകളെത്ര മനോഹരമതിനൊരു
കുറവുവരാതെ നിരപ്പുതുടങ്ങീ;
നിറമൊടു രണ്ടുപുറത്തും പെരുകിന
നിറപറവെച്ചഥ കനകപ്പൊടികൾ നി-

Digitized By Kerala Sahitya Akademi

റച്ചചൊരിഞ്ഞു വിളക്കുകൾ തൂക്കി-
ത്തറകളിൽമീതേ പട്ടുവിതാനി-
ച്ചറകളിലുരുതരമതിരമണീയം
അരിനൂറുകൾകൊണ്ടണിയണിയിച്ചി-
ട്ടങ്കണസീമനി കുലവാഴകളും
കുങ്കുമകളഭം കസ്തൂരികളും
കൊണ്ടുതളിച്ചു മനോഹരമാകിന
പങ്കജമാലകൾ മാലതി കുരുമൊഴി
മല്ലിക കേതകി ചമ്പകനറുമല-
രല്ലികളെന്നിവ നെല്ലിൻകതിരും
എല്ലാമനവധി സമ്പാദിച്ചു
വല്ലാതുള്ളൊരു വേളിവിശേഷം.

സീ. സ.

---

## അപ്സരസ്ത്രീകളുടെ ആട്ടം.

ആട്ടം തുടങ്ങുമ്പൊളട്ടിക്കിൽ വേണ്ടുന്ന
നാട്ടയും പാടിക്കലാശം തുടങ്ങിനാർ;
തോടിയും മാളവിയെല്ലാം പ്രയോഗിച്ചു
ചോടുകളോരോന്നു മെല്ലേ ചവുട്ടിനാർ;
നല്ല കവിതകൾ ചൊല്ലിച്ചവുട്ടിനി-
ന്നുല്ലാസമോടേ കളിച്ചു തുടങ്ങിനാർ;
ചൊല്ലും പദങ്ങൾക്കഭിനയംകൊണ്ടുമ-
റ്റെല്ലാ രസങ്ങളും ഭാവിച്ചുമേവിനാർ;
മുഷ്ടി കടകവും മുദ്ര പതാകവും

Digitized By Kerala Sahitya Akademi

തുഷ്ടി കലൎന്നാരഭിനയമിങ്ങനെ
ഒട്ടുംപിഴയാതെ കാട്ടുന്നതിനൊത്തു
കൊട്ടും കുഴലും മുഴക്കുന്ന ശംഖുകൾ
തട്ടുന്നമേളോരോ ചവിട്ടും കലാശവും
പാട്ടും പദങ്ങളും കാട്ടും രസങ്ങളും
മീട്ടുന്ന വീണയും കൂട്ടുന്ന പാണിയും
നീട്ടുന്ന വാണിയും കാട്ടും വികാരവും
കാട്ടുന്ന വിദ്യകൾ കണ്ടാൽ മനോഹരം.

ബാല്യത്ഭവം.

---

(വസ്തു)

പണ്ടത്തെ രാജധാനി.

ഇന്ദ്രതുല്യൻ നളൻ നാടുവാഴുന്നനാ-
ളിന്ദിരാവല്ലഭൻ നിദ്രാപരായണൻ;
ഇന്ദിരാദേവിതാനന്നു നളൻതൻെറ
മന്ദിരേ വാണരുളീടുന്നു സൎവ്വദാ.
പൊന്നും പണങ്ങളും മന്ദിരേ മന്ദിരേ
കുന്നിച്ചുകൂടുന്നു പിന്നെയും പിന്നെയും.
ആനപ്പടകളും സേനാഭടന്മാരു-
മാനന്ദമോടുടൻ മേവുന്നു സന്തതം.
നാനാദിഗന്തങ്ങൾ പാലിച്ചുപോരുന്ന
മാനവേന്ദ്രന്മാരനേകം വിധങ്ങളിൽ
സേനയോടൊന്നിച്ചു വന്നിങ്ങു സാദരം
സാനുരാഗം നളക്ഷോണിപാലൻതൻെറ

Digitized By Kerala Sahitya Akademi

പാദപങ്കേരുഹേ വന്ദനംചെയ്തുടൻ
ഖേദം കളഞ്ഞു തെളിഞ്ഞു വാണീടുന്നു.
ദിവ്യരത്നങ്ങളും ദിവ്യവസ്ത്രങ്ങളും
ദിവ്യശസ്ത്രങ്ങളും ദിവ്യമാല്യങ്ങളും
ദ്രവ്യങ്ങളോരോന്നു കാഴ്ചവെച്ചാദരാ-
ലവ്യാജഭാവേന സേവചെയ്തീടുന്നു.
ഭൂപതിമാരുടെ ഭൂരിസൈന്യങ്ങളാൽ
ഗോപുരദ്വാരങ്ങൾ പൂൎണ്ണങ്ങളാകയാൽ
ഗംഭീരമായുള്ള കോലാഹലം സദാ
സംഭവിച്ചീടുന്നു രാജാങ്കണങ്ങളിൽ.
വേദിയന്മാരുടെ വേദഘോഷങ്ങളും
വേദാന്തതാൎക്കികന്മാരുടെ വാദവും
വന്ദിസ്തുതികളും വാദ്യഘോഷങ്ങളും
സുന്ദരിമാരുടെ ഗാനവും നൃത്തവും
വൈണികന്മാരുടെ വീണാവിനോദവും
വേണുനാദങ്ങളും ശംഖനാദങ്ങളും
വിദ്വജ്ജനങ്ങളാലാരബ്ധമായുള്ള
ഗദ്യപദ്യങ്ങളും കാവ്യനാട്യങ്ങളും
പാഠകന്മാരുടെ ചാടുവാക്യങ്ങളും
പാടവംചേരുന്ന ശൃംഗാരഭംഗിയും
ചേടചേടീഭടന്മാരുടെ മോടിയും
പേടമാൻകണ്ണിമാരോടാപധാടിയും
ഇത്ഥമോരോ മഹാരംഭങ്ങൾ കൊണ്ടുടൻ
ബദ്ധകോലാഹലം ഭൂപാലമന്ദിരം.

Digitized By Kerala Sahitya Akademi

## അന്തഃപുരം.

ദൂരത്തു കാണായി ഭൈമീഗൃഹത്തിന്റെ
ചാരത്തു മേവും സഖീജനപ്രാഭവം.
പന്തടിക്കുന്നുണ്ടൊരേടത്തൊരു വിധം
ചിന്തുപാടുന്നുണ്ടു മറെറാരു ഭാഗത്തു.
വീണാവിനോദങ്ങൾ വേണുപ്രയോഗങ്ങൾ
വാണീവിശേഷങ്ങളങ്ങൊരു ഭാഗത്തു.
ചൂതു ചതുരംഗമേകത്ര നല്ലൊരു
ഗീതപ്രയോഗങ്ങളന്യത്ര സുന്ദരം
മദ്ദളാരാവം മൃദംഗപ്രയോഗവും
തദ്ദിക്കിലേകത്ര പൂൎണ്ണകൎണ്ണാമൃതം.
ശൃംഗാരനൃത്തങ്ങളന്യത്ര കുത്രാപി
രംഗപ്രവേശപ്രസംഗങ്ങളേകത്ര
കേളീശുകങ്ങളെ ലാളിക്കയും കുത്രാപി
നാളീകബാണനെസ്സേവിക്കയും കുത്രചിൽ.
സൌഭാഗ്യദേവതാരാധനം കുത്രചിൽ
ശോഭാവിശേഷാംഗലേപനം കുത്രചിൽ
നാടകകാവ്യപുരാണങ്ങളെന്നിവ
പാടവമോടെ പഠിക്കുന്നു കുത്രചിൽ.
പദ്യപ്രബന്ധം ചമക്കുന്നു കുത്രചിൽ
ഗദ്യപ്രബന്ധം രചിക്കുന്നു കുത്രചിൽ
പ്രാകൃതശ്ലോകങ്ങളുണ്ടാക്കി മെല്ലവേ
വ്യാകരിക്കുന്നു കുമാരികൾ കുത്രചിൽ.
ഗൂഢചതുൎത്ഥങ്ങൾ വൎണ്ണച്യുതങ്ങളും
രൂഢപ്രമോദം രമിക്കുന്നു കുത്രചിൽ.

Digitized By Kerala Sahitya Akademi

ദൎപ്പണരേഖാവിലേഖനം ചെയ്തുടൻ
ദൎപ്പണംനോക്കി രചിക്കുന്നു കൗതുകാൽ.

## സാൎത്ഥവാഹന്മാർ.

തൽക്ഷണംകാണായ്വന്നു പാന്ഥന്മാരോരോവിധം
ദാക്ഷിണാത്യന്മാരവരൊക്കവേ വണ്ണിക്കുകൾ.
പട്ടുകൾ പുടവകൾ കച്ചകളിവയെല്ലാം
ഒട്ടകങ്ങളെക്കൊണ്ടു വഹിപ്പിച്ചൊരുവിധം
ഒട്ടു തങ്ങളേതന്നേ വഹിക്കുമിരുമുടി-
ക്കെട്ടുകാരരും ചില മാറാപ്പുകാരുമതിൽ
ഗൎദ്ദഭങ്ങളും ചില കാളകൾ കുതിരകൾ
കൎമ്മമണിഞ്ഞുള്ള പോത്തുകളൊരുവിധം
കുട്ടകങ്ങളും ചില കട്ടിലും പെട്ടികളും
പെട്ടകങ്ങളും കെട്ടിപ്പേറിയങ്ങൊരുവിധം
പട്ടുകൊണ്ടൊരുവിധം മാറാപ്പും പേറിച്ചില
ചെട്ടികൾ കോമട്ടികൾ കുട്ടികൾ വൃദ്ധന്മാരും
താടിയും തലപ്പാവും കുണ്ടക്കം കുപ്പായവും
കോടിവസ്ത്രവുംതോളിൽ കൈകളിൽ കുന്തങ്ങളും
മോടിയിങ്ങനേ ചില ചെട്ടികൾക്കതിൽചില
ലാടരും കൂടെക്കൂടിച്ചേങ്ങലം കൊട്ടിക്കൊണ്ടും
താളവും കൊട്ടിച്ചില പണ്ടാരക്കൂട്ടങ്ങളും
കാഹളവും ശംഖുംവിളിച്ചങ്ങനെ ചിലജനം
പേമുഖംകൊട്ടിച്ചിലർ തപ്പുകൾകൊട്ടിക്കൊണ്ടു
കാമിനികളും ചില വസ്ത്രങ്ങൾകൊണ്ടുമൂടി

Digitized By Kerala Sahitya Akademi

അശ്വവുമേറിച്ചിലരാനമേലേറിച്ചിലർ
വിശ്വവും മുഴക്കിക്കൊണ്ടിങ്ങനേ കാണായ്വന്നു.

## കാട്ടുതീ.

ഘോരനാം കാട്ടുതീ വന്നു പിടിപെട്ടു
ഭൂരിവൃക്ഷങ്ങളും ക്രൂരസൎപ്പങ്ങളും
പൎവ്വതാഗ്രങ്ങളും വല്ലീശതങ്ങളും
സൎവ്വം ദഹിക്കുന്ന ഘോഷവും കാണായി.
അഗ്നിസ്ഫുലിംഗങ്ങളാകാശമാൎഗ്ഗത്തു
ലഗ്നങ്ങളായി പ്രകാശിക്കകാരണം
നക്ഷത്രജാലങ്ങളൊക്കപ്പകൽപോലു-
മക്ഷീണശോഭം പ്രകാശിച്ചുകാണുകയോ?
ധൂമങ്ങളംബരേ നീളെപ്പരക്കയാൽ
ജീമൂതകാലവും വന്നു ജൃംഭിക്കയോ?
ജ്വാലാസമൂഹങ്ങളേററം ജ്വലിക്കയാൽ
കാലാഗ്നികോലാഹലം വന്നണഞ്ഞിതോ?
ഗംഭീരമായുള്ള ശബ്ദം ജനിക്കയാൽ
അംഭോധിനാലും കവിഞ്ഞുവരുന്നിതോ?
ആദീപിതോഷ്മപ്രകൎഷം ഭവിക്കയാൽ
ദ്വാദശാൎക്കന്മാരൊരുമിച്ചുദിച്ചിതോ?
പൎവ്വതശൃംഗങ്ങൾ പൊട്ടിത്തെറിക്കയാൽ
പൎവ്വതാരാതിതാൻ വാളുമെടുത്തിതോ?
രൂക്ഷാനലജ്വാല മേന്മേലുദിക്കയാൽ
ദക്ഷാന്തകൻ ഫാലനേത്രം മിഴിച്ചിതോ?
സിംഹാരവാഘോഷമത്ഭുതഭവിക്കയാൽ

Digitized By Kerala Sahitya Akademi

സംഹാരരുദ്രൻെറ ക്രൂററൂണന്നിതോ?
കെല്പോട്ട കാററും പൊടിയും പെരുക്കയാൽ
ഉൽപാതവാതസമ്പാതം തുടന്നിതോ?
ഏവം പലവിധം ശങ്കയ്ക്കു ഹേതുവാം
ദാവാനലൻ ജ്വലിച്ചീടും ദശാന്തരേ
ആട്ടം മയിൽകളും പാട്ടം കുയിൽകളും
ഓട്ടം മൃഗങ്ങളും ചാട്ടം കപികളും
പേടിച്ചുഴന്നങ്ങുമിങ്ങും വനത്തോട്ട
കൂടിദ്ദഹിച്ചാശു ഭസ്മീഭവിക്കയും,
തോയം തിരഞ്ഞങ്ങു പായും ഗജത്തിൻെറ
വായിൽ കടന്നുള്ളിലായോരു പാവകൻ
കായം സമസ്തം കലന്നു ദഹിപ്പിച്ചു-
പായം വരുത്തിധരിത്രി കുലുക്കിയും
ഒന്നിച്ചുകൂടിപ്പരക്കെച്ചരിക്കുന്ന
പന്നിക്കുലങ്ങളിൽ ചെന്നുപിടിക്കയും,
ലാംഗ്രലഭംഗിക്കു ഭംഗം വരുന്നാകി-
ലംഗങ്ങളിൽ ചെററുമാശയില്ലിങ്ങെന്നു
സഞ്ചിന്തനംചെയ്തു സഞ്ചരിച്ചീടുന്ന
വെഞ്ചമരീമൃഗക്കൂട്ടത്തിലഗ്നിയും
ചെന്നു പിടിച്ചു ദഹിച്ചുതുടങ്ങിനാ-
നെന്നുവേണ്ടാ മഹാകല്പാന്തസംഭ്രമം
വന്നുഭവിച്ചു വനത്തിൽക്കനക്കവേ
വന്യങ്ങളെല്ലാം വിനാശംഭവിച്ചിതു.
വട്ടത്തിൽനില്ക്കുന്ന വംശദ്രുമങ്ങളിൽ
പെട്ടെന്നു പാവകൻ പററുന്നനേരത്തു



Digitized By Kerala Sahitya Akademi

പൊട്ടിത്തെറിക്കുന്ന ശബ്ദങ്ങൾ കേട്ടുടൻ
ഞെട്ടിത്തുടങ്ങീ ദിഗന്തങ്ങളൊക്കവേ.
വള്ളിക്കുടിലകം പൂക്കു കിടക്കുന്ന
പുള്ളിമാൻകൂട്ടത്തിലെത്തിട്ടു വാനലൻ
കൊള്ളികൊണ്ടംഗം ദഹിക്കും ദശാന്തരേ
തുള്ളിപ്പിടഞ്ഞു മരിച്ചുതുടങ്ങിനാർ.
പഞ്ചാനനങ്ങളും കാളുന്ന തീയില-
ഞ്ചാതെ ചാടിദ്ദഹിക്കുന്നു വിഗ്രഹം.

## രഥവേഗം.

സംവാഹനത്തിനു ഭാവിച്ചു ബാഹുകൻ
ചമ്മട്ടികൊണ്ടടിച്ചീടും ദശാന്തരേ
ഓടിത്തുടങ്ങീ ഹയങ്ങളുത്തുംബരേ
ചാടിക്കുതിച്ചു പറക്കും വിധങ്ങളിൽ.
മുന്നിലെക്കാൽകളും പിന്നിലെക്കാൽകളു-
മൊന്നിച്ചൊരേടത്തു കൂടിക്കുതിക്കയും,
കൂടും വഴിയ്ക്കിട ഭൂമിസമ്പൎക്കവും
കൂടാതെ മീതേപറന്നു ഗമിക്കയും,
തോടും പുഴകളും ചാടിക്കടക്കയും,
കാടും പടലും തൊടാതേ നടക്കയും;
ദൂരത്തുകാണുന്ന വൃക്ഷങ്ങളൊക്കവേ
ചാരത്തു കാണാമരക്ഷണം കൊണ്ടുടൻ,
ചാരത്തു കാണുന്ന വൃക്ഷങ്ങളും തഥാ
ദൂരത്തു പിന്നിലാമ്മാറു കാണായ്വരും,

Digitized By Kerala Sahitya Akademi

ദൂരത്തു മുന്നിൽ നിൽക്കുന്ന പദാൎത്ഥങ്ങൾ
നേരിട്ടു പാഞ്ഞു വരുമ്പോലെ കാണുകയും
ക്രൂരമായുള്ള കുളമ്പിലുണ്ടാകുന്ന
ഭൂരേണു ദൂരെക്കടന്നങ്ങു പോകയും
ഗംഭീരമായുള്ള ചക്രഹുങ്കാരവും
സംഭൃതസന്തോഷഹേഷാരവങ്ങളും
(സംഭാവനംചെയ്തു വാൎഷ്ണേയനേററവും
സമ്പന്നകൌതുകം ചിന്തതുടങ്ങിനാൻ)

നള. കിളി.

---

ഒരു വടവൃക്ഷം.

പണ്ടൊരുമഹാവനം തന്നിലങ്ങൊരുദിക്കിൽ
ഉണ്ടൊരുവടവൃക്ഷമെത്രയും മഹത്തരം
കൊണ്ടൽതൻനിറംപോലെ നീലയാം പത്രാവലി-
കൊണ്ടഹോ മുഴുത്തോരു കൊമ്പുകൾ കനംകൊണ്ടു
താണുപോമെന്നുള്ളൊരു ശങ്കകൊണ്ടെന്നുതോന്നും
തൂണുപോൽ ചുഴലവും വേടുകൾ നിലത്തൂന്നി
കാടുകൾക്കോരോ പുര കെട്ടിയപോലെ നാലു
കോടുകളൊക്ക മൂടിക്കൊണ്ടഹോ നിന്നീടുന്നു.
കൂടുകൾ കൂട്ടിപ്പക്ഷിക്കൂട്ടങ്ങൾ ചുററും മഹാ-
കോടരങ്ങളിൽ നിറഞ്ഞെപ്പൊഴും പാൎത്തീടുന്നു.
പോടുകൾതന്നിൽ ബഹു സൎപ്പങ്ങൾ തങ്ങൾക്കുള്ള
വീടുകളാക്കിക്കൊണ്ടു സന്തതം മേവീടുന്നു.

പ. ത.

---

Digitized By Kerala Sahitya Akademi

## ഗന്ധമാദനപൎവ്വതം.

അത്യന്തവിസ്താരമത്യുന്നതം പരം.
ഉത്തുംഗശൃംഗങ്ങൾ നക്ഷത്രമാൎഗ്ഗത്തി-
ലെത്തുന്നതൊട്ടല്ല പത്തുനൂറായിരം;
കത്തുന്ന തീക്കനൽജ്വാലാകലാപത്തി-
നൊത്തുള്ള രത്നപ്രകാശങ്ങളുണ്ടനെ;
കുത്തിയൊഴുകുന്ന പൂഞ്ചോലവാരിയിൽ
തത്തിക്കളിക്കുന്ന മത്സ്യനക്രങ്ങളും
പാതാളരന്ധ്രത്തിനൊക്കും ഗുഹകളിൽ
ചേതസി മോദാൽ കളിച്ചു വസിക്കുന്ന
വേതാളിപാളിയും കാളിയും കൂളിയും
ചൂതെളിപൂതനാജാലങ്ങളും കചിൽ.

വള്ളിക്കുടിലകത്തുള്ളിൽ കടന്നങ്ങു
തുള്ളിക്കളിക്കുന്ന പുള്ളിമാൻപേടയ്ക്കു
കൊള്ളിക്കുമാറുള്ള ബാണം പ്രയോഗിച്ചു
കൊല്ലുന്ന കാട്ടാളജാതിയെക്കാണുകയാൽ
ഉള്ളിൽ ഭയംപൂണ്ടു മണ്ടും മൃഗങ്ങളെ
തായത്തിലെത്തിപ്പിടിച്ചു കടുക്കെന്നു
വായിലാക്കിക്കൊണ്ടു പാഞ്ഞുപോകും കടു-
വായും പുലികളും ചെന്നു വലകളിൽ
ചാടിക്കിടന്നുഴന്നീടുന്ന നേരത്തു
പാടേമുടിപ്പാനൊരുമ്പെട്ടുറച്ചുടൻ
ചാടിവന്നീടുന്ന വേടൻ കണകൊണ്ടു
താഡനംചെയ്തു വധിക്കും പ്രകാരവും.

Digitized By Kerala Sahitya Akademi

പേടിച്ചോളിക്കുന്ന ചെമ്പുലിക്കൂട്ടങ്ങ-
ളോടേ കലമ്പുവാനായ്ക്കുന്നടുത്തിടും
എട്ടടിമാനിനെപ്പെട്ടെന്നു കുന്തത്തി-
ലിട്ടു കളിപ്പിച്ചു കാട്ടാളരാജൻെറ
ചട്ടററ വിക്രമംകൊണ്ടു പുകഴ്ത്തുന്ന
കാട്ടാളരാജനും കൂട്ടരുമൊക്കവേ
വേട്ടയ്ക്കു കോപ്പുകൾ കൂട്ടിപ്പുറപ്പെട്ടു
കാട്ടിൽപ്പരന്നതും കണ്ടു വൃകോദരൻ.

## നായാട്ടുനായ്ക്കൾ.

കണ്ടോതരം നല്ല നായാട്ടുനായ്ക്കടെ
കണ്ഠേ ഘണഘണസംഘോഷശൃംഖല
കൊണ്ടു മുറുക്കിപ്പിടിച്ചു പിൻഭാഗത്തു
മണ്ടിച്ചുകൊണ്ടു നടക്കുന്നിതു ചിലർ;
ബദ്ധാ കുരയ്ക്കുന്ന വമ്പനും നല്ല കു-
റുമ്പൻ വെളുമ്പനും മുണ്ടനും നീളനും
ചാത്തനും കുഞ്ഞനും പാണ്ടൻ വറണ്ടനും
ചാടി മൂക്കത്തു കടിക്കുന്ന വെള്ളുവും
കുക്കടത്തെപ്പിടിച്ചീടുന്ന കള്ളനും
ദുഷ്കരം മുഷ്കരനാം മുറിവാലനും
ഒക്കത്തെട്ടിച്ചുടൻ ബദ്ധരൌ എന്നൊരു
ശബ്ദമഹാടകത്തൊക്കപ്പരന്നുതേ!.

ക. സൌ.

## മയന്റെ മായാസഭ.

സാദരമേവം പറഞ്ഞു മയൻ ഗുരു-
പാദസരോജങ്ങളോൎത്തുടനേ
വേദിയന്മാരെ വണങ്ങി മുദാ നാലു
വേദങ്ങളേയും നമസ്കരിച്ചു,
കോടാലി കയ്യിലെടുത്തു മെല്ലെയൊട്ടും
കോടാതെ തക്ഷത്തിൽ താണുനിന്നു,
വാടാതെ കോടാലികൊണ്ടൊരു താമസം
കൂടാതെ വെട്ടി മഹീതലത്തിൽ,
തെല്ലു പിറകോട്ടു മാറിനിന്നു പത്തു
കല്ലു ജപിച്ചങ്ങെറിഞ്ഞളവേ
മെല്ലെന്നു ഭൂമിപിളൎന്നു പുറപ്പെട്ടു
നല്ലൊരു പൊന്മണിമൌലികുംഭം;
ഉത്തുംഗഗോപുരശൃംഗങ്ങളും നിന്നു
കത്തുന്ന തീക്കനലെന്നപോലേ
പത്തരമാററുള്ള തങ്കപ്രകാശത്തെ-
ക്കുത്തിക്കവൎന്ന നിറംകലരും
പത്തനപംക്തി നിരക്കെപ്പുറപ്പെട്ടു
പത്തു ദിക്കൊക്കെ പ്രകാശത്തോടേ;
മുത്തു പവിഴം മരതകം മാണിക്ക-
മൊത്തു വിളങ്ങും മതിലുകളും,
അച്ഛസ്ഫടികപ്രദേശങ്ങളും പിന്നെ
സ്വച്ഛങ്ങളാകും തടാകങ്ങളും,
പച്ചക്കല്ലൊത്ത നിലത്തൊഴുകും നദീ-

Digitized By Kerala Sahitya Akademi

കച്ഛത്തിലുത്തമവൃക്ഷങ്ങളും,
ഉച്ചത്തിലുള്ളോരെഴുനിലമാടങ്ങൾ
മെച്ചത്തിൽ മാളികാവീഥികളും,
മച്ചുമറകളും മാടപ്പുരകളും
മററും പലപല ഗേഹങ്ങളും,
കൊട്ടിലും കട്ടിലും മേക്കട്ടി മെത്തകൾ
തട്ടും പതിനെട്ടു കെട്ടുകളും,
പട്ടുകൾകൊണ്ടു വിതാനങ്ങളും മണി-
ക്കൊട്ടത്തളങ്ങൾ പുറത്തളവും,
നാടകശാലകൾ വാട കിടങ്ങുകൾ
ചേടികാചേടികൾ വീടുകളും,
ഘോടകശാലകൾ ഹാടകശാലകൾ
പാഠകശാലാവിശേഷങ്ങളും,
അട്ടങ്ങളും മണിഘട്ടങ്ങളും പല
ചട്ടങ്ങളുണ്ടന്നെ ഭംഗിയോടെ
പെട്ടെന്നുവന്നു പ്രകാശിച്ചു, വിസ്മയ-
മൊട്ടല്ല പിട്ടല്ലിതൊന്നുമഹോ.
വെള്ളപ്പളുങ്കു പതിച്ചുള്ള തോട്ടുകൾ
വെള്ളം നിറഞ്ഞങ്ങു നിൽക്കുന്നേരം
ഉള്ളിലെ സ്വച്ഛതകൊണ്ടിപ്രദേശത്തു
വെള്ളമില്ലെന്നു ഭ്രമിച്ചുപോകും;
വെള്ളമില്ലാത്ത പ്രദേശങ്ങളിൽപിന്നെ
വെള്ളം വളരെയുണ്ടെന്നു തോന്നും;
ഉള്ളംഭ്രമിപ്പിപ്പാനുള്ളവിധം പുന-
രുള്ളതശേഷമവിടെക്കാണാം;

Digitized By Kerala Sahitya Akademi

കള്ളം മനക്കാമ്പിലുള്ള ജനത്തിന്റെ
തള്ളലും ഉള്ളലും നിൎത്തീടുവാൻ
കള്ളപ്രയോഗങ്ങളിങ്ങനെ നിൎമ്മിച്ച
കള്ളനേ കള്ളമറിഞ്ഞുകൂട്ടൂ.
ദ്വാരമില്ലാത്തോരു ഭിത്തികളിൽപിന്നെ
ദ്വാരമുണ്ടെന്നു ഭ്രമിച്ചുപോകും;
സാരമില്ലാത്ത ജനങ്ങൾ വന്നാലിഹ
പാരമുഴന്നു വലഞ്ഞുപോകും;
പിന്നെക്കതകുള്ള ദിക്കിൽ കതകുക-
ളില്ലെന്നു ബോധിച്ചു മാറിപ്പോരും,
അന്യത്ര വാതിലെന്നോൎത്തങ്ങവിടത്തിൽ
ചെന്നു തലതല്ലി വാങ്ങിപ്പോരും;
കുണ്ടുള്ള ദിക്കുകൾ കണ്ടറിയത്തില്ല
കുന്നുള്ള ദിക്കുമച്ചൊണ്ണംതന്നേ,
പണ്ടുള്ളതൊക്കെ മറിച്ചുകല്പിച്ചുതു
കണ്ടുനടക്കേണമെല്ലാവരും,
തണ്ടുതപ്പിത്തരം കാട്ടുന്നകൂട്ടത്തെ
കൊണ്ടുതരം കെടുത്തീടുമിപ്പോൾ;
കണ്ടകന്മാരെയും കശ്മലന്മാരെയും
ചെണ്ടകൊട്ടിപ്പാനിവണ്ണമാക്കി,
കണ്ടവൎക്കോൎത്തോണം വന്നുകരേറുവാൻ
പണ്ടത്തെപ്പോലെയെളുതല്ലിപ്പോൾ,
സ്ഥായിക്കാരന്മാരെക്കൂടാതൊരുത്തൎക്കും
കോയിക്കൽ ചെന്നു കരേറിക്കൂടാ;
ഓതിക്കൻനമ്പൂരിമാരെങ്കിലുമങ്ങു

Digitized By Kerala Sahitya Akademi

ബോധിക്കാതുള്ളിൽ കടപ്പാൻമേലാ;
നോക്കുന്ന ദിക്കിലെ വാതിൽക്കൽ വാതിൽക്കൽ
തോക്കും പിടിച്ചുള്ള കാവൽക്കാരും,
പാൎക്കുന്നതുണ്ടതുകൊണ്ടിസ്സദനത്തി-
ലാൎക്കും കരേറുക സാദ്ധ്യമല്ല.

... ...

ധൎമ്മങ്ങൾകൊണ്ടു ജഗത്തു ജയിച്ചോരു
ധൎമ്മാത്മജന്നു വസിച്ചരുൾവാൻ
ശൎമ്മാനുകൂലം ചമച്ച സഭ വിശ്വ-
കൎമ്മാവിനേക്കാൾ വിദഗ്ദ്ധൻ മയൻ.

സ. പ്ര.

---

(ഭാവം)

## ഗോപിമാരുടെ ഓട്ടം.

ഗോപാംഗനാജനമനോരഥപൂരണാൎത്ഥം
ഗോപാലബാലനൊരുനാൾ ദിവസാവസാനേ
ചന്ദ്രപ്രഭാവിശദമാം യമുനാതടാന്തേ
ചെന്നങ്ങുനിന്നു കളവേണുരവം മുഴക്കി.
ആകൎണ്ണ്യ ചാരുമുരളീനിനദം മനോജ്ഞം
മാകന്ദബാണശരമേററിതു ഗോപിമാരും
ഗേഹം ധനം ജനമിതൊക്കെ വെടിഞ്ഞുവേഗാൽ
മോഹം കലൎന്നു യമുനാതടമാഗമിച്ചാർ.
ഒട്ടേടമാഭരണഭാരമണിഞ്ഞൊരുത്തി,
പെട്ടെന്നു ഭൂഷണമിളച്ചുധ മറെറാരുത്തി,

Digitized By Kerala Sahitya Akademi

പട്ടും മുലപ്പുടവുമെന്നിവ മാൎഗ്ഗമദ്ധ്യേ
വിട്ടുംകളഞ്ഞു നടകൊണ്ടിതു കാപിഗോപീ.

ഭൎത്താക്കളേയുമഥ പുത്രരെയും തദാനീ-
മോൎത്തീല വല്ലവവധൂജനമല്ലലോടേ
കൂൎത്തുള്ള മാരശരമേററുഴലുന്ന നേരം
പാൎത്തീടുമോ കിമപി കാമിനി കാണിനേരം?

കാട്ടും മഹാഗിരിതടങ്ങളഗാധതോയം
തോട്ടും കടന്നു രമണാന്തികമന്തിനേരം
ഓടുന്ന മല്ലമിഴിമാരുടെ പുണ്യവൃത്തം
പാടുന്നു കിന്നരവധൂജനമിന്നുപോലും.

## വിരഹതാപം.

കഷ്ടം ഹരേ വിരഹസങ്കടമേററമിപ്പോ-
ളിഷ്ടം പദാൎത്ഥവുമനിഷ്ടമതാമശേഷം
പെട്ടെന്നു ചന്ദനവുമിന്ദുകരങ്ങൾപോലും
തട്ടുന്ന ദിക്കു പൊളിയും പൊളിയല്ലിതൊന്നും.

വണ്ടിൻെറ ഝംകൃതികളിണ്ടലിനുള്ള മൂലം
തണ്ടാർമധുദ്രവകണങ്ങളണഞ്ഞുകൂടാ
കണ്ടാലുമത്ഭുതമിളംകുയിലൊച്ചകേട്ടാ-
ലുണ്ടാകുമല്ലലതു ചൊല്ലുവതിന്നസാദ്ധ്യം.

മന്ദാരകുന്ദമകരന്ദസുഗന്ധമോടേ
മന്ദം വരും മലയമാരുതമേൽക്കുമപ്പോൾ
കന്ദൎപ്പസൎപ്പവിഷവഹ്നിസമം ജ്വലിക്കും
ചന്ദ്രാഭിരാമമുഖ പാലയ നന്ദസൂനോ!

Digitized By Kerala Sahitya Akademi

## അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ.

തേരിലേറി വിരവോടു നടന്നാൻ,
ഭൂരിശൈലവിപിനങ്ങൾ കടന്നാൻ;
വാരിജാക്ഷപദസംഗമപൂതം
ചാരുയാമുനവനം ബത കണ്ടാൻ.

പങ്കജാക്ഷപദപങ്കജമുദ്രാ-
സങ്കുലം പൊടി ശിരസ്സിലണിഞ്ഞാൻ,
സങ്കടം കളയുമച്യുതനാമം
സംഖ്യയാ സഹ മുഖേന ജപിച്ചാൻ.

വാസരാന്തസമയേ കില ചെന്നാൻ
വാസുദേവനുടെ വാസനികേതേ
ഹാസചാരുമുഖനായ മുകുന്ദം
ഭാസമാനമചിരാദിഹ കണ്ടാൻ.

ക്ഷീരദോഹസമയേ മുകിൽവർണ്ണൻ
ക്ഷീരഭാജനമെടുത്തു കരാബ്ജേ
പൂരിതം ബത കുടിച്ചു സുഖിച്ചും
ഭൂരികേളി വിലസുന്നതു കണ്ടാൻ.

മേഖലാകലിതപീതദുകൂലം
ശേഖരീകൃതമയൂരകലാപം
നീലമേഘനിറമായതനേത്രം
ബാലരൂപമവനൻപൊടു കണ്ടാൻ.

ശ്രീ. ച. മ.

Digitized By Kerala Sahitya Akademi

സ്വയംവരസംഭ്രമം.

പത്രങ്ങൾ കണ്ടവർ കണ്ടവർ വേഗേന
യാത്രപുറപ്പാടു കൂട്ടിത്തുടങ്ങിനാർ.
കോപ്പുകളോരോന്നു തീൎപ്പിക്കയും ചില-
രോപ്പം വരുത്തിസ്സമൂഹിക്കയും ചിലർ,
ശൃംഗാരവേഷം വിശേഷിക്കയും ചിലർ
സംഗീതഭംഗി പരീക്ഷിക്കയും ചിലർ,
ദ്രവ്യങ്ങൾ കെട്ടിയെടുപ്പിക്കയും ചിലർ
ഭവ്യതാമേററം പ്രശംസിക്കയും ചിലർ,
വാണീഗുണാഭ്യാസമിച്ഛിക്കയും ചിലർ
വേണീലതാഭംഗി വാഞ്ഛിക്കയും ചിലർ,
ചാപല്യമെല്ലാമുപേക്ഷിക്കയും ചിലർ
ചാപം കരത്തിലുറപ്പിക്കയും ചിലർ,
വീൎയ്യം നടിച്ചു വിജൃംഭിക്കയും ചിലർ
ധൈൎയ്യം മനസ്സിൽ ജനിപ്പിക്കയും ചിലർ,
ചാഞ്ചല്യമില്ലെന്നു ഭാവിക്കയും ചിലർ
ചാഞ്ചാടിനിന്നു വിനോദിക്കയും ചിലർ,
ഭൈമീസമാഗമം പ്രാൎത്ഥിക്കയും ചിലർ
കാമിനീഭാവം വിഡംബിക്കയും ചിലർ,
കന്യാസ്വരൂപം നിരൂപിക്കയും ചിലർ
കണ്ണാടിനോക്കിക്കടാക്ഷിക്കയും ചിലർ,
കൎണ്ണങ്ങളിൽചെന്നു മന്ത്രിക്കയും ചിലർ
സ്വപ്നങ്ങൾ പോരാഞ്ഞു ഖേദിക്കയും ചിലർ,
വൎണ്ണസൌഭാഗ്യേന മോദിക്കയും ചിലർ
ബന്ധുക്കളെക്കൂട്ടിമേളിക്കയും ചിലർ,

Digitized By Kerala Sahitya Akademi

ബന്ധനങ്ങൾ കൂടാതെ ജല്പിക്കയും ചിലർ
പ്രസ്ഥാനവാദ്യം മുഴങ്ങിക്കയും ചിലർ
സ്വസ്ഥം നമുക്കെന്നു ഘോഷിക്കയും ചിലർ;
ഇങ്ങനെ ഭൂപാലകോലാഹലം തദാ
ഭംഗ്യാ ഭവിച്ചിതു സർവ്വഭൂമണ്ഡലേ.

പഞ്ചനളീയം.

നടുവിലഥ നളനൃപനുമിരുപുറമമർത്ത്യരും
നല്ലോരു കൌതുകം കാണുന്നവർക്കഹോ!
അതുപൊഴുതു ഭഗവതിയുമപിച ദമയന്തിയും
അന്തോളവാഹകന്മാരും സഖികളും
അതികുതുകമൊടുസപദി കിമപി മരുവീടിനാർ
അഞ്ചു നളന്മാരെ വീക്ഷണംചെയ്കയാൽ.
കവിജനനി കനിവിനൊടു ദമഭഗിനിയോടുടൻ
കൌതുകത്തോടേ പറഞ്ഞുതുടങ്ങിനാൾ:—
"വിബുധകുലതിലകനിവനസമശരസുന്ദരൻ
വീരസേനാത്മജൻ വീരചൂഡാമണി;
സുരയുവതിജനനയനസുഖകരകളേബരൻ
സുന്ദരി ചെന്നു വരിച്ചുകൊൾകാശു നീ.
കമനി പുനരിവനുമതിസുഭഗനഭിമാനവാൻ
കണ്ടുകൊൾക നളൻതന്നെ മഹാപ്രഭൻ.
തെളിവിയലുമമൃതകരവദനനിവനുജ്ജ്വലൻ
തേജസ്സുകൊണ്ടു സമസ്തം ജയിപ്പവൻ.
ഇവനുമതിസുകൃതനിധി ദുരിതചരിതാന്തകൻ
ഇന്ദ്രതുല്യപ്രഭൻ ധർമ്മചിന്താമണി.

Digitized By Kerala Sahitya Akademi

പുനരിവനമതിസരസനഖിലഭുവനാധിപൻ
പുണ്യശീലൻ മഹാഗംഭീരസത്വവാൻ.
നടുവിലൊരു നളനൃപതി വസതി വസുധാവരൻ
നാടുവാണീടുന്ന മൎത്ത്യലോകേശ്വരൻ.
നിഷധകുലനൃപതികളിലൊരുവനെ വരിക്ക നീ
നിന്നുടെ ചിത്തത്തിലൊത്തതിങ്ങും പ്രിയം"
ഇതികപടസുരചരിതമഴകൊടു മറച്ചുകൊ-
ണ്ടീശ്വരിതാനും പറഞ്ഞോരനന്തരം
കരളിലതിപരവശത കലരുമൊരു ഭീമജ
കണ്ണുനീർവാർത്തു കരഞ്ഞു പറഞ്ഞിതു:—
"ഇവരിലൊരു പുരുഷമണി മമ ഹൃദയവല്ലഭൻ
ഏവനെന്നുള്ളതോ ദുൎഗ്രഹം ദൈവമേ!
അമരവരരുടെ കപടചരിതമിതുനിൎണ്ണയം
അംബരചാരികൾക്കെന്തിതു തോന്നുവാൻ?
സകലജനഹൃദയമതമറിയുമവരെന്നുടെ
സാധുവൃത്തത്തെ ഗ്രഹിക്കാത്തതെന്തുവാൻ?
നിഷധനൃപകുലവരനെ വിരവൊടു വരിച്ചു ഞാൻ
നീക്കമില്ലേതും മനസ്സുകൊണ്ടാദരാൽ
സതികളുടെ ചരിതമിതു പരപുരുഷനിസ്സ്പൃഹം
സാധുശീലന്മാരറിഞ്ഞിരിപ്പൊന്നിതു;
ദിവസകരസദൃശരിവരിവരിൽ വിദിതങ്ങളാം
ദേവചിഹ്നങ്ങളും കാണുന്നതില്ലഹോ"

ഒരു ധൎമ്മസങ്കടം.

നൈഷധക്ഷിതീശന്റെ നാട്ടിലങ്ങുകം പൂകാൻ
വൈഷമ്യംകൊണ്ടു പാരം സംഭ്രമം കലൎന്നിതു

Digitized By Kerala Sahitya Akademi

സൽക്കർമ്മങ്ങളും നല്ല സാധുതാഗുണങ്ങളും
ചൊൽക്കൊണ്ടയാഗങ്ങളും ദാനവും മാനങ്ങളും
നിത്യവും മുടങ്ങാതെ നിഷ്ഠയാ ചെയ്തീടുന്നോ-
രുത്തമക്ഷിതീശന്റെ പൂജ്യമാം രാജ്യം തന്നിൽ
എങ്ങനെ കലിയുഗം ചെന്നകംപൂകീടേണ്ടു
എങ്ങുമില്ലൊരുനേരം ധർമ്മവർജ്ജിതസ്ഥലം.
വേദഘോഷങ്ങൾകേട്ടു വേദനപ്പെട്ടു മണ്ടി
ഖേദവുംപൂണ്ടു കലി മറെറാരു ഭാഗേചെന്നാൻ;
യാഗധൂമങ്ങൾ കണ്ടാനദ്ദിക്കിൽ പരക്കവേ
വേഗമോടവിടെനിന്നോടിനാൻ കലിയുഗം;
മറെറാരു ഭാഗേ ചെന്നു കടപ്പാൻ തുടങ്ങുമ്പോൾ
അററമില്ലാതെ കേട്ടു നാമസങ്കീർത്തനങ്ങൾ
അപ്പോഴേ ചെവിരണ്ടും പൊത്തിനാൻകരങ്ങളാ-
ലപ്പുറം നടന്നങ്ങു മറെറാരു ദിക്കിൽ ചെന്നാൻ;
അർത്ഥികളതുഭാഗത്തർത്ഥവും കെട്ടിപ്പേറി-
സ്സതതരം വരുന്നതു കണ്ടവൻ മണ്ടിപ്പോയാൻ;
അന്യഭാഗത്തുചെന്നു കടപ്പാൻ ഭാവിച്ചപ്പോൾ
അന്നദാനങ്ങൾ കണ്ടു ഭയപ്പെട്ടോടിപ്പോയാൻ;
പിന്നെയുമൊരു ദിക്കിൽ ചെല്ലുവാൻതുനിഞ്ഞപ്പോൾ
കന്യകാദാനംകണ്ടു ഖിന്നനായ് പുറംവാങ്ങി;
അന്നേരമൊരുപശുമാരണം കണ്ടു കലി
ചെന്നിതു വീരവോടെ കടപ്പാൻ മോഹിച്ചവൻ
യാഗാംഗമായുള്ളോരു ഹിംസയെന്നറിഞ്ഞപ്പോൾ
വേഗേന വിഷണ്ണനായ് പോന്നിതു മഹാഖലൻ;
പെട്ടെന്നങ്ങൊരേടത്തു വിപ്രന്റെ യജ്ഞസൂത്രം

Digitized By Kerala Sahitya Akademi

പൊട്ടിക്കുന്നതുകണ്ടു സന്തോഷത്തോടേ ചെന്നാൻ
സന്ന്യാസം കൊടുക്കുന്ന സന്നാഹമെന്നറിഞ്ഞു
പിന്നോക്കം വാങ്ങിക്കലി ഖിന്നത പൂണ്ടുപോന്നു;
പിന്നെയങ്ങൊരുത്തനെക്കൊല്ലുവാൻ പലർകൂടി
വന്നതുകണ്ടുകലി കൌതുകത്തോടേ ചെന്നാൻ
ചോരനെക്കൊലചെയ്തീടുന്നുവെന്നറിഞ്ഞുടൻ
ദൂരവേ വാങ്ങിപ്പോന്നാനിങ്ങനേ കലിയുഗം.
വീരസേനജൻതന്റെ രാജ്യത്തെ പ്രവേശിപ്പാൻ
ധീരത പോരാഞ്ഞവൻ പാരമാധിയും പൂണ്ടു
ദൂരത്തങ്ങൊരു താന്നിമരത്തിൻ മുകളേറി
ക്രൂരനാമവൻ കാലം പാൎത്തങ്ങു വസിച്ചിതു.

## ചാപല്യഹീനമായദമ്പതിസമാഗമം.

വല്ലഭേ വൈദൎഭി വാമോരു ഹേ ഭീരു!
ഫുല്ലാംബുജേക്ഷണേ പൂൎണ്ണചന്ദ്രാനനേ!
എന്തിനിക്ലേശപാശേ പതിച്ചീടുന്നു
സന്തോഷപീയൂഷപാനകാലം പ്രിയേ!
ദുഷ്കാലമൊക്കവേ നീങ്ങിയെന്നോൎക്കനീ
ദുഃഖാംബുരാശിയും ലംഘിച്ചു പോന്നുനാം;
ദുൎവ്വൃതകൈതവംകൊണ്ടു ഭവിച്ചോരു
ദുൎദ്ദിനം നീങ്ങിശ്ശരൽക്കാലമാഗതം;
കാലേയസമ്പൎക്കകാർമൂടൽ പോകയാൽ
പ്രാലേയരോചിസ്സുപോലെ പ്രിയാഗമം;
കഷ്ടം കലിയുടെ കാൎക്കശ്യമിങ്ങനെ
പെട്ടതെല്ലാം നമുക്കിന്ദീവരേക്ഷണേ!

Digitized By Kerala Sahitya Akademi

പുഷ്കരൻ ചെയ്തതല്ലേതും ധരിക്ക നീ
ദുഷ്കരം ചെയ്തു കലിയുഗം കൈതവം;
എത്രയും ബന്ധുവാം കാർക്കോടകാഹി മൽ-
ഗാത്രേ കടിച്ചു കലിധ്വംസനംവരാൻ;
എന്നെക്കടിച്ചു കലിക്കായി മൂർച്ഛയും
തന്വംഗി കണ്ടാലുമാശ്ചര്യമിങ്ങനെ;
നിന്നുടെ ശാപവും പന്നഗന്തന്നുടെ
വഹ്നിതുല്യം വിഷജ്വാലാകലാപവും
രണ്ടുകൊണ്ടും കലി നിർജ്ജീവനായഹോ
രണ്ടുമൂവാണ്ടു വസിച്ചു ദേഹേ മമ.
ഇന്നലെപ്പിന്നെ ത്യജിച്ചു പോയീടിനാൻ,
എന്നതുകാരണം ഞാനും കൃതാർത്ഥനായ്;
അക്ഷഹൃദയം ഗ്രഹിപ്പിച്ചു മേ മഹാ-
ദക്ഷനാം ഭാർഗ്ഗസ്വാരി ധരിത്രീവരൻ
തൽക്ഷണം വേർപെട്ടുപോയീ കലിയുഗം
പക്ഷമില്ലാനന്ദപൂർണ്ണനായേനഹം.
ഏഹി മേ വല്ലഭേ ദേവേന്ദ്രദുർല്ലഭേ
ദേഹി ഗാഢം പരിരംഭസംഭാവനം
ബീഭത്സവേഷനെന്നാകിലും ഭർത്താവു
സൌഭാഗ്യവാനെന്നു വയ്ക്കും പതിവ്രത,
കാഞ്ഞിരത്തിന്മേൽ പടർന്നുള്ള വള്ളിക്കു
കാഞ്ഞിരംതന്നെയും കല്പദ്രുമോപമം"
എന്നതു കേട്ടു പറഞ്ഞിതു ഭൈമിയും
"നിന്നംഗസൌന്ദര്യഭംഗം ഭവിക്കയാൽ
എന്തിങ്ങു ഖേദം മഹാമതേ വല്ലഭ!



Digitized By Kerala Sahitya Akademi

ഹന്ത നിൻ പാദശുശ്രൂഷാ മമാഗ്രഹം.
ഒന്നു നീ ശങ്കിക്കരുതു ഭൂമീപതേ!
തന്വംഗിമാരുടെ ചാപല്യമില്ല മേ;
വിപ്രവാസങ്ങളിൽ ശങ്കയുണ്ടായ്വരും
സുപ്രസന്നാശയന്മാൎക്കും വധൂജനേ.
അൎക്കനും ചന്ദ്രനും പഞ്ചഭൂതങ്ങളും
ചൊൽക്കൊണ്ട ദേവതാവൃന്ദങ്ങളൊക്കയും
സാക്ഷിയുണ്ടല്ലൊ സമസ്തകൎമ്മങ്ങൾക്ക-
മക്ഷീണധൈൎയ്യാംബുരാശേ ഭജിക്ക മാം.
അന്തഃപുരങ്ങളിൽ വിശ്വാസമെന്നതി-
ന്നന്തഃകരണം പ്രമാണം മഹാത്മനാം.

നള. കിളി.

---

## വീരപരാക്രമം.

എട്ടു ദിഗന്തങ്ങൾ പൊട്ടുമാറുച്ചത്തി-
ലട്ടഹാസോൽഭടം പൊട്ടിച്ചിരിക്കയും,
പെട്ടെന്നു മാനത്തു മുട്ടും മരാമര-
ക്കൂട്ടങ്ങളിൽ ഗദാഘട്ടനം ചെയ്കയും,
ചട്ടററ വൃക്ഷങ്ങൾ പൊട്ടിത്തകൎന്നാശു
മുട്ടിപ്പതിക്കുന്ന കോലാഹലങ്ങളും,
ഒട്ടല്ല തണ്ടുളിൽ കെട്ടി ദ്രുമശ്രേണി
കെട്ടിപ്പിണഞ്ഞാശു പൊട്ടുന്ന ഘോഷങ്ങൾ
കേട്ടു പാരം ഭയപ്പെട്ടു മൃഗങ്ങളും
തെററെന്നു മണ്ടിഗ്ഗമിക്കും പ്രകാരവും

Digitized By Kerala Sahitya Akademi

പെട്ടെന്നൊരു മരം പൊട്ടിപ്പിളൎന്നാശു
മററൊരു വൃക്ഷേ പതിക്കുന്ന നേരത്തു
മററതും ഖണ്ഡിച്ചു മററതിന്മേൽ വീണു
മററതും മററതും മററതും ഭസ്മമായ്.

**അ ഹം ഭാ വം.**

ആരെന്നറിഞ്ഞു പറഞ്ഞു നീ വാനര!
പാരം മുഴുക്കുന്നു ധിക്കാരസാഹസം;
പൂരുവംശത്തിൽ പിറന്നു വളൎന്നൊരു
പൂരുഷശ്രേഷ്ഠൻ വൃകോദരനെന്നൊരു
വീരനെക്കേട്ടറിവില്ലേ നിനക്കെടോ
ധീരനാമദ്ദേഹമിദ്ദേഹമോൎക്ക നീ.
നേരായ മാൎഗ്ഗം വെടിഞ്ഞു നടക്കയി-
ല്ലാരോടുമിജ്ജനം തോൽക്കയുമില്ലെടോ!
മാറിനില്ലെന്നു പറയുന്ന മൂഢന്റെ
മാറിൽ പതിക്കും ഗദാഗ്രമെന്നോൎക്കണം.
ഏറെപ്പറയാതെഴുന്നേററു ദൂരത്തു
മാറിക്കിടക്ക നീ മൎക്കടപ്രാകൃത!
സജ്ജനാചാരം പിടിപെടാതുള്ളോരു
ദുൎജ്ജനം നമ്മെദ്ദുഷിപ്പാനൊരുമ്പെട്ടു
ലജ്ജകൂടാതെ വഴി മുടക്കീടിനാ-
ലജ്ജുനജ്യേഷ്ഠൻ സഹിക്കയില്ലേതുമേ.

**ഭീ മ നും ഹ നു മാ നും.**

ഇത്ഥം വദന്നങ്ങി സ്തുതിക്കുന്ന ഭീമന്റെ
ഹസ്തങ്ങൾ രണ്ടും പിടിച്ചു കപീശ്വരൻ

Digitized By Kerala Sahitya Akademi

നക്ഷത്രരത്നങ്ങളേററു വട്ടക്കെട്ടി
വിസ്താരമായുള്ള തന്നുടെ മാറത്തു
ചേർത്തു പുണർന്നുകൊണ്ടാപാദമസ്തകം
പേർത്തു പേർത്താശ്ശു തലോടിക്കരംകൊണ്ടു
മൂർദ്ധാവു തൊട്ടങ്ങനുഗ്രഹിച്ചീടിനാൻ
മാർത്താണ്ഡശിഷ്യനാം മർക്കടാധീശ്വരൻ.

ക. സൌ:

---

## അർജ്ജുനന്റെ തപസ്സ്.

സുരവരതടിനീസലിലേ മുഴുകി-
ത്തരസാ നിന്നു തപസ്സു തുടങ്ങി.
.... ...
സഞ്ചിതഗുണനാമഖിലേശ്വരന്റെ
ചെഞ്ചിടമുടിയും നിടിലത്തടവും
സഞ്ചിതപാവകനേത്രപ്രഭയും
ചഞ്ചലഫണമണികുണ്ഡലയുഗവും
പുഞ്ചിരിതഞ്ചിന തിരുമുഖവടിവും
ഗരളസ്ഫുരിതമഹാഗളതലവും
പരിലസിതം ഫണി തിരുമാറിടവും
പരശുമൃഗാഭയവരദകടുന്തുടി-
ശരശൂലാഞ്ചിതകരനാളികയും
കരിചർമ്മാവൃതവികടകടീതട-
പരിലസിതോരഗമണിമേഖലയും
പരിമൃദുതുടകളുമടിമലരിണയും
പരിചൊടു ചേതസി ചേർത്തു കിരീടി.

പരമാനന്ദസമുദ്രമുഴകി-
പ്പരമേശ്വരനാഥമെന്നുമുറപ്പി-
ച്ചുരുതരഭക്തി മുഴുത്തു മുനീശ്വര-
ചരിതത്തെക്കാളൊന്നു കവിഞ്ഞു.
ഫലമൂലാദികൾ ഭക്ഷണമില്ലാ,
ജലപാനത്തിനുമാഗ്രഹമില്ലാ;
നിലമതിലൊരു കാലൂന്നിക്കൊണ്ടൊരു
നിലയും നിഷ്ഠയുമെത്ര സുഘോരം!
വലരിപുസുതനുടെ ജടയുടെ നടുവിൽ
പലപല പക്ഷികൾ കൂടുകൾ കൂട്ടി,
കലപുലി പന്നികളെന്നിവ വന്നു,
പലരുംചെന്നു വണങ്ങീടുന്നു.
ചുററും വള്ളികൾ വന്നുടനിടയിൽ
ചുററുന്നതുമവനറിയുന്നില്ലാ
പുററു ചുഴന്നു കിളുന്തിനകമേ
ച്ചുററുന്നതുമവനറിയുന്നില്ലാ.
ചുററും പാമ്പുകൾ വന്നുനിറഞ്ഞു,
മുററും ജിഷ്ണു മറഞ്ഞു ചമഞ്ഞു.

കിരാതം.

---

## നളപരാക്രമം

എട്ടു ദിഗന്തരവട്ടം പൊരുതും
ഒഷ്ടരിപുക്കടെ കോട്ടകളെല്ലാം
തട്ടിനിരത്തിക്കെട്ടുകൾ പലതും
മുട്ടിമുറിച്ചുടനിട്ടായവയും

Digitized By Kerala Sahitya Akademi

ച്ചുട്ട ജയക്കഴ നാട്ടിക്കാട്ടുകൾ
വെട്ടിമുറിച്ചും നാട്ടിൽ വിളങ്ങിന
പുഷ്ടികളവരുടെ വെട്ടിയടക്കി-
ച്ചുട്ടംകെട്ടിന ശിഷ്ടൻ നളനുടെ
ചട്ടം കണ്ടവർ കൂട്ടത്തോടേ
കെട്ടും കെട്ടിക്കെട്ടിയ പെണ്ണും
കുട്ടികളും ചില ചട്ടികളും ചില
പെട്ടികളും ചില പൊട്ടിയ കലവും
ചട്ടകവും ചില വട്ടികളും ചില
കൊട്ടകളെന്നിവ കെട്ടിപ്പേറി
കാട്ടിൽ പലപല കോട്ടിൽ നടന്നും
പട്ടികൾപോലേ പട്ടിണിയിട്ടും
കഷ്ടമനർത്ഥപ്പെട്ടീടുന്നു.

## ദമയന്തിയുടെ ശപഥം.

തരുണീമണിയാളതുകേട്ടപ്പോൾ
ചെവിയും പൊത്തീട്ടൊന്നുരചെയ്തു:—
"മതിമതി നിന്നുടെ കടുവചനാദികൾ
മതിതാപം മമ പെരുകീടുന്നു;
മതിമുഖനാകിയ നളനരപാലനെ-
യതിയായിട്ടു ദുഷിച്ചതു മതിമതി;
തിരിയെ നടക്കാമിനിയുമൊരക്ഷര-
മുരിയാടുകിൽ ഞാനങ്ങു ഗമിക്കും;
... ... ...
തരുണീതരുണന്മാരന്യോന്യം
തരമായ്വരുവാൻ ദുർഘടമത്രേ.

Digitized By Kerala Sahitya Akademi

ഒരുവനിലാഗ്രഹമൊരു നാരിക്കു
പരഹൃദയത്തെയുമൊപ്പിക്കേണ്ട.
ഇരുവരുതമ്മിൽ ചേൎന്നുവരുമ്പോൾ
പരമാനന്ദമവൎക്ക ഭവിക്കും.
മററുള്ളവരു പറഞ്ഞാലും ഹൃദി
പററുകയില്ല കലുക്കവുമില്ല.
കുററം നല്ലൂപന്നുണ്ടെന്നാകിലു-
മേററമവങ്കൽ നമുക്കഭിലാഷം.
മാററന്തിന്നു വളരെപ്പറയുന്നു,
പെററുപിറന്നൊരു ജനനിയുമെന്നെ
പോററിവളൎത്തൊരു ജനകൻതാനും
മറെറാരു പുരുഷനെ മാലയിടീപ്പാൻ
മുററും വന്നു പ്രയത്നം ചെയ്താൽ
തെററെന്നവിടെ മരിക്കും ഞാനിതി-
ലേററം മറെറാരുപായവുമില്ല.

## സ്വയംവരക്ഷോഭം.

നലമൊടു വിലസിന ചലമിഴിമണിയുടെ
തലമുടി വടിവൊടു പിടിപെടുവതിനൊരു
മടിതുടരരുതിഹ പടുതരനരവര-
പരിഷകളുടയൊരു പുരിയതിൽ വിരവൊടു
ഉരുതരമിതു ബത കരുതിയ പുരുഷരെ
വിരവൊട ശരവരനിരകൾക്കിരയാ-
ക്കീടവേണമാടലെന്തു സുവ്രതി
മൂഢഭാവമൂഢമായതെന്തിഹ?

Digitized By Kerala Sahitya Akademi

ഗൂഢമല്ല ഗാഢവൈരമിന്നതി-
ഗൂഢമായി ക്രുദ്ധമായി ശിവശിവ!

നള. തുള്ളൽ.

---

## രാജാക്കന്മാരുടെ ഗോഷ്ഠികൾ.

ഹരഹര ശിവശിവ നരവരവികൃതിക-
ളുരചെയ്യാനുരഗേശനുമലസൻ.
കന്യകതന്നുടെ വദനസരോജേ
കണ്ണുകൾ രണ്ടുമുറപ്പിച്ചൊരുവൻ
തന്നെത്താനെ മറന്നുവസിച്ചാ-
നന്നതമായൊരു കുററി കണക്കെ;
മറെറാരു മന്നൻ വാല്യക്കാരൻ
വെററ തെരുത്തുകൊടുത്തതു വാങ്ങി
തലമുടിതന്നിലതെല്ലാം ചൂടി-
ച്ചലമിഴിയാളെക്കണ്ടു വസിച്ചാൻ;
വെള്ളിയടപ്പനെടുത്തു തുറന്നതി-
നുള്ളിലിരിക്കും ചുണ്ണാമ്പെല്ലാം
പച്ചപ്പുഴുവെന്നോർത്തു മുഖത്തു
തേച്ചുതുടങ്ങീ മറെറാരു ഭൂപൻ;
അവളെക്കണ്ടു ഭ്രമിച്ചൊരു ഭൂപതി
പവിഴം കോർത്തൊരു മാലയെടുത്തു
കണ്ഡിച്ചാരോ മണികളെടുത്തു-
കൊണ്ടുടനർച്ചനവിധികൾ തുടങ്ങി;
മറെറാരു നരപതി മഞ്ചത്തിൽനി-

Digitized By Kerala Sahitya Akademi

ന്നേററു പതുക്കെപ്പലരും കാണ്കെ
ഏററം ഭോഷൻ കാതുപിടിച്ചുട-
നേത്തം വിട്ടുതുടൎന്നാനപ്പോൾ;
ഗ്രന്ഥമഴിച്ചു പിടിച്ചൊരു വിദ്വാൻ
ബന്ധംവിട്ടു പറഞ്ഞുതുടങ്ങീ:—
"സുഗ്രീവൻ ധൃതരാഷ്ട്രൻ ശകുനി ദ-
ശഗ്രീവൻ ദമയന്തി വിരാധൻ
ലക്ഷ്മീഭഗവതി ശൂൎപ്പണഖാ മുനി
ലക്ഷ്മണനൎജ്ജുന"നെന്നീവണ്ണം;
മദ്ദളമൊത്താൻ വിരുതനൊരുത്തൻ
മദനഭ്രാന്തുപിടിച്ചൊരു ഭോഷൻ
കുട്ടിപ്പട്ടരെ മദ്ദളമാക്കി-
കെട്ടുകൾതിണ്ണത്തോം ഘോഷിച്ചു;
ഓടക്കുഴലെന്നോൎത്തൊരു ഭൂപതി
കൂടെനടക്കും ശാസ്ത്രിദ്വിജനുടെ
പുസ്തകമൊന്നു വലിച്ചു മുഖത്തു
ഹസ്തംകൊണ്ടഥ ചേൎത്തുതുടങ്ങീ;
തപ്പിനു വിരുതുള്ളൊരു ധരണീശൻ
തപ്പില്ലാഞ്ഞിഹ തപ്പിത്തന്നുടെ
മുന്നിലിരിക്കും മൂതുവിപ്രന്റെ ക-
ഷണ്ടിത്തലയിൽത്തടവിക്കൊട്ടി;
ശാതോദരിയുടെ രൂപം തന്നുടെ
ചേതോദൎപ്പണമതിൽ നിഴലിച്ചു
കണ്ണുമടച്ചഥ രുഗ്മിണി രുഗ്മിണി-
യെന്നു ജപിച്ചു വസിച്ചാനൊരുവൻ;

Digitized By Kerala Sahitya Akademi

വിദ്വാൻ താനെന്നറിയിപ്പാനൊരു
വിദ്വാൻ ഗ്രന്ഥമഴിച്ചുപിടിച്ചു
'പ്രദിശതു ഗിരിശസ്ഥിമിതാ'മെന്നഥ
പദവും പൊരുളും ചൊല്ലി രസിച്ചാൻ;
തുംബുരുതുല്യൻ താനെന്നൊരുവൻ
തംബുരു കയ്യിലെടുത്തു പതുക്കെ
സരിഗമപധനിസ എന്നും ചൊല്ലി
പരിചൊടു പാട്ടുംപാടി രസിച്ചാൻ

രു. സ.

---

## ഭീമന്റെ പരിഭവം.

അഗ്രജവചനം കേട്ടൊരുനേരമു-
ദഗ്രപരാക്രമിയാകിയ ഭീമൻ
അഗ്രേ നിന്നു പറഞ്ഞുതുടങ്ങി സ-
മഗ്രാഹംകൃതിശാലി ഗഭീരൻ:—
"അടിയങ്ങൾക്കിഹ നാലുജനത്തിനു-
മരുളിച്ചെയ്യൊരു കല്പനകേൾപ്പാൻ
മടിയെന്നുള്ളതുമില്ലിഹ ധർമ്മം
പിടിപാടില്ലാത്താളുകളല്ലാ;
കള്ളച്ചൂതുകൾകൊണ്ടു ചതിച്ചൊരു
കള്ളന്മാരുടെ കപടമതോർത്താൽ
ഉള്ളന്തന്നിലൊരല്പം കനിവെ-
ന്നുള്ളതു സമ്പ്രതി തോന്നുന്നീലാ;
തള്ളലുമവരുടെ തുള്ളലുമൊരുവക

Digitized By Kerala Sahitya Akademi

ഉള്ളം പെരുകിന കള്ളവുമോൎത്താൽ
കൊള്ളാമിത്തൊഴിൽ താനേവന്നതു
കോലാഹലമെന്നെന്നുടെ പക്ഷം;
... ...
മാററികളെപ്പുനരെന്തിനു നാമിഹ
മാററിക്കൊൾവാൻ പണിചെയ്യുന്നു?
കുരുടച്ഛാരുടെ മക്കളെയൊക്കെ
തെരുതെരെ മമ ഗദകൊണ്ടടികൂട്ടി
പരിചൊടു കൊന്നുമുടിപ്പാനായി-
പ്പലകുറിയടിയൻ ഭാവിച്ചപ്പോൾ
അരുതരുതെന്നിഹ ജ്യേഷ്ഠൻ നമ്മൊടു
തിരുവുള്ളക്കേടായതുമൂലം
കുററം വരുമെന്നോൎത്തുടനടിയൻ
മുററുമടങ്ങിപ്പാൎക്കുന്നിപ്പോൾ;
മററൊരു കൂട്ടക്കാർ വന്നേററീ-
നൂററുവരേയുംകൊണ്ടു തിരിച്ചതു
മാററുന്നെന്തിനു നല്ലകണക്കിലി-
തേററതൊഴിപ്പാനെന്താവശ്യം?
താനൊന്നിനു കല്പിക്കയുമില്ലിഹ
താനേവന്നതുമൊക്കെ മുടക്കും,
ജ്ഞാനികളാകിന നിങ്ങടെ മദ്ധ്യേ
ഞാനിങ്ങനെയൊരു മൂഢൻ തീൎന്നു;
ജ്യേഷ്ഠനുമനുജന്മാരുംകൂടി-
ക്കാട്ടിലിരുന്നു തപംചെയ്താലും
ശാന്തന്മാരൊടു കൂടിയിരിപ്പതു
താൎത്തൊന്നിക്കിഹ തരമില്ലിപ്പോൾ

തടിയൻ ഭീമൻ ഞാനിനി നിങ്ങടെ-
യിടയിലിരുന്നു തരങ്ങൾ കെടാതെ
വാശ്ശൊരുദിക്കിനു പോരകയുളളു
വാച്ചോരു പരിഭവമൊഴിയണമുടനെ;
ഗദയും കയ്യിലെടുത്തൊരു പൊണ്ണൻ
ഉദയേ കുളിയും പുഷ്പാഞ്ജലിയും
ഉപവാസങ്ങളുമുപരി തുടൎന്നാ-
ലപവാദങ്ങൾ നമുക്കു ഭവിക്കും;
ചേട്ടനുമനുജന്മാരും ചെന്ന-
ച്ചുണ്ടക്കാരുടെ ദീനമൊഴിച്ചട-
നവരുടെ ദിക്കിനയക്കേ വേണ്ടൂ
ഭവനേചെന്നവർ കേറുംമുമ്പേ
കാററിന്മകനുടനവിടെച്ചെന്നിഹ
നൂററിനെയും പൊടിഭസ്മമതാക്കി
കാലത്തിങ്ങു വരുന്നുണ്ടവരെ-
ക്കാലപുരത്തിൽ ചെന്നാൽ കാണാം."

ഘോ. യാ.

---

## മററമ്മയുടെ ധിക്കാരം.

ഉത്താനപാദനാം ഭൂപാലനും തന്റെ
ചിത്തത്തിനൊത്ത സുരുചിയാം ഭാൎയ്യയും
ഉത്തമനെന്നുപേരായുള്ള പുത്രനും
സത്തുക്കളായുള്ള വിപ്രപ്രശംസരന്മാരും

ആസ്ഥാനമണ്ഡപംതന്നിലൊരുദിനം

Digitized By Kerala Sahitya Akademi

സ്വസ്ഥതയോടേ വസിക്കുന്നനേരത്തു
ചെന്നാനവിടെ ധ്രുവനെന്നു പേരായ
നന്ദനൻ താനേ കളിച്ചു ചിരിച്ചുടൻ
മന്നവൻതന്റെ മടിയിൽക്കരയേറി
മന്ദമാമോദമോടങ്ങിരുന്നീടിനാൻ;
തണ്ടാർമിഴിയാം സുരുചിയപ്പോളതു
കണ്ടു കയർത്തു പറഞ്ഞുതുടങ്ങിനാൾ:—
"വേണ്ടാ കുമാരകാ തായാട്ടു കാട്ടിയാൽ
കൊണ്ടുപോമെന്നുടെ തല്ലെന്നറിക നീ;
കണ്ട കുഞ്ഞുങ്ങൾക്കു വന്നുകരേറുവാ-
നുണ്ടാക്കിവച്ചോരു മഞ്ചോലമല്ലിതു്
പണ്ടാരമായുള്ള സിംഹാസനങ്ങളിൽ
പണ്ടാരുമേ വന്നു കേറുമാറില്ലപോൽ
ചെണ്ടകൊട്ടിപ്പാൻ വിരുതുള്ളവർ ചൊല്ലു
കൊണ്ടല്ലയോ വന്നു കേറി നീ ബാലക!
കണ്ടാൽപ്പറവാൻ മടിയില്ലിനിക്കതി-
ന്നിണ്ടലുണ്ടായാൽ തരിമ്പും ഫലമില്ല
വേണ്ടാത്ത കാട്ടുന്ന കള്ളക്കഴിയനെ-
ക്കൊണ്ടങ്ങു നാടപ്പുറം കടത്തീടുവാൻ
പണ്ടാരമാം മുതൽ തിന്നു മുടിക്കുന്ന
ചണ്ടികൾക്കൊട്ടും മിടുക്കുമില്ലാതെയായ്

എന്തൊരുകഷ്ടമിബ്ബാലനെത്താഡിച്ചു
ചന്തംകെടുപ്പാനൊരുത്തനും കെല്പില്ലേ?
താന്തോന്നിയായിത്തുടങ്ങുമിവനോടു
എന്തെന്നുരപ്പാൻ നൃപനുമെളുതല്ല;

Digitized By Kerala Sahitya Akademi

മാനിനിയായുള്ള ഞാനിനിപ്പാരാതെ
ഹീനനാം ബാലനെശ്ശിക്ഷിക്കയും ചെയ്യും
ആനുകൂല്യം നൃപന്നില്ലെങ്കിലും മമ
മാനഭംഗം സഹിക്കുന്നു വരികില്ല.
മന്നവൻതന്റെ മടിയിൽ മടിക്കാതെ
വന്നു കരേറുവാനെന്തെടാ സംഗതി?
നിന്നുടെ തള്ളയും നീയും വരുന്നാകി-
ലിന്നുതന്നേ പുറത്താട്ടിയിറക്കുവൻ
ദുർഭഗതന്റെ വയററിൽ പിറന്നുള്ളാ-
രൎഭകനാകിയ നിന്നുടെയോരോരോ
സത്ഭാവമിങ്ങനെ കാണുകയാലെന്നുള്ളി-
ലുത്ഭവിച്ചീടുന്നു കോപമെന്നോൎക്ക നീ;
അച്ഛനെത്തന്നെയും കൂട്ടാക്കയില്ല ഞാൻ
കൊച്ചുകുമാരനെന്നോൎക്കയുമില്ലിനി.
അച്ഛന്മടിയിൽനിന്നിങ്ങിറങ്ങീടായ്കി-
ലച്ഛനാണിന്നുഞാൻ തച്ചിറക്കീടുവൻ"
ഇത്തരമോരോ ദുഷിവാക്കുരച്ചുടൻ
ക്രുദ്ധയായുള്ള സുരുചിയെഴുന്നേററു
സത്വരം ബാലനെത്താഡിച്ചിറക്കിനാ-
ളുത്തരം ചൊൽവാൻ നൃപനുമെളുതല്ല;
അത്തൊഴിൽ കണ്ടതുനേരം പതുക്കവേ
സത്തുക്കളെല്ലാം വിഷാദിച്ചു മാറിനാർ
ഉത്താനപാദനുമന്നേരമുള്ളത്തി-
ലത്തൽമുഴുത്തു വിയൎത്തിതു ദേഹവും.

ധ്രു. ച.

(പ്രകൃതി)

**സൂര്യാസ്തമയം.**

തദനന്തരമക്കനസ്തമിച്ചു;
വദനാബ്ജം ബത മങ്ങി പത്മിനീനാം,
പ്രിയയോടു പിരിഞ്ഞു ചക്രവാകം,
പ്രിയഭാവേന വിരിഞ്ഞിതാമ്പലെല്ലാം.

ഭുവനേഷു നിറഞ്ഞിതന്ധകാരം,
ഭവനം പുക്കു വസിച്ചു ഭീരുലോകം,
അഭിസാരികമാരനംഗതാപാ-
ലഭിതോ ഗൂഢഗതാഗതം തുടങ്ങീ.

സ്മരനും തരസാ കുലച്ചു വില്ലും
ശരവും കയ്യിലെടുത്തു കോപ്പുകൂട്ടി,
വരവാണികളാത്മവല്ലഭന്റെ
വരവും നോക്കി വസിച്ചു വാസഗേഹേ.

ശ്രീ. ച. മ.

---

കനലിൽച്ചുട്ടെടുത്തോരു കനകച്ചങ്ങലപോലെ
ദിനകരനുടെ ബിംബം തുടുതുടെ നിറംതേടി
ചരമപവ്വതത്തിന്റെ മുകളിലങ്ങെഴുന്നള്ളി
പരിചോടസ്തമിപ്പാനുമടുത്തു കാണായിവന്നു;
വിരിഞ്ഞ താമരപ്പൂക്കൾ പിരിഞ്ഞങ്ങനെകൂമ്പുന്നു
വിരഞ്ഞു ചക്രവാകങ്ങൾ കരഞ്ഞങ്ങനെ നടക്കുന്നു
നിറഞ്ഞാശുവിളക്കുകൾ എരിഞ്ഞങ്ങനെ വിളങ്ങുന്നു
തരുണിമാർ വീടുതോറും തരംനോക്കീട്ടൊരു കൂട്ടം
തരുണന്മാർ നടക്കുന്നു തരമല്ലെന്നൊഴിക്കുന്നു.

Digitized By Kerala Sahitya Akademi

## സൂൎയ്യോദയം.

വെട്ടമടുത്തപ്പൊളെട്ടു ദിഗന്തങ്ങ-
ളേററം തെളിഞ്ഞങ്ങു പെട്ടെന്നു കാണായി;
ചട്ടററ താമരമൊട്ടു വിരഞ്ഞതിൽ
പെട്ടുള്ള വണ്ടുകളോട്ടം തുടങ്ങിനാർ;
ഒട്ടു വിളക്കുകൾ കെട്ടുതുടങ്ങുന്നു
മുട്ടാതെ ശംഖൊലി കേട്ടുതുടങ്ങുന്നു
നാട്ടുവഴികളിൽ കെട്ടുമെടുത്തൊരു
കൂട്ടം ജനങ്ങൾ നടന്നു തുടങ്ങിനാർ
ചെട്ടികളങ്ങാടി കൊട്ടിത്തുറക്കുന്നു
പെട്ടികൾ പട്ടുകൾ പെട്ടെന്നെടുക്കുന്നു.

ശ്രീ. ലീ.

---

## കാക്കയും മൂങ്ങയും.

വായസങ്ങൾക്കു രാത്രൌ കണ്ണുകൊണ്ടു ഫലമില്ല.
കൌശികങ്ങൾക്കു പകൽ കണ്ണുകൊണ്ടു ഫലം നാസ്തി
രണ്ടു കൂട്ടക്കാരവർ തങ്ങളിൽ മഹാവൈരം
കണ്ടുവെന്നാകിൽ തമ്മിലപ്പൊഴേ കൊത്തിക്കൊല്ലും
തങ്ങളിൽ കണ്ടെത്തുവാൻ സംഗതി വരായ്കയാൽ
അങ്ങനെ ജീവിച്ചിരിക്കുന്നിരുകൂട്ടക്കാരും.

## വസന്താരംഭം.

പുതുമലർകുലമൊക്കെ വിരിഞ്ഞു,
മധുരസമയമാരി ചൊരിഞ്ഞു,

Digitized By Kerala Sahitya Akademi

മധുകരനികരങ്ങൾ വിരിഞ്ഞു,
മണമുടയ സുമങ്ങൾ തിരഞ്ഞു,
മുദമദകളമിളദളിഗളതലകളകള-
മിളകിന കിളികളുമവിടെ നിറഞ്ഞു;
നറുകുരവകവല്ലികൾ പൂത്തു,
കുറുമൊഴികളുമാശു തെഴുത്തു,
ചെറുതരദലപുഷ്പമുതിൎത്തു,
നറുമലർമണമൊന്നു മുതിൎത്തു,
വനതടമതിലുടയൊരു പടുതരുപടലിക-
ളുടെ മടുമലർകുലമുടമപെരുത്തു;
മലകാടുകളൊന്നു പകൎന്നു,
കലമാനുകളോടി നടന്നു,
പുലിപന്നികളൊന്നു നിവൎന്നു,
കലികാമവിലാസമുയൎന്നു,
മദമിയലും മുയലും മയിലും കുയിലും
മലകളിലൊരു കളി വെളിവിലിയന്നു;
കുളുർമതിയുമുദിച്ചു വിളങ്ങീ,
കളമൊഴികടെ കേളിതുടങ്ങീ,
തളവളകളുമാശു കിലുങ്ങീ,
തടമുലകളുമൊന്നു കുലുങ്ങീ,
ചിലർ കളിച്ചു പുളച്ചു വിളിച്ചു
തെളിച്ചുമൊളിച്ചുമധികരസം.

## നളമുക്തനായ ഹംസം.

മന്നവനിങ്ങനെയുരചെയ്തപ്പോൾ
അന്നം ധരണയിൽ നിന്നെഴുന്നേററു



Digitized By Kerala Sahitya Akademi

ഒന്നു കുടഞ്ഞു ശരീരമശേഷം
തന്നുടെ ചിറകും വീശിയിരുന്നു;
ചിറകിനകത്തു കടിച്ചുകിടക്കും
ചെറുപേൻ കൊതുകുകളീച്ചകൾ പുഴവും
തിറവിയ കൊക്കുകൾകൊണ്ടു കടിച്ചു
കൊറുകൊറെയങ്ങു കൊറിച്ചുതുടങ്ങി,
ഒരുകാൽകൊണ്ടു ശിരസ്സിൽ പരിചൊടു
ചൊറുകിത്തത്തി നടന്നു തുടങ്ങി,
നരവരനാകിന നളനുടെ മുമ്പിൽ
തരസാ നിന്നു പറഞ്ഞു തുടങ്ങി.

---

Digitized By Kerala Sahitya Akademi

# വിവരണം.

**കലി.**

നാലാം യുഗം ഞാനശേഷഭൂവാസിനാം
ശീലാദിഭേദം വരുത്തുന്ന പൂരുഷൻ
ധർമ്മങ്ങൾചെയ്യും ജനത്തെപ്പതുക്കവേ
നിർമ്മൂലനാശം വരുത്തുവാനീശ്വരൻ;
കാമവും ക്രോധവും രാഗവും ദ്വേഷവും
മാമകന്മാരവർ നാൽവരും ഭൂപതേ!
ലോഭവും മോഹവും ഡംഭമെന്നിങ്ങനെ
ശോഭനന്മാർ പലരുണ്ടെന്നറിക നീ;
എന്നുടെ കാലം വരാഞ്ഞിട്ടവർക്കിന്നൊ-
* രിന്നാങ്കമായിട്ടിരിക്കുന്നു മന്നവ!
പാരിടം തന്നിൽ കടന്നു വിലസുവാൻ
പാരമിക്കൂട്ടത്തിനാഗ്രഹം സാമ്പ്രതം;
കുത്തിപ്പിടിച്ചമർത്തീടുന്ന ഞാനിങ്ങു
തത്തിപ്പുറപ്പെട്ടമെന്നാലുമീവക.
അല്പം ക്ഷമിപ്പിൻ ക്ഷമിപ്പിനെന്നിങ്ങനേ
പാർപ്പിച്ചിരിക്കുന്നു ഞാനെന്നറിക നീ
എന്നുടെകൈക്കൽ നിൽക്കാതെയാമിന്നിമേ-
ലന്നു യഥായോഗമെന്നതേയുള്ളു മേ.

**ഏഴു വ്യസനങ്ങൾ.**

സ്ത്രീകളും ദ്യൂതങ്ങളും നായാട്ടും മദ്യപാനം
ലോകഗർഹിതം വാക്യദണ്ഡനാക്രൗര്യങ്ങളും

---

* ഇന്നാങ്കം=തടസ്ഥം.

Digitized By Kerala Sahitya Akademi

**അൎത്ഥ**ദൂഷണങ്ങളുമിങ്ങനെയേഴു വിധം
**പാൎത്ഥി**വന്മാൎക്കുണ്ടാകും വ്യസനപ്രകാരങ്ങൾ;
**എന്നതിൽ** ദ്യൂതത്തോളം നിഷ്ഠുരം മറ്റൊന്നില്ല
**മന്ന**വ ഭവാനോടു ഞാൻ പറഞ്ഞീടേണമോ?

നള. കിളി.

---

ഇന്ദ്ര സ മ്പ ത്ത്.

ചുങ്കമെടുത്തും പിഴ ചെയ്യിച്ചും
ശങ്ക വെടിഞ്ഞു ഗൃഹങ്ങൾ കവന്നും
വൻകരമേൽ മരുവുന്ന ജനത്തിനു
സങ്കടമന്നന്നുളവാക്കിച്ചും
കമ്പോളത്തിലിരിക്കുന്നവരോടു
വൻപുപറഞ്ഞു പിടിച്ചു പറിച്ചും
വമ്പെഴുതിച്ചും വിരൽ മുക്കിച്ചും
മുമ്പിൽ വരുത്തിപ്പണമൊപ്പിച്ചും
കല്യാണത്തിനു കണ്ണുനയിട്ടും
കയ്യിൽ വരുത്തിയതല്ലിവയൊന്നും;
കല്പകവൃക്ഷംതന്നിൽ വിളഞ്ഞൊര-
നല്പധനങ്ങൾ മുനീന്ദ്രന്മാരേ!

വീ ര സ്വ ൎഗ്ഗ ം.

പടയുടെ നടുവിലണഞ്ഞു പിണങ്ങി-
ക്കടകം ഓതിരമെന്നിവ പലതര-
മടവുകൾകൊണ്ടു തടുത്തും വെട്ടി-

Digitized By Kerala Sahitya Akademi

ജ്ഝടിതി കഴുത്തു മുറിക്കുന്നേരം
തടികൾ മുറിഞ്ഞും പൊടികളണിഞ്ഞവ-
രുടനേ ദേവകളായി വരുമ്പോൾ
മടവാർമണികളുമിന്നിഹ ഞാൻ ഞാ-
നിടണം മാല കഴുത്തിലിതെന്നോ-
ത്തുടലുകൾ തമ്മിലിടഞ്ഞു തടഞ്ഞും
തടമുലയിണ പുനരൊന്നു കുലുന്നും
പൊട്ടപൊട്ടെ മാലകൾ പൊട്ടിച്ചുതിന്നും
മുടികളഴിഞ്ഞു കിഴിഞ്ഞുമതിന്നും
പരിചൊടു വീയ്യമെഴുന്നൊരു പുരുഷരെ
വിരവിൽച്ചെന്നു വരിച്ചു വരുന്നൊരു
വടിവുകളമ്പൊടു കണ്ടുരസിപ്പാ-
നടിയനു കണ്ണുകളിനിയുമൊരായിര-
മിടകൂട്ടകിലേ മതിയാവുള്ളൂ.
സമരമതിങ്കൽ മരിച്ചു നരന്മാ-
രമരന്മാരാമുടനേ തന്നേ.
അമരവധൂക്കൾക്കവരെ വരിപ്പാ-
നമിതമൊരാഗ്രഹമുണ്ടു വിശേഷാൽ.

നള. തുള്ളൽ.

---

കാലഗുണം.

അഞ്ചുപറയ്ക്കുള്ളൊരു കണ്ടത്തിൽ
പുഞ്ചവിതച്ചു വിളഞ്ഞതു കൊയ്യാൽ

Digitized By Kerala Sahitya Akademi

അഞ്ചു ജനത്തിന്ന ചെലവു കഴിക്കാ-
മഞ്ചുമൊരേഴും മാസം മുഴവൻ,
തൻചിലവുകളും വിത്തും കൂലിയു-
മഞ്ചാതേകണ്ടങ്ങു കിഴച്ചാൽ
അഞ്ചോ പത്തോ വായ്പകൊടുപ്പാൻ
വാഞ്ഛിച്ചാലതുമതിലുണ്ടാകും.
കണ്ടങ്ങളിലുഴവെന്നതുകൂടാ-
തുണ്ടാമനാവധി നെല്ലതുകാലം
കണ്ടങ്ങളിലുളവാം വിളവളവേ
കണ്ടവരില്ല കൃഷിക്കാരന്മാർ.

ഢേലാ. യാ.

---

Digitized By Kerala Sahitya Akademi

# ചിത്രണം.

## മായാകുമാരൻ.

ആയാമമുള്ളോരചലേ വിളങ്ങും
കായാമ്പു തൻ കോരകമെന്നപോലെ
മായാകുമാരന്റെ മനോജ്ഞരൂപം
ത്ര യാതുധാനോരസി ദൃഷ്ടമായി.

## ഉണ്ണികൃഷ്ണൻ.

വരുന്ന ഗോപാലനിതംബിനീനാം
കരം പകർന്നാശു വിളങ്ങി കൃഷ്ണൻ
വിരിഞ്ഞ പുഷ്പങ്ങളിലങ്ങുമിങ്ങും
തിരഞ്ഞു മണ്ടുന്നൊരു വണ്ടുപോലെ.

## വേണുഗോപാലൻ.

കരസീമനി കങ്കണങ്ങൾ ചേർത്ത-
ങ്ങരയിൽ കിങ്ങിണിയും നിറച്ചു ചാർത്തി
പുരികുന്തലു പീലി കോർത്തു കെട്ടി-
പ്പരിചോടങ്ങെഴുന്നള്ളി ഗോപബാലൻ.
തളയും വളയും കിലുക്കി മെല്ലെ-
ക്കളവേണുസ്വനവും മുഴക്കി മന്ദം
കളിപുഞ്ചിരികൺവിലാസമോടേ
കളഗോപാലകബാലകൻ നടന്നാൻ.

Digitized By Kerala Sahitya Akademi

കാർകൊണ്ടേഴുന്ന ഘനസഞ്ചയകാന്തിവെല്ലും
വാർകുന്തളം മിളിതചാരുമയൂരപിഞ്ഛം
ആകുഞ്ചിതാളകമരാളകടാക്ഷമോക്ഷം
വൈകുണ്ഠഗാത്രമിദമെത്ര മനോഭിരാമം!
ശ്രീവാസചാരുതരമാം തിരുമാറിടത്തിൽ
ശ്രീവത്സകൌസ്തുഭമണീ വനമാല ഹാരം
ആവീനപീതവസനാഞ്ചിതകാഞ്ചിജാലം
ശ്രീവാസുദേവനുടെ ദേഹമതീവ രമ്യം.
മാണിക്യകങ്കണകലാപമലങ്കരിക്കും
പാണിദ്വയം മുഖരനൂപുരപാദയുഗ്മം
വേണുസ്വനാർദ്രമധുരം മധുവൈരിവേഷം
കാണുന്ന കാമിനികൾ കാമവശം ഗമിക്കും.

## ബാലദർശനം.

കുമാരാ നിനക്കച്ഛനാരമ്മയാരെ-
ന്നമന്ദപ്രമോദേന ചോദിച്ചു കൃഷ്ണൻ;
മധുദ്വേഷിയേയും മഹാലക്ഷ്മിയേയും
തദാ തൊട്ടു കാട്ടീടിനാനർഭകബാലൻ.
കരാംഭോരുഹം നീട്ടി മെല്ലെന്നെടുപ്പാ-
നൊരുമ്പെട്ടു ചെന്നു തദാ കംസവൈരി;
കരഞ്ഞോടി വേഗേന സപ്രേമതൂർണ്ണ
കരേറിക്കിടന്നീടിനാനന്യബാലൻ.
കളിപ്പുഞ്ചിരിക്കൊഞ്ചലും തൂകി മെല്ലെ-
ക്കളിപ്പാൻ വിളിച്ചാനളിച്ചാർത്തുവർണ്ണൻ
വെളിച്ചത്തു നിന്നാശു മണ്ടിത്തിരിച്ചാ-
നൊളിച്ചാനൊരേടത്തൊരുണ്ണിക്കിശോരൻ.

Digitized By Kerala Sahitya Akademi

പട്ടപ്രേമസംഫുല്ലനാം മല്ലവൈരീ
പിടിച്ചങ്ങെടുക്കാനടുക്കുന്ന നേരം
മുഴങ്കാലു കുത്തിത്തിരിച്ചാനൊരുണ്ണി,
വഴങ്ങാതെ നീന്തിഗ്ഗമിച്ചാനൊരുണ്ണി.
ശ്രീ. ച. മ.

---

കേശാദിപാദം.

ത്രൈലോക്യസുന്ദരീരത്നമാം ഭൈമിയെ
ത്രൈലോക്യസുന്ദരൻ കണ്ടാൻ മഹീപതി
ലാവണ്യപീയൂഷമക്ഷികൾകൊണ്ടുടൻ
കേവലമാസ്വാദിച്ചാൻ മഹാഭാഗ്യവാൻ;
കാർകൊണ്ടെഴുന്നൊരു ജീമൂതകോമളം
വാർകുന്തളം കണ്ടു മുന്നം നരാധിപൻ
പഞ്ചമീചന്ദ്രപ്രകാശം ലലാടവും
ചഞ്ചലാപാംഗഭ്രൂംഗാവലീഭംഗിയും
തേഞ്ചോരി വായ്മലർ പുഞ്ചിരിക്കൊഞ്ചലും
നെഞ്ചിൽത്തറയ്ക്കുന്ന ഹാവഭാവങ്ങളും
അങ്കുരിതാരംഭചാരുസ്തനങ്ങളും
പങ്കേരുഹാരുണപാണിയുഗങ്ങളും
കാഞ്ചീഗ്ഗുണാഞ്ചിതം കാഞ്ചീപദം നല്ല
കാഞ്ചനച്ഛായമാമംഗസൌന്ദര്യവും
ഊരുകാണ്ഡങ്ങളും ചാരുപാദങ്ങളും
ചേരുന്ന മഞ്ജീരമഞ്ജുപ്രകാശവും
മാനിനീകേശാദിപാദം മനോഹരം
സാനുരാഗം സരോമാഞ്ചം സവിസ്മയം

Digitized By Kerala Sahitya Akademi

മാനവേന്ദ്രൻ കണ്ടുകണ്ടങ്ങു കൌതുകാൽ
ആനന്ദസാഗരേ മഗ്നനായീടിനാൻ.

നള. കിളി.

---

## കാട്ടാള രാജാവ്.

ചെമ്പിച്ച താടിയും മീശയും കേശവും
വമ്പിച്ച് കൈകളിൽ വില്ലും ശരങ്ങളും
ചെമ്പരുത്തിപ്പൂ കണക്കെ നേത്രങ്ങളു-
മമ്പിളിപോലെ വളഞ്ഞുള്ള പല്ലുകൾ
അഞ്ജനപർവ്വതംപോലെ ശരീരവും
ഗുഞ്ജാഫലംകൊണ്ടു കോർത്തുള്ള മാലകൾ
കുഞ്ജരന്മാരുടെ കുംഭത്തടങ്ങളെ-
ബ്ഭഞ്ജനംചെയ്തങ്ങതിൽപ്പെട്ട മുത്തുകൾ
അഞ്ജസാ കുത്തിത്തുളച്ചു കോർത്തങ്ങനേ
സഞ്ജാതമായുള്ള മാലാകലാപവും
മഞ്ഞക്കുറികളും മായൂരപിഞ്ഛവും
മഞ്ചാടിമാലയും മാറിൽ പലതരം
ഉച്ചത്തിലുള്ളോരു കണ്ഠനാദങ്ങളും
മെച്ചത്തിലുള്ളോരു വീര്യഭാവങ്ങളും
കച്ചകെട്ടിച്ചില തൊങ്ങലും വാലുമി-
ട്ടത്യന്തഘോഷമാം വേഷം ഭയങ്കരം.

Digitized By Kerala Sahitya Akademi

## കദളീവനം.

ശ്രീഹനൂമാൻ മുദാ വാണരുളീടുന്ന
ശ്രീമഹാപുണ്യപ്രദേശം മനോഹരം.
പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ്പഴുത്ത പഴങ്ങളും
ഉച്ചത്തിലങ്ങനെ കണ്ടാൽ പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചു കോത്തുള്ള
മാലകൾകൊണ്ടു വിതാനിച്ചതിനെന്നു
മാലോകരൊക്കയും ശങ്കിക്കുമാറുള്ള
ലീലാവിലാസേന നിൽക്കുന്നു വാഴകൾ
നാലുഭാഗങ്ങളിൽ തിങ്ങിവിങ്ങിത്തദാ.
ബാലാനിലൻ വന്നു തട്ടുന്ന നേരത്തു
കോലാഹലം നൃത്തമാടും ദലങ്ങളും
ആലോകനംചെയ്തു വിസ്മയിച്ചീടിനാൻ
കാലാത്മജാനുജൻ വീരൻ വൃകോദരൻ.
താഴത്തുഭാഗത്തു വീണുകിടക്കുന്ന
വാഴപ്പഴംകൊണ്ടു മൂടീ മഹീതലം
പാഴററ പട്ടു വിരിച്ച കണക്കിനെ
വാഴയ്ക്കു ചുററും പ്രകാശമുണ്ടെപ്പൊഴും.

## ഭീമനെ ഭ്രമിപ്പിച്ച കാഴ്ച.

കല്ലും മരങ്ങളും തല്ലിത്തകത്തുകൊ-
ണ്ടുല്ലാസമോടങ്ങു ചെല്ലുന്ന നേരത്തു
വല്ലീഗൃഹങ്ങളിൽ സല്ലീലയാടുന്ന
നല്ലോരു ഗന്ധവ്വമല്ലാക്ഷിമാരുടെ

Digitized By Kerala Sahitya Akademi

സല്ലാപസാരസ്യഹല്ലോഹലങ്ങളാൽ
കല്ലോലവിഭ്രമം വെല്ലുന്ന കൺമുന-
ത്തെല്ലിന്റെ ഭംഗിയും ചില്ലിവില്ലാട്ടവും
മുല്ലായുധൻ തഴച്ചുല്ലസിക്കുന്ന ധ-
മ്മില്ലവും ചന്ദ്രനെ വെല്ലും മുഖാബ്ജവും
മല്ലികമൊട്ടിനെത്തല്ലിയോടിക്കുന്ന
പല്ലിന്റെ ശോഭയും നല്ലോരധരവും
ജംഭാരി തന്നുടെ കുംഭിപ്രവരന്റെ
കുംഭത്തടത്തിന്റെ ഡംഭം കുറയ്ക്കുന്ന
സംഭോഗനൽക്കുചകുംഭങ്ങളെ കണ്ടു
സംഭാവനംചെയ്തു ഗംഭീരനായുള്ള
ജംഭാരിപുത്രന്റെ മുമ്പിൽപ്പിറന്നവൻ
വമ്പൻ വൃകോദരൻ കുമ്പിട്ടുനോക്കിനാൻ;
പന്തണിക്കൊങ്കമാർ പന്തി നിരക്കവേ
പന്തടിക്കുന്നതും ചിന്തു പാടുന്നതും
അന്തികേ കണ്ടൊരു കുന്തീകുമാരകൻ
സന്തുഷ്ടനായ്നിന്നു തെല്ലുനേരം മുദാ.

കു ര ങ്ങ ച്ച ൻ.

മനംകൊണ്ടിങ്ങനെ ചിന്തിച്ചുനടന്നീടുന്നൊരു മൂത്ത
കുരങ്ങന്റെ വടിവായിച്ചമഞ്ഞു കൈകളും കാലും
കുഴഞ്ഞു വാലുമക്കാലം മെലിഞ്ഞ കൈകാലുകൾകൊണ്ടു
ചൊറിഞ്ഞു രോമമെപ്പേരുംകൊഴിഞ്ഞു മേനിയുംചുക്കി-
ച്ചുളിഞ്ഞു കണ്ണിനു കാഴ്ച കുറഞ്ഞു പീളയും വന്നു
നിറഞ്ഞു താൻ വഴിയിൽച്ചെന്നുറച്ചു നേത്രവും ചിമ്മി-
ശ്ശയിച്ചു മൂന്നുലോകങ്ങൾ ജയിച്ചുള്ള മഹാവീരൻ.

Digitized By Kerala Sahitya Akademi

## സാക്ഷാൽ ഹനൂമാൻ.

ഉദ്ധതമതി നരപതിതന്നുടെ വാക്കുകൾകേട്ട ദശായാം
ബുദ്ധിയിലതികനിവു കലൎന്നു കുതൂഹലമാൎന്നു ഹനൂമാൻ
വൎദ്ധിതതരധവളഹിമാചലസന്നിഭതുംഗശരീരൻ
നെടുതാകിയ കൊടിമരമെന്നകണക്കു തടിച്ചൊരുവാലും
തുടുതുടെ നയനങ്ങളുമമ്പൊടു ചെമ്പുകിടാരംപോലെ
കുടിലാകൃതി ശശികലപോലെ വിളങ്ങിനദന്തകദംബം
ചടുലസ്ഫുടസടകളുമിടകലരുന്ന ഭയങ്കരമുഖവും
പരിഘത്തൊടു പടപൊരുതീടിന പൃഥുതരകരദണ്ഡയുഗം
കരതലനഖനികരനികായവുമുൽക്കടകണ്ഠമകണ്ഠം
ഗിരിവരസമമാകിന മാറിടമുരുതരമുദരമുദാരം
ഗുരുതരകടിതടമഥ തുടകളുമുടമയിലതിഗംഭീരം
ലങ്കാപുരഗോപുരമതിലു തകൎത്തൊരു ജംഘായുഗളം.
കിങ്കരകുലമിടിപൊടിയാക്കിന പടുതരമടിമലർവടിവും
ശങ്കര ശിവ ഭുവനഭയങ്കരമാകിന വിപുല ശരീരം
ശശധരനിഭധവളമതിങ്ങനെവിരവൊടുകാട്ടി ഹനൂമാൻ
ഉൽക്കടകടുദീൎഘനിനാദവുമത്ഭുതകിലുകിലരവവും
മൎക്കടകുലമകുടമഹാമണി തന്നുടെ തടിയുടെ വടിവും
കൎക്കശതരകരചരണാദികൾ ഭീഷണവേഷവിശേഷം
ദുഷ്കരമതു മൂന്നു ജഗത്തിലുമുത്തമമെത്രവിചിത്രം!
അംബരതലമൊക്കനിറഞ്ഞു കവിഞ്ഞുവിളങ്ങിന രൂപം
അംബുധിയുടെ ലംഘനസമയസമുദ്ധതമെന്നതുപോലെ
വെണ്മയിലൊരു വിന്ധ്യമഹാചലശിഖരമടന്ന കണക്കേ
കണ്മിഴികളിലമ്പൊടുകണ്ടു വിരണ്ടു വൃകോദരവീരൻ.

Digitized By Kerala Sahitya Akademi

## സൌഗന്ധികപ്രൊയ്ക.

കല്ലോലജാലം കളിക്കുന്ന കണ്ടു
കമലമണിനിറമുടയ കമലമതു കണ്ടു;
കാല്യാണിമാരും കളിക്കുന്ന കണ്ടു
പൊലിമയൊടു ചടുലജലവടിവുമതു കണ്ടു;
അന്നങ്ങളങ്ങു പറക്കുന്ന കണ്ടു
അനവരതമവരുടയ നടനമതു കണ്ടു;
ചക്രവാകങ്ങടെ വിക്രമം കണ്ടു
ചടുലമലർമിഴികളുടെ കളിവിരുതു കണ്ടു;
മത്സ്യങ്ങളോടി നടക്കുന്ന കണ്ടു
മണമിയലുമണികുസുമനിരകളതു കണ്ടു;
മത്തഭൃംഗാദ്യൽപ്രയാണങ്ങൾ കണ്ടു
മലർമധുരതരുനിരകളതിസപദി കണ്ടു;
സത്സംഗശൃംഗാരഭാവങ്ങൾ കണ്ടു
സരസതരസരസിരുഹനികരമതു കണ്ടു;
ചക്രവാകങ്ങടെ ചാപലം കണ്ടു
ചടുലതരുണികളുടയ സരസരതി കണ്ടു;
നക്രങ്ങൾ കേറിക്കിടക്കുന്ന കണ്ടു
നടുവിലഥ ചടുലമതിവിടവുമഥ കണ്ടു;
വക്രങ്ങളായുള്ള തീരങ്ങൾ കണ്ടു
വലിയ ജലതിരനിരകൾ വിരവിനൊടു കണ്ടു;
ഗന്ധദീപം വന്നു പൊങ്ങുന്ന കണ്ടു
ഗളഗളിതതരരണിതകളപൊലിമ കണ്ടു;
ഗന്ധർവ്വിമാർ വന്നു നീന്തുന്ന കണ്ടു
ഗഗനചരകുലമഖിലമുപരി ബത കണ്ടു;

Digitized By Kerala Sahitya Akademi

കൽഹാരപുഷ്പം നിരന്നങ്ങു കണ്ടു
പുളിനരുചി നളിനികടെ തെളിവുമഥ കണ്ടു
ഐരാവതം വന്നിറങ്ങുന്ന കണ്ടു;
അവനുടയ വിഹരണവുമിഹ സപദി കണ്ടു;
മാരാരി കൂററൻ മദിക്കുന്ന കണ്ടു
മദനനുടെ കൊടിയുടയ മകരമതു കണ്ടു;
ആദിദേവൻെറ തുരംഗങ്ങൾ കണ്ടു
അരികിലുടനവനുടയ നടനമതു കണ്ടു;
ഇങ്ങനേ സൌഗന്ധികപ്പൊയ്ക കണ്ടു
ഇരുപുറവുമഥ രജനിചരവസതി കണ്ടു;
ഇംഗിതംചേരുന്ന പുഷ്പങ്ങൾ കണ്ടു
ഇതു സകലമിഹ സുലഭമിതി മനസി കണ്ടു.

ക. സെ.

---

## കിരാതമൂർത്തിയും കിരാതിയും.

ജടമുടി നല്ലൊരു തലമുടിയായി,
നിടിലത്തിരുമിഴി തിലകവുമായി,
ഫണിമണിമാലകൾ പീലികളായി,
ഫണിപതി വാസുകി കടകമതായി,
അസ്ഥികൾ ശംഖാഭരണവുമായി,
അസ്ഥിതി കണ്ടാലെത്ര മനോജ്ഞം!
കരിതോൽ നല്ല കറുത്ത ദുകൂലം
വരിതോൽ ഭുജഗം പൊന്നരഞാണം

Digitized By Kerala Sahitya Akademi

വെണ്മഴു ശൂലം ചാപം ശരവും
വെണ്മയിലവ പുനരങ്ങനെതന്നെ.
കന്നിന്മകളുമിതിന്നനുകൂലം
കുന്നിക്കുരുകുലമാലയണിഞ്ഞു
ഒട്ടു കറുത്തൊരു പുടവയുടുത്തു
കൊട്ടയെടുത്തൊരു കോലുമെടുത്തു
ശങ്കരഭാമിനി കൈകളിലങ്ങഥ
ശംഖുംമുട്ടവുകൾകൊണ്ടു നിറച്ചു
മെച്ചമിയന്നൊരു കൈവിരൽ മുഴുവൻ
പിച്ചളമോതിരമിട്ടു വിളങ്ങീ.

കിരാതം.

---

## ഒരു സിംഹം.

കല്ലു കടിച്ചു പൊടിച്ചീടുന്നൊരു
പല്ലുകളൊക്കെ വളഞ്ഞു പിരിഞ്ഞും,
സ്ഫുടതരമാകിന സടകൾ കുടഞ്ഞും,
വിടപികളോടഥ ഝടിതി തടഞ്ഞും,
കൊടിമരമോടിഹ പടപൊരുതീടിന
നെടിയൊരു വാലുമുയർത്തിക്കൊണ്ടും,
അടവി തകർത്തു തിമർത്തു നടന്നും
മൃഗപടലത്തെയമർത്തു പിടിച്ചും,
ഉടലുടെയുള്ളൊരു ചോരയണിഞ്ഞും,
യദുസുതനോടതിഘോരമണഞ്ഞാൻ
ഭാസുരനാമൊരു കേസരിവീരൻ.

സ്യമന്തകം.

---

Digitized By Kerala Sahitya Akademi

## ഗുരുവും ശിഷ്യനും.

ബുദ്ധികൌശലശീലനാം പുരുഷോത്തമൻ ഗരുഡധ്വജൻ
ബുദ്ധതാപസവേഷമാശു ധരിച്ചു ബദ്ധകുതൂഹലം
ശുദ്ധമാകുമൊരാൽത്തറപ്പുറമേറി വാണരുളീടിനാൻ
വൃദ്ധനെത്ര വയസ്സുചെന്നു നരച്ചു കണ്ണിമ കൂടിയും.
ക്ഷീരസാഗരവാരിപോലെ വെളുത്തു നീണ്ടൊരു താടിയും
ചാരുവായ കഷായവസ്ത്രവുമുത്തരീയവുമങ്ങനെ
ഭൂരിപിംഗജടാകലാപവുമങ്ങു യോഗപടങ്ങളും (നാർ-
ചേരുമീവകമൂത്തബൌദ്ധനിതെന്നുകണ്ടവർചൊല്ലി
ബന്ധുവാകിയ നാരദൻമുനി ശിഷ്യനെന്നു നടിച്ചുടൻ
ഗ്രന്ഥമൊന്നു കരത്തിലേന്തിയഴിച്ചുനോക്കിയിരിക്കയും,
എന്തിതിങ്ങനെ വായനയ്ക്കു നടപ്പുമില്ല നിനക്കെടോ!
ചിന്തയില്ല പഠിപ്പിലെങ്കിലടിക്കുമെന്നൊരു ഭാവവും,
വീണയങ്ങരികത്തു വെച്ചു പഠിക്കുമൊട്ടു നടിക്കയും,
കാണിനേരമിളയ്ക്കിലാഗ്ഗുരു താഡനങ്ങൾ കൊടുക്കയും,
ഇങ്ങനേയൊരു ശിഷ്യനുംഗുരുവുംപെരുത്തൊരു കൈ
(തവാ-
ലങ്ങുവാണു പുരത്രയം സ്വരൂപിക്കുമാൽത്തറമണ്ഡപേ.

ത്രി. ദ.

---

## ബ്രഹ്മാവിന്റെ പരിഭ്രമം.

വെട്ടാറായിത്തുടരുന്നേരം
സ്രഷ്ടാവിനെയും കാണാഞ്ഞുന്നു.
ഓടിനടന്നു വിയത്തു വലഞ്ഞും,



Digitized By Kerala Sahitya Akademi

താടിയിൽനിന്നു ജലങ്ങൾ പൊഴിഞ്ഞും,
കോടീരങ്ങളഴിഞ്ഞതിനുള്ളിൽ
കൂടിയ തുളസിദളങ്ങൾ പൊഴിഞ്ഞും,
പാളത്താറു കിഴിഞ്ഞും, പരിചൊടു
തോളിലണിഞ്ഞൊരു വസനമുലഞ്ഞും,
ദണ്ഡം കുണ്ഡികഭാരവുമെന്നിവ-
യെന്നല്ലൊരുവക രുദ്രാക്ഷങ്ങളു-
മൊട്ടു കളഞ്ഞും വാരിയെടുത്തും
ചട്ടമതിങ്ങനെ ഭാവിച്ചുടനെ
വെട്ടത്തവൊടു കാണായ്വന്നു.

രാവണോത്ഭവം.

---

## ചേർച്ചയില്ലാത്ത ദമ്പതിമാർ.

ദുർമ്മുഖനായ ഗൃഹസ്ഥനുമവളും
തമ്മിലഹോ ബഹുഭേദം കണ്ടാൽ!
തങ്കപ്പൊന്മണിയിടയിൽ ചേർത്തൊരു
ചെങ്കല്ലെന്ന കണക്കിനു കാന്തൻ,
പങ്കജമുഖിയാൾക്കുള്ള ഗുണം മലർ-
മങ്കയ്ക്കും പുനരിങ്ങനെയില്ല;
പുരികുഴലഴകിലിരുണ്ടു ചുരുണ്ടുരു-
പരിമളമെത്ര മനോഹരമതുമൊരു
കരിമുകിൽ കണ്ടാൽ മണ്ടിയൊളിച്ചഥ
ഗിരിഗുഹപുക്കു കിടക്കയുമുള്ളൂ;
ചടുലവിശാലവിലോലവിലോചന-

Digitized By Kerala Sahitya Akademi

കടിലകടാക്ഷനിരീക്ഷണമോൎത്താൽ
അടവിയിലിയലും മറിമാൻകൂട്ടം
നെടുവീൎപ്പിട്ടു മുഖം താഴ്ത്തീടും;
പല്ലവതുല്യം തുടുതുടെയധരം
പല്ലുകൾ മുല്ലപ്പൂമലർപോലെ
നല്ലൊരു മുത്തുകൾ ചേൎത്തൊരു വിദ്രുമ-
മാല്യംപോലെ മനോഹരമധികം;
ചലമിഴിയാളുടെ ചാരുമുഖത്തൊടു
തുലനം മോഹിക്കുന്നൊരുചന്ദ്രൻ
കലകളഴിച്ചും ചേൎത്തും ശിവശിവ!
പലകുറിയുണ്ടിഹ പണിചെയ്യുന്നു;
പങ്കജമൊട്ടുകൾ മട്ടാൎമൊഴിയുടെ
കൊങ്കകളുടെ വടിവാശു ലഭിപ്പാൻ
കലിതരസേന കഴുത്തോളം ബഹു
സലിലേ നിന്നു തപംചെയ്യുന്നു;
മടവാൎമണിയുടെ പിടിയിലടങ്ങും
കൊടിനടു തുടിയൊടു പടപൊരുതുന്നു;
കടിതടമുടനഥ കരിമസ്തകരുചി
ഝടിതി കലൎന്നു വിളങ്ങീടുന്നു;
കൊമ്പൻകരിയുടെ തുമ്പിക്കരവും
കമ്പിടുമവളുടെ തുടയിണ കണ്ടാൽ;
കാർമുകിലണികുഴലാളുടെ പുറവടി
കൂൎമ്മത്തെക്കാളധികമനോജ്ഞം;
പാർമേലവളൊടു സമമായിട്ടൊരു
പാൽമൊഴിയാളെക്കാണ്മാനില്ല.

Digitized By Kerala Sahitya Akademi

അങ്ങനെയുള്ളോരു ശീലവതിക്കിഹ
സംഗതിവന്നതു വൃദ്ധൻ ക്രുദ്ധൻ;
എങ്ങാനൊരു പിഴ കാട്ടാഞ്ഞാലും
ചങ്ങാതിക്കൊരു തെളിവില്ലൊട്ടും
പാണ്ടു പിടിച്ചു വെളുത്തു ശരീരം
നീണ്ടു കഴുത്തും മുഞ്ഞി ചുളിഞ്ഞും
കോലുകൾപോലെ മെലിഞ്ഞുകുഴഞ്ഞൊരു
കാലുംകയ്യും കണ്ടാൽ വികൃതം;
എല്ലുമുകച്ചും പല്ലുവമിച്ചും
കണ്ണു കുഴിഞ്ഞും കാഴ്ച കുറഞ്ഞും
കണ്ണു മടച്ചും കാലുപിടച്ചും
മൂക്കുംതാടിയുമൊന്നിച്ചിട്ടും
വാക്കിനുമൂർച്ച കുറഞ്ഞില്ലൊട്ടും;
താടിയുമൊട്ടു കൊഴിഞ്ഞുതുടങ്ങീ
തലയിൽ കാണ്മാനില്ലൊരു രോമം;
കണ്ണാടിക്കു സമാനം നല്ലക-
ഷണ്ടി പിടിച്ചു മിനുത്തു ശിരസ്സും
കണ്ണിൽപ്പീളനിറഞ്ഞു നിറഞ്ഞൊരു
വെണ്ണ കണക്കിനു കാണാം വെള്ളയിൽ

ശി. ച.

---

## ഉർവ്വശിയുടെ കേശാദിപാദം.

കാണായി മെല്ലവേ പൌർണ്ണമാസി തന്നി-
ലേണാങ്കബിംബമുദിക്കുംകണക്കിനെ
ശോണാധരിതൻ മുഖാംഭോജമൻപോടു

Digitized By Kerala Sahitya Akademi

ച്ചേണാൻ മന്ദസ്മിതാമൃതോല്ലാസിതം;
മാലതീബാണന്റെ നീലത്തഴപോലെ
നീലമേഘാവലിപോലെ നിറം കോലു-
മാലോലകുന്തളം ചന്തമേറും കണ-
ങ്കാലോളമങ്ങു കവിഞ്ഞു വീണിടുന്നു;
നീലാളകംകൊണ്ടു ശോഭിച്ചിരിക്കുന്ന
ഫാലാന്തരേ നല്ല ചാന്തും കുറികളും,
ബാലേന്ദുമദ്ധ്യേ കളങ്കരേഖാബിന്ദു-
പോലെ വിളങ്ങുന്ന കസ്തൂരിലാഞ്ഛനം,
മല്ലീശരന്തന്റെ വില്ലിനെ വെല്ലുന്ന
ചില്ലീയുഗത്തിന്റെ നല്ല വില്ലാട്ടവും,
നല്ല കരിങ്കുവളപ്പൂവിനുള്ളത്തി-
നല്ലൽ പെടുത്തുന്ന സല്ലോചനങ്ങടെ
കല്ലോലഹല്ലോഹലങ്ങൾപോലുള്ളൊരു
നല്ല വിലാസങ്ങളെല്ലാം മനോഹരം;
വല്ലഭമേറും തിലകുസുമത്തിനെ-
ത്തല്ലിയോടിക്കുന്ന നാസികാഭംഗിയും
ഉല്ലസൽകുണ്ഡലം കർണ്ണപാശദ്വയം
മുല്ലായുധന്തന്റെ തൂണീരസന്നിഭം;
പല്ലവംപോലെയും വിദ്രുമം പോലെയും
നല്ല തൊണ്ടിപ്പഴം പോലെയുമേററമ-
ങ്ങുല്ലാസമേറുന്ന ബിംബാധരം; നല്ല
മുല്ലമൊട്ടിന്നിടർ ചൊല്ലുന്ന പല്ലുകൾ,
കല്യമായുള്ളോരു ചന്ദ്രപ്രഭാജാല-
തുല്യമായുള്ളോരു മന്ദസ്മിതോദയം,

Digitized By Kerala Sahitya Akademi

ഫുല്ലപത്മത്തിനും പൂൎണ്ണചന്ദ്രനുമ-
ങ്ങല്ലൽ വളൎക്കും മുഖത്തിന്റെ ശോഭയും,
ശംഖിനു തന്നുടേ ഭംഗിക്ഷേപായെന്നുള്ള
ശങ്കാവിഷാദം വരുത്തും ഗളാന്തരേ
തങ്കപ്പതക്കങ്ങൾ മുത്തും പവിഴവും
സംഘടിച്ചീടും കരാംഭോജയുഗ്മവും,
ഉത്തുംഗമാം കുചകുംഭദ്വയത്തിന്റെ
വിസ്തൃതമാം ജഘനസ്ഥലത്തിന്റെയും
മദ്ധ്യസ്ഥമായോരുദരം കൃശം പരം
അസ്തിവാ നാസ്തിവാ സന്ദേഹഗോചരഃ;
മത്തഗജത്തിന്റെ മസ്തകാഡംബരം
കുത്തിക്കവൎന്നു സംഹരിച്ചീടുന്ന
തത്താദൃശപ്രകാരം കടിഭാഗവും
ചിത്താഭിരാമം ദുകൂലസംവേഷ്ടനം;
അഞ്ചിതാനേകരത്നപ്രഭാമണ്ഡലീ-
സഞ്ചിതം കാഞ്ചനകാഞ്ചീകലാപവും,
പഞ്ചബാണന്നു വസിപ്പതിന്നായുള്ള
മഞ്ചമായുള്ളോരു കാഞ്ചീപദത്തിനു-
ദഞ്ചൽപ്രകാശം മണിസ്തംഭവിഭ്രമം
തഞ്ചും സുചാരുവാമൂരുകാണ്ഡദ്വയം,
രംഭായുഗത്തിന്റെ ഡംഭാതിരേകത്തി-
നമ്പോടു ഭംഗംവരുത്തുമേ നിൎണ്ണയം;
കേതകീമൊട്ടിന്നു ഖേദമുണ്ടാക്കുവാൻ
ചാതുൎയ്യമേറും കണങ്കാൽവിലാസവും,
ഏണമൃഗപത്മാഭിരാമം പദദ്വന്ദ്വ-

Digitized By Kerala Sahitya Akademi

മാനന്ദദശാഭം നഖേന്ദുസന്ദോഹവും,
ആപാദചൂഡമനോജ്ഞമായുള്ളോരു
രൂപാമൃതം മുദാ വൎണ്ണിച്ചുചൊല്ലുവാൻ
ശ്രീപത്മനാഭൻെറ പള്ളിമെത്തയ്ക്കുമി-
ന്നാവതില്ലെന്നു ചൊല്ലുന്നു മഹാജനം.
തണ്ടാർകലങ്ങളിലുണ്ടാം മധുഗ്ഗുണം
തെണ്ടിപ്പറന്നങ്ങു മണ്ടിനടക്കുന്ന
വണ്ടിൻെറ വൃന്ദങ്ങൾ വണ്ടാർകുഴലിതൻ
കൊണ്ടൽക്കുറുനിര കണ്ടും മലർമണം
കൊണ്ടും മുരണ്ടുമിരണ്ടുഭാഗേ ചെന്നു
കൊണ്ടുനിറയുന്ന കണ്ടാൽ മനോഹരം.

ഹ. സ.

---

**നാരദാഗമനം.**

ശാരദചന്ദ്രനുദിച്ചുപൊങ്ങുന്നിതോ,
ക്ഷീരാബ്ധി താനേ നയനന്നു കാണുന്നിതോ,
ഐരാവതം വന്നിറങ്ങിത്തുടന്നിതോ,
ഹാരങ്ങൾ കോരിച്ചൊരിഞ്ഞു തുടങ്ങിയോ,
ചാരുഗംഗാജലം താനേ വരുന്നിതോ,
താരങ്ങളെല്ലാം പൊഴിഞ്ഞു കാണുന്നിതോ?
വീരനാം ബാലനീവണ്ണം നിരൂപിച്ചു
ദൂരവേ മേൽപ്പോട്ടു നോക്കിനിൽക്കും വിധൌ
ചാരത്തു്കാണായി വീണയും കയ്യോണ്ടു
നാരദമാമുനി മെല്ലേ വരുന്നതു്;
ശ്രീരാമ ഗോവിന്ദ ഗോപാല വൈകുണ്ഠ!

Digitized By Kerala Sahitya Akademi

നാരായണ കൃഷ്ണ വിഷ്ണോ മുരാന്തക!
കാരുണ്യവാരിധേ ശൌരേ ജനാൎദ്ദന!
ക്ഷീരാബ്ധിശായിൻ ഹൃഷീകേശ കേശവ!
സീതാപതേ സത്യഭാമാപതേ ഹരേ!
പീതാംബരാനന്ത ലക്ഷ്മീപതേ വിഭോ!
രാധാപതേ മാധവാംഭോജലോചന!
സാധാരണാശ്രിത ശ്രീമൻ നമോസ്തു തേ!
ഇത്തരം നല്ല തിരുനാമമെപ്പൊഴും
ഭക്തിയോടേ വീണകൊണ്ടു ഘോഷിക്കയും
ചിത്തംതെളിഞ്ഞങ്ങു മൂന്നു ലോകത്തിലും
നിത്യം നടന്നു ദിവസം കഴിക്കയും
അമ്മുനിപുംഗവൻ കണ്ട ജനങ്ങളെ-
ത്തമ്മിൽ പിണക്കിച്ചുമച്ചു രസിക്കയും
കണ്ടില്ല കേട്ടില്ലയെന്നു നടിക്കയും
കണ്ടവരെക്കൊണ്ടു ചെണ്ടകൊട്ടിക്കയും
കൺമുനകാട്ടിക്കലഹമുണ്ടാക്കയും
നന്മയിലേഷണികൂട്ടി നടക്കയും
യുദ്ധമുള്ളേടം തിരഞ്ഞുനടക്കയും
ക്രുദ്ധിച്ചതിന്നുപായങ്ങൾ നിനക്കയും
ബുദ്ധിമുട്ടുമ്പോൾ പ്രസാദിച്ചു നല്ലൊരു
ശുദ്ധമാൎഗ്ഗം നരന്മാക്കു കൊടുക്കയും
ഇങ്ങനെ കാലംകഴിക്കുന്ന നാരദൻ
തിങ്ങിന മോദമോടങ്ങെഴുന്നള്ളിനാൻ;

ധ്രു. ച.

Digitized By Kerala Sahitya Akademi

# സന്ദേശം.

## ഹംസസന്ദേശം.

ഭൂമിപാലന്റെ ദുരാപത്തു നീക്കുവാൻ
ഭീമജേ നിൻകനിവൊന്നേ ഗതിയുള്ളു,
വൈദർഭി നീയും നിഷധനരേന്ദ്രനും
മോദിച്ചു തങ്ങളിൽ ചേൎന്നുവാണീടണം;
ഇന്ദ്രൻ പുലോമജതന്നോടു ചേൎന്നതും
ചന്ദ്രൻ നിശീഥിനി തന്നോടു ചേൎന്നതും
ശൃംഗാരയോനി രതിയോടു ചേൎന്നതും
ഗംഗാധരനുമയോടു ചേൎന്നതും
പത്മാക്ഷണൻ പത്മതന്നോടു ചേൎന്നതും
പത്മാലയൻ വാണിതന്നോടു ചേൎന്നതും
യാതൊരുത്തന്റെ നിയോഗാലവന്തന്നെ
ഹേതുവായ് നിങ്ങൾക്കു തങ്ങളിൽചേരുവാൻ;
എന്നു വരികിലുമിന്നു സുലോചനേ!
മന്നവൻതന്നോടു നിന്നുടെ സംഗമം
ഇന്ദ്രശച്യാദിസംബന്ധത്തിനെക്കാട്ടി-
ലന്യോന്യശോഭാമനോജ്ഞമാം നിശ്ചയം;
ഇന്ദ്രാദിയേക്കാൾ മനോഹരൻ നൈഷധൻ,
ഇന്ദ്രാണിയാദിയെ നീയും ജയിക്കുന്നു.
എന്നാൽ നളന്തന്റെ സന്താപശാന്തിക്കു
നന്നായനുകൂലഭാവം വഹിക്ക നീ.

Digitized By Kerala Sahitya Akademi

## നളന്റെ ദൂത്

വാനവർശ്രേഷ്ഠനെക്കൈവെടിഞ്ഞീടൊലാ
മാനവൻ കാരണം ചാരുചന്ദ്രാനനേ!
തൻകയ്യിൽ വന്നോരു രത്നം കളഞ്ഞുടൻ
ചെങ്കല്ലെടുക്കയോ പങ്കജലോചനേ!
കണ്ടുകണ്ടീലെന്നിരിക്കുന്ന മർത്ത്യനെ-
ക്കൊണ്ടു ഫലമെന്തു ചിന്തിച്ചുകാൺക നീ
ജീവനാശം ജരാരോഗങ്ങളെന്നിവ
ദേവലോകങ്ങളിലില്ലെന്നറിക നീ
യൌവനം സർവ്വദാ നിർവ്വികാരം സുഖം
ദിവ്യത്വമൈത്ര്യയും രമ്യമെന്നോർക്ക നീ.
യാഗങ്ങൾ ചെയ്യുന്നു യോഗം ഭജിക്കുന്നു
യോഗം വരേണം സുരേശത്വമെന്നോർത്തു
പഞ്ചാഗ്നിമദ്ധ്യ തപസ്സുചെയ്തീടുന്നു
പഞ്ചേന്ദ്രിയങ്ങളെപ്പാട്ടിലാക്കീടുന്നു
കന്ദഫലങ്ങളും തിന്നു വനങ്ങളിൽ
ചെന്നു വിശന്നു തളർന്നു കിടക്കുന്നു
മാസോപവാസങ്ങൾ മന്ത്രോപവാസങ്ങൾ
മാംസാഹുതികളും ചെയ്യുന്നു മാനുഷർ;
ഇപ്രകാരം ബഹുദുഃഖങ്ങൾ ചെയ്താലു-
മപ്രദേശത്തേക്കു ചെന്നുകൊൾവാൻ പണി
എന്നിരിക്കുന്നോരു ദിക്കിൽനിന്നാളുകൾ
വന്നിരിക്കുന്നിതു കൊണ്ടുപോയീടുവാൻ
പോന്നാലുമിങ്ങെന്നു വന്നിരന്നീടുന്നു
വന്ദ്യനാമിന്ദ്രനും വൃന്ദവും സാദരം

Digitized By Kerala Sahitya Akademi

എന്നാലൊരാസ്ഥയില്ലല്ലോ നിനക്കെടോ!
നന്നായന്നേത്രയും ഭോഷി നീ ഭാമിനി!
കല്പവൃക്ഷങ്ങളും കാമധേനുക്കളും
തൽപുരംതന്നിലെസ്സൌഖ്യങ്ങളോക്കനീ
അപ്സരസ്ത്രീകളോടൊന്നിച്ചു സാദരം
കല്പവാടീവനേ കേളിയാടീടുവാൻ
സ്വല്പം കുതൂഹലമില്ലയോ കല്യാണി!
ശില്പം മഹാമുഗ്ദ്ധബുദ്ധിയായെങ്ങനെ?
കയ്യിൽവന്നീടുന്ന ദ്രവ്യമിട്ടുംകള-
ഞ്ഞിയ്യമിരപ്പാൻ തുടങ്ങുന്നു നീ,യെടോ!
അയ്യോ പറഞ്ഞാൽ ഗ്രഹിക്കാത്തതിങ്ങനെ
പൊയ്യല്ല മല്ലാക്ഷി! നല്ലതിന്നാച്ചനം;
വൈശ്വാനരൻ മഹാതേജാമനോഹരൻ
വിശ്വാസയോഗ്യൻ മഹാഭാഗ്യനുത്തമൻ,
ധർമ്മരാജാവും ഗുണജ്ഞൻ മഹാബലൻ
ധർമ്മശീലൻ മഹാബുദ്ധിമാനുദ്ധതൻ,
സിന്ധുനാഥൻ മഹാഗംഭീരനുന്നതൻ
ബന്ധുരാംഗൻ വധൂചിത്താനുവർത്തനൻ,
നാലുമഹാരഥന്മാരിലിന്നേകനേ
ബാലേ ഭജിച്ചുകൊണ്ടാലും നൃപാത്മജേ!

## നളന്റെ സമാധാനം.

ചാരിത്രശുദ്ധിയും ബുദ്ധികൌശല്യവും
ചാരുസ്വഭാവവുമുള്ളോരു നാരിമാർ
തന്നുടെ രക്ഷയ്ക്കു താൻപോരുമെന്നുള്ള-

Digitized By Kerala Sahitya Akademi

തിന്നുള്ളതല്ലാ ജഗൽപ്രസിദ്ധം ദൃഢം
എന്നു കല്പിച്ചു ഞാൻ നിന്നെത്യജിച്ചിതു
തന്വംഗിരത്നമേ! കോപിക്കരുതേടോ!
പക്ഷികൾ വന്നുടൻ വസ്ത്രം ഹരിക്കയാൽ
തൽക്ഷണം പാരം പരാധീനനായി ഞാൻ
എന്നതുകൊണ്ടു നിൻ വസ്ത്രം മുറിച്ചുഞാൻ
സുന്ദരീരത്നമേ! കോപിക്കരുതേടോ!
ദാരിദ്ര്യദോഷേണ നിന്നെപ്പുലത്തുവാൻ
പോരാതെവന്നു ഞാനെന്നു ചിന്തിക്കയാൽ
സംഗതി കൂടാതെ രാത്രൗ വെടിഞ്ഞു ഞാ-
നംഗനാരത്നമേ കോപിക്കരുതേടോ!
ചൂതിൽപരാജയം വന്നതും നമ്മുടെ
ചേതോവിഷാദവും രാജ്യവിഭ്രംശവും
ജാതകത്തിൻെറ വിപാകമെന്നോർക്ക നീ
ശാതോദരീമണേ കോപിക്കരുതേടോ!
നിന്നെ നീ നിന്നുടെ ചാരിത്രമാകുന്ന
ധന്യമാം ചട്ടകൊണ്ടാശു രക്ഷിപ്പവൾ
ഇത്ഥം നിരൂപിച്ചുപേക്ഷിച്ചു നിന്നെ ഞാൻ
ഉത്തമസ്ത്രീമണേ കോപിക്കരുതേടോ!
നല്ലരത്നങ്ങളെക്കണ്ടുകാണാത്തവൻ
കല്ലെന്നു ബോധിച്ചു പോമെന്നറിക നീ
ഇല്ലൊരു ബോധം വിപത്തുവരുന്നേരം
നല്ലാർകുലോത്തമേ കോപിക്കരുതേടോ!
ഭർത്താവിനെക്കൂടെ രക്ഷിപ്പതിനിന്നു
പാർത്താൽ പതിവ്രതമാർക്കുണ്ടു വൈഭവം

Digitized By Kerala Sahitya Akademi

ഓൎത്താലുമിന്നതുകൊണ്ടു ജീവിച്ചുഞാൻ
കാൎത്തസ്വരപ്രഭേ കോപിക്കരുതെടോ!
എന്തിന്നനേകം പറയുന്നു വല്ലഭേ!
ചിന്തിച്ചുകൊൾക നീ ബാലേ ബലാബലം,
ഹന്ത മേ ലംഘ്യമോ കാലസ്യ കല്പിതം
ദന്തീന്ദ്രഗാമിനി കോപിക്കരുതെടോ!

നള. കിളി.

---

സഞ്ജയ ദൂതു്.

ഇന്നു ധൃതരാഷ്ട്രനൊരു മാൎഗ്ഗമരുൾചെയ്തു
വന്നു പറവാനിവിടെ നിങ്ങളൊടു രാജൻ!
നന്നു വഴിയെങ്കിലതുതന്നെ കരണീയം
മന്നവവചാംസി കഥയാമി ഹര ശംഭോ!
"നമ്മുടെ കുമാരനൊരു ചൊല്ലുവിളിയില്ലാ
നന്മവരുവാനൊരു മനസ്സുമവനില്ലാ,
മന്നതമതിങ്കൽ ബഹുമാനമവനില്ലാ,
കൎമ്മമതു നമ്മുടെ ധരിക്ക ഹരശംഭോ!
നല്ല ഗുണമുള്ളൊരു ഭവാനൊടുപറഞ്ഞാൽ
വല്ലതുമുപായമുളവാകുമെള്ളതാകും
ദുർല്ലഭയതാകിന മനുഷ്യത ലഭിച്ചാൽ
നല്ലതു നിവൃത്തിപദമേവ ഹര ശംഭോ!
എങ്കലൊരു ശങ്ക പുനരെന്റെ മകനില്ലാ
തങ്കലൊരു കല്പനയുമുണ്ടവനു പണ്ടേ,
എങ്കിലതമൎപ്പതിനെനിക്കുമെളുതല്ലാ

Digitized By Kerala Sahitya Akademi

സങ്കടമിതൊക്കയുമെനിക്ക ഹര ശംഭോ!
ഭൂമിപരിപാലനമിതെത്ര ബഹു ദുഃഖം,
സോമകുലജാതനിലതേററവുമനർത്ഥം;
ഹേമധനധാന്യഭവനാദികളിലെല്ലാം
പ്രേമമുളവാമധികമേവ ഹര ശംഭോ!
എന്തിനിഹ ഘോരഭവവാരിനിധി തന്റെ
വൻതിരികളായ വിഷയങ്ങളിലിദാനീം
നീന്തി വലയുന്നു പുനരെന്റെ മകനേ നീ
ശാന്തിമനുചിന്തയ ചിരായ ഹര ശംഭോ!
കാനനനിവാസമതുതന്നെ തവ നല്ലു
താനനുഭവിച്ചടനറിഞ്ഞ സുഖമല്ലേ?
ജ്ഞാനനുചിതം പുനരരണ്യമതല്ലാ,
ജ്ഞാനികളുടെ മതമിതെന്നു ഹര ശംഭോ!
കന്ദഫലമൂലജലമെന്നിവ ഭുജിപ്പാൻ,
കന്ദരതല ശിലകളുണ്ടഥ ശയിപ്പാൻ,
നന്നിതു മരങ്ങളുടെ തോലുകളുടുപ്പാൻ,
ഒന്നുമിഹ ദുർല്ലഭവുമില്ല ഹര ശംഭോ!
ഇന്ദ്രിയജയം വരികിലെത്ര സുഖമോർത്താൽ
ഇന്ദ്രപദലാഭവുമതിന്നു സമമല്ല
ചന്ദ്രമകരന്ദഹരിചന്ദനവുമെല്ലാം
നിന്ദിതമഹോ ദുരിതഹേതു ഹര ശംഭോ!
ധാത്രിയുടെ പാലനമശേഷദുരിതാനാം
പാത്രമതു മാത്രമിനി നിങ്ങൾ തുടരേണ്ട;
ഗാത്രമതു മാംസമലമൂത്രമപവിത്രം
തത്ര തവ പുത്ര രുചി വേണ്ട ഹര ശംഭോ!

Digitized By Kerala Sahitya Akademi

ശ്രോത്രസുഖമല്ല പറയുന്നൊലിവയൊന്നും
ശാസ്ത്രമറിയുന്നവനിതൊക്കെ ഹിതമല്ലോ.
നേത്രരസനാദിവിഷയേന്ദ്രിയവികാരം
ശ്രോത്രിയനു പോലുമിയലുന്നു ഹര ശംഭോ!
നിങ്ങളിനിയും തചരിതമൈവരുമിദാനീം
ഭംഗികലരും ദ്രുപദനന്ദിനിയുമായി
അങ്ങൊരു വനത്തിലതികൌതുകമിരുന്നാൽ
മംഗലമുടൻ വരുമതീവ ഹര ശംഭോ!
താപസജനങ്ങളെ വണങ്ങുവിനരണ്യേ
താപശമനായ ഹരിനാമമുരചെയ്യിൻ;
പാപഹരതീർത്ഥജലസേവയുമുദാരം
ശോഭനമതായ്വരുമിതിന്നു ഹര ശംഭോ!
എന്നുടെ മനോഗതമിദം ശമനസൂനോ!
നിന്നുടെ ഗുണത്തിനനുകൂലമിതി മന്യേ
മുന്നമിവ തങ്ങളിലിണങ്ങിമരുവീടാ-
മെന്നു കരുതേണ്ട കനിവോടു ഹര ശംഭോ!
യുദ്ധമതു പിന്നെ ബഹുദോഷപദമല്ലോ
വൃദ്ധജനസമ്മതമിതല്ല ഹിതമല്ല;
ബുദ്ധിഗുണമുള്ളൊരു ഭവാനറിക സർവ്വം
ശുദ്ധത നമുക്കധികമസ്തു ഹര ശംഭോ!"

## യുധിഷ്ഠിരോക്തി.

ഇന്നിഹ ഗൃഹസ്ഥനു യതിവ്രതമയോഗ്യം
മന്നിലതു ചെയ്കിലവനില്ല സുകൃതം പോൽ
സന്ന്യസനമെന്നതിനു പാത്രമഹമല്ലാ

Digitized By Kerala Sahitya Akademi

മുന്നമറിയാഞ്ഞതു പിഴച്ചു ഹര ശംഭോ!
നമ്മുടെ വൃകോദരനിതൊട്ടുമെളുതല്ലാ
വെണ്മയൊടവൻ സതതഭോജനരസജ്ഞൻ
ജന്മസുഖകാമി പുനരജ്ജുനനമോർത്താൽ
ധർമ്മദവുമുണ്ടവനു ചെററു ഹരശംഭോ!
വൈരതരു ചേതസി മുളച്ചതു വളർന്നു
സൈ്വരമതു പൂത്തു കുസുമങ്ങളുതിരുന്നു.
വേരഖിലഭൂതലവുമെങ്ങുമിടകൂടി
ചേരുകയുമില്ല ശമമിന്നു ഹരശംഭോ!
ദേ്വഷപരപോഷഗുരുതൃഷ്ണപരരാണാം
ഭീഷണികൾകൊണ്ടു ഫലമില്ലറിക സൂത!
ഏഷണികളെന്തിനു വൃഥാഫലമശേഷം
ശേഷമറിയാമിനി ജവേന ഹരശംഭോ!
വൃദ്ധകുരുതാതനൊടിതും പറക സൂത!
നിർഭ്ധനരിൽ മുമ്പനഹമെങ്കിലുമിദാനീം
അർദ്ധമവനീതലമിനിക്കിനി വരേണ്ടാ
യുദ്ധരുചി കിഞ്ചന മമാസ്തി ഹരശംഭോ!

ദേവ കേശവ മുകുന്ദ മുരാരേ!
ദേവകീതനയ മാധവ വിഷ്ണോ!
ദേവരാജനത ദേഹിദയാംമേ!
- ദേവദേവ ഭഗവൻ ജയ ശൌരേ!

Digitized By Kerala Sahitya Akademi

വൈരിയാകിയ സുയോധനനോടായ്
പോരിനങ്ങു തുനിയുന്ന ദശായാം
ഭൂരിഭൂപമരണങ്ങൾ ഭവിക്കും
പാരമുണ്ടു മടി മേ ജയശൌരേ.
ദുഷ്ടരെങ്കിലുമശേഷജനാനാം
കഷ്ടമേവ വധമെന്നറിയുന്നേൻ
ഇഷ്ടമല്ലിതടിയന്നു നിനച്ചാൽ
വിഷ്ടപാധിപ ഹരേ ജയശൌരേ.

നല്ലനല്ല ജനമൊക്കെ മരിച്ചാ-
ലില്ല പിന്നെയൊരു സൌഖ്യമൊരുന്നാൾ
വല്ലവണ്ണമൊരു ദിക്കിലിരിക്കാം
നല്ല മാൎഗ്ഗമതുതാൻ ജയശൌരേ.

...

ഹിംസകൊണ്ടൊരു ഫലത്തെ ലഭിച്ചാൽ
ധ്വംസമുണ്ടതിനു സംശയമില്ല
കംസനാശന ഭവാനതു മാത്രം
സംശിയാഞ്ഞ ഭഗവൻ ജയശൌരേ.
വേണ്ട രാജ്യമടിയന്നൊരുനാളും
വേണ്ടതുണ്ടതു ഭവൽപദസേവ
വേണ്ടുവോളമതുകൊണ്ടു സുഖിക്കാം
വേണ്ടുവോക്കമൃതകാം ജയശൌരേ.
കാട്ടിൽ വാഴ്ക സുഖം സമരത്തെ-
ക്കാട്ടിലെന്നു മമ പക്ഷമിദാനീം



Digitized By Kerala Sahitya Akademi

നാട്ടിലുള്ള പരിഷദ്ദ്യോരനർത്ഥം
കൂട്ടമാശു സമരം ജയശൌരേ.

...

ദന്തിഗേഹമൊരുനാളെഴുന്നള്ളി-
ച്ചന്തമോടഥ സുയോധനനോടു
സന്ധിതന്നെ ശുഭമെന്നരുൾചെയ്യാ-
നെന്തുപായമിനിയും ജയശൌരേ.
അർദ്ധരാജ്യവുമെനിക്കിനി വേണ്ടാ
വൃദ്ധനാം ജനകനുണ്ടധുനാ മേ
വൃദ്ധിമാനിഹ സുയോധനനോടും
ക്രുദ്ധിയായ്ക രുചിരം ജയശൌരേ
അഞ്ചുപേർക്കുമൊരുമിച്ചു വസിപ്പാ-
നഞ്ചു ദേശമവനിങ്ങു തരേണം
അഞ്ചു വാസഭവനം തരുവാനോ
വാഞ്ഛയെങ്കിലുമതാം ജയശൌരേ
നാട്ടിലേകപുരമെങ്കിലുമിപ്പോൾ
കിട്ടിയാലതിലിരുന്നു പൊറുക്കാം
പാട്ടിലായി വയമൈവരുമേവം
കൂട്ടിയാലിതു വരും ജയശൌരേ.
കാട്ടിൽ വാണു കഴിയും ദിവസത്തെ-
ക്കാട്ടിൽ നല്ലതു നികേതനിവാസം
കാട്ടിയോരഹിതമൊക്കെ മറക്കാം
വാട്ടമില്ലിതു സുഖം ജയശൌരേ.
ആഴിയാകുമുടഞാണുടയോളാ-
മൂഴി വാഴ്ക നമുക്കെളുതല്ല

Digitized By Kerala Sahitya Akademi

കോഴ വാങ്ങിയശനം ദുരിതാനാം
താഴികക്കുടമഹോ ജയശൌരേ.

ലോകനായക ഭവാനൊടിതെല്ലാം
ഓതുവാൻ മനസി ശങ്കയുമുണ്ടു്
ആകവേ പറവതിന്നിഹ പാൎത്താ-
ലേവനും മതിവരാ ജയശൌരേ.
ദേവ നിന്തിരുവടിക്കുമിതിപ്പോ-
ളേവമേവ രസമെങ്കിലശങ്കം
കേവലം മുനികളോടിടകൂടി-
പ്പോവതിന്നു തുടരാം ജയശൌരേ.

ഭഗവദ്ഭക്തി.

എന്തു സഞ്ജയ ചൊല്ലു ചൊല്ലു പിതാവു തന്നുടെ ശാസനം
ചന്തമോടു വനത്തിൽ വാഴ്ക ധൎമ്മജാദികളെന്നതോ?
അന്ധഭൂപതിതന്നുടെ കൃപ നന്നു നന്നിതു വിസ്മയം
ബന്ധുഭാവമിതെത്രയും തവ ചിന്തയേ ഹരശങ്കര!
മാനശാലി സുയോധനൻ നിജനാടു വാണു സുഖിക്കയും
ദീനഭാവമിയന്നു പാണ്ഡവർ കാടു വാണു നടക്കയും
ഞാനിരിക്കവരുന്നതല്ലിതു വൃദ്ധനോടുരചെയ്ക നീ
മാനസേ കപടം വെടിഞ്ഞു നടക്കെടോ ഹരശങ്കര!
ലാക്ഷകൊണ്ടു ചമച്ച കോട്ടയിലിട്ടു ചുട്ടു പൊടിച്ചതും
രൂക്ഷമായി വൃകോദരന്നു വിഷം കൊടുത്തു വലച്ചതും
അക്ഷകൈതവഹേതുനാ സകലം പിടിച്ചു പറിച്ചതും
പക്ഷപാതമിതൊക്കയും തവ ചിന്തയേ ഹരശങ്കര!
ശിഷ്ടരായ മഹാജനങ്ങൾ നിറഞ്ഞ രാജസഭാന്തരേ

Digitized By Kerala Sahitya Akademi

ദുഷ്ടനായതവാത്മജൻ ദ്രുപദാത്മജാകബരീഭരം
കഷ്ടമാശു പിടിച്ചിഴച്ചു ദുകൂലരാശി വലിച്ചതും
കഷ്ടമാരു മറക്കുമീവക ചേഷ്ടിതം ഹരശങ്കര!
മത്തകാശിനിയായപാൎഷതി താഡനംസഹിയാഞ്ഞുടൻ
ചിത്തഖേദമിയന്നു നമ്മെ വിളിച്ചുനിന്നുകരഞ്ഞതും
ചിത്തതാരിലൊരഗ്നിപോലെയെരിഞ്ഞിടുന്നുമമാധുനാ
ധാൎത്തരാഷ്ട്രവനം ദഹിക്കുമതിപ്പൊഴേ ഹരശങ്കര!

...

സാവധാനമിതൊക്കെനിങ്ങളറിഞ്ഞിരിക്കണമെപ്പൊഴും
ജീവനാശമടുത്തുസമ്പ്രതി മൂന്നുനാലുദിനാന്തരേ
പാവകൻപിടിപെട്ടകാട്ടിലായിനിങ്ങളശേഷവും
കേവലംശുഭകൎമ്മമൻപൊടുചെയ്കെടോ ഹരശങ്കര!

ധാൎത്തരാഷ്ട്രവശത്തിലുള്ളോരുമൎത്ത്യജാതികളൊക്കയും
പാൎത്തലംവെടിവാനടുത്തതോൎത്തുകൊള്ളുവിനഞ്ജസാ
മൃത്യു വന്നു ലലാടസീമനി നൃത്തകേളിതുടൎന്നതും
ചിത്തതാരിലറിഞ്ഞുകൊള്ളുവിനെപ്പൊഴുംഹരശങ്കര!

തേരിലേറിനടക്കുമൻപൊടു ഞാനുമെന്നുടെ പാൎത്ഥനും
മാരിപോലെശരപ്രപഞ്ചമുതിൎക്കുമുൽക്കടവിക്രമൻ
പോരിനായിവരുന്നവൻെറ ശരീരഭഞ്ജനമഞ്ജസാ
മാരുതാത്മജനും തുടങ്ങുമടങ്ങുമോ ഹരശങ്കര!
ഹസ്തിസിംഹമൃഗങ്ങൾപോലെ വനത്തിലല്ലിനിവിക്രമം
ഹസ്തിനാഖ്യപുരത്തിലൻപൊടുധൎമ്മജാദികളാസ്ഥതം
അസ്തമിക്കുമശേഷകൗരവവൃന്ദമെന്നറിയിക്ക നീ
വിസ്തരിച്ചുവിചിത്രവീൎയ്യജനോടുടൻ ഹരശങ്കര!

Digitized By Kerala Sahitya Akademi

## പാഞ്ചാലിയുടെ നസ്യം.

കമലാകാന്തന്റെ കാരുണ്യശീലന്റെ
കമനീയാംഗന്റെ കാമസമാനന്റെ
ഗമനസന്നാഹം കേട്ടു വിഷാദിച്ചു
കമനിപാഞ്ചാലി ദേവനാരായണ!
വിഴുകിവാഴുന്ന ദുഃഖങ്ങളോക്കയാ-
ലൊഴുകിവീഴുന്ന നേത്രജലങ്ങളിൽ
മുഴുകിവന്നവൾ കാർമുകിൽവർണ്ണനെ-
ത്തൊഴുതു ചൊല്ലിനാൾ ദേവനാരായണ!
"കരുണാവാരിധേ കൌരവപാശരിൽ
കരുണയാലിത്ഥം കാട്ടുന്നതോ ഭവാൻ?
ചരണദാസിയാം പാഞ്ചാലിയെക്കുടെ
സ്മരണംചെയ്താലും ദേവനാരായണ!
അവരു ചെയ്യുന്ന ധിക്കാരമൊക്കവേ
ഭുവനനായക നീയും മറന്നിതോ?
അവനീനാഥന്മാരെന്നുടെ കാന്തന്മാ-
രറിയുന്നീലൊന്നും ദേവനാരായണ!
മലകൾ കാടുകൾ തോടും പുഴകളും
കലകൾ പന്നികളെന്നിവവൃന്ദവും
സുലഭമാം ദിക്കിലെൻപ്രിയന്മാക്കിപ്പോൾ
സുഖമെന്നായുന്നു ദേവനാരായണ!
ഇഹലോകങ്ങളിലാഗ്രഹമെന്നതും
അഹമെന്നുള്ളൊരു ഭാവവും കൂടാതെ
മഹിതമായുള്ള വേദാന്തശീലനം

Digitized By Kerala Sahitya Akademi

നൃപതിമാൎക്കാക ദേവനാരായണ!
വിമതന്മാരുടെ വീൎയ്യം ശമിപ്പിപ്പാൻ
ക്ഷമയും നന്നല്ല സാമവും നന്നല്ല
സമരംചെയ്യേണം സാഹസംചെയ്യേണം
ശ്രമവുംചെയ്യേണം ദേവനാരായണ!
നയങ്ങൾ ചിന്തിച്ചു നാട്ടമുപേക്ഷിച്ചു
ജയവുംകൂടാതെ കാലം കഴിക്കുമ്പോൾ
ഭയംകൊണ്ടിങ്ങനേ മേവുന്നുവെന്നിപ്പോൾ
അയശസ്സുണ്ടാകും ദേവനാരായണ!
ബലങ്ങളില്ലാഞ്ഞോ ബന്ധുക്കളില്ലാഞ്ഞോ
വിഭവമില്ലാഞ്ഞോ വീൎയ്യമതില്ലാഞ്ഞോ
ഖലജനത്തിന്റെ കാൽപിടിച്ചീടുന്നു
വലിയ വീരന്മാർ ദേവനാരായണ!
അപരാധം പലതു വൈരികൾ ചെയ്കിലും
ഉപകാരമെന്നു കല്പിച്ചു കാന്തന്മാർ
അപവാദംകേട്ടാലാധിയുമില്ലല്ലോ
നൃപതിമാൎക്കിപ്പോൾ ദേവനാരായണ!

...

കനത്ത സങ്കടത്തോടു മരുവുന്ന
ജനത്തെയോൎക്കാതെ ഭൂതിനു ഭാവിച്ചു
ധനത്തെനേടുന്ന വൈരിയെസ്സേവിപ്പാ-
നെഴുന്നള്ളുന്നുണ്ടോ ദേവനാരായണ!
കഴിഞ്ഞ വസ്തുക്കൾ മാനിക്കമാറായീ
അഴിഞ്ഞു നമ്മുടെ പൌരുഷബന്ധനം
ഒഴിഞ്ഞു ഭാഗ്യവും ധൎമ്മവും ശൎമ്മവും
വിരവിലിങ്ങനെ ദേവനാരായണ!

Digitized By Kerala Sahitya Akademi

കരുകുലാധിപന്മാരന്നോടുമെല്ലവേ
സരസമാംവണ്ണം ദ്രൂതരുൾചെയ്യുമ്പോൾ
മുരഹര ഭവാനെന്റെ തലമുടി
നിരുപിച്ചേക്കണം ദേവനാരായണ!
അരിയെക്കൊന്നു ഞാൻ ചോരപുരണ്ടോരു
കരതലംകൊണ്ടു നിന്നുടെ കേശത്തെ
തിരുകീടുന്നുണ്ടെന്നന്നേരം കോപംകൊ-
ണ്ടരുളി ഭീമനും ദേവനാരായണ!
വിഫലമായ്പന്നു വീരന്റെ ഭാഷിതം
വിഭൂതയില്ലായ്കയല്ലിഹ കാരണം
വിഗതഭാഗ്യയാമെന്നുടെ ദോഷത്താ-
ലഖിലം നിഷ്ഫലം ദേവനാരായണ!
പതികളൊന്നല്ല രണ്ടല്ല മൂന്നല്ല
ചതുരവീരന്മാരഞ്ചുണ്ടു കാന്തന്മാർ
മതിവിഷാദത്തെപ്പോക്കുവാനെന്നുടെ
മതിയാകുമവർ ദേവനാരായണ!
പരിഭവംതീർന്നു മോദേന വാഴുവാൻ
ശിരസി മേ വിധി ലേഖനംചെയ്തീല
പരദോഷം വൃഥാ ചിന്തിക്കുന്നെന്തു ഞാൻ
പരമപൂരുഷ ദേവനാരായണ!
പഴുതിലെന്തിനു ഞാൻ പറഞ്ഞീടുന്നു
പഴമയുള്ളവർ നിങ്ങളെല്ലാവരും
വഴികളെല്ലാം ഗ്രഹിച്ച മഹാജനം
പഴുതിൽ ചാടുമോ ദേവനാരായണ!
അഴകല്ലാതുള്ളോരാരംഭം കാണുമ്പോൾ
അഴൽപിടിച്ചു പറഞ്ഞിടും നാരിമാർ

Digitized By Kerala Sahitya Akademi

വഴിയേബോധിച്ചു ചൊല്ലേണമെന്നില്ല
പിഴയും വന്നീടും ദേവനാരായണ!
... ...
അരുണപങ്കജംപോലെ വിളങ്ങുന്ന
ചരണപല്ലവം രണ്ടുമുടയോനെ!
ശരണം നീയിനിയെപ്പോഴുമിപ്പാരിൽ
കരുണാവാരിധേ ദേവനാരായണ!
തരണം ഞങ്ങൾക്കു രാജ്യത്തിലേതാനും
വരണം നിന്നുടെ കാരുണ്യമെന്നെല്ലാം
അരുളിച്ചെയ്യാതെ ഭാവിച്ചിരിക്കുന്നു
തിരുമനക്കാമ്പിൽ ദേവനാരായണ!
കരുക്കളൊക്കവേ കൂടിയൊരുമിച്ചു
നിരക്കെ മേവുന്ന ദിക്കിലെഴുന്നള്ളി
ഇരക്കണം ഭവാനെന്നു നിയോഗിച്ചു
പരക്കെപാർത്ഥന്മാർ ദേവനാരായണ!
നിരപ്പുസംസാരംകൊണ്ടു ഫലമില്ലെ-
ന്നെനിക്കു തോന്നുന്നു വൃഷ്ണികുലോത്തമ!
സ്ഥിരപ്പെട്ടതാകണം കൌരവന്മാരുടെ
ഇരിപ്പും സാമ്യവും ദേവനാരായണ!
ദുരിതംചെയ്യോരു ദുശ്ശാസനൻതന്റെ
ചരിതമോർക്കാതെ സന്ധിക്കു ഭാവിക്കും
നരവരന്മാരാം നമ്മുടെ നാഥന്മാർ
സരസന്മാരത്രേ ദേവനാരായണ!

ഭഗവൽദൂത്.

ധിക്കാരഗർഭം ഭുജംഗദ്ധ്വജന്റെ
സൽക്കാരവാക്യം നിശമ്യാംബുജാക്ഷൻ

Digitized By Kerala Sahitya Akademi

സൽക്കാരസിംഹാസനാരൂഢനായി-
ത്തൽക്കാലമൂചേ മഹാദേവശംഭോ!

ധർമ്മാത്മജൻ ചൊന്ന വാക്യപ്രകാരം
നിർമ്മായമുൾക്കൊണ്ടു കേൾക്കേണമിപ്പോൾ
ധർമ്മാർത്ഥകാമങ്ങൾ സിദ്ധിക്കുമെന്നാൽ
ദുർമ്മാർഗ്ഗമെന്ന്യേ മഹാദേവശംഭോ!
ബന്ധുക്കളായുള്ള നാം തമ്മിലിപ്പോൾ
സന്ധിക്കുമാറുള്ള ബന്ധം വരേണം
എന്തിന്നു വൈരം മുഴുക്കുന്നു ചിത്തേ
സന്താപമൂലം മഹാദേവശംഭോ!
ജീവിച്ചിരിക്കുന്ന കാലം നരാണാം
ഭാവാനുകൂല്യം വരേണ്ടുന്നതെല്ലാം
ആവോളമൊക്കെ ക്ഷമിക്കേണമെന്നാൽ
ആപത്തുമില്ലാ മഹാദേവശംഭോ!
ദേവാസുരം തമ്മിലെന്നല്ല നല്ല
ദേവാംശമായുള്ള ഭൂമീപതീനാം
ദൈവം പ്രമാണം നമുക്കെന്നു ചൊല്ലി-
ജ്ജീവിക്ക നല്ലൂ മഹാദേവശംഭോ!

... ...

കാണുന്നു ലോകേ ജനിച്ചും മരിച്ചും
കേണും വിശന്നും കരഞ്ഞും വിരഞ്ഞും
വീണും തെളിഞ്ഞും കളിച്ചും പുളച്ചും
പ്രാണിപ്രപഞ്ചം മഹാദേവശംഭോ!
മന്നിൽ പിറന്നുള്ള മർത്ത്യാദികാനാ-
മന്യോന്യബന്ധുത്വമാവശ്യമല്ലോ

Digitized By Kerala Sahitya Akademi

അന്യായകർമ്മങ്ങൾ കൂടാതിരുന്നാൽ
നന്നായ്വരും കേൾ മഹാദേവശംഭോ!
ലോകാധിപത്യം ലഭിക്കേണമെന്നാൽ
ലോകാനുകൂല്യം വരുത്തീടവേണം.
ഏകാതപത്രം പിടിപ്പിച്ചിരിപ്പാ-
നാകാംക്ഷ പോരാ മഹാദേവശംഭോ!
മാടമ്പിയായാലവന്നത്ര മാത്രം
നാട്ടങ്ങതിപ്പോളപേക്ഷിക്കുമോ താൻ
കൂടുന്നവണ്ണം പ്രയത്നത്തിനാളാം
കൂടാതെപോകാ മഹാദേവശംഭോ!
നിൽപ്പാൻതനിക്കില്ല കെൽപ്പെങ്കിലിപ്പോൾ
കെൽപ്പുള്ള മന്നന്റെ പിന്നാലെകൂടെ
അല്പം വ്യയംചെയ്തുമാത്മാവകാശം
ക്ഷിപ്രം ലഭിക്കും മഹാദേവശംഭോ!
നാട്ടിൽ പ്രഭുത്വം തനിക്കുള്ള ധീമം-
നാട്ടിക്കളഞ്ഞാലടങ്ങീടുമോ താൻ
വേട്ടക്കാരിക്കൽ കടന്നങ്ങുവീഴും
കൂട്ടം കലങ്ങും മഹാദേവശംഭോ!
ഭാവപ്രസാദേന സാത്വികമാർഗ്ഗേ
മേവുന്ന മർത്ത്യന്നു ദൈവം പ്രമാണം
ദേവാദിനാഥന്നു ദൈവം സഹായം
നൈവാത്ര ശങ്കാ മഹാദേവശംഭോ!
എന്തിന്നിതെല്ലാം പറഞ്ഞിട്ടു കാര്യം
കുന്തീസുതന്മാർക്കുമും ഭാവമില്ല
സന്ധിപ്പതിന്നേ മനസ്സുള്ളൂ രാജൻ!

Digitized By Kerala Sahitya Akademi

ബന്ധുത്വമോടേ മഹാദേവശംഭോ!
പണ്ടുള്ള വൈരങ്ങളെല്ലാം മറക്കാം
ഉണ്ടായ ദുഃഖങ്ങളൊക്കെസ്സഹിക്കാം
രണ്ടെന്നു ഭാവിച്ചിരിക്കേണ്ടെടോ നാം
വേണ്ടാ പിണക്കം മഹാദേവശംഭോ!
അച്ഛന്നു പണ്ടുള്ള രാജ്യം ലഭിപ്പാൻ
ഇച്ഛിക്കമാറില്ല ഞാനിത്രനാളും
ഇച്ഛയ്ക്കു ചേരുന്നപോലേ തരേണം
വിച്ഛിന്നവൈരം മഹാദേവശംഭോ!
അങ്കങ്ങളന്ന്യോടി വാണിജ്യഭോഗം
ചുങ്കങ്ങളിത്യാദി ഞങ്ങൾക്കു വേണ്ടാ
നിങ്കന്നു കിട്ടേണമഷ്ടിക്കു മാത്രം
കിം കാര്യമെന്ന്യേ മഹാദേവശംഭോ!
ഐവർക്കുമമ്പോടു വാസാനുരൂപം
വെവ്വേറെയോരോ പ്രദേശം തരേണം
ദ്രവ്യത്തിലല്പം തരാമെങ്കിലിപ്പോ-
ളുർവ്വണ്ണമെല്ലാം മഹാദേവശംഭോ!
ഐവർക്കുമമ്മയ്ക്കുമാ ദ്രൌപദിക്കും
ദൈവം തുണച്ചീടുമെന്നോർത്തുകൊൾവിൻ
വൈകല്യമൊന്നേ നമുക്കാശയുള്ളു
നൈവേതരേഹാ മഹാദേവശംഭോ!
അഞ്ചാലയം മാത്രമുണ്ടെങ്കിലും നാ-
മഞ്ചാതിരുന്നങ്ങു കാലംകഴിക്കാം
സഞ്ചാരമെന്നുള്ളതത്യന്തദുഃഖം
സഞ്ചിന്തയാമോ മഹാദേവശംഭോ!

Digitized By Kerala Sahitya Akademi

ഒന്നിച്ചിരിപ്പാനൊരില്ലം തരുന്നേ-
നെന്നത്ര പക്ഷം നിനക്കെങ്കിലസ്തു
ഒന്നിങ്ങു സമ്മതമില്ലാസ്ഥയില്ല
തന്നാൽ പ്രസാദം മഹാദേവശംഭോ!
യുദ്ധത്തിനിപ്പോളെനിക്കാശയില്ലാ
യുദ്ധം മഹാകഷ്ടമെന്നോർത്തുകൊൾകവിൻ
ചത്തും മുറിഞ്ഞും മറിഞ്ഞും നരാണാം
ചിത്തം നടുങ്ങും മഹാദേവശംഭോ!

ഇത്യാദി നമ്മോടു ധർമ്മാത്മജന്താ-
നത്യാദരം ചൊല്ലിവിട്ടു വിശേഷം
സത്യൈകധർമ്മം ത്യജിക്കില്ല ധീമാ-
നത്യന്തധീമാൻ മഹാദേവശംഭോ!
എന്നാലിതിന്നുത്തരം നീ മഹാത്മൻ!
ചൊന്നാലതങ്ങും പറഞ്ഞെച്ചു പോകാം
എന്നാലിതല്ലാതെ മററില്ല കാര്യം
നന്നായ്വരേണം മഹാദേവശംഭോ!

പ. വൃ.

---

## ഹംസസന്ദേശം.

കളഹംസം ഞാനംബരചാരി
നളനുടെ ദൂതനതോർത്തീടേണം;
കളമൊഴി നിന്നുടെ ചരിതം കേട്ടിഹ
പൊളിയല്ലരചൻ പരവശനായി
കാമശരാർത്തി പിടിച്ചു ദഹിച്ചാരു
കോമളതനുവാം നളനരപാലൻ
താമരയിലകൾ വിരിച്ചു ശയിച്ചഥ
ഭൂമിയിലനിശമുറങ്ങീടുന്നു;

Digitized By Kerala Sahitya Akademi

മട്ടമലർപരിമളമേൽക്കുന്നേരം
കിടുകിടെ മേനി വിറച്ചീടുന്നു,
ഉടലിൽ ചന്ദനമണിയുന്നേരം
ചുടുകനലെന്നവനോൎത്തീടുന്നു,
ശശിയുടെ കാന്തികളാന്തിവരുമ്പോൾ
വിശറിയെടുത്തഥ വീശീടുന്നു,
ആശ്രവനിധിയാം സുന്ദരനൃപനെ-
ശ്ശശിവദനേ നീയോൎത്തീടേണം;
അയ്യോ കഷ്ടമവസ്ഥയിതൊന്നും
നീയറിയാത്തതിനെന്തിഹ ബന്ധം?
അവനുടെ രൂപഗുണങ്ങൾ നിനച്ചാൽ
ശിവശിവ എന്നതുമാത്രം പറയാം
ഭുവനം മൂന്നിലുമോൎത്തുവരുമ്പോ-
ളവനൊടു സമമിന്നവനേയുള്ളു.
ആണല്ലാത്തൊരു മലർശരനിപ്പോൾ
നാണംകെട്ടൊരു കോണിലൊളിക്കും;
ഏണാങ്കൻ പുനരംബുദപടലേ
നാണതു നടപ്പതു കാണുന്നില്ലേ?
നളനുടെ മുഖവും ചന്ദ്രനുമോൎത്താൽ
വളരെ വിശേഷം കാണ്മാനുണ്ടു്,
അളിനിറമായ കളങ്കംകൊണ്ടൊരു
വെളിവൊരുനേരവുമിന്ദുവിനില്ല,
ഒളി മിന്നീടുമൊരധരപ്രഭയാൽ
നളനുടെ രൂപമിതെത്ര മനോജ്ഞം!

Digitized By Kerala Sahitya Akademi

## ഭൈമീസന്ദേശം.

കനകപദയോരുഹമധുപാനം ചെ-
യ്യനവധി സുഖമൊടു സുരലോകങ്ങളിൽ
അനവരതം മരുവീടും നിന്നുടെ
കനിവു നിനച്ചഹമുരചെയ്യുന്നേൻ;
മനസിജസുന്ദരനാകിയ നളനെൻ-
മനസി കരേറി വസിച്ചീടുന്നു,
മനുജശിരോമണിമാണിക്യം മമ
മനസിജതാപവുമുളവാക്കുന്നു;
നളനല്ലാതൊരു പുരുഷനിലെന്മന-
മിളകുന്നീലതു ബോധിച്ചാലും
നളനുടെ ഗളമതിൽ മാലയിടുന്നതി-
നെളുതായൊരുവഴി നിരുപിച്ചാലും;
ജനകനിതിങ്കലിറങ്ങീലെങ്കിലു-
മിനി മറെറാരുവനിനിക്കിഹ വേണ്ട,
കനകം കോരിച്ചൊരിയുന്നവനെയു-
മനുരാഗം മമ മനമതിലില്ല;
എന്നുടെ പ്രാണനുമവനുടെ പ്രാണനു-
മിന്നു തുടങ്ങിയതൊന്നായ്വന്നു,
സുന്ദരനാകിയ നളനെക്കാണ്മാ-
നെന്നു നമുക്കിഹ സംഗതിയുള്ളൂ?
അന്നപ്പരിഷയിൽ മികവുള്ളവനേ!
നിന്നെയൊഴിഞ്ഞൊരു ഗതിയില്ലിഹ മേ.
എന്നുടെ വാൎത്തകളൊന്നൊഴിയാതെ

Digitized By Kerala Sahitya Akademi

മന്നവർമണിയോടറിയിച്ചാലും;
എന്നെക്കാൾ ഗുണമേറും തരുണികൾ
മന്നിൽ പലവിധമുണ്ടെന്നാലും
എന്നെ വെടിഞ്ഞീടരുതെന്നരചനൊ-
ടിന്നു ഭവാൻ ചെന്നുരചെയ്യേണം.
ശരണം നീ മമ നളനെ വരുത്തി-
ത്തരണം വടിവൊടു മടികൂടാതെ
മരണമെനിക്കു വരുത്തുംമുമ്പേ
വരണം നരപതി വരണംചെയ്വാൻ.

## ഒരുത്തൈക്കവിളയാട്ടം.

ഭീമനരേശ്വരനെഴുതിയ വടിവിതു
സോമകുലേശ്വരനറിയണമെന്നാൽ:
ധനുമാസം പതിനാറാം തീയതി
ശനിവാരത്തേ മകരം രാശി
നമ്മുടെ മകൾ ദമയന്തിയതാകിയ
കന്യകതന്റെ വിവാഹമുഹൂർത്തം
അതിനു ഭവാനും മന്ത്രികൾ നാലും
ചതുരംഗിണിയാം സേനയുമായി
നിഷധപതേ പതിനഞ്ചാം തീയതി
ഉഷസി കുളിപ്പാനിവിടെ വരേണം.
ശേഷമവസ്ഥകളെല്ലാം നമ്മുടെ
ദൂതൻ പറയുമിതേവമെഴുത്ത്.

നള. തുള്ളൽ.

# പരാവർത്തനം.

---

**കർണ്ണാരുന്തുദമന്തരേണ** രടിതം ഗാഹസ്വ കാക സ്വയം
**മാ**കന്ദം മകരന്ദശാലിനമിഹ ത്വാം മന്മഹേ കോകിലം
**ധന്യാ**ണി സ്ഥലവൈഭവേന കതിചിദ്വസ്തൂനി കസ്തൂരികാം
**നേപാളക്ഷിതിപാലഫാലപതിതേ പങ്കേ ന ശങ്കേത കഃ?**

നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലന്റെ വലിപ്പം പറവാൻ
പണ്ടൊരു കവിതക്കാരൻ പദ്യമ-
തുണ്ടാക്കി സ്തുതിചെയ്തതു കേൾപ്പിൻ!
പിതൃപിണ്ഡത്തെക്കൊത്തിത്തിന്മാൻ
കൊതിയേറുന്നൊരു കാക്കേ കേൾ നീ.
കൂരിരുൾപോലെ കറുത്ത ശരീരം
ക്രൂരമിതയ്യോ നിന്നുടെ ശബ്ദം
പാരമസഹ്യം കേൾക്കുന്നോർക്കൊരു
നേരവുമില്ലൊരു സൌഖ്യമിദാനീം.
കർണ്ണങ്ങൾക്കിതു കേൾക്കുന്നേരം
പുണ്ണിലൊരമ്പു തറച്ചതുപോലെ;
ഉരിയാടാതൊരു തേന്മാവിന്മേൽ
മരുവുന്നാകിൽ നിനക്കിഹ കാക്കേ!
പെരുതായിട്ടൊരു ഗുണമുണ്ടായതു-
മരുതാത്തതു പറകല്ല സഖേ ഞാൻ.
കുയിലും കാകനുമൊരുനിറമെന്നതു
കുറവില്ലതിനു പലർക്കും ബോധം;

Digitized By Kerala Sahitya Akademi

നാദംകൊണ്ടേ നിങ്ങളുതമ്മിൽ
ഭേദമതുള്ളൂ ബലിഭോക്താവേ!
മാവിന്നഗ്രേ ചെന്നു വസിച്ചാൽ
കാകൻ നീയൊരു കോകിലമാകും,
കാണികരം നിന്നെക്കയിൽ കയിലെന്നൊരു
നാണിയമഞ്ഞു നടത്തിക്കൊള്ളും.
ആയതു വരുമോയെന്നൊരു സംശയ-
മകതാരിൽ പുനരുണ്ടാകേണ്ട;
നേപാളക്ഷിതിതന്നിൽ വസിക്കും
ഭൂപാലൻെറ ലലാടം തന്നിൽ
ചേറു പിരണ്ടതു കണ്ടാലതു വില-
യേറില്ലാത്തൊരു കസ്തൂരിക്കുറി-
യെന്നല്ലാതൊരു മനുജന്മാക്കും
തോന്നുകയില്ല വിചാരിക്കുമ്പോരം;
കുങ്കുമമണിയും തിരുനെററിക്കൊരു
പങ്കം പിരരംവാനെന്തവകാശം?
ശങ്കര ശിവശിവ ചേരാതുള്ളതു
ശങ്കിച്ചവനൊരബദ്ധംതാരൻ!
ഏറെപ്പോന്ന ജനങ്ങടെ പാലനു
ചേറെന്നുള്ളതിനെന്തവകാശം?
ചളിയെന്നുള്ളതൊരുത്തനു പോലും
കളിയായിപ്പറവാനും മേലാ.
ജളനെന്നാലും സ്ഥലഭേദംകൊ-
ണ്ടുളവാകും ഗുണമെന്നതിനത്ഥം.

കിരാതം.

16 x.

Digitized By Kerala Sahitya Akademi

ശ്രീമൻ നൈഷധഭൂപതേ തവ യശോ
ഗായന്തി ദേവാംഗനാ
ഹേമാംഭോജരജോവിരാജിതഗളൈ-
രാകാശഗംഗാതടേ
യാവത്താവദസാവമന്ദവിലസ-
ന്മന്ദാക്ഷമന്ദഃ കൃതാ
മന്ദാരദ്രുമവാടികാ ഹി ഭവതഃ
കാരുണ്യവാരാന്നിധേ!

പാർത്ഥിവ! നിന്നുടെ വാക്കുകൾ കേട്ടു കൃ-
താർത്ഥതയിങ്ങു വരുത്തീടേണം
അർത്ഥിജനത്തിനു മതിയാംവണ്ണം
അർത്ഥമെടുത്തു കൊടുക്കുന്ന നിന്നുടെ
കീർത്തി വളർന്നു വളർന്നു പരക്കെ-
പ്പാർത്തലമൊക്കെ നിറഞ്ഞു സഭാന്തേ
പാർത്തിരിയാതെ വളർന്നു സുരോത്തമ-
തീർത്ഥമതാകിന ഗംഗാപുളിനേ
വാർത്തകളീവക കീർത്തനമാക്കി-
ത്തീർത്തുതുടങ്ങീ സുരനാരികളും;
പാർത്തലവാസികൾ മറ്റുള്ളവരുടെ
കീർത്തികളെല്ലാം നേർത്തു ചമഞ്ഞു;
ധൂർത്തില്ലാതുപൊഴുതമരതരുക്കൾ-
ക്കാർത്തി പിടിച്ചുതുടങ്ങി പതുക്കെ
ചീർത്തൊരു നാണംകൊണ്ടു ശിരസ്സുകൾ
താഴ്ത്തിക്കഥമപി വാണീടുന്നു;

Digitized By Kerala Sahitya Akademi

പൂൎത്തിപെരുത്തൊരു ചാരുദയാമഖ-
മൂൎത്തേ ജയ ജയ നളനരപാല!

കല്യാണീ കമലാലയാ ഭഗവതീ കാന്തം പ്രപേദേ ഹരിം
കല്യാ സാചലകന്യകാ ഭഗവതീ ചാരേന്ദുചൂഡം യഥാ
മല്ലീപുഷ്പസുഹാസിനീ രതിരപി പ്രാപ്താ യഥാ ചിത്തജം
മല്ലാക്ഷീ ദമസോദരീ വ്രതവതീ കാന്തം ഭവന്തം തഥാ.

നളിനന്തന്നിൽ പണ്ടു പിറന്നൊരു
കളമൊഴികലമണി ലക്ഷ്മീഭഗവതി
നരകാന്തകനാം നാരായണനെ
ത്തരസാ ചെന്നു വരിച്ചതുപോലെ,
വരവൎണ്ണിനി ദമയന്തി ഭവന്തം
വരനായ്പരണംചെയ്തിതു ഭദ്രം.
യമനിയമാദിഗുണന്തരൾ നിറഞ്ഞൊരു
സുമശരരിപുവാം പരമശിവനെ
ഹിമഗിരിവരസുത വരണംചെയ്തൊരു
സുമഹിതമംഗലകൎമ്മംപോലെ
കമിതാവായി ശ്രീരതിയും പുന-
രമിതരസാന്വിതനാകിയ മദനം
രമണനതാക്കി വരിച്ചതുപോലെ.

നള. തുള്ളൽ.

—

സംഗീതമപി സാഹിത്യം
സരസ്വത്യാഃ സ്തനദ്വയം

Digitized By Kerala Sahitya Akademi

ഏകമാപാതമധുര-
മന്യദാലോചനാമൃതം.
മംഗലയാകിയ ഭാരതി തന്നുടെ
തുംഗകുചങ്ങളിലൊന്നിൽ നിറഞ്ഞൊരു
സംഗീതാമൃതസാരംതന്നെ
ഭംഗിയൊടിങ്ങു വിളങ്ങീടുന്നു;
മററതിലമ്പൊടു സാഹിത്യാമൃത-
മററമകന്നു വസിച്ചീടുന്നു.
മുററും കേൾക്കുന്നേരംതന്നേ
പാറുന്നൂ രസമൊന്നിലമന്ദം,
മററതു പിന്നെ വിചാരിക്കുമ്പോ-
ളേററം തെളിവു വരുത്തീടുന്നു.

ചീയതേ ബാലിശസ്യാപി
സുക്ഷേത്രപതിതാ കൃഷിഃ
ന ശാലേഃ സ്തംബകരിതാ
വപ്തുൎഗ്ഗുണമപേക്ഷതേ.

വളമേറിന കണ്ടത്തിൽ വിതച്ചാൻ
വിളവൊരു പത്തിനു സംശയമില്ല;
വളമില്ലാത്ത പറമ്പിൽ വിതച്ചാ-
ലളവേ വിത്തും കിട്ടുകയില്ല.
കണ്ടത്തിൻെറ ഗുണംകൊണ്ടേ വിള-
വുണ്ടാവുള്ളൂ വിതച്ചതിലധികം;
കൊണ്ടിഹ ചെന്നു വിതയ്ക്കുന്നവനെ-

Digitized By Kerala Sahitya Akademi

ക്കൊണ്ടൊരു കാര്യം വരുവാനില്ല;
നല്ല കൃഷിക്കാരന്താൻ വിത്തൊരു
കല്ലിൽ വിതച്ചാൽ കരികേയുള്ളൂ.
നല്ലൊരു വയലിലതുഴുതു വിതച്ചാൽ
നെല്ലൊരുനാഴിക്കൊരുപറ വിളയും.
എന്ന കണക്കേ കേൾക്കുന്നവരറി-
യുന്ന ജനങ്ങൾ മഹത്തുകളെങ്കിൽ
ഇന്നവനെന്നില്ലവനുടെ വാക്കുകൾ
നന്നെന്നും വരുമിതിനുടെയത്ഥം.

ഭോഭോ സത്രാജിദത്രാജിതപദകമലാ-
ലംബനം സാമ്പ്രതം തേ
ദാതും ചേതോനുകൂലം കിമപി പടുതരം
നൈവ ലോകേ വിലോകേ
കാമം കാമപ്രദായീ വപുഷി വിജയതേ
കോപി ചിന്താമണിസ്തേ
സ്വർണ്ണാനാമഷ്ടഭാരം ദിനമനു ജനയേ-
ദേഷ ദാസ്യാമി ചൈനം.

സത്രാജിത്തേ കേട്ടാലും നീ
ചിത്രം ചിത്രം നിന്നുടെ ധൈര്യം!
വല്ലവിമാരുടെ വല്ലഭനാകിയ
മല്ലവിലോചനനുല്ലാസമൊടേ
വാണീടുമ്പോൾ നിങ്ങൾക്കെല്ലാം
കാണി പോലും ഖേദവുമില്ല.
എന്നതിലേററവുമൊന്നു തരുന്നതി-

Digitized By Kerala Sahitya Akademi

ന്നെന്തിഹ വേണ്ടതു ചിന്തിതമിങ്ങ്?
പണ്ടേയുണ്ടെന്നംഗം തന്നിൽ
കണ്ടാലും നീ കണ്ണാഭേദം
ഹന്ത സ്യമന്തകമെന്ന മഹാമണി
കാന്തികൾകൊണ്ടതികാന്തമിതല്ലോ,
നിത്യം നിത്യം പൂജിക്കേണം
ചിത്താനന്ദം സേവിക്കേണം
എട്ടെട്ടു ഭരം കനകം ദിനമനു
മുട്ടാതേ തരുമിമ്മണിരാജൻ.

സ്യമന്തകം.

---

ഗോഷ്ഠീ സാ വിരളാ ന യത്ര ഘടതേ
സത്താ പുരോഭാഗിനാം,
നാരീ സാ ഖലു ദുർല്ലഭാ ന കുസൃതി-
ക്ലിഷ്ടം യദീയം മനഃ,
ദുഷ്പ്രാപഞ്ച തദംബു തീരജരജോ-
രാജിന്ന യൽ ദൂഷയേൽ,
ദുസ്സാധഞ്ച സുഖം തദാവിലയതേ
ദുഃഖാനുവൃത്തിന്ന യൽ.

ദോഷഗ്രാഹികളില്ലാതുള്ളൊരു
ദോഷജ്ഞന്മാരുടെ സഭ തുച്ഛം;
വേഷമനോഹരയാകിയ പെണ്ണിനു
ദൂഷണമൊന്നുണ്ടതുമുരചെയ്യാം.
പല്ലവമെന്നതുപോലേ ദേഹം
പല്ലും ചുണ്ടുമതെത്ര മനോജ്ഞം!

Digitized By Kerala Sahitya Akademi

നല്ല കടാക്ഷം നല്ലൊരു ഭാവം
സല്ലാപങ്ങളുമാനന്ദകരം
എല്ലാമിങ്ങനെ മംഗലമെങ്കിലു-
മല്ലാതുണ്ടൊരു ദോഷമവൎക്കു്.
കല്ലു കണക്കെക്കഠിനം ഹൃദയമ-
തല്ലാതുള്ളവർ ദുൎല്ലഭമല്ലോ.
ചാരുതയുള്ളൊരു സലിലത്തിന്നൊരു
നീരസമുണ്ടതു ബോധിക്കേണം,
തീരത്തുള്ളൊരു പൊടിപടലം ബത
ചേരുന്നേരത്തൊന്നു കലങ്ങും;
എന്നതുപോലേ നല്ല സുഖത്തിനു-
മൊന്നു വിരുദ്ധം ദുഃഖാഗമനം.
അന്നന്നോരോ ദുഃഖാനുഭവം
വന്നിടകൂടാതുള്ള സുഖം ബഹു-
ദുൎല്ലഭമെന്നു ധരിച്ചീടേണം
നല്ല ബുധന്മാരഖിലമിദാനീം
ചൊല്ലിയ പദ്യത്തിന്റെ പൊരുളിതു
വല്ലഭമോടു ഗ്രഹിച്ചീടേണം.

ഫേലാ. യാ:

Digitized By Kerala Sahitya Akademi

# ആഖ്യാനം.

## പൂച്ചയും എലിയും.

പണ്ടൊരു പൂച്ചയുമെലിയും തങ്ങളി-
ലുണ്ടായ്വന്നു സഖിത്വമൊരുന്നാൾ.
മലയുടെ മൂട്ടിൽ കാട്ടാളന്മാർ
വലയും കെട്ടിയുറപ്പിച്ചങ്ങനെ
കലയും മാനും പുലിയും വന്നതിൽ
വലയുന്നേരം കൊലചെയ്വാനായ്
ഒരു ദിശി പാർത്തിട്ടു പകൽകഴിവോളം
ഒരു മൃഗമന്നിഹ വന്നതുമില്ലാ.
വരുമിനി രാത്രിയിൽ നാളെവെളുത്താൽ
വിരവൊടു വന്നു വധിക്കാമെന്നവർ
കരുതിത്തങ്ങടെ ഭവനേ ചെന്നട-
നൊരുമിച്ചവിടെയുറക്കവുമായി.
ഒരു മാർജ്ജാരൻ വനഭുവി രാത്രിയി-
ലിരയും തെണ്ടി നടക്കുന്നേരം
തരസാ ചെന്നൊരു വലയിൽ ചാടീ
കരവും കാലുമിളക്കാൻ മേലാ;
പരവശനപ്പോൾ ഞ്യാവൂ ഞ്യാവൂ
കരവൂളുംചെയ്തവിടെ വലഞ്ഞു;
അരികേയുള്ളൊരു പോട്ടിലിരിക്കും
പെരുതായുള്ളൊരു മൂഷികനപ്പോൾ
അരിയായുള്ളൊരു പൂച്ചത്തടിയൻ

Digitized By Kerala Sahitya Akademi

കരയുന്നതു കേട്ടൊന്നു വിരണ്ടു.
ഉരിയാടാതെ മുഖംകാട്ടുന്നതു-
മൊരുകുറി കണ്ടാൻ പൂച്ചയുമപ്പോഠം;
സരസതയോടു വിളിച്ചാനവനേ
"പരവശനായ് ഞാൻ മൂഷികവീര!
വലയിൽ ചാടി വലഞ്ഞിതു ഞാനൊരു
ഫലമില്ലാതെ മരിക്കാറായി;
കലമാൻ പന്നികഠം വന്നുപതിച്ചാൽ
മലയന്മാക്കതു തിന്മാൻ കൊള്ളാം,
വിലപിടിയാത്തൊരു പൂച്ച ലഭിച്ചാൽ
മലയന്നമായതു തിന്മാനാകാ.
തലയിലെഴുത്തിൻ ബലമതുകൊണ്ടിഹ
വലയിൽപെട്ടു വലഞ്ഞു സഖേ ഞാൻ;
എലിയും പൂച്ചയുമന്യോന്യം ബഹു
കലഹികളെന്നൊരു ചൊല്ലതു കൊള്ളാം.
കലഹമെനിക്കു ഭവാനോടില്ലതു
നലമൊടു നീയിഹ ബോധിക്കേണം;
വലയുടെ ചരടു കടിച്ചു മുറിപ്പാൻ
പലപല കൌശലമങ്ങുണ്ടല്ലോ
മലയൻ പോന്നു വരുന്നതിൽ മുമ്പേ
വലകണ്ടിപ്പാൻ കനിവിയലേണം.
ഖലയുന്നവരുടെ പാലനമല്ലൊ
വലിയ ജനങ്ങടെ ധമ്മമതറിക;
എലിയെന്നല്ല ഭവാനൊരു ദശയിൽ
പുലിയെക്കാളതി വൻപനതാകും"

Digitized By Kerala Sahitya Akademi

പലവിധമിങ്ങനെ മാൎജ്ജാരകനുടെ
പരവശവാക്കുകൾ കേട്ടൊരു നേരം
എലിയതു ബോധിച്ചരികേ ചെന്നഥ
വല കണ്ടിപ്പാൻ വട്ടം കൂട്ടി.
ഓരോ ചരടു കടിച്ചുമുറിപ്പാ-
നോരോ നാഴിക നേരംവേണം;
തെരുതെരെയങ്ങു കടിച്ചുമുറിച്ചാൽ
തരമല്ലെന്നുണ്ടെലിയുടെ ഹൃദയേ;
മെച്ചമിവന്നിതു ചെയ്യാനെന്നതു
പൂച്ചയറിഞ്ഞാലുപകാരത്തിന്നു
താഴ്ച വരാനുണ്ടെന്നു കനക്കെ-
ക്കാഴ്ചയവന്നുണ്ടെന്നതുമൂലം;
താമസമായതു കണ്ടൊരുപൂച്ച-
യ്ക്കാമയമേറീ ക്ലേശവുമേറീ
"തെരുതെരെ വേണമതല്ലെന്നാലിഹ
വരുമതിദുഷ്ടൻ മലയപ്പാഴൻ
പുലരുന്നേരം മലയന്മാരും
പലരും കലശലുകൂട്ടംമുമ്പേ
വലകണ്ടിച്ചു വിടേണംനീയെ"
ന്നെലിയൊടു പൂച്ച പറഞ്ഞുതുടങ്ങി;
വെട്ടമടുത്തൊരു സമയേ മൂഷിക-
നൊട്ടും താമസിയാതേ വലയും
പൊട്ടിച്ചൻപൊടു പോട്ടിലൊളിച്ചു
ധൃഷ്ടൻ പൂച്ചയുമങ്ങു നടന്നു;
ഒട്ടദിനങ്ങൾ കഴിഞ്ഞൊരു ദിവസം

Digitized By Kerala Sahitya Akademi

കിട്ടീലെങ്ങുമൊരേടത്തശനം
അഷ്ടിക്കെന്തൊരു വകയുള്ളെന്നിഹ
കാട്ടിൽ നടന്നപ്പൂച്ചത്തടിയൻ
കൂട്ടസഖിത്വം പ്രാപിച്ചെലിയുടെ
പോട്ടിന്നരികേ വന്നു വിളിച്ചാൻ
"പണ്ടുപകാരം ചെയ്തൊരു മൂഷിക-
നണ്ടോ സുഷിരം തന്നിലിദാനീം"
എലിയതുകേട്ടു വിലത്തിന്നുള്ളിൽ
തലകാട്ടാതെവസിച്ചു പറഞ്ഞാൻ:—

"കാര്യാത്ഥമാവയോസ്സഖ്യം
തസ്മിന്നവസിതേ പുനഃ
മാർജ്ജാര ത്വം ഹി മാർജ്ജാരോ
മൂഷികോഹഞ്ച മൂഷികഃ.

കാര്യംകൊണ്ടിഹ നീയും ഞാനും
കനിവൊടു സഖ്യം ചെയ്തിതു മുന്നം
കാര്യമതന്നു കഴിഞ്ഞുപിരിഞ്ഞു
വൈരമതിനിയും മുന്നേപ്പോലെ;
പൂശകനാം നീ പൂശകനിനിമേൽ
മൂഷികനാം ഞാൻ മൂഷികനിനിമേൽ
ഇനി നാം തങ്ങളിലെത്തുന്നേരം
കനിവുമതില്ലൊരു ചേർച്ചയുമില്ല"
ഇങ്ങനെയുള്ളൊരു ശ്ലോകംചൊല്ലീ-
ട്ടങ്ങു നടന്നിതു മൂഷികനുടനേ.

Digitized By Kerala Sahitya Akademi

## ഏഷണിയുടെ ഫലം.

പണ്ടൊരു കുറുനരി തിന്മാനുള്ളതു
തെണ്ടി നടന്നു മനസ്സുംമുട്ടി
കണ്ടകമുള്ള വനങ്ങളിലെല്ലാം
മണ്ടിനടന്നു തളൎന്നുശരീരം
കണ്ടാനൊരുദിശി നല്ലകരിമ്പുക-
ളുണ്ടാക്കിപ്പല വേലികൾകെട്ടി
കാത്തുകിടപ്പാൻ പുരയുംകെട്ടി-
പ്പാൎത്തീടുന്നൊരു നായരുമുണ്ട്.
കേളച്ചാരെന്നവനുടെ പേരും
കേട്ടു ഗ്രഹിച്ചാൻ കുറുനരിയൊരുനാൾ
കേളച്ചാരൊടു ചെന്നുപറഞ്ഞു
"കേളച്ചാ ഞാനുരചെയ്യുന്നതു
നാളെപ്പുലൎന്നു വെളുപ്പിനു മുമ്പേ
കോളല്ലാതൊരു ദൂഷണമുണ്ടാം;
കാട്ടിൽ നടക്കുമൊരാനത്തലവൻ
കേട്ടു കരിമ്പുകളുള്ള വിശേഷം
രക്ഷിച്ചിവിടെ വളൎത്ത കരിമ്പുകൾ
ഭക്ഷിപ്പാനാസ്ഥയുമത്തടിയൻ;
രക്ഷിക്കുന്നൊരു തന്നെക്കൂടേ
ഭക്ഷിക്കാതെയടങ്ങുകയില്ല"
അതു കേട്ടപ്പോൾ നേരെന്നോൎത്തൊരു
മൂഢകേളച്ചാരൊന്നു വിരണ്ടു
"കുറുതായുള്ളൊരു കൌശലമുണ്ടിഹ
കുറുനരി ഞാനതു ബോധിപ്പിക്കാം,

Digitized By Kerala Sahitya Akademi

അമ്പുകൾ ചുട്ടു പഴുപ്പിച്ചെയ്താൽ
കുംഭിത്തടിയനെയിന്നു വധിക്കാം.
ചെററു വടക്കൊരു പൊക്കം പെരുകിന
പുററിന്നരികെച്ചെന്നു പതുക്കെ
പററിക്കൊണ്ടാലമ്പുകളവനുടെ
നെററിക്കിട്ടു പ്രയോഗിച്ചീടാം;
പഞ്ഞുവെള്ളപ്പിനു മുമ്പെയവിടെ-
ക്കെത്തിക്കൊണ്ടാലതു സാധിക്കും"
എന്നതുകേട്ടഥ കേളച്ചാരതു
നന്നെന്നോൎത്തുടനവിടെപ്പാൎത്താൻ
കുറുനരിചെന്നഗ്ഗജവരനോട-
ങ്ങറിയിച്ചാനതുസമയേ തന്നെ:
"കരിമ്പുതിന്മാൻ കരിവരനിപ്പോൾ
തരിമ്പു മോഹമതുണ്ടെന്നാകിൽ
തരംവരുത്താം പഞ്ഞുവെള്ളപ്പിനു
വരമ്പിനുള്ളിൽ ചെന്നാലവിടെ
കരിമ്പു കാണാമായതു തുമ്പി-
ക്കരത്തിലാക്കിത്തിന്നുമുടിപ്പാ-
നൊരുമ്പെടേണം നീയിഹ ഞാനു-
ണ്ടകമ്പടിക്കായ് മുന്നിൽ നടപ്പാൻ"
ഇത്തരമുരചെയ്തീടിന കുറുനരി
മത്തഗജത്തെക്കൊണ്ടു വരുമ്പോൾ
"പത്തമ്പതു ദിവസത്തിനു ഭക്ഷണ-
മിത്തടിയന്റെ ശരീരം മതിയാം,
ഇത്തൊഴിൽ നല്ല കണക്കിനു കൂടി;
കേളച്ചാരുടെ തടികൊണ്ടിന്നും

Digitized By Kerala Sahitya Akademi

നാളേക്കും തടവില്ല ഭുജിപ്പാൻ"
എന്നുവിചാരിച്ചവനും തെളിവൊടു
ചെന്നൊരു ദിക്കിലൊളിച്ചഥ നിന്നാൻ;
വന്നുടനാന കരിമ്പു തകൎത്തഥ
തിന്നുതുടന്നൊരു സമയേ കേളൻ
ചുട്ടുപഴുത്തൊരു ശരവും വില്ലും
വട്ടംകൂട്ടിപ്പാതിര നേരം
പുറവുമ്മേലൊരു കാലും വെച്ചഥ
തെറ്റെന്നക്കണ വിട്ടൊരുനേരം
മസ്തകഭാഗേ ബാണംകൊണ്ടൊരു
മത്തകരീന്ദ്രൻ ചത്തുമറിഞ്ഞു;
വമ്പനതാകിന കേളച്ചാരെ
പാമ്പുകടിച്ചങ്ങവനും ചത്തു;
പത്തിപ്പുറമേൽ വില്ലിൻ മുനയതു
കുത്തുകയാലപ്പാമ്പും ചത്തു
ഒക്കെച്ചത്തതു കണ്ടുപ്രസാദി-
ച്ചക്കുറുനരിയരികെച്ചെന്നുടനേ,
അക്കുലവില്ലിൻ മുനമേലുള്ളൊരു
രക്തംചെന്നഥ നക്കുന്നേരം
പല്ലുകൾതട്ടി മുറിഞ്ഞിതു ഞാണും
വില്ലുനിവൎന്നുടനവനുടെ വായിൽ
കൊണ്ടുകരേറിക്കുറുനരി ഭോഷൻ
രണ്ടുപിളൎന്നുടനവനും ചത്തു;
ഏഷണിയുള്ളവനങ്ങനെവരുമതു
ദോഷങ്ങളിലതിദോഷം നിയതം.

ഫ്രോ. യാ.

---

Digitized By Kerala Sahitya Akademi

# വിപ്രകീൎണ്ണം.

## ലോകാപവാദം.

"കേട്ടീലയോ കിഞ്ചന വൎത്തമാനം
നാട്ടിൽ പൊറുപ്പാനെളുതല്ല മേലിൽ.
വേട്ടയ്ക്കു പോയാനൊരു യാദവൻപോൽ,
കൂട്ടംപിരിഞ്ഞിട്ടവനേകനായി;
ഒരുത്തനപ്പോളവനോടു നേരി-
ട്ടടുത്തു കുത്തിക്കൊല ചെയ്തുപോലും,
അവന്റെ കണ്ഠത്തിലണിഞ്ഞ രത്നം
കവൎന്നുകൊണ്ടാശു തിരിച്ചുപോലും"
"പ്രസേനനെക്കൊന്നവനാരുവാൻ പോൽ"
"പ്രസേനനെക്കൊന്നവനീശപരന്താൻ"
"അതോ നമുക്കും പരമാൎത്ഥമിപ്പോ-
ളുതല്ല ചോദിച്ചതറിഞ്ഞിതോ താൻ?"
"അറിഞ്ഞു ഞാനിന്നു പറഞ്ഞുകൂടാ"
"പറഞ്ഞുകൂടാത്തതിനെന്തു ബന്ധം?"
തനിക്കുതാൻ പോന്നവരൊന്നു ചെയ്താ-
ലതിന്നു ദോഷം പറയാവതുണ്ടോ?"
"എനിക്കു കേൾപ്പിക്കരുതോ രഹസ്യം?"
"തനിക്കു കേൾപ്പിക്കരുതായ്കയല്ല.
ഇനി ക്രമാലന്യജനം ഗ്രഹിച്ചാ-
ലെനിക്കു കുററം വരുമെന്നു ദോഷം"
"തന്നാണ ഞാനെന്നുടെ കണ്ണുരണ്ടാ-

Digitized By Kerala Sahitya Akademi

ണന്യാദൃശന്മാൎക്കറിയിക്കയില്ല"
"എന്നാൽ കഥിക്കാമിതു കേട്ടതിപ്പോൾ
നന്ദാത്മജൻ ചെയ്തൊരു കൈതവംപോൽ
ചോദിച്ചപോൽ പണ്ടിതു കൊണ്ടൽവൎണ്ണൻ
തദാ കൊടുത്തില്ലിതു യാദവന്മാർ

രത്നം നശിക്കുന്നതിനില്ല ഖേദം,
യത്നത്തിനാലായവനൎത്ഥമുണ്ടാം.
സ്യമന്തകം കാരണമെത്ര കഷ്ടം
കുമാരനുംകൂടി മരിച്ചിതല്ലോ.
ധനങ്ങളുള്ളോരിനി വേണ്ടതിപ്പോ-
ളെനിക്കു തോന്നുന്നതു ഞാനുരയ്ക്കാം
ഇട്ടിക്കിൽനിന്നാശു കടത്തിവെപ്പാ-
നുദ്യോഗമദ്യൈവ തുടൎന്നിടേണം."

ഇത്യാദി ദുർഭാഷണഘോഷമപ്പോ-
ളുത്യന്തമുണ്ടായിതു പാരിലെല്ലാം.

## ദാരിദ്ര്യം.

ദരിദ്രനെന്നാകിലുമത്രമാത്രം
കരത്തിലില്ലാത്ത ജനം ചുരുക്കം
ധരിക്ക നീ നാഥ നമുക്കിദാനീ-
മൊരിക്കലെഷ്ടിക്കുമുപായമില്ല.
ഇല്ലങ്ങളിൽച്ചെന്നു നടന്നിരന്നാ-
ലില്ലെന്നു ചൊല്ലുന്ന ജനങ്ങളേറ്റം,

Digitized By Kerala Sahitya Akademi

അല്ലെങ്കിലാഴക്കരി നൽകുമപ്പോൾ
നെല്ലെങ്കിൽ മൂഴക്കതുമന്തിനേരം.
ഒഴക്കു ചോർകൊണ്ടൊരു വാസരാന്തം
കഴിക്കുമഞ്ചാറു ജനങ്ങളിപ്പോൾ;
കിഴക്കുദിക്കുമ്പൊഴുതാത്മജന്മാർ
കഴൽക്കു കെട്ടിക്കരയുന്നു കാന്ത!
മററുള്ളതെപ്പേരുമെടുത്തു വിററും
കൊററിന്നു നൽകുന്നു ഗൃഹസ്ഥരെല്ലാം;
മുററും ഭവാനുണ്ണികളെപ്പുലർത്താ-
നൊട്ടും മനസ്സില്ല മഹീസുരേന്ദ്ര!
അപേക്ഷയുള്ളോരു ജനത്തിനെല്ലാ-
മുപേക്ഷ കൂടാതെ കൊടുക്കുമീശൻ
മനക്കരുന്നിൽ കനിവുള്ള കൃഷ്ണൻ
നിനക്കു പണ്ടേ സഖിയെന്നു കേൾപ്പു.

....

ഗമിക്ക നീ ചെന്നിഹ കണ്ടുപോന്നാൽ
നമുക്കു വേണ്ടുന്നതു നൽകുമല്ലോ;
രമയ്ക്കു ചേതോഹരനായ കാന്തൻ
ക്ഷമിക്കുമോ നമ്മുടെ ദീനഭാവം?

## ഗോപികളുടെ ആവലാതി.

അത്യന്തകഷ്ടം വ്രജനായികേ നിൻ-
പുത്രന്റെ ദുശ്ശീലമഹോ മുഴുത്തു
സത്യം പൊറുപ്പാനെളുതല്ല ഞങ്ങൾ-
ക്കുൾത്താപമെത്തുന്നു ദിനങ്ങൾതോറും;



Digitized By Kerala Sahitya Akademi

താഡങ്ങൾ കാട്ടുന്ന ശിശുക്കളെത്താൻ
താഡിച്ചു ശിക്ഷിച്ചു വളൎത്തവേണം;
നീയെന്നിയേ ശീലമടക്കിവെപ്പാ-
നീയാളുകൾക്കിന്നൊരു സാദ്ധ്യമാമോ?
കേളിക്കു ചേരുംപടി നിങ്ങളെല്ലാം
ലാളിക്കകൊണ്ടിത്ര തരംകെടുന്നു;
കേളിക്കു മേലിൽ കുറവും ഭവിക്കും
കേളിക്കഥാവൃത്തമശേഷമിപ്പോൾ.

...

കൊടുത്തതൊന്നും മതിയല്ല ബാല-
ന്നെടുത്ത പാത്രങ്ങളുമങ്ങുടച്ചും
കടുത്ത ദുൎവൃത്തികൾ കാട്ടുവാനും
പടുത്വമിക്കൃഷ്ണനു പാരമല്ലോ.

... ... ...

ക്ഷീരാദികം വിററു ദിനം കഴിക്കും
നാരീജനങ്ങൾക്കു മനസ്സു മുട്ടി.

... ...

ഗവ്യങ്ങളല്ലാതിഹ വല്ലവീനാം
ദ്രവ്യങ്ങളില്ലെന്നു ജഗൽപ്രസിദ്ധം
നിത്യപ്രയത്നേന ലഭിച്ച വിത്തം
നിത്യം നശിച്ചാൽ പുനരെന്തു കൃത്യം?

... ... ... ...

അച്ഛൻ മഹാവൃദ്ധനവൎക്കുവേണ്ടി-
ക്കാച്ചീട്ടു വെച്ചേനിരുനാഴി ദുഗ്ദ്ധം
കണ്ണൻ തദാ വന്നു കുടിച്ചശേഷം
കിണ്ണത്തിലംഭസ്സു നിറച്ചു പോയാൻ.

Digitized By Kerala Sahitya Akademi

കറന്നകത്താക്കിന ഗോക്കളെപ്പോയ്-
ത്തുറന്നു വിട്ടാനിവനന്തിനേരം
ഒളിച്ചു മെല്ലെന്നു നടന്നവറ്റെ-
ത്തെളിച്ചു പാടങ്ങളിലങ്ങിറക്കി.
... ... ...
പ്രാണങ്ങളാകും പശുവൃന്ദമൊന്നും
കാണാഞ്ഞുഴന്നങ്ങനെ നിന്നൊരാന്നും
കാണായിതന്നേരമുടൻ വരുന്നു
കാർവൎണ്ണനാമുണ്ണിയുമിമ്പമോടെ.
“പാടത്തു നിൽക്കുന്നു പശുക്കളെല്ലാം
കൂടെക്കളിക്കുന്നു പശുക്കിടാങ്ങൾ
മൂഢേ കറന്നീടുക നീയു”മിത്ഥം
പ്രൌഢം പറഞ്ഞാശു ഗമിച്ചു ബാലൻ.

ക്ഷമിക്കയോ, മറ്റൊരു ദിക്കുനോക്കി-
ഗ്ഗമിക്കയോ വേണ്ടതു ഞങ്ങളെല്ലാം?
ശമിക്കുമോ ദുഃഖമിതിന്നുകൂടി
ഭ്രമിക്കുമോ നീ വദ പുണ്യശീലേ!

ശ്രീ. ച. മ.

---

## അന്തണദൂഷണം.

അന്തണരെന്തഹോ ദുൎബ്ബലന്മാരവർ
ചിന്തിക്കിലെത്രയും ഭീരുക്കളല്ലയോ?
കണ്ണുകളില്ലാ പടയുമില്ലാ, പാൎത്താൽ
മെയ്യൂക്കമൂട്ടിലുണ്മാനതിവീരന്മാർ!

ചാ. സു.

---

Digitized By Kerala Sahitya Akademi

## ഇന്ദ്രപ്രലോഭനം.

ഇന്ദ്രവചസ്സുകൾ കേട്ടു മുനീന്ദ്രൻ
മന്ദസ്മിതമുഖനരുളിച്ചെയ്തു:—
....
"ഈരേഴുലകിലുമവളെപ്പോലൊരു
നാരീമണിയെക്കാണ്മാനില്ല;
വാരിജഭവനിന്നഖിലചരാചര-
സാരമെടുത്തുടനവളെത്തീർത്തു;
കൂരിരുൾകൊണ്ടവൾ പുരികുഴൽ തീർത്തു
വാരിരുഹംകൊണ്ടക്ഷികൾ തീർത്തു;
വാരിജസായകചാപംകൊണ്ടു സ-
രോരുഹമിഴിതൻ പുരികം തീർത്തു;
കാമശരേണ കടാക്ഷം തീർത്തു
സോമനെയവളുടെ വദനവുമാക്കി;
ബിംബഫലംകൊണ്ടധരം തീർത്തു
കംബുവിനാൽ ഗളതലവും തീർത്തു;
കനകപയോരുഹമുകുളംകൊണ്ടുട-
നനുപമകുളുർമുലയുഗളം തീർത്തു;
അരയാലിലകൊണ്ടുദരം തീർത്തു;
നവമാലികയാൽ കരവും തീർത്തു;
പുളിനംകൊണ്ടവൾ ജഘനം തീർത്തു
നളിനംകൊണ്ടവൾ തുടകൾ ചമച്ചു;
മദനരസേന മനസ്സു ചമച്ചു;
ചമ്പകമൊട്ടിന്നിതളൊളികൊണ്ടുട-
നിമ്പമൊടംഗപ്രഭയും തീർത്തു;

Digitized By Kerala Sahitya Akademi

രംഭ തിലോത്തമയെന്നിവരെല്ലാം
കുമ്പിടുമവളെക്കണ്ടന്നേരം;
ഇന്ദ്രാ നിന്നുടെ വല്ലഭയാകും
ഇന്ദ്രാണിക്കുമിളപ്പം തട്ടും.
കണ്ട ജനങ്ങടെ കണ്ണും മനവും
വണ്ടാർകുഴലി കവൎന്നീടുന്നു.

ധർമ്മസങ്കടം.

സന്തൃപ്തിയാകിയ വാസവനുടനേ
ദിക്പതിമാരെ വിളിച്ചരുൾചെയ്തു:—
"ഭീമാത്മജയുടെ കല്യാണത്തെ-
ക്കാണ്മാനഭിരുചി നിങ്ങൾക്കുണ്ടോ?"

....

ധനദനു പോവതിനാഗ്രഹമുണ്ടു്
ഖനി വിട്ടേച്ചു ഗമിപ്പാൻ മേലാ;
പവനനൊരിക്കലുമവസരമില്ലാ
ഭുവനതലത്തിൽ നടക്ക നിമിത്തം;
ദനുജന്മാരിൽ ചേരുകയില്ലാ
മനുജന്മാരിതി നിരൃതിയടങ്ങി;
ഗിരിമകൾതന്നെശ്ശങ്കിച്ചിട്ടു
ഗിരിശനുമങ്ങു പുറപ്പെട്ടില്ല.

പടനായകന്റെ കല്പന.

കരങ്ങൾ വീശിക്കൊണ്ടു വരുന്നതെന്തെടോ താൻ,
മരങ്ങൾ ചുമപ്പാനോ മരുന്നു പറിപ്പാനോ?

Digitized By Kerala Sahitya Akademi

കരത്തിലായുധങ്ങൾ തരത്തിൽ കരുതാതെ
ഗുരുത്വമില്ലാത്ത നീ പുരത്തിൽ വരുന്നാകിൽ
അടിച്ചു ചെപ്പിരണ്ടും പൊടിടിച്ചേ മതിയാവൂ,
കുടിച്ചുബോധമില്ലാ തടിച്ച നിനക്കിപ്പോൾ.
കട്ടത്തിലയുംതോക്കും കൊടുത്തു പണയം നീ,
അടുത്തനാളിലതു തട്ടത്തു മേടിച്ചേക്കാം.
ഭടത്വം പറയാതെ നടക്ക താനങ്ങോട്ടു
മിടുക്കു പറഞ്ഞെന്നാലൊടുക്കം തനിക്കില്ല.
കറുപ്പുസഞ്ചിക്കുള്ളിൽ കറപ്പു നിറച്ചുടൻ
കറുത്ത പുകയില തെറുത്തു പിടിച്ചുംകൊ-
ണ്ടുറച്ചു തുക്കിത്തുക്കി വിറച്ചുവരുന്നോരു
നരച്ച കിഴവനെത്തുറച്ചു മറിച്ചാലും!
ഇണങ്ങരാരുംതമ്മിൽ പിണങ്ങിത്തുടങ്ങല്ലേ
പണത്തെക്കൊതിക്കല്ലേ ഗുണത്തെത്യജിക്കല്ലേ;
സ്വയംവരത്തിൽ ചെന്നങ്ങഹങ്കരിച്ചെന്നാകിൽ
മയംവരുത്തുവാൻ ഞാൻ മതിയെന്നറിഞ്ഞാലും;
കോയിക്കൽചെല്ലുന്നേരം വായിൽക്കൈപൊത്തേണ്ടുണം
ഭാവിക്കാതിരുന്നെന്നാൽ സേവയ്ക്കും മതിയല്ല.

## യമന്റെ ഭീഷണി.

കണ്ണുകൾ രണ്ടുമുരുട്ടിമിഴിച്ചു
ദണ്ഡും കയറുമെടുത്തു പിടിച്ചു
ചണ്ഡമതാകിന മീശ വിറച്ചു
ദണ്ഡധരൻ യമനരുളിച്ചെയ്തു:-
"എന്തു പറഞ്ഞെട മനുജപ്പുഴുവേ!

Digitized By Kerala Sahitya Akademi

ബന്ധുത ചെയ്യാനെളുതല്ലെന്നോ?
അന്തകനാകിയ നമ്മുടെ വാൎത്തകൾ
ചിന്തിക്കാതെ പറഞ്ഞീടുകയോ?
ചെമ്പുകിടാരം ചുട്ടുപഴുപ്പി-
ച്ചറവതു ചോതന നെയ്യുതിളപ്പി-
ച്ചമ്പതു ലക്ഷം കിങ്കരജനമു-
ണ്ടെൻപുരിതന്നിൽ വസിച്ചീടുന്നു.
ദുഷ്ടത കാട്ടും മനുജരെയിന്നതി-
ലിട്ടു വറുത്തു പൊരിച്ചീടുന്നു;
ചേട്ടത്തങ്ങൾ പറഞ്ഞെന്നാൽ തവ
പെട്ടീടും ചില സങ്കടമിപ്പോൾ
പലപലദുരിതം ചെയ്യുന്നവരുടെ
തലയിലടിച്ചു പിളൎപ്പാനുള്ളൊരു
വലിയൊരു ദണ്ഡിതു കണ്ടാലും നീ
നല്ലദൃഢമാം പാശവുമുടനെ;
കണ്ടജനങ്ങടെ കണ്ഠതലത്തിൽ
കഠോരതരമായ് കെട്ടിമുറുക്കി
കണ്ടങ്ങളിലും കണ്ടകമതിലും
കുണ്ടിലുമിട്ടു വലിച്ചു പലേടം
കൊണ്ടുനടന്നും കരചരണാദികൾ
കണ്ടിച്ചും കടുചോര പുരണ്ടും
നീണ്ടുതടിച്ചോരു നെടുപാശത്തെ-
ക്കണ്ടുകൊണ്ടൊരു ഭയമില്ലല്ലീ?
ശുണ്ഠികടിക്കും നമ്മെക്കൊണ്ടൊരു
ശണ്ഠയിടീപ്പാൻ വകയുണ്ടാക്കിയ

Digitized By Kerala Sahitya Akademi

ഴ്ചചണ്ടക്കാരാ ശഠത പറഞ്ഞാ-
ലിണ്ടൽ പിണപ്പാൻ ഞാൻ മതിയാകും."
നള. തുള്ളൽ.

---

## ഭൃത്യദൂഷണം.

എന്നുടെ മുതലു മുടിപ്പാനെപ്പൊഴു-
മെന്നുടെ ഭൃത്യന്മാർ മുതിരുന്നു.
അഷ്ടി കണക്കിനു കിട്ടാഞ്ഞാലവർ
കുട്ടിപ്പട്ടരെയേത്തമിടീക്കും
പട്ടിണിയെന്നതു നമ്മുടെ പിള്ള-
ക്കൊട്ടുംതന്നെ സഹിപ്പാൻ മേലാ.
വെട്ടമടക്കും മുമ്പേ യഷ്ടികൾ
ഘട്ടിസ്സാദമെടുത്തു ഭുജിക്കും;
കട്ടത്തൈരും കൂട്ടിയുരുട്ടിയ-
തൊട്ടല്ലതുമൊരു പഞ്ചപ്രസ്ഥം.
കൊററു കഴിച്ചൊരു തെക്കൻമുണ്ടും
ചുററിയുടുത്തൊരു തൊങ്കലു തൂക്കി
വെററിലതിന്നു മുഴപ്പിച്ചുംകൊ-
ണ്ടേററുതിരിക്കും രസികന്മാരായ്;
കററക്കുഴൽമണിമാരുടെ വീടുകൾ
പററിപ്പകിട പറഞ്ഞു രസിച്ചും
വെററ പിടുങ്ങിത്തിന്നുടനവരുടെ
കററമുരച്ചു ചിരിച്ചു തിരിച്ചും
പകയുള്ളവരെപ്പിഴചെയ്യിച്ചൊരു

Digitized By Kerala Sahitya Akademi

വകയുണ്ടാക്കും പുകയില കൊൾവാൻ.
പകലും രാവുമഹങ്കാരത്തിനു
മികവുള്ളവരിവരെന്തൊരു കഷ്ടം!

ചോറു കൊടുക്കും യജമാനങ്കൽ
കൂറുള്ളവരിഹ പാരം കുറയും.
മാറുകയില്ല പറഞ്ഞാലെന്ന-
ല്ലേറുകയേ വരു ദിവസന്തോറും.

തോണികടന്നാൽ തുഴ കൊണ്ടെന്തൊരു
നാണിയമുണ്ടതു ഭോഷ്കല്ലതും
ഊണു കഴിച്ചു തിരിച്ചാലവരെ-
ക്കാണുകയില്ലൊരു ദിക്കിൽ പോലും
കാണുകയില്ലെന്നല്ല തിരഞ്ഞാ-
ലേണാക്ഷികളുടെ വീട്ടിൽ കാണാം
അത്താഴത്തിന്നിലവച്ചുമ്പോ-
ളെത്താത്തവരുടെ പുലകൊണ്ടീടാം.

ഘോ. യാ.

---

## ഉ ദ ര നി മി ത്തം ബ ഹു കൃ ത വേ ഷം.

ആട്ടങ്ങളാടി നടക്കുന്നിതു ചില
കൂട്ടം ജനം ധനം മോഹിക്കകാരണം.
പാട്ടുകാരും ചില മദ്ദളക്കാരരും
കൂട്ടുകാരും കുടക്കാരും പ്രധാനിയും

Digitized By Kerala Sahitya Akademi

പെട്ടിയെടുക്കുമുരത്ത ജനങ്ങളും
കുട്ടിപ്പുരദേശിമാരും ശിഷ്യരുകളും

ചെപ്പുകൾ ചാണയും ചുട്ടിച്ചിരട്ടയും
ചപ്പുചിപ്പും കെട്ടിയേററിപ്പുറപ്പെട്ടു
മൂപ്പരും നാപ്പതുമാളുകളൊന്നിച്ചു-
മല്പം ധനമുള്ളവൻെറ പുരംപുക്കു
കെട്ടുമിറക്കി യജമാനനേതെന്നു
കേട്ടറിഞ്ഞങ്ങു കരേറിപ്പുരംപുക്കു
നാട്യം പറഞ്ഞങ്ങിളക്കിക്കളിക്കാറ-
ത്തുട്ടുപുരയിൽ സ്ഥലംവാസ്ക്കുമാകവേ;
പെട്ടിവരുന്നതു കണ്ടാൽ ചിലജനം
കൊട്ടിക്കതകങ്ങടച്ചുവെന്നും വരും
അഷ്ടിമാത്രം കൊടുത്തങ്ങയക്കും ചിലർ
കഷ്ടിച്ചു കേളികൊട്ടിച്ചുവെന്നും വരും

ചുട്ടിയുംകത്തിദ്ദശഗ്രീവവേഷവും
കെട്ടിപ്പുറപ്പെട്ടു പൊട്ടിച്ചിരിക്കയും
കൊട്ടിക്കലാശം ചവുട്ടിച്ചിരിക്കയും
ചാട്ടിച്ചു മുഞ്ഞി വിയത്തങ്ങൊലിക്കയും
കെട്ടിച്ചമഞ്ഞു ജടായു പുറപ്പെട്ടു
വട്ടത്തിലോടിപ്പറന്നു കളിക്കയും
യുദ്ധപ്പദങ്ങളും തങ്ങളിൽ ഘോഷിച്ചു
യുദ്ധംപിടിച്ച് വലഞ്ഞു പലവിധം

Digitized By Kerala Sahitya Akademi

എത്രയുംപാരം ബലക്ഷയം വന്നടൻ
ഛത്രമെടുക്കും വെളിച്ചം തുടങ്ങിയാൽ.

ശ്രീ. ലീ.

---

## പടനായരുടെ പരുങ്ങൽ.

പടയിൽ ചെന്നു മരിപ്പാനിങ്ങൊരു
മടികൊണ്ടല്ല പറഞ്ഞീടുന്നു.
കടമുണ്ടറവതു പുത്തനെനിക്കതു
തടവുണ്ടതുകൊണ്ടവസരമില്ല
തുക്കപുകേല തരിമ്പില്ലാഞ്ഞ-
ത്തോക്കൊരുടിക്കിൽ പണയംവച്ചു
മാക്കോച്ചാരുടെ മരുമകനിന്നൊരു
തോക്കു തരാമെന്നെന്നൊടു ചൊല്ലി.
ആക്കാനുള്ളൊരു തോക്കുംകൊണ്ടു പ-
ടക്കായ് ച്ചെന്നു മരിച്ചെന്നാകിൽ
തോക്കവർകൊണ്ടുതിരിക്കും വന്നു ക-
ടക്കാർ വീട്ടിൽ പാടുകിടക്കും;

...

നായന്മാരായ്പ്പുന്നു പിറന്നാ-
ലായുധമൊന്നു തനിക്കായ് വേണം
ആയതിനൊരുവകയില്ലാത്തവനുടെ
കായംകൊണ്ടൊരു ഫലമില്ലറിവിൻ.

ഘോ. യാ.

---

Digitized By Kerala Sahitya Akademi

ചന്ദ്രിക | വിപ്രകീർണ്ണം

വൃഥാപവാദം.

ഇത്ഥം കിമപി പറഞ്ഞു വിശേഷം
സത്രാജിത്തു വസിച്ചൊരു സമയേ
മിത്രജനങ്ങളുമാദരവോടേ
യാത്രപറഞ്ഞു തിരിച്ചു നടന്നു.
അവരതിഗൂഢം ചിലരോടു ചൊല്ലീ
അവരും ചിലരോടു ചെന്നുപറഞ്ഞു;
അവരപ്പോളതു പലരോടു ചൊല്ലീ
അവരതുമൊക്കെ നടന്നു പറഞ്ഞു;
ഇരുവരുകൂടി നടക്കുന്നേരം
ചരിതമിതൊന്നേ കേൾപ്പാനുള്ളു.
കുറളപറഞ്ഞു നടന്നവരന്നൊരു
വിരുതന്മാൎക്കൊരു വകയുണ്ടായീ.
ചെവിയിൽ ചിലരു പറഞ്ഞുതുടങ്ങി
ചിലരതു കേൾപ്പാൻ ചെന്നുതുടങ്ങി
ചെവിപൊത്തിച്ചിലർ നിന്നുതുടങ്ങീ
ചിലരതുകേട്ടു ചിരിച്ചുതുടങ്ങി;
ബാലന്മാരും വൃദ്ധന്മാരും
യൌവനമുള്ളൊരു ഭവ്യന്മാരും
കളമൊഴിമാരും കന്യകമാരും
വൃഷളികളും ചില വിഷരൂപികളും
ചിത്തഗുണത്തിന്നൊത്തതുപോലെ
തത്തിച്ചമിളച്ചു പറഞ്ഞുതുടങ്ങി.

... ...

ഉള്ളിലസൂയ മുഴുത്തിട്ടുള്ളവർ
ഉള്ളു നടിച്ചു ദുഷിച്ചുതുടങ്ങി: —

Digitized By Kerala Sahitya Akademi

"സത്രാജിത്തൊരു മണിയുംകൊണ്ടതി-
ശ്ശുദ്ധതയാ ഹരിമുന്നിൽച്ചെന്നു,
കൃഷ്ണനതിങ്കൽ തൃഷ്ണയുമുണ്ടായ്
സത്രാജിത്തു കൊടുത്തതുമില്ല,
പെട്ടന്നനുജൻ മണിയുംകൊണ്ടൊരു
കാട്ടിൽച്ചെന്നു മരിച്ചുംപോയീ,
ചിത്തംകൊണ്ടു വിചാരിക്കുമ്പോൾ
കൊററും കോളുമതൊന്നു ചമഞ്ഞു."

അച്ചികളും ചിലരങ്ങു വിളിച്ചു-
ക്കൊച്ചുകളോടു പറഞ്ഞുതുടങ്ങീ:—
"ഉണ്ണികളൊന്നു ധരിച്ചീടേണം
കണ്ണനനേകം വിദ്യകളുണ്ടു്
എന്നതുകൊണ്ടവനന്തികസീമനി
നിന്നു കളിക്കരുതെന്നറിയേണം.

സത്രാജിത്തിൻറനുജനെയെത്തി-
ക്കുത്തിക്കൊന്നാൻ മണിയുടെ മൂലം
അരയിൽ കെട്ടിയ മണികൾ പറിപ്പാൻ
പരിചൊടു നിങ്ങളെയങ്ങു വിളിക്കും
അപ്പവുമടയും പഴവും കാട്ടി-
ഴ്ശിപ്പുമണച്ചു മയക്കിക്കൊള്ളും.
അച്ചതി കണ്ടാൽ പോന്നീടേണം
അച്ഛൻ വേണ്ടതു തരുമിഹ വന്നാൽ."

Digitized By Kerala Sahitya Akademi

ഭവനങ്ങളിലും നഗരങ്ങളിലും
മാടപ്പുരയിലുമങ്ങാടിയിലും
മാളികകളിലും മച്ചിട്ടറയിലു-
മാനക്കൊട്ടിലിലണിയറകളിലും
നെൽപ്പുരകളിലുമറപ്പുരകളിലും
നാടകശാലകൾ നടുമുററത്തും
പെരുവഴികളിലും തെരുവിലുമെല്ലാ
ഭുവനങ്ങളിലും ഗഗനങ്ങളിലും
ഇക്കഥതന്നേ കേൾപ്പാനുള്ളു.
വിപ്രന്മാരു കുളപ്പുരതന്നിൽ
സന്ധ്യാവന്ദന സമയത്തിങ്കൽ
സംസ്കൃതമായിട്ടിക്കഥ തന്നേ
തങ്ങളിലങ്ങു പറഞ്ഞുതുടങ്ങി:—
"സത്രാജിൽ കില മിത്രവരാദതി-
ചിത്രതരം മണിമത്ര സ ലേഭേ.
യത്ര ഗൃഹീതേ പുത്രഫലഞ്ച ക-
ളത്രഫലഞ്ച സുമിത്രഫലഞ്ച പ-
വിത്രഫലഞ്ച ജഗത്രയമംഗല-
പാത്രമയം ഖലു തത്ര സുഖാദതി-
മാത്രമുവാച ചരിത്രമുദാരം
കഷ്ടതരം കില ശിഷ്ടതരം പരി-
പുഷ്ടഗുണം ശിശുശിഷ്ടതരാമ്മണി-
ഖ്യഷ്ടിസമൂഹവിശിഷ്ടരുരേചാഘന-
കഷ്ടനിവാരണമിഷ്ടതരം ഹരി-
രിഷ്ടഗുണോവതി വിഷ്ടപരാജം

Digitized By Kerala Sahitya Akademi

സത്യം കിമിദമസത്യം വാ കിമു
സത്യധനോ നനു നിത്യമിഹാസൌ
ബഹുലഗുണേഭ്യോ ബഹുകരണേഭ്യോ
വിഗതഭയേഭ്യോ മനുജഹിതേഭ്യോ

വരപുരുഷേഭ്യോ ഹന്ത നമോസ്തു"

അച്യുതനെക്കാണുന്നതുനേരം
കൊച്ചുകളോടിയൊളിച്ചുതുടങ്ങീ,
അണയത്തടുത്തുവിളിക്കുന്നേരം
മണിയുംപൊത്തിപ്പാഞ്ഞുതുടങ്ങീ,
കയ്യേച്ചെന്നു പിടിക്കുന്നേരം
അയ്യോ എന്നു കരഞ്ഞുതുടങ്ങീ,
തിന്മാനായിട്ടടയും പഴവും
സമ്മാനിപ്പാൻ തുനിയുന്നേരം
അമ്മ കലമ്പും മേടിച്ചാലെ-
ന്നാക്കുഞ്ഞുങ്ങൾ പറഞ്ഞുതുടങ്ങീ,
എന്തിഹ നമ്മെശ്ശങ്കിപ്പാനൊരു
ബാധമിതെന്നരുൾചെയ്യുന്നേരം
"പ്രസേനനെത്താൻ കൊലചെയ്തില്ലേ
സ്യമന്തകം മണി മോഷ്ടിച്ചില്ലേ?
ഞങ്ങടെ മണിയും മോതിരമെല്ലാ-
മങ്ങു പറിപ്പാൻ കൂടുകയില്ല
അച്ഛനുമമ്മയുമൊന്നുപറഞ്ഞു
അച്യുതനരികെച്ചെല്ലുന്നാകിൽ

Digitized By Kerala Sahitya Akademi

തച്ചുപറിക്കും കോപ്പുകളെല്ലാം
കൊച്ചുകളറിയണമെന്നീവണ്ണം;
മണിപോയാലതുമുണ്ടാക്കീടാം
തുണിപോയാലതുമുണ്ടാക്കീടാം
പ്രാണൻപോയാലുണ്ണികളേ പുന-
രുണ്ടാകില്ലെന്നമ്മ പറഞ്ഞു;
പണ്ടേതന്നേ പാലും തൈരും
വെണ്ണയുമെല്ലാം കക്കുമ്പോൾ നീ.
എന്നീവണ്ണം പലരും പലവക
നിന്നെക്കൊണ്ടു ദൂഷിച്ചീടുന്നു"
ഇത്തരമെല്ലാം ബാലന്മാരുടെ
വാക്കുകൾ കേട്ടൊരു നേരം കൃഷ്ണൻ
ചിത്തംകൊണ്ടു വിചാരിച്ചരുളീ
സത്രാജിത്തിൻ്റെ കപടമിതെല്ലാം.

സ്യമന്തകം.

---

## അന്തണരുടെ പക്ഷപാതം.

തങ്ങളിൽ പഥികന്മാർ പറയുന്നു പലവാക്യം
"എങ്ങുന്നു വരുന്നുതാൻ വഴിപോക്കദ്വിജ ചൊല്ക"
"ഇന്ദ്രപ്രസ്ഥമെന്നുള്ള നഗരംതന്നിൽ നിന്നിപ്പോൾ
ഇന്നത്തെ പ്രാതലുണ്ണും കഴിച്ചിങ്ങു വരുന്നു ഞാൻ"
"ധർമ്മനന്ദനൻതാനും സഹജന്മാരുമെല്ലാരും
സമ്മോദിച്ചവിടത്തിൽ വസിക്കുന്നില്ലയോവിപ്ര!"
"ധർമ്മത്തിനൊരുനാളും കുറവില്ലാത്തവർക്കുണ്ടോ

Digitized By Kerala Sahitya Akademi

സ്വൎമ്മാദത്തിന്നു ഹാനി വരുന്നു ജീവനുള്ളപ്പോൾ”
“ഊട്ടുണ്ടോ വഴിപോലെ വഴിപോക്കൎക്കവിടത്തിൽ”
“ഊട്ടിന്റെ വിധമെല്ലാമുരപ്പാൻ നേരമില്ലിപ്പോൾ.
ഊട്ടുകോലാഹലമെല്ലാം കേട്ടുവെങ്കിൽ ഭവാൻ തന്റെ
കെട്ടുമാറാപ്പുകൾ തോളിലിട്ടുകൊണ്ടു പുറപ്പെട്ടു
കൊട്ടിലേറി സ്ഥലംവയ്പാനൊട്ടുമേ താമസിക്കില്ലാ
പട്ടരച്ഛാ പരമാൎത്ഥം കേട്ടുകൊൾക മഹാത്മാവേ!
ശുറുതായുള്ളരിച്ചോറും നറുനെയ്യും മലയാള-
ക്കറി നാലും നല്ലപാലും വറുത്തുപ്പേരിയോലോലൻ
ചെറുനാരങ്ങ മാങ്ങായും ചെറുപകങ്ങളും കണ്ണൻ-
പഴം വണ്ണൻപഴം കാളിപ്പഴം നേന്ത്രപ്പഴം ചിങ്ങൻ-
പഴം കദളിപ്പഴം പൂവൻപഴം ചക്കപ്പഴം പിന്നെ
പരിപ്പും പച്ചടി ചാറും കരിമ്പിൻനീർ ഗുളം തേനും
വലിയ പപ്പടം ചെറിയ പപ്പടം പഞ്ചതാരയും
വേപ്പിലക്കട്ടിയിഞ്ചിത്തൈരഞ്ഞുകൂട്ടം പൊടിത്തൂവൽ
താളകം താവളം പിന്നെത്താളുകൊണ്ടു പുളിശ്ശേരി
നല്ല തൈരും നല്ല മോരും നല്ല സംഭാരവും ഞാനി-
ച്ചൊല്ലിയതൊന്നുമേ ഭോഷ്ക്കല്ലച്ഛനാണ പരമാൎത്ഥം.
അത്താഴത്തിന്നു നല്ല കാളനും കാച്ചിയ മോരും
കത്തിരിക്കാക്കറിയതും കണ്ണിമാങ്ങയുണക്കിഞ്ചി
മത്തൻകൊണ്ടൊരുകൂട്ടം തോരനെരിശ്ശേരിയും നല്ല
മത്തൻ കുമ്പളങ്ങാകൊണ്ടൊരു കൂട്ടം പുളിംമുളകും
അത്താഴം കഴിയുമ്പോളടയ്ക്ക വെററില നൂറും
അത്യാവശ്യമുള്ളോൎക്ക പുകയില കൂടെയുണ്ടു്
നിത്യമിങ്ങനെ ചട്ടം നീക്കമില്ലെങ്ങൊരുനാളും



Digitized By Kerala Sahitya Akademi

സത്യം ധൎമ്മരാജന്റെ ധൎമ്മമത്രേ ധൎമ്മമിപ്പോൾ
ആറുമാസമോരാണ്ടുമ ചിടത്തിൽ പാൎത്തുകൊണ്ടാൽ
ചോറുമെണ്ണയും കിട്ടുമുടുപ്പാൻ വസ്ത്രവും കിട്ടും"

(൨)

"ഇപ്പറഞ്ഞതിലേററമിപ്പൊളൊളൊരത്ഭുതം പരമാത്ഭുതം
ശില്പശാസ്ത്രവിദഗ്ദ്ധനായ മയാസുരൻ ബഹു ബുദ്ധിമാൻ
അപ്പുരത്തിലിറങ്ങിവന്നു വിചിത്രമായ സഭാസ്ഥലം
ശില്പമായ് പണിചെയ്തു നൽകി യുധിഷ്ഠിരന്നതിവിസ്മയം
... ... ... ...
ഹസ്തിനം പുരമെത്രവിസ്മയമെന്നു ഭാവമിവൎക്കഹോ
വസ്തുബോധമശേഷമില്ല സുയോധനാദികൾ നൂററിനും
ഹസ്തിയും പുനരാടുമൊക്കെമതെങ്കിലതുമിതുമൊരുവിധം
വിസ്തരിച്ചതു പോരുമിവരിതു കേട്ടുവെങ്കിലബദ്ധമാം"
"എന്തബദ്ധമെനിക്കൊരിത്തിരി പേടിയില്ലിവരെസ്സഖേ!
അന്തണൎക്കൊരുദിക്കിലും തടവില്ല വല്ലതുമോതുവാൻ"
"എന്തു നിശ്ചയമിപ്പൊഴുള്ളപ്രഭുക്കടെ തൊഴിലൊരുവിധം
ചിന്തയിൽക്കനിവില്ലവൎക്കതു കരുതിനിപ്പുണമേവനും"
"എങ്കിലസ്തു സുയോധനൻ മമ വസ്തു വന്നു വിലക്കുമോ"
"ശങ്കിയാത്ത ജനത്തിനല്ലൽ വരുത്തുവാൻ തടവില്ലെടോ"
"എന്റെ ദിക്കിലിവന്റെശക്തി നടക്കയില്ല മഹീസുരാ!"
"ഏതുമാൎക്കമറിഞ്ഞുകൂട മറിഞ്ഞു കാലമതോൎക്കണം"

സ. പ്ര.

---

## ധൃതരാഷ്ട്രരുടെ ഉപദേശം.

എങ്കിലെൻമക്കളേ ചെന്നു കണ്ടു വേഗേന പോന്നാലും
ശങ്കവേണം മനക്കാമ്പിൽ ശത്രുരാജ്യത്തു ചെല്ലുമ്പോൾ.

Digitized By Kerala Sahitya Akademi

 

ഇജ്ജനത്തെയവക്കാക്കിഷ്ടമില്ലെന്നവ [illegible]
അജ്ജുനൻ ഭീമനുംകൂടെച്ചതികൂട്ടുന്നു [illegible] ത്താലും
അത്രയുമല്ലതിനെക്കാളുണ്ടൊരു ദുശ്ശ [illegible] ക്കേണം.
എത്രയും ബന്ധുവായിട്ടുണ്ടേഷണിക്കാ [illegible] പ്പോൾ
ശത്രുപക്ഷക്കാരിൽമുമ്പൻ ശാഠ്യമോടെ [illegible] ങ്ങേകൻ
അത്ര നമ്മെച്ചതിപ്പാനല്ലാതെ മററു [illegible] ളവാക്കും
താനല്ലെന്നു ഭാവിക്കുംതരംനോക്കി [illegible] ഴിലില്ല.
സ്ഥാനത്തങ്ങൊരേടത്തും തൻെറവേ [illegible] യാഗിക്കും
മാനത്തൂ പറക്കുന്ന പരുന്തുപക്ഷിയെ [illegible] കാട്ടുകില്ല.
മീനത്തെക്കൊക്കിലാക്കിക്കൊണ്ടുവേ [illegible] പോലേ
കപ്പാനും മടിയില്ലാ കാമിനിമാർക [illegible] യ അറിഞ്ഞീട്ടു.
വപ്പാനും മടിയില്ലാ വധിപ്പാനും മ [illegible] പ്പാട്ടിൽ
നമ്മെച്ചെണ്ടകൊട്ടിപ്പാൻ തരംനോ [illegible] യില്ലാ.
നന്മയ്ക്കു നിരൂപിച്ചിട്ടബദ്ധം വന്നു [illegible] കി നടക്കുന്നു
വെട്ടത്തുകാണുകില്ലാ പുറകേനിന്നു [illegible] കൊല്ലാ;
പൊട്ടിക്കുന്നതേ കേൾക്കൂ ചത്തവ [illegible] വെടി
അങ്ങനെയുള്ളൊരു ദേഹമങ്ങിരുന്നു [illegible] ന്നതേ കാണു
മെങ്ങനെയെന്നറിയാതെയിജ്ജന [illegible] പ്രയോഗിക്കു
എന്നുടേ മക്കളേ നിങ്ങളായവൻ [illegible] ച്ചതികൂട്ടും
ചെന്നുചാടിവലയാതേ പോന്നു [illegible] പടത്തിൽ
.... ....
അജ്ജനങ്ങൾക്കിജ്ജനത്തോടുള്ള [illegible] വിൻ വിരവോടേ;
ഇജ്ജനങ്ങൾക്കജ്ജനത്തോടുള്ള [illegible] രം പോകയില്ലാ
രണ്ടുകൂട്ടക്കാരുമായിച്ചേരുവാനുള്ള [illegible] വുമപ്രകാരം
കൊണ്ടുപാഴിൽ പ്രയത്നങ്ങൾ ചെ [illegible] മ്മോഹം.
[illegible] ന്തോൻ മക്കളേകേൾ
(പ്ലിൻ

Digitized By Kerala Sahitya Akademi

‘എലിയും പൂച്ചയും തമ്മിൽ കീരിയും സർപ്പവും തമ്മിൽ
പുലിയും ഗോക്കളും തമ്മിൽ കാക്കയും മൂങ്ങയും തമ്മിൽ
ഒരുനാളും ചേർച്ചയുണ്ടാമോ എന്നപോലെ കണ്ടുകൊൾ
കുരുക്കൾ പാണ്ഡവന്മാരും തങ്ങളിലുള്ള വൈഷമ്യം(വിൻ
ഉമ്മറത്തെപ്പല്ലുകൊണ്ടു ചിരിക്കും നമ്മളെക്കണ്ടാൽ
ഉള്ളിലെപ്പല്ലുകൾകൊണ്ടിട്ടുരുമ്മും പാണ്ഡുപുത്രന്മാർ
തുഷ്ടികൂടാതഹോ തൂക്കണൊരുടെ നൽച്ചിരിപോലെ
സ്പഷ്ടമായിക്കണ്ടുപോരാനുണ്ണികൾക്കു മോഹമെങ്കിൽ
ഒട്ടുമേ താമസിക്കാതെ ഗമിപ്പിൻ മക്കളേ നിങ്ങൾ
എട്ടുനാളിലകമിങ്ങു വരേണം ബാലകന്മാരേ!

സ പ്ര.

---

## ഒരു വീരവാദം

പാകശാസനനെപ്പിടിച്ചു കൊടിത്തടത്തിൽ മുറുക്കണം,
ലോകപാലകരൊക്കെ വന്നു പടിക്കലിങ്ങു കിടക്കണം,
ലോകമൊന്നു മറിച്ചുവെക്കണമേകശാസനമാക്കണം,
വാദമില്ല നമുക്കു ചേതസി വിക്രമങ്ങൾ നടത്തണം,
പത്തനം ചില ചുട്ടെരിക്കണമൊട്ടു വെട്ടിമുടിക്കണം,
തൊട്ടതൊക്കെ മുടിക്കണം പടകൂട്ടിവെക്കമെടുക്കണം,
നീക്കമില്ലിനി യക്ഷരാജനൊടിക്ഷണം പടവെട്ടണം,
വെക്കമെങ്ങളകാപുരത്തിലിരിപ്പുമമ്പൊടു പോക്കണം,
പൊക്കണങ്ങളെടുത്തുകൊണ്ടവനിന്നിരന്നു നടക്കണം,
മരണഭയമുടനിയലുമമരകളമരുവാൻ പണി ചെയ്യണം,
കരുണ നഹിനഹി കരളിലൊരു കടുവോളമെങ്കിലുമി!

(നഹോ.

Digitized By Kerala Sahitya Akademi

ചന്ദ്രബിംബമെടുത്തെനിക്കൊരു ചാണയാക്കിയരക്കണം
സാന്ദ്രശീതളകോമളം പനിനീരുമുണ്ടതിലെപ്പൊഴും,
സൂൎയ്യബിംബമെടുത്തെനിക്കൊരു ചൂണ്ടലാക്കിവളക്കണം
താരകാവലികൊണ്ടെനിക്കൊരു ഹാരമാലചമക്കണം
താരകാക്ഷനടങ്ങുകില്ല നിനച്ചതൊക്കെ വരുത്തണം,
ഉരഗപതികളുമമരപതികളുമനിശമെന്നെ വണങ്ങണം,
പരിചിലവരുടെധനവുമനവധിജനവുമനവധിതീരണം
ജംഭശാസനനും തനിച്ചു നിലിമ്പവൃന്ദമശേഷവും
ഡംഭുകാട്ടിയൊളിഞ്ഞിരിപ്പതുമിന്നെനിക്കിഹ കാണണം,
രംഭ മേനക ചിത്രലേഖയുമത്രവന്നു വണങ്ങണം
ശംഭുദേവപദാംബുജദ്വയമുണ്ടെനിക്കവലംബനം.

ത്രി. ദ.

---

## ദൎയ്യോധനന്റെ ദബ്ബോധന.

കേട്ടവർണ്ണങ്ങളിലരിദ്യോധനനും
കേവലമാഗ്രഹമൊന്നറിയിച്ചു:—
"ജ്യേഷ്ഠൻ നമ്മുടെ ധൎമ്മതനൂജൻ
കാട്ടിലിരുന്നു തപം ചെയ്യുന്നു.
നാട്ടിലിരുന്നാൽ നാടു ഭരിപ്പാൻ
നമ്മുടെ ജ്യേഷ്ഠനൊരാഗ്രഹമില്ല
അഞ്ചു വെളുപ്പിന്നേററു കുളിക്കണ-
മഞ്ചാതൊരു വിജനത്തിലിരിക്കണം
ഉച്ചയ്ക്കൊരുകുളിയന്തിയ്ക്കൊരുകുളി
നിത്യവുമിങ്ങനെ ജ്യേഷ്ഠന്റെ നേമം.

Digitized By Kerala Sahitya Akademi

ഹോമം ജപവും പുഷ്പാഞ്ജലിയും
നാമജപങ്ങൾ നമസ്കാരങ്ങളു-
മിങ്ങനെ കഴിയും രാവും പകലും
എങ്ങനെ കാര്യം ക്ലേശിക്കുന്നു?
ബൌദ്ധന്മാരെക്കണ്ടാൽ ദേഹമ-
ശുദ്ധമതൊന്നു കുളിച്ചേ പോവൂ
ശൂദ്രസ്പർശകളകലെ്പ്പാണം
ശുദ്ധിവരുത്തി വരുത്തിത്തന്നുടെ
ബുദ്ധിക്കൊരു വെളിവില്ലാതായതു
വദ്ധിക്കേ പുനരുള്ളൂ മുനീന്ദ്ര!
എന്നതു കാരണമിവിടെ വസിച്ചാൽ
തന്നുടെ ദിനകൃത്യങ്ങൾ മുടങ്ങും
ഉണ്ണീ വരിക സുയോധന നീയും
കർണ്ണനുമമ്മാവനുമായ് നമ്മുടെ
നാടും നഗരവുമങ്കം ചുങ്കം
വീടും കുടികളുമെന്നിവയെല്ലാം
ക്ലേശിച്ചിവിടെ വസിക്ക നമുക്കിതു
ക്ലേശിപ്പാനെളുതല്ലെന്നിങ്ങനെ
നമ്മുടെ ജ്യേഷ്ഠൻ നമ്മൊടു കല്പി-
ച്ചങ്ങു വനത്തിനു യാത്രയുമായി;
അങ്ങനെ ജ്യേഷ്ഠൻ കല്പിച്ചാൽ പുന-
രെങ്ങനെയടിയനുപേക്ഷിക്കേണ്ടു?
ഭീമജ്യേഷ്ഠനുമെളുതല്ലിപ്പോൾ
ഭൂമിയെ രക്ഷിപ്പാനതുകൊണ്ടു

Digitized By Kerala Sahitya Akademi

ഭാരമതെല്ലാമിങ്ങു പിണഞ്ഞു
നേരമ്പോക്കല്ലിതു പരമാർത്ഥം.
ജ്യേഷ്ഠനുമനുജന്മാരവർ നാൽവർ
ജ്യേഷ്ഠത്തിയുമായ് കാട്ടിൽ പോയി
രാത്രിവിനോദത്തിന്നൊരു സംഘം
ശാസ്ത്രിബ്രാഹ്മണർ കൂടെപ്പോയി
കാട്ടിലിരിക്കും പരിഷകളെല്ലാ-
മൂട്ടിനു വേണ്ടും സാധനമെല്ലാം
അരിയും മോരും തൈരും പഴവും
കറിവപ്പാനുള്ളില കലയെല്ലാം
മടിക്കൂടാതെ സകല ചുമവിട-
ക്കൂടിയൻ തന്നെ കൊടുത്തു വിട്ടനു
നിന്തിരുവടിയും ശിഷ്യരുമായി-
ക്കന്തികമാരർ വസിക്കും കാട്ടിൽ
വെക്കമെഴുന്നള്ളേണമിതവരുടെ
സൽക്കാരം ബഹുമാനിക്കേണം;
നിർമ്മലമാകിന സോമകുലത്തിനു
ധർമ്മജനല്ലോ നായകനായതു്
അദ്ദേഹത്തെയനുഗ്രഹിയാഞ്ഞാ-
ലടിയങ്ങൾക്കൊരു മതിയാകില്ല.
അവിടെസ്സുരസമെഴുന്നള്ളിപ്പുന-
രവരുടെ സമ്മാനത്തെ ലഭിച്ചട-
നവരെയനുഗ്രഹമേകുവതിന്നാ-
യവകാശം വരുമെങ്കിലിദാനീം
ഏറിയ വിപ്രജനങ്ങൾക്കെല്ലാം

Digitized By Kerala Sahitya Akademi

ചോറുവിളമ്പിട്ടുണ്ടിക്കുന്നതു
ദ്രൌപദിതാനെന്നുള്ളതു കേട്ടു
ശ്രുതികപ്പുറായിങ്ങനെ പോലും;
എന്നാലവളുടെ ഭക്ഷണമങ്ങുക-
ഴിഞ്ഞെ അവിടെയെഴുന്നള്ളാവൂ
അല്ലെന്നാകിൽ വിശന്നുവലഞ്ഞവ-
ളെല്ലാവൎക്കും വേണ്ടുംവണ്ണം
വെച്ചുവിളമ്പിട്ടുണ്ടിപ്പാനും
കൊച്ചുകുടുംബിനിയാളാവില്ല.
കുളി തേവാരം മററൊരു ദിക്കിൽ
തെളിവൊടു നിങ്ങൾ കഴിച്ചുംകൊണ്ട്
കിളിമൊഴിയാളുടെ കൊററുകഴിഞ്ഞെ-
ന്നളവേ കണ്ടാലവിടെച്ചെല്ലാം.

പാ. ച.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi